

കൊച്ചുകൊച്ചിന്റെ വലിയ ആരാധകരായ മഹാചാര്യന്മാർ


പ. വട്ടശ്ശേരിൽ തിരുമേനി



പ. ഗീവർഗീസ് പ്രഥമൻ ബാവാ



പ. ഗീവർഗീസ് രണ്ടാമൻ ബാവാ


പ. ഔഗേൻ ബാവാ


പ. മാത്യൂസ് പ്രഥമൻ ബാവാ


പ. പാമ്പാടി തിരുമേനി


പ. മാത്യൂസ് രണ്ടാമൻ ബാവാ


മാത്യൂസ് മാർ ഈവാനിയോസ് പാറേട്ട്


ഗീവർഗീസ് മാർ കൂറിലോസ്


ചെറിയമഠത്തിൽ സ്കറിയാ മല്പാൻ


കൊച്ചുകൊച്ചിന്റെ വലിയ അഭ്യുദയകാംക്ഷികൾ


കെ.സി. മാമ്മൻ മാപ്പിള


കെ. എം. ചെറിയാൻ


കെ. എം. മാത്യു


എം. സി. മാത്യു മാളിയേക്കൽ


പി. സി. എബ്രഹാം പടിഞ്ഞാറേക്കര


മാമ്മൻ വർഗീസ്


പി. സി. ചെറിയാൻ മടുക്കാനി


ഇ. ജെ. ജോസഫ്



മരണമില്ലാത്ത സഭാ സ്മരണകൾ

ചെമ്പകശ്ശേരിൽ കൊച്ചുകൊച്ച്



പ. ഗീവർഗീസ് രണ്ടാമൻ ബാവാ




പ. മാത്യൂസ് പ്രഥമൻ ബാവാ

അതിമനോഹരമായ ദേവലോകം അരമന സമുച്ചയത്തിന്റെ പിന്നിലെ പ്രഗല്ഭരായ പ്രതിഭാധനന്മാർ



കെ.സി. മാമ്മൻ മാപ്പിള



പി.സി. എബ്രഹാം പടിഞ്ഞാറേക്കര



എം.സി. മാത്യു മാളിയേക്കൽ



എം. ചാക്കോപ്പിള്ള

മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച, മലങ്കരസഭയുടെ തനിമയും അന്തസ്സും അഭിമാനവും പ്രദീപ്തമായ പ്രശസ്തിയും വളർച്ചയും ആചന്ദ്രതാരം അന്യൂനം നിലനിർത്താൻ പര്യാപ്തമായ അംബരചുംബിയായ ദേവലോകം അരമന മന്ദിരത്തിനും നഭസ്തലസ്പർശിയായ സെന്റ് മേരീസ് ചാപ്പലിനും അത്യാധുനിക സൗകര്യങ്ങൾ ഇണക്കിച്ചേർത്ത ബഹുനില കാര്യാലയത്തിനും വഴിയൊരുക്കിയ കെ.സി. മാമ്മൻ മാപ്പിള, പി.സി. ഏബ്രഹാം പടിഞ്ഞാറേക്കര, എം.സി. മാത്യു മാളിയേക്കൽ, എം. ചാക്കോപ്പിള്ള (കോലഞ്ചേരി) സമുന്നത സഭാസ്നേഹികളുടെ അതിപാവന സ്മരണകൾക്കു മുമ്പിൽ അനുവാചക സമൂഹത്തിനു വേണ്ടി ഗ്രന്ഥകർത്താവായ കൊച്ചുകൊച്ചും എഡിറ്ററായ കെ.വി. മാമ്മനും ലിപികളിൽ പ്രകടിപ്പിക്കാനാവാത്തതും ആത്മാർത്ഥത നിറഞ്ഞു കവിയുന്നതുമായ സ്നേഹബഹുമാനാദരങ്ങൾ സഹർഷം സമർപ്പിക്കുന്നു.



ദേവലോകം അരമനയും ചാപ്പലും



മരണമില്ലാത്ത
സഭാ സ്മരണകൾ

(Malayalam)

Maranamillaatha Sabha Smaranakal
(Church History)

C. V. Titus Chembakasseril

Editor: **K. V. Mammen**

Published by	:	Kottackal Publishers, Manganam, Kottayam-18
First Edition	:	May 1996
Second Edition	:	June 19, 2022
Copy Right	:	Editor
Cover Design D.T.P & Printing	:	Sophia Print House, Kottayam Mob: 70122 70083

Rs. 150.00

മരണമില്ലാത്ത
സഭാ സ്മരണകൾ

സി. വി. ടൈറ്റസ് ചെമ്പകശ്ശേരിൽ

എഡിറ്റർ

കെ. വി. മാമ്മൻ കോട്ടയ്ക്കൽ

പ്രസാധകർ

കോട്ടയ്ക്കൽ പബ്ലിഷേഴ്സ്

ജനതാ റോഡ്, പി. ബി. 10, മാങ്ങാനം, കോട്ടയം–686018

ഫോൺ: 0481–2578936, മൊബൈൽ: 7034266992

ആമുഖം

വീണിട്ടും പരിമളം വിതറുന്ന 'വീണപൂവ്'

അന്യാദൃശമായ സഭാസ്നേഹവും സഭാനേതാക്കളോടുള്ള അനുപമമായ ഭയഭക്തി ബഹുമാനങ്ങളും നിറഞ്ഞു തുളുമ്പുന്ന വ്യക്തിത്വം. ഇരുപതാം നൂറ്റാണ്ടിലെ എട്ടു ദശാബ്ദക്കാലത്തെ സഭാചരിത്ര സ്മരണകളുടെ വറ്റാത്ത സരോവരം. മലങ്കരസഭയുടെ സമ്പൂർണ്ണ സ്വാതന്ത്ര്യത്തിന് കാതോലിക്കേറ്റിലൂടെ അടിസ്ഥാനമിട്ട മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ്, ലക്ഷ്യം നേടാൻ സഹിച്ച വേദനകളും യാതനകളും അയവിറക്കുമ്പോൾ സജലങ്ങളാകുന്ന നേത്രങ്ങൾ. സഭാ സമാധാനത്തിന്റെ സൂര്യോദയത്തിനുവേണ്ടി വാഞ്ഛിച്ചുകൊണ്ടിരുന്ന 'ആധുനിക ശീമോൻ.' ആ പ്രകാശം കാണാതെ മരിക്കുകയില്ലെന്ന് ആത്മാർത്ഥമായി വിശ്വസിച്ച ശ്രേഷ്ഠ വ്യക്തി. സഭാ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ മുഴങ്ങുന്ന ശബ്ദത്തോടെ അതിരറ്റു വാചാലനാകുന്ന കാതോലിക്കാ ഭക്തൻ. അഴകാർന്ന കൃഷ്ണവർണം. തടിച്ചുരുണ്ട ശരീരം. അഞ്ചടി നാലിഞ്ച് ഉയരം. വിട്ടുപിരിയാത്ത ഖദർ മുണ്ടും മുറിക്കയ്യൻ ഷർട്ടും. അലുക്കിട്ട പച്ചക്കര ഷാളും ആകാരത്തെ ആകർഷകമായി ആവരണം ചെയ്യുന്നു. ഇവയ്ക്കെല്ലാം ബലിഷ്ഠമായ കാലൻകുട നിത്യസാക്ഷി. കളങ്കമറ്റ ഹൃദയം. അതിന്റെ ബഹിർസ്ഫുരണമായ പൊട്ടിച്ചിരി. ദീർഘകാലം വൈദ്യശാല നടത്തിയിട്ടും കാര്യമായി കാശുണ്ടാക്കാനോ സ്വയം മരുന്നുപയോഗിക്കാനോ ഇടയാകാഞ്ഞ വൈദ്യൻ. സഭയുടെ നാഡിമിടിപ്പും രോഗവും നിർണയിക്കാനാവുന്ന മർമ്മജ്ഞൻ. ബന്ധപ്പെടുന്ന വ്യക്തികളുടെയും അവരുടെ ബന്ധുമിത്രാദികളുടെയും ഊരും പേരും നാളും കുടുംബചരിത്രവും യോഗ്യതകളും എല്ലാം അത്യാധുനിക കമ്പ്യൂട്ടറെപ്പോലെ പാതിരാത്രിക്കും പറഞ്ഞുതരുന്ന മാന്ത്രിക മനുഷ്യൻ. ഓർമ്മശക്തിക്ക് അവധി നൽകാത്ത തലച്ചോറിന്റെ ഉടമസ്ഥൻ. ഒരേ സമയം ജീവിച്ചിരിക്കുന്നവരുടെയും കടന്നുപോയവരുടെയും ഉത്തമ സ്നേഹിതൻ. അറിയാവുന്ന ആരു മരിച്ചാലും ആദ്യം അന്ത്യോപചാരം അർപ്പിക്കാൻ ഓടി എത്തുന്ന ആശ്വാസ ദൂതൻ. മകൻ പ്രശസ്ത പ്രിൻസിപ്പലായിരുന്നു എങ്കിലും പിതാവ് കോളജ് കണ്ടിട്ടേയുള്ളു. അതിൽ കടന്നിട്ടില്ല. പക്ഷെ അറിവിലും സംസ്കാരസമ്പന്നമായ സൽപെരുമാറ്റത്തിലും ബിരുദാനന്തര ബിരുദം. സമ്പന്നമായ കുടുംബ ജീവിതം. ഉന്നതരായ മക്കളും കൊച്ചുമക്കളും. സി. വി. ടൈറ്റസ് എന്ന നേരായ പേരു പറഞ്ഞാൽ 'കൊച്ചുകൊച്ച്' എല്ലാവർക്കും അജ്ഞാതൻ.

നവതിയുടെ നടവരമ്പിൽ കാൽകുത്താൻ 30 വർഷം മുമ്പ് ഭാഗ്യം ലഭിച്ചു. കൊല്ലാട് ചെമ്പകശ്ശേരിൽ കൊച്ചുകൊച്ചിനെ കാണുമ്പോൾ മനസ്സിൽ കുതിച്ചെത്തിയ ചിന്താതരംഗ പരമ്പരകളിൽ ചിലതാണിവ. അക്കരെ കടന്ന സഭാദ്ധ്യക്ഷന്മാരെപ്പറ്റി ഇക്കരെ നിന്നു ദൃക്സാക്ഷിയായ കൊച്ചുകൊച്ച് നൽകുന്ന വലിയ സ്മരണകൾ ആരെന്തു പറഞ്ഞാലും മലങ്കരസഭാ ചരിത്രത്തിന്റെ ഭാഗം തന്നെയാണ്. അതുകൊണ്ട് അവയ്ക്ക് അമിത പ്രാധാന്യവും ഉണ്ട്.

ഇന്നത്തെ തലമുറയ്ക്കും വരുംതലമുറകൾക്കും വേണ്ടി അതിനിടയിൽ നിന്നുകൊണ്ട്, രണ്ടു തലമുറക്കാലത്തെ സഭാ സംബന്ധമായ സജീവ സ്മരണകൾ നഷ്ടമാകാതെ വരമൊഴിയിലാക്കുന്നതിനും പ്രസിദ്ധപ്പെടുത്തുന്നതിനും സാധിച്ചത് ഒരു ദൈവനിയോഗം തന്നെ എന്നു ഞാൻ കരുതുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ സംബന്ധിച്ചിടത്തോളവും തികച്ചും സംഭവബഹുലമായ ഒരു നൂറ്റാണ്ടാണ് അസ്തമയത്തിന്റെ ചക്രവാളസീമയിൽ ചെന്നു മറഞ്ഞത്. അര ശതാബ്ദത്തിലധികം നീണ്ടുനിന്ന ഒന്നാം സമുദായക്കേസിലെ ജയാപചയങ്ങൾ, മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അകാരണമായ മുടക്കു തീർത്തുകൊണ്ട് ഏലിയാസ് പാത്രിയർക്കീസ് ബാവായുടെ കത്തുമായി വന്ന മാർ യൂലിയോസിന്റെ കരണംമറിച്ചിൽ, കാതോലിക്കാ സിംഹാസന പുനഃസ്ഥാപനം, സമുദായക്കേസ് സംബന്ധിച്ച തിരുകൊച്ചി ഹൈക്കോടതിയിലെ പ്രതികൂലമായ വിധി, പീസ് ലീഗിന്റെ ഉപവാസം, കൊട്ടാരക്കര നിന്നു കോട്ടയംവരെ ഗീവറുഗീസ് രണ്ടാമൻ ബാവായ്ക്കു നൽകിയ വൻ സ്വീകരണം, ദേവലോകം വാങ്ങൽ, 1958 സെപ്റ്റംബർ 12-ലെ സുപ്രീംകോടതി വിധി, പഴയസെമിനാരി ചാപ്പലിൽ 1958 ഡിസംബർ 16-നു നടന്ന സഭാസമാധാന പുനഃസ്ഥാപനം, യാക്കൂബ് തൃതീയൻ പാത്രിയർക്കീസിന്റെ 1964-ലെ മലങ്കരസഭാ സന്ദർശനം, ഇരുകൂട്ടർക്കും സ്വീകാര്യനായിരുന്ന ഔഗേൻ പ്രഥമൻ കാതോലിക്കാബാവായുടെ സ്ഥാനാരോഹണം, പ. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി, കാതോലിക്കാബാവാമാരായ മാർ ബസ്സേലിയോസ് ഗീവറുഗീസ് ഒന്നാമൻ, മാർ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ, മാർ ഔഗേൻ പ്രഥമൻ, മാത്യൂസ് പ്രഥമൻ എന്നിവരുടെ ഭരണകാല നേട്ടങ്ങൾ, മൂറോൻ കൂദാശകൾ, മാർത്തോമ്മാ ശ്ലീഹായുടെ പട്ടത്വത്തെപ്പറ്റിയുള്ള വിവാദപരവും ലജ്ജാകരവുമായ 1970-ലെ 203-ാം നമ്പർ കല്പന, കോട്ടയത്തു കൊണ്ടാടിയ മാർത്തോമ്മാ ശ്ലീഹായുടെ പത്തൊൻപതാം ചരമ ശതാബ്ദി, യോജിച്ച സഭയിൽ വീണ്ടും ഭിന്നിപ്പുണ്ടാക്കിയശേഷം അയോഗ്യരായ അനധികൃത മെത്രാന്മാരുടെയും അധികാരരഹിത ബദൽ കാതോലിക്കായുടെയും വിചിത്രമായ പ്രത്യക്ഷപ്പെടൽ. ഒരു മെത്രാന്റെ നേതൃത്വത്തിൽ നടന്ന ആലുവാ സെമിനാരി കൈയേറ്റം, പഴഞ്ഞോട്ടം പള്ളിയിലെ നിശാഹാര സത്യഗ്രഹം, ഒരു

വൈദികന്റെ പ്രേരണ മൂലമുണ്ടായ ആലുവാ തൃക്കുന്നത്തു സെമിനാരിയിലെ കാർ കത്തിക്കൽ, വൈദിക മർദ്ദനം, അങ്കമാലി ഭദ്രാസനത്തിലെ നാലഞ്ചു ക്ലാസ്സ് പഠിച്ചവരെങ്കിലും അറിവും സംസ്കാരവും അറ്റ ചില മൂന്നാംകിട കത്തങ്ങളുടെയും മറ്റും അനുസരണക്കേടും കുതികാൽവെട്ടും സഭാവിരുദ്ധ പ്രവർത്തനങ്ങളും, മലങ്കരസഭയിൽ ഭിന്നിപ്പുണ്ടാക്കിയശേഷം കടന്നുപോയ യാക്കൂബ് തൃതീയൻ പാത്രിയർക്കീസിന്റെ ആകസ്മിക നിര്യാണം, മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കായുടെയും സിറിയൻ ഓർത്തഡോക്സ് സഭയുടെ മാർ ഇഗ്നാത്യോസ് സക്കാ പ്രഥമൻ പാത്രിയർക്കീസിന്റെയും സ്ഥാനാരോഹണം, അനധികൃതമായ ആകമാന സുന്നഹദോസ്, സിറിയൻ ഓർത്തഡോക്സ് സഭയും മലങ്കര ഓർത്തഡോക്സ് സഭയും തമ്മിലുള്ള ബന്ധവിച്ഛേദനം, മാർത്തോമ്മാ മാത്യൂസ് ദ്വിതീയന്റെ സ്ഥാനാരോഹണം, സഭാക്കേസ് സംബന്ധിച്ച 1990 ജൂൺ ഒന്നിലെ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചു വിധി, 1995 ജൂൺ 20-ലെ സുപ്രീംകോടതി വിധി, 1996 മാർച്ച് 25-ലെ അന്തിമ വിധി മുതലായ സംഭവങ്ങൾക്ക് കഴിഞ്ഞ നൂറ്റാണ്ടു സാക്ഷ്യം വഹിച്ചു.

ഈ സംഭവവികാസങ്ങൾ സംബന്ധിച്ച് അറിയേണ്ട പല അണിയറ വിവരങ്ങളും ഇതുവരെ ആരും രേഖപ്പെടുത്തിയിട്ടുമില്ല. ബന്ധപ്പെട്ട മിക്കവരും കാലയവനികയ്ക്കപ്പുറത്തുള്ളതും ലോകലോചനങ്ങൾക്കു അദൃശ്യവുമായ മേഖലകളിലേക്കു കടക്കുകയും ചെയ്തു. തന്നിമിത്തം സഭാചരിത്രത്തിനു തന്നെ ഒരു വലിയ നഷ്ടമാണു നേരിട്ടിരിക്കുന്നത്. ഈ വലിയ കുറവു നികത്തുന്നതിനുള്ള ഒരു ചെറിയ ശ്രമമാണ് ഈ സ്മരണകളുടെ ശൃംഖലാ പ്രസിദ്ധീകരണം.

ദശാബ്ദങ്ങളായി സഭാനേതാക്കളുടെ ഒരു അനൗപചാരിക ചർച്ചാകേന്ദ്രമായിരുന്നു തിരുനക്കരയിലെ കിരീടധാരണ വൈദ്യശാല. സഭാനേതാക്കളും വൈദികരും മറ്റും കൊച്ചുകൊച്ച്, റിട്ടയർ ചെയ്യുന്നതുവരെ നിത്യവും അവിടെ സമ്മേളിച്ചിരുന്നു. രസകരമായ ചർച്ചകളും ചൂടാറാത്ത രഹസ്യ റിപ്പോർട്ടുകളും വിമർശനങ്ങളും സമ്പന്നമായ അനുഭവ വിനിമയങ്ങളും അന്നു നടത്തിവന്നു. ഇളംതലമുറക്കാരനായ എനിക്കും ചിലപ്പോഴെല്ലാം ചർച്ചകൾ കേൾക്കുന്നതിനും മറ്റും അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. എനിക്ക് അറിഞ്ഞുകൂടാത്തതും ഞാൻ കേട്ടിട്ടില്ലാത്തതുമായ ഒട്ടധികം അണിയറ രഹസ്യങ്ങൾ അവിടുത്തെ ചർച്ചകളിൽ പൊന്തിവരികയും പതിവായിരുന്നു. സഭാചരിത്ര പഠനത്തിൽ താൽപര്യമുണ്ടായിരുന്നതിനാൽ ഈ ചർച്ചകൾ പിന്നീടു നടത്തിയ ചരിത്ര രചനയിൽ വളരെ അധികം പ്രയോജനം ചെയ്തിട്ടുമുണ്ട്. സാധാരണഗതിയിൽ ചരിത്രപുസ്തകങ്ങളിൽ പ്രവേശിക്കാനിടയില്ലാത്ത ഇക്കാര്യങ്ങൾ വരമൊഴിയായി വന്നാൽ കൊള്ളാമെന്ന് ആഗ്രഹിച്ചിട്ടുമുണ്ട്.

ഞാൻ 1950–ൽ കോട്ടയത്തു വന്നു ചർച്ച് വീക്കിലി സ്റ്റാഫിൽ ചേരുമ്പോൾ വീക്കിലിയുടെ മാനേജർ, കൊച്ചുകൊച്ചിന്റെ സഹോദരനും പുണ്യചരിതനുമായിരുന്ന ഫാ. സി. ഇ. ജോർജായിരുന്നു. സൽസ്വഭാവത്തിന്റെ പ്രതീകമായിരുന്ന അദ്ദേഹത്തിന്റെ ജീവിതം എന്നിൽ വളരെയധികം സ്വാധീനവും ചെലുത്തിയിട്ടുണ്ട്. തുടർന്ന് കൊച്ചുകൊച്ചുമായുള്ള എന്റെ ദീർഘകാലത്തെ സമ്പർക്കം മൂലം പല കാര്യങ്ങൾ മനസ്സിലാക്കാൻ എനിക്കും സാധിച്ചിട്ടുണ്ടെന്ന വസ്തുത ഒരിക്കൽകൂടി സന്തോഷപൂർവം ഞാൻ അനുസ്മരിക്കുന്നു. ഇരുപതാം നൂറ്റാണ്ടിൽ മലങ്കരസഭയെ ഭരിച്ചവരും കാലംചെയ്തവരുമായ മൂന്നു കാതോലിക്കാമാരുമായി അടുത്ത് ഇടപെട്ടിട്ടുള്ളവരിൽ ഒരാളാണ് കൊച്ചുകൊച്ച്. രോഗം മൂലം സ്ഥാനമൊഴിഞ്ഞ മാത്യൂസ് പ്രഥമൻ ബാവായെ കൂടെക്കൂടെ കണ്ടു സംസാരിക്കുന്നതിൽ ഉത്സുകനായിരുന്നു കൊച്ചുകൊച്ച്. സംസാരിക്കാൻ ചെന്നാൽ ബാവാ, കൊച്ചുകൊച്ചിനെ വിടില്ല. “അവിടെ ഇരിയെടോ, കുറെ കഴിഞ്ഞു പോകാം” എന്നായിരിക്കും പലപ്പോഴും പറയുക.

ആഴ്ചയിൽ ഒരിക്കലെങ്കിലും കണ്ടില്ലെങ്കിൽ ബാവാ കൊച്ചുകൊച്ചിനെ കാറിൽ കൊണ്ടുവരാൻ ആൾ വിടും. ബാവാ തിരുമേനിയുടെ ചില പെരുമാറ്റങ്ങളിലും പ്രസംഗങ്ങളിലും അപാകത വന്നുപോയാൽ അതു മുഖത്തു നോക്കി തുറന്നു പറയാനും സഭയുടെ നന്മയ്ക്കുവേണ്ടി അവ ആവർത്തിക്കരുതെന്ന് അനുസ്മരിപ്പിക്കാനും കൊച്ചുകൊച്ചിനു സ്വാതന്ത്ര്യം ഉണ്ടായിരുന്നുവെന്നത് പലർക്കും ഒരു രഹസ്യമല്ല. ചിലരെങ്കിലും കരുതുന്നതുപോലെ ബാവാ തിരുമേനി അരസികനൊന്നുമല്ലായിരുന്നു. ഉറ്റ സുഹൃത്തുക്കൾ എത്തിയാൽ തമാശ പറഞ്ഞ് ഉള്ളുതുറന്നു ചിരിക്കും. തമാശകൾ ആസ്വദിക്കുകയും ചെയ്യും. പക്ഷെ സഭാതലവനെന്ന നിലയിൽ കുറെയെല്ലാം ഗൗരവവും അന്തസ്സും വേണമെന്നുള്ള നിർബന്ധം ഉപേക്ഷിക്കുകയുമില്ല.

ഈ പുസ്തകത്തിലെ കാര്യങ്ങളെല്ലാംതന്നെ ദൃക്സാക്ഷി വിവരണങ്ങളും അനുഭവസമ്പത്തിന്റെ സന്താനങ്ങളുമാണ്. കൊച്ചുകൊച്ചു വാചകങ്ങളിൽ – സംസാരഭാഷയിൽ – നമ്മുടെയെല്ലാം പ്രിയങ്കരനായിരുന്ന കൊച്ചുകൊച്ച് വിവരിക്കുന്നു എന്നു മാത്രം. ഇവയെല്ലാം എത്രയുംവേഗം രേഖപ്പെടുത്തണമെന്ന് മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായും, കെ. എം. മാത്യു, പി. സി. ഏബ്രഹാം എന്നിവരെപ്പോലെയുള്ള പ്രശസ്ത വ്യക്തികളും പലവുരു അദ്ദേഹത്തെ നിർബന്ധിച്ചിട്ടുണ്ട്. ഈ സ്മരണകൾ വഴി കൊച്ചുകൊച്ചും വിസ്മരിക്കപ്പെടാത്ത സഭാചരിത്രത്തിന്റെ താളുകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. നേരത്തെ ഈ പുസ്തകം എഴുതുന്നതിനു മറ്റാരെയുംകാൾ കൂടുതൽ പ്രേരണ നൽകിയത് പ. ബസ്സേലിയോസ് മാർ ത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായാണ്. ഒരളവുവരെ

ആജ്ഞാശക്തി തന്നെ പ്രയോഗിച്ചു എന്നതാണു സത്യം. അവതാരിക എഴുതിത്തരാമെന്നും പുസ്തകത്തിന്റെ പ്രകാശനം നിർവഹിക്കാമെന്നും ബാവാ സമ്മതിച്ചിരുന്നു. നിർഭാഗ്യവശാൽ രോഗഗ്രസ്തനായ തിരുമേനിക്കു പ്രസ്തുത ആഗ്രഹം നിറവേറ്റാൻ കഴിഞ്ഞില്ല. ആധുനിക സഭാചരിത്രത്തിന്റെ ഒന്നാം സാക്ഷിയെന്നു പറയാവുന്ന കൊച്ചുകൊച്ചിന്റെ മനസ്സിന്റെ ഉള്ളറകളിൽനിന്നു സ്വയം ബഹിർഗമിച്ചതാണ് ഈ സ്മരണകളുടെ നീരൊഴുക്ക്. കുറെയെല്ലാം 1986-നു മുമ്പ് എഴുതിവയ്ക്കുകയും ചെയ്തു. കൊച്ചുകൊച്ചിന്റെ വലിയ സുഹൃത്തും തികഞ്ഞ സഭാസ്നേഹിയും കോട്ടയം മാർ ഏലിയാ കത്തീഡ്രൽ മുൻ ട്രസ്റ്റിയും വിശിഷ്യ സഭാസംബന്ധമായ വിഷയങ്ങളിൽ കഥാപുരുഷന്റെ കനിഷ്ഠ സഹോദര സ്ഥാനീയനും കോട്ടയം മുനിസിപ്പൽ ചെയർമാനുമായിരുന്ന പി. സി. ചെറിയാൻ മടുക്കാനിയുടെ അവതാരിക തിരക്കിനിടയിൽ രചിച്ചതാണ്. അത് സ്വയം സംസാരിക്കുന്നതും ആ വ്യക്തിത്വത്തിന്റെ ആഴങ്ങളിൽ മുങ്ങിത്തപ്പാനും നിസ്തരംഗ തീരങ്ങളിൽ നീരാടാനും തികച്ചും സഹായകവുമാണെന്നു കൃതജ്ഞതയോടെ അനുസ്മരിക്കുകയാണ്.

കൊച്ചുകൊച്ചിനെ ഒരു ജ്യേഷ്ഠ സഹോദരനായും മാർഗദർശിയായും കരുതുകയും അര നൂറ്റാണ്ടായി അദ്ദേഹത്തിന്റെ സൗഹൃദം ലോഭമെന്യേ വിലമതിക്കുകയും ചെയ്ത സമുന്നത വ്യക്തികളായ മനോരമ മുൻ ചീഫ് എഡിറ്റർ കെ. എം. മാത്യുവിന്റെയും മുൻ സമുദായ ട്രസ്റ്റി പി. സി. ഏബ്രഹാമിന്റെയും ആശംസാ പ്രധാനമായ 'ഓർമ്മയുടെ പൂക്കൾ' കനകമോതിരത്തിലെ വജ്രക്കല്ലുകൾപോലെ തിളങ്ങുന്നുണ്ട്. ഇരുവർക്കും അകമഴിഞ്ഞ നന്ദിയുടെ സുഗന്ധവാഹികളായ റോസാപുഷ്പങ്ങൾ അർപ്പിക്കുന്നു. വീണുപോയെങ്കിലും സുദീർഘ സുന്ദരവും വാടാത്തതുമായ ഈ സ്മരണാമലരുകൾ, പ്രബുദ്ധരും സടകുടഞ്ഞെഴുന്നേറ്റിരിക്കുന്നവരുമായ മലങ്കര സഭാംഗങ്ങൾക്കു ഞാൻ അവർണനീയമായ ആനന്ദത്തോടും അതിലുപരി ആത്മസംതൃപ്തിയോടും സമർപ്പിക്കുമ്പോൾ ഞാനും നാകലോകത്തേക്കു ഉയരുകയാണ്.

നാം ദൈവമക്കളായിത്തീരുന്നതിന് ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ച പിതാക്കന്മാരെ നിത്യവും സ്മരിക്കുന്നതിനും അവർ ചൂണ്ടിക്കാട്ടിയ നേർപാതയിലൂടെ സഞ്ചരിക്കുന്നതിനും സഭാസ്മരണകളുടെ ഈ ദീപശിഖ നമുക്കു കൂടുതൽ പ്രകാശം നൽകുകയും പ്രയോജനപ്രദമായ പ്രചോദനം അരുളുകയും ചെയ്യട്ടെ എന്നാണു 93-ൽ നിൽക്കുന്ന എന്റെ പ്രാർത്ഥന.

കെ. വി. മാമ്മൻ കോട്ടയ്ക്കൽ


മാങ്ങാനം
കോട്ടയം - 18
03-05-2022

രണ്ടാം പതിപ്പിനെപ്പറ്റി

കാൽ നൂറ്റാണ്ടിനു മുമ്പ്, അതായത് 1996-ൽ കൊല്ലാട് ചെമ്പകശ്ശേരിൽ കൊച്ചുകൊച്ചിന്റെ 'മരണമില്ലാത്ത സഭാസ്മരണകൾ" പ്രസിദ്ധപ്പെടുത്തിയ ശേഷം ഏതാനും ആഴ്ചകൾക്കിടയിൽ ആദ്യ പതിപ്പു മുഴുവൻ പെട്ടെന്നു തീർന്നു. പലരും കോപ്പികൾക്കുവേണ്ടി സ്വപുത്രനായ പ്രൊഫ. ടൈറ്റസ് വർക്കിയോടും എഡിറ്ററായ എന്നോടും ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ഉടനെ ഒരു രണ്ടാം പതിപ്പ് ഇറക്കാനുള്ള സമയവും സാവകാശവും ഒരു മികച്ച ഒന്നാം ഗ്രേഡു കോളജ് സംബന്ധിച്ച ബഹുമുഖ ചുമതലകൾ കാര്യക്ഷമ മായി നിറവേറ്റേണ്ടതിനാൽ മറ്റു കാര്യങ്ങളിൽ ശ്രദ്ധിക്കാൻ പ്രിൻസിപ്പലിനു സാധിച്ചില്ല എന്നതു കുറ്റകരമായ ഒരനാസ്ഥയായി വിവരമുള്ളവർ കരുതു കയില്ലല്ലോ.

ഇതിനകം നാല്പതു വർഷത്തെ സേവനത്തിനു ശേഷം 1990-ൽ ഞാൻ മലയാള മനോരമയിൽ നിന്നു റിട്ടയർ ചെയ്തതിനാൽ നേരത്തെ വേണ്ട വിധം ശ്രദ്ധിക്കാതെ കിടന്ന കാർഷിക പ്രവർത്തനങ്ങളിലും വീട്ടുകാര്യങ്ങ ളിലും കൂടുതൽ ശ്രദ്ധ ചെലുത്തി വന്നു. എന്നാൽ എന്റെ സമയം മുഴുവൻ കൃഷിക്കും മറ്റും വേണ്ടിവന്നില്ല. തന്നിമിത്തം ഒരു ചരിത്ര വിദ്യാർത്ഥിയായ എനിക്കു സഭാചരിത്ര സംബന്ധമായ പുസ്തകങ്ങളും പുണ്യചരിതരായ പിതാക്കന്മാരുടെ ജീവചരിത്രങ്ങളും മിഷൻബോർഡുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചരിത്രവും മറ്റും എന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ എഴുതാൻ സാധിച്ചു എന്ന സംതൃപ്തി ഉണ്ട്. ഏറ്റവും ഒടുവിൽ സഭയുടെ സിരാകേന്ദ്രങ്ങളായ പഴയസെമിനാരി, ദേവലോകം അരമന എന്നിവയുടെ ചരിത്രം മലയാളത്തിലും ഇംഗ്ലീഷിലും എഴുതി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. ക്ഷമയും ആവശ്യമായ സമയവും പണവും വ്യക്തിപരമായ അനു ഭവങ്ങളും സഭാസ്നേഹികളുടെ സൽപ്രേരണകളും ഓർമ്മശക്തിയും ഉണ്ടെ ങ്കിലേ നവതി കഴിഞ്ഞ ഒരാൾക്കു പുസ്തക രചന നടത്താനും പ്രസിദ്ധ പ്പെടുത്താനും വായനയ്ക്കു പ്രസിദ്ധരല്ലാത്ത സഭാംഗങ്ങളിൽ ഒരളവുവരെ എത്തിക്കാനും സാധിക്കുകയുള്ളു. അപ്രതീക്ഷിതമായി വന്ന കോവിഡ് മാരി പല തടസ്സങ്ങളും ഉണ്ടാക്കി.

നവതി കഴിഞ്ഞപ്പോൾ ഞാൻ, എന്നെ വളരെയധികം സ്നേഹിച്ചിരുന്ന വിനയത്തിന്റെ പ്രതീകവും സുസ്മേരവദനനും ഭാഗ്യസ്മരണാർഹനുമായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ കാതോ ലിക്കാ ബാവായെ ദേവലോകം അരമനയിൽ ചെന്നു കാണുകയും പുസ്തക രചനയും പ്രസിദ്ധീകരണ പ്രവർത്തനവും മറ്റും പ്രായത്തെ മുൻനിറുത്തി അവസാനിപ്പിച്ചശേഷം സ്വസ്ഥമായിരിക്കാൻ പോകുകയാണെന്ന് അറിയി ക്കുകയും ചെയ്തു. അതിനു മറുപടിയായി തിരുമേനി പുഞ്ചിരിയോടെ




ഇങ്ങനെ കല്പിച്ചു: "ഇരുന്നാൽ ഇരുന്നുപോകും. മരണംവരെ എഴുത്തും വായനയും നിറുത്ത രുത്. പത്രപ്രവർത്തകർക്കും ഡോക്ടർമാർക്കും റിട്ടയർമെന്റി ല്ലല്ലോ."

കഴിഞ്ഞ പത്തു വർഷത്തിനി ടയിൽ മലങ്കരസഭയ്ക്ക് പല നേട്ടങ്ങൾ ഉണ്ടാക്കി സഭയെ ഏറെ ധന്യമാക്കിയ നിലപാടുക ളിൽ ഉറച്ചുനിന്ന പരിശുദ്ധ പൗലോസ് രണ്ടാമൻ ബാവാ തിരുമേനിയുടെ അവിസ്മരണീ യമായ മറുപടി ചിന്തിപ്പിക്കു ന്നതും ഉത്സാഹം പ്രദാനം ചെയ്യു ന്നതുമായിരുന്നു. അതുല്യനും അനുപമനും ആയ പ. തിരുമേനി സുസ്മേ രവദനനായി നിറഞ്ഞ സ്നേഹത്തോടെ അനുസ്മരിപ്പിച്ച വസ്തുത ഈ പുസ്തകത്തിന്റെ രണ്ടാം പതിപ്പ് പ്രസിദ്ധീകരണത്തിൽ പരോക്ഷമായെ ങ്കിലും പ്രതിഫലിച്ചിട്ടുണ്ടെന്ന സത്യം മറച്ചുവച്ചിട്ടു കാര്യമില്ല. വായിച്ചു വള രുക; വായിച്ചു പഠിച്ചില്ലെങ്കിൽ തളരും. തർക്കമില്ല.

കെ. വി. മാമ്മൻ

കോട്ടയ്ക്കൽ, മാങ്ങാനം
14-06-2022



കൊച്ചുകൊച്ചായൻ: കൊല്ലാടിന്റെ അഭിമാനം

ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

മലങ്കര ഓർത്തഡോക്സ് സഭയുടെ സമുന്നത സാരഥികളായ മഹാചാര്യന്മാരുടെ കണ്ണിലുണ്ണിയും സംസ്കാരസമ്പന്നരായ നാട്ടുകാരുടെ പ്രിയങ്കരനും എന്നു വിശേഷിപ്പിക്കപ്പെടുന്ന ചെമ്പകശ്ശേരിൽ കൊച്ചുകൊച്ച് (സി. വി. ടൈറ്റസ്) ഏതർത്ഥത്തിലും കൊല്ലാടിന്റെ അഭിമാനമായിരുന്നു എന്നു എടുത്തുപറയുന്നതിൽ വളരെ സന്തോഷമുണ്ട്. കോട്ടയം വൈദിക സെമിനാരിയുടെ പ്രശസ്തനായ പ്രിൻസിപ്പലും ഭാഗ്യസ്മരണാർഹനും ക്രൈസ്തവലോകത്തെ മലങ്കരസഭയുടെ അംബാസഡറുമായിരുന്ന ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായും എന്റെ പിതാവ് കൊല്ലാടു പുളിയേരിൽ കുര്യനും, ചെമ്പകശ്ശേരിൽ കൊച്ചുകൊച്ചും കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂളിൽ സഹപാഠികളും വലിയ സഭാസ്നേഹികളും ചെറുപ്പം മുതൽ അന്ത്യംവരെ ഉറ്റസുഹൃത്തുക്കളുമായിരുന്നു.

എന്റെ പിതാവും കൊച്ചുകൊച്ചും ഒരേ കാലയളവിൽ ദാമ്പത്യജീവിതത്തിൽ പ്രവേശിച്ചതിനാൽ എന്റെ അമ്മ മേരിയും (ബേബി) കൊച്ചുകൊച്ചിന്റെ സഹധർമ്മിണി ശോശാമ്മ കൊച്ചമ്മയും തമ്മിൽ കണ്ടുമുട്ടിയ അന്നു മുതൽ ഉറ്റസുഹൃത്തുക്കളുമായി. രണ്ടു ഭവനങ്ങളിലും ഏതാണ്ട് ഒരേ സമയം ജനിച്ച കുട്ടികൾ സഹപാഠികളും കളിക്കൂട്ടുകാരും ആയിരുന്നു. നിർമ്മലമായ പരസ്പരസ്നേഹവും കരുതലും അവരുടെ മുഖമുദ്രയും ആയിരുന്നു എന്നു പറയുന്നതിൽ അതിശയോക്തി ഒട്ടും ഇല്ല.

ഞാൻ പ്രീഡിഗ്രി കഴിഞ്ഞപ്പോൾ വൈദികസെമിനാരിയിൽ ചേരണമെന്നും, പ്രിൻസിപ്പലായിരുന്ന ഡോ. പീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെ സെമിനാരിയിൽ ചെന്നു കണ്ടു കാര്യം പറയണമെന്നും കൊച്ചുകൊച്ചായൻ നിർദ്ദേശിച്ചു. തിരുമേനിയെ കണ്ടു സെമിനാരി പ്രവേശനം ഉറപ്പാക്കി. എന്റെ മാതാപിതാക്കൾ ആ നിർദ്ദേശം സസന്തോഷം അംഗീകരിക്കുകയും ചെയ്തു.

ഹൈസ്കൂൾ പഠനം കഴിഞ്ഞു ഭാവിയെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്ന നാട്ടിലെ ഒട്ടധികം ചെറുപ്പക്കാരെ വിവിധ ജീവിതരംഗങ്ങളിൽ പഠിച്ചുയരാൻ ഉത്സാഹിപ്പിക്കുന്ന കാര്യത്തിൽ കൊച്ചുകൊച്ച് മുൻപന്തിയിലായിരുന്നു. അവരെല്ലാം തന്നെ അക്കാര്യം നന്ദിപൂർവ്വം അനുസ്മരിക്കാറുണ്ട്.

രാവിലെ ഒൻപതു മണിക്കു കോട്ടയത്തുള്ളതും തന്റെ പിതാവും

വൈദ്യനുമായ വറുഗീസ് നേരത്തെ ആരംഭിച്ചതും പ്രശസ്തവും ആയ കിരീടധാരണ വൈദ്യശാല തുറക്കാൻ എത്തും. അപ്പോഴേക്കും കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതുപോലെ കോട്ടയത്തെ ഒട്ടധികം സ്നേഹിതരും പ്രമുഖ വ്യക്തികളും വൈദ്യശാലയിൽ വന്നുചേരും. കോട്ടയത്തിന്റെയും കൊല്ലാടിന്റെയും വികസനകാര്യങ്ങളും സഭാ-വ്യവഹാര-സാമൂഹ്യ പ്രശ്നങ്ങളും ഇവരുടെ ചർച്ചകളിൽ പൊന്തിവരും. പല കാര്യങ്ങളും നിറവേറ്റാനും സാധിച്ചിട്ടുണ്ട്.

കൊല്ലാട്ടെ എല്ലാ ഭവനങ്ങളും ജാതിമതഭേദമെന്യേ ഇടയ്ക്കിടയ്ക്കു സന്ദർശിക്കുന്നതും ആളുകളുടെ സുഖദുഃഖങ്ങളിൽ മുഴുകുന്നതും കൊച്ചുകൊച്ചിന്റെ മാറ്റമില്ലാത്ത ഒരു പരിപാടിയായിരുന്നു.

സർവ്വോപരി ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നാം ദശകം മുതൽ പ. വട്ടശ്ശേരിൽ ദീവന്നാസ്യോസ് തിരുമേനിയുടെ കാലം മുതൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിസന്ധികളിൽ സഭാദ്ധ്യക്ഷന്മാർക്കുവേണ്ട ഉപദേശങ്ങൾ യഥാസമയം നൽകുന്നതിനും സഭാക്കേസിൽ പഴയസെമിനാരി നഷ്ടപ്പെടുമോ എന്ന ഭയാശങ്കയുടെ മുന്നിൽ ഒട്ടും കുലുങ്ങാതെ മഹാനായ കെ. സി. മാമ്മൻ മാപ്പിളയുടെ വലത്തുകൈയായി നിന്നു പ്രവർത്തിച്ചു ഏഴര ഏക്കർ വരുന്ന ദേവലോകം അരമനപ്പറമ്പു വാങ്ങുന്നതിനുള്ള പണം ശേഖരിക്കുന്നതിനും കോലഞ്ചേരിയിലെ പ്രമുഖ കോൺട്രാക്ടറായിരുന്ന എം. ചാക്കോപ്പിള്ളയെ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ക്ഷണപ്രകാരം വരുത്തി ദേവലോകം അരമനയും ചാപ്പലും നിർമ്മിക്കുന്നതിനും അദ്ദേഹം ചെയ്തതും ഏതാണ്ടു രഹസ്യസ്വഭാവമുള്ള അനുപമ നീക്കങ്ങൾ നടത്തുന്നതിനും കൊച്ചുകൊച്ചു ചെയ്ത സേവനങ്ങൾ ഒട്ടും അപ്രധാനം അല്ല. ഇതൊന്നും മലങ്കരസഭയ്ക്ക് ആചന്ദ്രതാരം വിസ്മരിക്കാൻ സാധ്യമല്ല.

സ്വന്തം കാര്യങ്ങളെല്ലാം തന്നെ ഏതാണ്ടു മറന്നു “അന്യജീവനുതകി സ്വജീവിതം ധന്യമാക്കിയവരുടെ” നിരയിൽ കൊച്ചുകൊച്ചിനു വലിയ ഒരു സ്ഥാനമാണുള്ളത്. സ്മര്യപുരുഷന്റെ സ്നേഹനിർഭരമായ മാർഗ്ഗനിർദ്ദേശങ്ങൾ വഴി ജീവിതത്തിന്റെ ഉന്നത പടികളിലെത്തിയ ബഹുശതം പേരുടെ ഒരു പ്രതിനിധിയെന്ന നിലയിൽ അദ്ദേഹത്തിന്റെ പാവനസ്മരണകളുടെ മുമ്പിൽ പ്രണാമം.

അവതാരിക

പി. സി. ചെറിയാൻ മടുക്കാനിൽ

കൊല്ലാട് ചെമ്പകശ്ശേരിൽ കൊച്ചുകൊച്ചെന്നും കിരീടധാരണ കൊച്ചു കൊച്ചെന്നുമുള്ള ഓമനപ്പേരുകളിൽ മലങ്കരസഭയുടെ ഉന്നതതലങ്ങളിലും കോട്ടയം പട്ടണത്തിലും സമീപപ്രദേശങ്ങളിലും മറ്റും സുപരിചിതനായി രുന്ന സി. വി. ടൈറ്റസിന്റെ 'മരണമില്ലാത്ത സഭാസ്മരണകൾ' മലങ്കര ഓർ ത്തഡോക്സ് സഭയുടെ 20-ാം നൂറ്റാണ്ടിലെ 75 വർഷത്തെ നിലാവും നിഴലും നിറഞ്ഞ ചരിത്രത്തിന്റെ ഉള്ളറകളിലേക്കു വെളിച്ചം വീശുന്ന കൈത്തിരിക ളാണ്. ഇവയെ തണ്ടുകളിൽ ഉയർത്തിവച്ചു പ്രകാശിപ്പിക്കുന്നതിനും പൊതു ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനും എനിക്ക് അനല്പമായ സന്തോ ഷമുണ്ട്.

മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ സ്വാഭാവികനീതിക്കു വിരുദ്ധമായി അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയ 1085-ൽ (1910) ആണ് കൊച്ചുകൊച്ച് പുരാതന മായ ചെമ്പകശ്ശേരിൽത്തറവാട്ടിൽ ജനിച്ചത്. ഒരു സ്കൂൾ വിദ്യാർത്ഥി യായിരുന്ന കാലം മുതലേ വട്ടശ്ശേരിൽ തിരുമേനിയുമായി അടുത്തിടപെടാൻ സാധിച്ചു. പിന്നീട് പ. ബസ്സേലിയോസ് ഗീവറുഗീസ് ഒന്നാമൻ, ബസ്സേലി യോസ് ഗീവറുഗീസ് രണ്ടാമൻ, പ. ഔഗേൻ പ്രഥമൻ, പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ, പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ എന്നീ ബാവാമാരുമായും പരിശുദ്ധനായ പാമ്പാടി തിരു മേനിയുമായും ഏറ്റവും അടുത്തിടപെടാൻ ഭാഗ്യം സിദ്ധിച്ച ഒരു തികഞ്ഞ സഭാസ്നേഹി എന്ന നിലയിലുള്ള കൊച്ചുകൊച്ചിന്റെ ഉന്നതസ്ഥാനം മറ്റാ ർക്കും അവകാശപ്പെടാനും സാധ്യമല്ല. ആ ഒറ്റക്കാരണം കൊണ്ടുതന്നെ അദ്ദേഹത്തിന്റെ സഭാസ്മരണകൾക്കു പവൻമാറ്റുമുണ്ട്. ഏതു കാര്യത്തെ പ്പറ്റിയും അഭിവന്ദ്യ തിരുമേനിമാരോട് അഭിപ്രായങ്ങൾ തുറന്നറിയിക്കാൻ കഥാപുരുഷനു സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. കൊച്ചുകൊച്ചിനു സഭയോ ടുള്ള കൂറും സഭാസംബന്ധമായ അറിവും ഉൾക്കാഴ്ചയും വിശാല വീക്ഷ ണവും മറ്റുമായിരുന്നു ഈ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം. ഏതു കാര്യവും വിശ്വസിച്ചു ഭരമേൽപിക്കാൻ പറ്റിയ ചുരുക്കം ചില വ്യക്തികളിൽ ഒരാളാണു കൊച്ചുകൊച്ച് എന്നു മേല്പട്ടക്കാർക്കും തിട്ടമായിരുന്നു.

നർമ്മോക്തികളിൽ പൊതിഞ്ഞു സരസമായി സംഭാഷണം നടത്തുന്നതിനുള്ള കൊച്ചുകൊച്ചിന്റെ വലിയ കഴിവ് ഒന്നു വേറെയാണ്. ഏതു ശിലാഹൃദയത്തെയും ചലിപ്പിക്കുന്നതിനും, ഗൗരവസ്വഭാവക്കാരെയും ചിരിപ്പിക്കുന്നതിനും ഉള്ള അദ്ദേഹത്തിന്റെ സംഭാഷണ ചാതുര്യവും അന്യൂനമായ പെരുമാറ്റ വിശേഷവും എല്ലാവരുടെയും മതിപ്പും ആർജ്ജിച്ചിട്ടുണ്ട്. സംഭാഷണത്തിലെ ഈ സ്വാരസ്യം ആസ്വദിക്കുന്നതിനുവേണ്ടി ചിലപ്പോഴെല്ലാം മലയാള മനോരമയുടെ മുൻ മുഖ്യ പത്രാധിപർ കെ. എം. ചെറിയാൻ യാത്രാവേളകളിൽ കൊച്ചുകൊച്ചിനെയും ക്ഷണിച്ചുകൊണ്ടു പോകുമായിരുന്നു.

തനിക്കു പരിചയമുള്ള ആരു മരിച്ചാലും അവിടെപ്പോയി അന്ത്യോപചാരം അർപ്പിക്കുകയും മരണാനന്തര കർമ്മങ്ങൾ സംബന്ധിച്ചു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക എന്നും കൊച്ചുകൊച്ചു തെറ്റിക്കാത്ത ഒരു നിഷ്ഠയാണ്. വൈദികരുടെ അസാന്നിദ്ധ്യത്തിൽ പ്രാർത്ഥന നടത്തി വിലാപഭവനങ്ങളിൽ ആശ്വാസം പകരാനും അദ്ദേഹം ഉത്സുകനായിരുന്നു. കൂടാതെ രോഗികളെയും പ്രായാധിക്യത്തിൽ കഴിയുന്നവരെയും ചെന്നു കാണുകയും ഉച്ചത്തിൽ കുശലം പറയുകയും മറ്റും ചെയ്യുന്നത് ഒരു ദൗത്യമെന്ന നിലയിൽ അദ്ദേഹം ഏറ്റെടുത്തിരുന്നു. ഇത്തരത്തിലുള്ള ചില സന്ദർശനവേളകളിൽ ഞാനും അദ്ദേഹത്തെ അനുഗമിച്ചിട്ടുണ്ട്. വർഷങ്ങളായി രോഗം മൂലം വിഷമതകൾ അനുഭവിക്കുന്നവരെ കൊച്ചുകൊച്ചു ചെന്നു കാണുകയും ഹൃദയം നൊന്തു പ്രാർത്ഥിക്കയും ചെയ്തശേഷം കണ്ണുതിരുമ്മി അടച്ചാൽ അവർ കർത്താവിൽ നിദ്ര പ്രാപിച്ചുകൊള്ളുമെന്ന് തമാശരൂപത്തിലെങ്കിലും ചിലർ പറഞ്ഞു കേട്ടിട്ടുമുണ്ട്.

ഇന്ത്യയുടെയും ചക്രവർത്തിയായിരുന്ന ഇംഗ്ലണ്ടിലെ ജോർജ് അഞ്ചാമന്റെ കിരീടധാരണ ദിവസം (1911) ആരംഭിച്ചതുകൊണ്ടാണ് തന്റെ നിലച്ചുപോയ വൈദ്യശാലയ്ക്ക് ആ പേരു നൽകപ്പെട്ടത്. കൊച്ചുകൊച്ചിന്റെ പിതാവ് സി. റ്റി. വർക്കി വൈദ്യൻ ആണു വൈദ്യശാലയുടെ സ്ഥാപകനേതാവ്. ആദ്യം വാടകക്കെട്ടിടത്തിൽ ആരംഭിച്ച വൈദ്യശാല 1922-ൽ തിരുനക്കര മൈതാനത്തിന്റെ തെക്കുവശത്തുള്ള സ്വന്തം ഇരുനിലക്കെട്ടിടത്തിൽ മാറ്റി സ്ഥാപിച്ചു. ഈ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലാണു ട്രാവൻകൂർ ഫോർവേഡ് ബാങ്ക് ആദ്യം സ്ഥാപിച്ചു നടത്തിവന്നത്. ബാങ്കിനു പുതിയ കെട്ടിടം പണിയിക്കുന്നതിനായി കൊച്ചുകൊച്ചിന്റെയും സഹോദരന്മാരുടെയും ഓഹരിയായ ഈ സ്ഥലം 1945-ൽ വിൽക്കാൻ നിർബന്ധിതരായി. തുടർന്നാണ് വൈദ്യശാല മൈതാനത്തിനു പടിഞ്ഞാറു ഭാഗത്തുള്ള കെട്ടിടത്തിലേക്കു മാറ്റിയത്.

ആരംഭകാലം മുതൽതന്നെ ഈ വൈദ്യശാല കോട്ടയത്തെ സഭാനേതാക്കളുടെ ഒരു സമ്മേളനരംഗമായിരുന്നു. പിതാവിന്റെ മരണത്തെ തുടർന്ന്

രാവിലെ മുതൽ ഉച്ചവരെ വൈദ്യശാലയുടെ ചുമതല കൊച്ചുകൊച്ചിനായിരുന്നു. ഈ സമയത്താണ് എന്നും നേതാക്കളുടെ കൂടിവരവും ചർച്ചകളും മറ്റും. പരേതരായ ഫാ. റ്റി. സി. ജേക്കബ് (മാനേജരച്ചൻ), മണലിൽ യാക്കോബ് കത്തനാർ, തോട്ടയ്ക്കാട്ടു പുത്തേട്ടുകടുപ്പിൽ ഫാ. പി. എം. പീലിപ്പോസ്, പാമ്പാടികണ്ടത്തിൽ ഗീവറുഗീസ് കത്തനാർ, കൊച്ചിമൂലയിൽ കെ. എം. ജോർജ്, കൊറ്റുകുളം കെ. വി. ഏബ്രഹാം (കുര്യച്ചൻ), തയ്യിൽ കണ്ടത്തിൽ കെ. എം. ചെറിയാൻ (ജൂണിയർ), മാളേക്കൽ എം. എം. ജോസഫ്, എം. എം. ചാക്കോ, പള്ളം വടക്കേപ്പറമ്പിൽ വി. സി. ഏബ്രഹാം, മാളേക്കൽ എം. എം. ചാണ്ടി, മടുക്കാനിൽ പുത്തൻപുരയ്ക്കൽ പി. സി. തോമസ് (കുട്ടായി), എറികാട് ഇ. സി. മാത്യു, ഏബ്രഹാം മാത്യു തോട്ടുവായിൽ, വട്ടക്കുന്നേൽ പുളിക്കൽ പി. സി. കുര്യൻ, കൊച്ചുകാഞ്ഞിരത്തിൽ കറിയാച്ചൻ, ചക്കാലപ്പറമ്പിൽ മാത്തച്ചൻ, ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാം, വട്ടക്കുന്നേൽ പി. കെ. ചാക്കോ എന്നിവരും അന്ന് എഴുപതു കഴിഞ്ഞ എറികാട് ഇ. ഐ. ജോസഫ്, വാണിയപ്പുരയ്ക്കൽ വി. കെ. അയിപ്പ്, പള്ളം പൂവത്തുംമൂട്ടിൽ കുര്യൻ ഇട്ടി (പാപ്പച്ചൻ) മുതലായവരും ചർച്ചാവേദിയിലെ അംഗങ്ങളായിരുന്നു. ഇവരുടെ സംഭാഷണങ്ങളിൽ ചിലപ്പോഴെല്ലാം എനിക്കും സംബന്ധിക്കുവാൻ സാധിച്ചിട്ടുണ്ട്. വൈദ്യശാലയിൽ നിന്നു കൊച്ചുകൊച്ച് റിട്ടയർ ചെയ്തതോടു കൂടി ഈ സുഹൃത്സമ്മേളനവും നിലച്ചു.

കൊച്ചുകൊച്ചിന്റെ പിതാവ് വർക്കി വൈദ്യന്റെ കാലത്തു പുളിമൂട്ടിൽ കെ. വി. ഏബ്രഹാം വക്കീൽ, അഞ്ചേരിൽ കോശി വക്കീൽ, പുളിക്കൽ തൊമ്മൻ മാസ്റ്റർ, പൂത്തറ മാത്യു, താന്നിക്കൽ ഉതുപ്പു മാണി, മോടയിൽ ഔസേപ്പച്ചൻ, തടത്തിൽ ചാക്കോച്ചൻ, വേണാട്ടുകളത്തിൽ പി. പി. സ്കറിയ, പാലത്തിങ്കൽ കുഞ്ഞപ്പൻ, മോടിശ്ശേരിൽ എം. ഒ. തോമസ് വക്കീൽ മുതലായവർ കിരീടധാരണ വൈദ്യശാല എന്ന സഭാകോർണറിലെ സാമാജികരായിരുന്നു. സഭാസംബന്ധമായ കാര്യങ്ങളെപ്പറ്റി സ്വതന്ത്രമായി ചർച്ച ചെയ്യാനുള്ള ഒരു വേദി പിന്നീട് കോട്ടയം നഗരത്തിൽ ഉണ്ടായില്ലെന്നുള്ളത് ഒരു വലിയ കുറവാണെന്നു പറയാം.

ദേവലോകത്തു നിന്നു പടിഞ്ഞാറോട്ടു കൊല്ലാട്ടേക്കുള്ള വഴിയുടെ വീതി കൂട്ടുന്നതിനായി അരമനപ്പറമ്പിന്റെ കുറെ സ്ഥലം നൽകുന്നതിന് സഭാധികൃതർ ആദ്യം വിസമ്മതിച്ചു. പ്രശ്നം പരിഹരിക്കുന്നതിനായി കൊച്ചുകൊച്ചും ഞാനും കൂടി വട്ടക്കുന്നേൽ ബാവായെ കാണുകയും റോഡു വീതി കൂട്ടേണ്ടതിന്റെ ആവശ്യകത കാര്യകാരണസഹിതം അറിയിക്കുകയും ചെയ്തപ്പോൾ റോഡിനുവേണ്ടി ബാവാ 20 സെന്റ് സ്ഥലം അനുവദിച്ചു. കൊച്ചുകൊച്ചിന്റെ സ്വാധീനവും തന്ത്രപരമായ സമീപനവും കൊണ്ടാണ് ഇന്ന് ലക്ഷക്കണക്കിനു രൂപ വിലയുള്ള സ്ഥലം റോഡിന് ലഭിച്ചതെന്നാണ്

എന്റെ വിശ്വാസം. മരണവീടുകളിലും ഞങ്ങൾ ഒന്നിച്ചു പോയിട്ടുണ്ട്. ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ ഞാൻ ബഹുമാനിക്കുന്ന കൊച്ചുകൊച്ചിന്റെ ഉച്ചത്തിലുള്ള സംസാരവും സംസ്ക്കാരസമ്പന്നമായ പെരുമാറ്റവും കറ കളഞ്ഞ സഭാസ്നേഹവും മേൽപ്പട്ടക്കാരോടും പട്ടക്കാരോടുമുള്ള ബഹു മാനാദരങ്ങളും എന്നെ ഹഠാദാകർഷിച്ചിട്ടുണ്ട്. ഇളംതലമുറ സ്വീകരിക്കേണ്ട പല ഗുണങ്ങളുടെയും കേദാരമായിരുന്നു കഥാപുരുഷൻ എന്നു എടുത്തു പറയാൻ സന്തോഷമുണ്ട്.

മലങ്കര സഭാംഗങ്ങൾക്ക് അജ്ഞാതവും അതേസമയം അവർ അറിഞ്ഞി രിക്കേണ്ടതുമായ ഒട്ടധികം പ്രധാനപ്പെട്ട കാര്യങ്ങൾ 'മരണമില്ലാത്ത സഭാ സ്മരണകളിൽ' ഒളിഞ്ഞു കിടക്കുന്നുണ്ട്. സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട സംഭവങ്ങളുടെ ദൃക്സാക്ഷി എന്ന നിലയിൽ ഇത്ര മാത്രം ആധികാരികമായി ഒരു സ്മരണ തയ്യാറാക്കാൻ അർഹതയോ മറവി കൂടാതെ പറയാനുള്ള കഴിവോ ഉള്ള മറ്റാളുകളാരും ഇന്നില്ല. കൊച്ചു കൊച്ചെന്ന വൈദ്യന്റെ കുരുകുരാന്നുള്ള കുറിപ്പുകൾ വേണ്ടവിധം എഡിറ്റു ചെയ്തു ആകർഷകമായ ഒരു പുസ്തകം സംവിധാനം ചെയ്ത കെ. വി. മാമ്മനോടുള്ള അഭിനന്ദനവും അറിയിക്കാൻ സന്തോഷമുണ്ട്. സഭാപിതാ ക്കന്മാരുടെ പല ജീവചരിത്രങ്ങൾ മലങ്കരസഭയ്ക്കു പ്രദാനം ചെയ്ത കെ. വി. മാമ്മൻ അന്തരിച്ച കൊച്ചുകൊച്ചിനെയും ഒരു സഭാപിതാവിന്റെ പദവി യിലേക്ക് ഏതാണ്ട് ഉയർത്തിയിരിക്കുന്നു എന്നു പറയുന്നതാവും കൂടുതൽ ശരി. ഇരുവരെയും ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു പ്രബുദ്ധരായ മലങ്കര സഭാംഗങ്ങൾക്ക് 'മരണമില്ലാത്ത സഭാസ്മരണകൾ' ഞാൻ സഹർഷം സമർപ്പിച്ചുകൊള്ളുന്നു.

കോട്ടയം
19-2-1996



പുതിയ തലമുറയ്ക്കു ഒരു നല്ല മാതൃക

കെ. എം. മാത്യു കണ്ടത്തിൽ

സ്വഭാവമഹിമകൊണ്ടു പുതിയ തലമുറയ്ക്കു മാതൃകാപുരുഷനായ കൊല്ലാട് ചെമ്പകശ്ശേരിൽ കൊച്ചുകൊച്ചിനെപ്പറ്റി ചിന്തിക്കുമ്പോൾ പല സജീവ ചിത്രങ്ങളും എന്റെ മനസ്സിലേക്കു കടന്നുവരുന്നു. കോട്ടയത്തു കിരീടധാരണ വൈദ്യശാല സ്ഥാപിച്ച അദ്ദേഹത്തിന്റെ പിതാവ് വർക്കിച്ചൻ പ്രശസ്തനായിരുന്നു. പിതാവിന്റെ മരണാനന്തരം ആ ചുമതല പുത്രൻ ഏറ്റെടുത്തു.

കൊച്ചുകൊച്ച് എന്ന ചെമ്പകശ്ശേരിൽ സി. വി. ടൈറ്റസിനെ ഞാൻ ഏറെ സ്മരിക്കുന്നതു വൈദ്യനായിട്ടൊന്നുമല്ല; സേവനത്തിലൂടെയും സത്യസന്ധതയിലൂടെയും കർമപഥത്തിൽ കിരീടം ചൂടിയ മനുഷ്യനായിട്ടാണു ഞാൻ അദ്ദേഹത്തെ എന്നും കാണുന്നത്. അദ്ദേഹത്തെപ്പറ്റി ചിന്തിക്കുമ്പോൾ ആദ്യം എന്റെ മനസ്സിൽ തെളിയുന്നത് 1934–ലെ ഒരു സംഭവമാണ്. ഞാനന്നു ഫോർത്ത്ഫോമിൽ പഠിക്കുകയാണ്. സഭയ്ക്കു ഭരണഘടന ഉണ്ടാക്കാൻ കോട്ടയത്തു എം. ഡി. സെമിനാരിയിൽ മലങ്കര അസോസിയേഷൻ കൂടാൻ നിശ്ചയിച്ചിരിക്കുന്നു. അതിനുള്ള ഒരുക്കം നടക്കുന്നു. അതിനു മുമ്പ് സംഘാടക കമ്മിറ്റി ഉണ്ടാക്കാൻ സമുദായ പ്രമുഖർ എം.ഡി. യിൽ സമ്മേളിച്ചു. ഞാനന്നു മനോരമയിലാണു താമസം. വൈകിട്ടത്തെ യോഗം കാണാൻ തൊട്ടടുത്തുള്ള എം.ഡി. സെമിനാരിയിലേക്കു ഞാനും പോയി.

സംഘാടകസമിതിയുടെ അന്നത്തെ യോഗത്തിൽ മുഖ്യ ചർച്ച അസോസിയേഷൻ അംഗങ്ങൾക്കു പ്രവേശന ടിക്കറ്റ് കൊടുക്കുന്നതു സംബന്ധിച്ചായിരുന്നു. സഭയുടെ വിവിധ പള്ളികളിൽനിന്നു പ്രതിനിധികൾ വരുമ്പോൾ അവർക്കു പെട്ടെന്നു ടിക്കറ്റു കൊടുത്ത് എങ്ങനെ സമ്മേളന പന്തലിൽ കയറ്റാമെന്നു ചർച്ച ചെയ്തപ്പോൾ ഒരു ചെറുപ്പക്കാരൻ ചാടിയെഴുന്നേറ്റു പറഞ്ഞു: "ആ ചുമതല എനിക്കു തരാമെങ്കിൽ ഏറ്റെടുക്കാം. ഒരുത്തരേയും പ്രകോപിപ്പിക്കാതെ അതു ഞാൻ സാധിച്ചോളാം. എന്റെ കൂടെ ഒരു ഇരുപതു സഹായികളെക്കൂടി തന്നാൽ മതിയാകും."

ആ ചെറുപ്പക്കാരനെ ഞാൻ മുമ്പു കണ്ടിട്ടില്ല. സമുദായത്തിലെ മുതിർന്ന വർ – എം. എ. ചാക്കോ, ഒ. എം. ചെറിയാൻ, എ. എം. വർക്കി, എറികാട് കുഞ്ചപ്പൻ, കെ. സി. മാമ്മൻ മാപ്പിള, ഇ. ജെ. ജോൺ വക്കീൽ മുതലായ വർ ഇരിക്കുന്ന സദസ്സിൽ യാതൊരു സങ്കോചവും കൂടാതെ എഴുന്നേറ്റു പ്രതികരണം അറിയിച്ചതു കൊച്ചുകൊച്ചാണെന്നു പിന്നീടാണ് എനിക്കു മനസ്സിലായത്. ആരും ഉത്തരവാദിത്വം ഏറ്റെടുക്കുംമുമ്പു ആ യുവാവ് അതിനു ചങ്കൂറ്റം പ്രകടിപ്പിച്ചത് എന്നെ അദ്ഭുതപ്പെടുത്തി.

അസോസിയേഷൻ വിളിച്ചുകൂട്ടിയപ്പോൾ അക്കര സി. ലൂക്ക് സാർ ആയി രുന്നു വോളണ്ടിയർ ക്യാപ്റ്റൻ. കൊച്ചുകൊച്ചിന്റെ അന്നത്തെ പ്രവർത്തനം കണ്ടപ്പോൾ എനിക്കു തോന്നി അദ്ദേഹമെത്ര മിടുക്കനാണെന്ന്. മനോരമ യുടെ മുമ്പിലുള്ള പടിഞ്ഞാറെക്കര കെട്ടിടത്തിലായിരുന്നു പത്രിക പരിശോ ധനയും എടുത്തുകൊടുക്കലും ഒക്കെ. എല്ലാം ഭംഗിയാക്കിയതിൽ അദ്ദേഹം ഒരു പ്രധാന പങ്കു വഹിച്ചു.

സേവനസന്നദ്ധതയാണു കൊച്ചുകൊച്ചിനെ സഭാരംഗത്തും മറ്റു രംഗ ങ്ങളിലും ശ്രദ്ധേയനാക്കിയത്. സമുദായത്തിലെ മുതിർന്നവരുമായും പ്രമാ ണികളുമായും അടുത്തിടപെട്ടു പ്രവർത്തിക്കാനും അദ്ദേഹത്തിനു പ്രത്യേക കഴിവുണ്ടായിരുന്നു. അന്ന് സമുദായകാര്യങ്ങളിൽ നേതൃത്വം നൽകി പ്രവർ ത്തിച്ച എന്റെ പിതാവുമായും അടുപ്പമുണ്ടായിരുന്നു. കുടുംബത്തിലെ ഒരം ഗത്തെപ്പോലെ കെ. സി. മാമ്മൻ മാപ്പിളയുമായി അദ്ദേഹം സംസാരിക്കു ന്നതു ഞാൻ കണ്ടിട്ടുണ്ട്.

എന്റെ പിതാവുമായി അടുത്തിടപെട്ടതുപോലെ എന്നോടും അദ്ദേഹം അടുത്തിടപെട്ടു. വലുപ്പച്ചെറുപ്പമോ പ്രായവ്യത്യാസമോ കൂടാതെ എല്ലാവ രുമായും അദ്ദേഹം അടുത്തു. വൈദികരും മെത്രാച്ചന്മാരും കൊച്ചുകൊച്ചിന്റെ സൗഹൃദവലയത്തിൽ ഉള്ളവരായിരുന്നു.

സഭാപ്രവർത്തനംകൊണ്ട് എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടാക്കാനോ സ്വയം നേതാവാകാനോ അദ്ദേഹം ആഗ്രഹിച്ചില്ല. വൈദ്യശാലയിലെ തിരക്കിട്ട ജോലിക്കിടയിലാണു സഭാസേവനത്തിനും സാമൂഹ്യസേവനത്തിനും അദ്ദേഹം സമയം കണ്ടെത്തിയത്. കിരീടധാരണ വൈദ്യശാല സഭാപ്രവർ ത്തനത്തിന്റെ ഒരു ചർച്ചാവേദിയായിത്തീർന്നു. അത് അദ്ദേഹത്തിനൊരാ വേശമായിരുന്നു. സഭയുടെ വളർച്ചയും സഭാംഗങ്ങളുടെ ഉയർച്ചയും അദ്ദേഹം ഒരുപോലെ കണ്ടു. അതേ ആവേശത്തോടെയാണു സഭാപ്രവർത്ത നങ്ങളിൽ എന്നും പങ്കാളിയായത്.

അന്ന് വട്ടശ്ശേരിൽ തിരുമേനിയെയും ബസേലിയോസ് ഗീവർഗീസ് ദ്വിതീ യൻ കാതോലിക്കാ ബാവായെയും ആദരിച്ചിരുന്ന കൊച്ചുകൊച്ച് അവരെ

പല സന്ദർഭങ്ങളിലും സാധാരണക്കാർ പറയാൻ മടിച്ച പല സംഗതികളിലും ഉപദേശിച്ചിട്ടുള്ള കാര്യത്തെപ്പറ്റി എനിക്കു നേരിട്ടറിയാം. അദ്ദേഹത്തിന്റെ സംഭാഷണശൈലിയുടെ പ്രത്യേകത മൂലം അവരൊന്നും അതൃപ്തി പ്രകടിപ്പിക്കാറില്ലായിരുന്നു.

കെ. സി. മാമ്മൻ മാപ്പിള ജയിലിൽനിന്നു തിരിച്ചുവന്നതിനുശേഷമായിരുന്നല്ലോ ദേവലോകത്തെ ആസ്ഥാനം മേടിച്ചത്. പത്തു ദിവസം കൊണ്ടു കെ. സി. മാമ്മൻ മാപ്പിളയുടെ നേതൃത്വത്തിൽ പണം പിരിച്ചുണ്ടാക്കി. പണം പിരിക്കാൻ എന്റെ പിതാവ് എന്നും രാവിലെ പുറപ്പെടുമ്പോൾ സ്ഥിരമായി കൂട്ടത്തിൽ ഒരാളെ മാത്രമേ ഞാൻ കണ്ടിട്ടുള്ളു - അത് കൊച്ചുകൊച്ചു തന്നെയാണ്.

മിക്ക ദിവസവും വൈകിട്ടു മാമ്മൻ മാപ്പിളയുടെ വീട്ടിൽ കഥാപുരുഷൻ വരാറുണ്ടായിരുന്നു. സഭാകാര്യങ്ങളും മറ്റും അവർ സംസാരിക്കും. ചില തമാശകൾ പൊട്ടിക്കുമ്പോൾ മഹാനായ ഇ. വി. കൃഷ്ണപിള്ളയുടെ സംഭാഷണചാതുര്യം തന്നെയുണ്ടായിരുന്നു കൊച്ചുകൊച്ചിനും. സഭാപ്രവർത്തനത്തിൽ കൂടുതൽ താൽപര്യം കാണിച്ചതിനാൽ വൈദ്യശാലകൊണ്ടു കാര്യമായ സാമ്പത്തിക നേട്ടമൊന്നും ഉണ്ടാക്കാൻ കഴിഞ്ഞതായി തോന്നുന്നില്ല. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയ എന്റെ പിതാവിന്റെ ഉപദേശപ്രകാരം കൊച്ചുകൊച്ച് ഒരു ചിട്ടി തുടങ്ങി. അപ്പോഴും തന്റെ സഭാസേവനത്തിന് ഒരു കുറവുമുണ്ടായില്ല.

സഭയിലെ ഏതൊരാൾ മരിച്ചാലും ആ വീട്ടിൽ കൊച്ചുകൊച്ചിനെ ഞാൻ കണ്ടിട്ടുണ്ട്. അവിടെ വേണ്ട സഹായം ചെയ്യും. അവിടെ ചെന്നു പ്രാർത്ഥിക്കും. കെ. എം. ചെറിയാന്റെ ഭാര്യ മരിച്ചതിനുശേഷം അദ്ദേഹത്തിന്റെ ഏകാന്തത കുറെയൊക്കെ അകറ്റാൻ സഹായിച്ചതു കൊച്ചുകൊച്ചാണെന്ന് എനിക്കു നിശ്ചയമുണ്ട്. മിക്ക ദിവസങ്ങളിലും കൊച്ചുകൊച്ചിനെ കാറയച്ചു വരുത്തുമായിരുന്നു. രാവിലെ വന്നാൽ ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കും. നിർബന്ധിച്ചു പുട്ടിന്റെ കൂടെ തേൻ ഒഴിച്ചു കൊടുക്കും. കൂടുതൽ മധുരം കൊടുത്താൽ ഇൻസുലിൻ കൂടി കുത്തിവെയ്പിച്ചിട്ടേ കെ. എം. ചെറിയാൻ കൊച്ചുകൊച്ചിനേ തിരിച്ചയച്ചിരുന്നുള്ളു. ഇതുപോലെ പലർക്കും വൈദ്യൻ ഒരു സാന്ത്വന സാമീപ്യമായിരുന്നു. പലരുടെയും വിഷമങ്ങളും സങ്കടങ്ങളും അദ്ദേഹം പങ്കുവച്ചു.

സമുദായ സ്നേഹവും സഭാഭക്തിയും മാത്രമാണു കൊച്ചുകൊച്ചിന് എന്നും ഉണ്ടായിരുന്നത്. വലുപ്പച്ചെറുപ്പം കൂടാതെ ഏതൊരാളെയും സ്നേഹിക്കാനുള്ള അന്യാദൃശമായ കഴിവാണ് അദ്ദേഹത്തെ മറ്റുള്ളവരിൽനിന്നു വ്യത്യസ്തനാക്കിയത്. നല്ല സ്വഭാവശുദ്ധിയുള്ള സഭാനേതാവായിരുന്നു. അദ്ദേഹത്തിൽ ഞാൻ കാണുന്ന മറ്റൊരു മഹിമ അസൂയ ഇല്ലാത്ത

മനസ്സാണ്. കെ. സി. മാമ്മൻ മാപ്പിളയുടെയും കെ. എം. ചെറിയാന്റെയും കൂടെ പ്രവർത്തിച്ച കൊച്ചുകൊച്ചിന് എന്റെ കൂടെ പ്രവർത്തിക്കാനും ഒട്ടും ബുദ്ധിമുട്ടുണ്ടായില്ല. ഏതൊരാളുമായും ഇണങ്ങിച്ചേരാനും അവസരത്തിനൊത്തു പ്രവർത്തിക്കാനും അദ്ദേഹത്തിനു കഴിവുണ്ടായിരുന്നു. ഞങ്ങൾ ഒന്നിച്ചു പലയിടത്തും പോയിട്ടുണ്ട്. യാത്രയ്ക്കിടയിൽ പഴയ കഥകൾ അദ്ദേഹം വിവരിക്കും.

എന്റെ കുടുംബത്തെപ്പറ്റി പറഞ്ഞ രണ്ടു സംഭവം മാത്രം ഇവിടെ രേഖപ്പെടുത്തുന്നു. സമുദായക്കേസ് ജയിച്ചപ്പോൾ അന്നത്തെ കോടതിച്ചെലവ് പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നു നടത്തിയെടുക്കുന്നതിനെപ്പറ്റി അഭിപ്രായവ്യത്യാസം ഉണ്ടായി. അങ്ങനെ ചെയ്യരുതെന്നു ബാവായോടു പലരും പറഞ്ഞു. കെ. എം. ചെറിയാനും ഡോ. ചാക്കോ ജോർജും കൂടി ഇത് ഒരിക്കലും ചെയ്യരുതെന്നു ശക്തിയായി ഒരു ദിവസം വാദിച്ചു. കൊച്ചുകൊച്ച് ഇതിനും സാക്ഷിയാണ്. ഇതേച്ചൊല്ലി കെ. എം. ചെറിയാനും തിരുമേനിയും തമ്മിൽ ഉണ്ടായ തർക്കവും തുടർന്ന് അവർ തമ്മിൽ ലോഹ്യത്തിലായ കാര്യവും അദ്ദേഹത്തിൽ നിന്നാണു ഞാൻ കേട്ടത്. കെ. എം. ചെറിയാൻ പിണങ്ങി ഇറങ്ങാൻ തുടങ്ങിയപ്പോൾ ബാവാ പറഞ്ഞു: 'ഞാനാണു നിന്നെ മാമ്മോദീസാ മുക്കിയതും പേരിട്ടതും. മാമ്മി എന്റെ പെങ്ങളാണ്. നീ എന്നോടോ ഞാൻ നിന്നോടോ ദേഷ്യപ്പെടരുത്.'

വേറൊരു സംഭവവും കൂടി രേഖപ്പെടുത്തട്ടെ. വട്ടശ്ശേരിൽ തിരുമേനി മുടക്കു തീർക്കുവാൻ മർദ്ദീനിൽ പോകാൻവേണ്ടി ബോംബെയിൽ നിന്നു കപ്പൽ കയറിയപ്പോൾ മുടക്കു സംബന്ധിച്ച ചർച്ചയിൽ പങ്കെടുക്കാൻ കൂടെ പോകാൻ കെ. സി. മാമ്മൻ മാപ്പിളയ്ക്കു കഴിഞ്ഞില്ല. വട്ടശ്ശേരിൽ തിരുമേനിയെ കപ്പലിൽ ചെന്നു കണ്ടു യാത്രയ്ക്കു വ്യക്തിപരമായ തന്റെ അസൗകര്യം അറിയിക്കുകയും വഴക്കു തീർത്തു വരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. വട്ടശ്ശേരിൽ തിരുമേനിയുമായി പല കാര്യങ്ങളിലും വിയോജിപ്പു പ്രകടിപ്പിച്ചിരുന്ന മാമ്മൻ മാപ്പിളയുടെ സഭാസ്നേഹം മനസ്സിലാക്കിയ തിരുമേനി കൂടെ ഉണ്ടായിരുന്ന പൂതക്കുഴിയിൽ അച്ചനോടും ചെറിയമഠത്തിൽ സ്കറിയാ മല്പാനോടും ഇങ്ങനെ പറഞ്ഞു: "ഇതാണു മാമ്മൻ മാപ്പിള - അഭിപ്രായവ്യത്യാസം വേറെ, സമുദായസ്നേഹം വേറെ."

മാമ്മൻ മാപ്പിളയുടെ കൂടെ പലയിടത്തും പോയിട്ടുള്ള കൊച്ചുകൊച്ചിന് ഇതുപോലെ പല സംഭവങ്ങളും വേറെയും സ്മരിക്കാൻ ഉണ്ടാവും. അതെല്ലാം രേഖപ്പെടുത്തി വച്ചിരുന്നു എങ്കിൽ സഭാചരിത്രത്തിനു തന്നെ ഒരു മുതൽക്കൂട്ടായിരുന്നേനേ.

എന്റെ കുടുംബവുമായുള്ള സൗഹൃദം അദ്ദേഹം മരണം വരെ തുടർന്നു. എന്റെ മക്കളുമായും സൗഹൃദബന്ധം പുലർത്തി. അതിനു തന്റെ

പ്രായമൊന്നും ഒരു തടസ്സമായി അദ്ദേഹം കണ്ടില്ല. എന്റെ ഏക സഹോദരി മിസ്സിസ് കുര്യൻ മാത്തൻ (മറിയക്കുട്ടി) ബാംഗ്ലൂരിൽ നിന്നു കേരളത്തിൽ എപ്പോഴെങ്കിലും വന്നാൽ കൊച്ചുകൊച്ചിനെ കാണാതെ മടങ്ങുകയില്ല. അദ്ദേഹത്തിന് എന്റെ പിതാവിനോടുണ്ടായിരുന്ന സ്നേഹത്തിന്റെ പ്രതീകമായി ഞങ്ങൾ അതിനെ കരുതിപ്പോരുന്നു.

കൊച്ചുകൊച്ചിനെപ്പോലെയുള്ള സഭാസ്നേഹികൾ നമുക്കു കുറവാണ്. സമുദായത്തിന് അദ്ദേഹത്തിന്റെ സേവനങ്ങളെ മറക്കാൻ പറ്റില്ല. ഇങ്ങനെയുള്ളവരുടെ കുറവാണു സഭയ്ക്കു വന്നിട്ടുള്ള ഏറ്റവും വലിയ ഭാഗ്യദോഷം. എന്തു കാര്യവും നേരെ പറയുന്ന പ്രകൃതക്കാരനാണെങ്കിലും സമുദായത്തിൽ അദ്ദേഹത്തിനു ശത്രുക്കളില്ല. എല്ലാവരെയും സ്നേഹിക്കാനേ അദ്ദേഹത്തിന് അറിയൂ.

കെ. എം. മാത്യു
ചീഫ് എഡിറ്റർ, മലയാള മനോരമ

കോട്ടയം
5-4-1996



സഭൈക്യകാംക്ഷി

തികഞ്ഞ സഭാസ്നേഹിയും സഭാ സമാധാന കാംക്ഷിയുമായ കൊല്ലാട് ചെമ്പകശ്ശേരിൽ കൊച്ചുകൊച്ചിനോടു വളരെക്കാലമായി അടുത്തിടപെടാൻ എനിക്കു പല അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. പഴയസെമിനാരി, എം.ഡി. സെമിനാരി, മലയാള മനോരമ എന്നിവിടങ്ങളിൽ വച്ചാണ് ആദ്യകാലങ്ങളിൽ അദ്ദേഹത്തെ കാണുന്നതിനും മുഴങ്ങുന്ന ശബ്ദം കേൾക്കുന്നതിനും സാധിച്ചത്. പിന്നീട് തിരുനക്കരയിലുള്ളതും സഭാ കോർണർ എന്ന പേരു കൂടി ആർജ്ജിച്ചിട്ടുള്ളതുമായ കിരീടധാരണ വൈദ്യശാലയിൽ കൂടുന്ന സഭാനേതാക്കളുടെ മധ്യേ താരതമ്യേന ശാന്തനായിരിക്കുന്ന കൊച്ചുകൊച്ചിനെ ഞാൻ പലവുരു കണ്ടിട്ടുണ്ട്. ഞാനും ചിലപ്പോഴെല്ലാം സഭാ കോർണറിൽ ചെന്നിട്ടുമുണ്ട്.

വൈദ്യശാലയെക്കാൾ കൊച്ചുകൊച്ചിനു പ്രധാനം സഭാകാര്യങ്ങളാണ്. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കാലത്ത് ഒരു ബാലനായിരിക്കുമ്പോൾതന്നെ ആരംഭിച്ചതാണ് സഭയുമായുള്ള അഭേദ്യബന്ധം. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കായുടെ അടുക്കൽ ഇത്രയധികം സ്വാധീനമുള്ള വ്യക്തികൾ തുലോം ചുരുക്കമായിരുന്നു. ബാവായ്ക്ക് അന്നു കൊച്ചുവർത്തമാനം പറയാൻ പറ്റിയ ഒരു വ്യക്തിയായിരുന്നു കൊച്ചുകൊച്ച്. യക്ഷിക്കഥകൾ പറഞ്ഞറിയിക്കാൻ ഗീവറുഗീസ് രണ്ടാമൻ ബാവാ പലതവണ കൊച്ചുകൊച്ചിനെയും എന്നെയും വിളിച്ചിട്ടുണ്ട്. ഞങ്ങൾ ചെല്ലുമ്പോൾ തനിക്കുണ്ടായ യക്ഷിശല്യം തിരുമേനി വിവരിക്കുമായിരുന്നു. ആദ്യം കുണ്ടറ വെച്ചായിരുന്നു യക്ഷിശല്യം ഉണ്ടായതെന്നും പ്രാർത്ഥന ചൊല്ലുമ്പോൾ യക്ഷി പമ്പകടക്കുമെന്നും ബാവാ പറഞ്ഞു. ദേവലോകത്തെ വാസക്കാലത്തും യക്ഷിശല്യം ഉണ്ടായതായും ഒരവസരത്തിൽ യക്ഷി തന്റെ കൊങ്ങായ്ക്കു പിടിച്ചതായും ബാവ ഞങ്ങളോടു പറഞ്ഞു. 'കൃപ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ചൊല്ലിയപ്പോൾ യക്ഷി കൊടൂരാറിനക്കരെ എത്തി. യക്ഷിയുടെ വരവും രൂപവും ഭാവവും എല്ലാം ബാവാ അംഗവിക്ഷേപത്തോടെ വിവരിച്ചപ്പോൾതന്നെ ഞങ്ങൾക്കും തെല്ലു ഭയമുണ്ടായി.

കെ. സി. മാമ്മൻ മാപ്പിളയുടെ മരണത്തെ തുടർന്ന് കെ. എം. ചെറിയാൻ മലയാള മനോരമയുടെ ചുമതല ഏറ്റെടുത്തശേഷം, ഞങ്ങൾ തമ്മിൽ എന്നും വൈകുന്നേരം കണ്ടു സംസാരിക്കുക പതിവായിരുന്നു. പലപ്പോഴും കൊച്ചുകൊച്ചും ഉണ്ടായിരിക്കും. സഭാകാര്യങ്ങളായിരിക്കും മുഖ്യ ചർച്ചാവിഷയം.

മാമ്മൻ മാപ്പിളയുടെ ജീവിതസായാഹ്നത്തിൽ ദേവലോകം അരമന

വാങ്ങുന്നതു സംബന്ധിച്ച പ്രാരംഭ ആലോചനകളിലും നാടു മുഴുവൻ കറങ്ങിയുള്ള പണപ്പിരിവിലും മാമ്മൻ മാപ്പിളയോടൊപ്പം അദ്ദേഹത്തിന്റെ വലംകൈയായി നിന്നു കൊച്ചുകൊച്ചു പ്രവർത്തിച്ചു. സെന്റ് പോളിനെ വൈദ്യനായ ലൂക്കോസ് അനുഗമിച്ചിരുന്നതുപോലെ ഹൃദ്രോഗിയായ മാമ്മൻ മാപ്പിളയ്ക്കുവേണ്ട ഗുളികകൾ യാത്രാവേളകളിൽ കൊച്ചുകൊച്ചിന്റെ പോക്കറ്റിലായിരുന്നു സൂക്ഷിച്ചിരുന്നത്. 'തൈലാഭിഷേകത്തിനു വേണ്ടതും കരുതിയിരിക്കണം, അച്ചനും ഉണ്ടല്ലോ' എന്നു മാമ്മൻ മാപ്പിള പറയുമായിരുന്നു. മൂന്നു ദിവസത്തെ പര്യടനംകൊണ്ടു ഒരു ലക്ഷത്തിപതിനോരായിരം രൂപ ശേഖരിച്ചു. അക്കൊല്ലം (1951) ഓശാന ഞായറാഴ്ച മാമ്മൻ മാപ്പിള നിരണം പള്ളിയിൽ ചെയ്ത പ്രസംഗത്തിന്റെ 'മൈക്ക്' കൊച്ചുകൊച്ചായിരുന്നു എന്ന കാര്യം കഴിഞ്ഞ ദിവസം നടന്ന സംഭവം പോലെ ഞാൻ ഓർക്കുകയാണ്. കേസിന്റെ പശ്ചാത്തലത്തിൽ ദേവലോകം അരമനപ്പറമ്പ് എം. സി. മാത്യുവിന്റെയും (ഫോർവേഡ് ബാങ്ക്) എന്റെയും പേരിൽ എഴുതണമെന്നുള്ള കെ. സി. മാമ്മൻ മാപ്പിളയുടെ നിർദ്ദേശം കൊച്ചുകൊച്ച് ഉൾപ്പെടെയുള്ള എല്ലാവരും സഹർഷം സ്വാഗതം ചെയ്തു.

സഭാക്കേസിൽ 1951-ൽ കാതോലിക്കാ വിഭാഗം തിരു-കൊച്ചി ഹൈക്കോടതിയിൽ തോറ്റതിനെ തുടർന്ന് പഴയസെമിനാരിയിൽ ചേർന്ന ഒരു യോഗത്തിൽ മാമ്മൻ മാപ്പിള ആവേശകരമായ ഒരു പ്രസംഗം ചെയ്തു. അനന്തരം ഭാവിപ്രവർത്തനങ്ങൾക്കു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഡിഫൻസ് കമ്മിറ്റിയുടെ കൺവീനർമാർ ഫാ. കെ. പീലിപ്പോസും ഞാനുമായിരുന്നു. ഈ യോഗത്തിൽ വെച്ചാണ്, കേസു തോറ്റപ്പോൾ കൽക്കട്ടയിലായിരുന്ന ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവായ്ക്കു തീവണ്ടിമാർഗ്ഗം തിരിച്ചു വരുമ്പോൾ കൊട്ടാരക്കര നിന്നു കോട്ടയം വരെ ഒരുജ്ജ്വല സ്വീകരണം നൽകണമെന്നു തീരുമാനിച്ചത്. ഇതിലെല്ലാം കൊച്ചുകൊച്ച് വലിയ ഉത്സാഹത്തോടെ ഓടി നടന്നു പ്രവർത്തിക്കുന്നുണ്ടായിരുന്നു. അടൂർ നിന്നു കോട്ടയം വരെ ബാവായ്ക്കു നൽകപ്പെട്ട വരവേൽപ് സഭാചരിത്രത്തിലെ ഒരവിസ്മരണീയ സംഭവവുമായിരുന്നു. ആ വിജയകരമായ സ്വീകരണത്തിന്റെ പരിസമാപ്തി കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന വമ്പിച്ച സമ്മേളനമായിരുന്നു. അക്ഷരാർത്ഥത്തിൽ തന്നെ മനുഷ്യ മഹാസമുദ്രമെന്നു വിശേഷിപ്പിക്കാവുന്ന ആ യോഗത്തിൽ കെ. സി. മാമ്മൻ മാപ്പിള, വി. കെ. മാത്യൂസ് റമ്പാച്ചൻ, സി. എം. സ്റ്റീഫൻ, ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പാ, കൊച്ചുകൊച്ച് എന്നിവർ പ്രസംഗിച്ചു. ദേവലോകം അരമന വാങ്ങുന്നതിനു വേണ്ടി പണം തന്നവരുടെ ലിസ്റ്റു വായിച്ച് അതേപ്പറ്റി രണ്ടു വാക്കു പറയാൻ മാമ്മൻ മാപ്പിള ആവശ്യപ്പെട്ടതനുസരിച്ചാണു ഒരു പ്രസംഗകനല്ലാത്ത കൊച്ചുകൊച്ച് വേദിയിൽ പ്രത്യക്ഷപ്പെട്ടതും വളരെയധികം ശോഭിച്ചതും. ലിസ്റ്റ് വായിച്ചശേഷം തനിനാടൻ ശൈലിയിലുള്ളതും കുറിക്കുകൊള്ളുന്ന

തുമായ കൊച്ചുകൊച്ചു വാക്കുകളിലാണു അദ്ദേഹം പ്രസംഗിച്ചതെന്നും എടുത്തു പറയേണ്ടതുണ്ട്. തികഞ്ഞ കാതോലിക്കാ കക്ഷിക്കാരനാണെങ്കിലും എന്നും സഭയിലെ യോജിപ്പിന്റെ ശക്തനായ ഒരു വക്താവായിരുന്നു കൊച്ചുകൊച്ച്. കറകളഞ്ഞ സഭാസ്നേഹവും ആത്മാർത്ഥതയും സഭാദ്ധ്യക്ഷന്മാരോടുള്ള അതുല്യമായ കൂറും അദ്ദേഹത്തിന്റെ മുഖമുദ്രയാണ്.

അറിയാവുന്ന ആരെങ്കിലും മരിച്ചെന്നു കേട്ടാൽ പലപ്പോഴും ആദ്യം അവിടെ പാഞ്ഞെത്തുന്നതു മറ്റാരും ആയിരിക്കയില്ല. സഭാസമ്മേളനങ്ങൾക്കും മറ്റും ഞങ്ങൾ ഒരുമിച്ചായിരിക്കും ചിലപ്പോൾ പോകുക. കടന്നുപോയവരെക്കുറിച്ചും സഭയിലെ സ്ഥാനികളെക്കുറിച്ചും അവരുടെ ചില ചെയ്തികളെക്കുറിച്ചും മറ്റും ഞങ്ങൾ മറയില്ലാതെ സംസാരിക്കുകയും കമന്റടിക്കുകയും ഉള്ളുതുറന്നു ചിരിക്കുകയും ഒക്കെ ചെയ്യുക പതിവായിരുന്നു.

കുടുംബപരമായും ഞങ്ങൾ തമ്മിൽ അല്പം അകന്ന ബന്ധം ഉണ്ടെന്നുള്ള കാര്യവും ഞാൻ വിസ്മരിക്കുന്നില്ല. ആഴ്ചയിൽ ഒരിക്കലെങ്കിലും ഞങ്ങൾ തമ്മിൽ കാണുകയോ സമ്പർക്കം പുലർത്തുകയോ ചെയ്തിരുന്നു. പലപ്പോഴും കാര്യങ്ങൾ ഒരു കുറിപ്പടിപോലെ കാർഡിലെഴുതി വിടും. നല്ല വെട്ടത്തു മൂന്നു നാലു തവണ വായിച്ചാലെ കാര്യം മനസ്സിലാവുകയുള്ളു. 'വൈദ്യനല്ലേ' എന്നു വിചാരിച്ചു സമാധാനിക്കും. ഈ കുറിപ്പടികൾ നല്ല വണ്ണം വായിക്കത്തക്കവണ്ണം എഡിറ്റു ചെയ്ത കെ. വി. മാമ്മനെ ഞാൻ അഭിനന്ദിക്കുന്നു.

മുക്കാൽ നൂറ്റാണ്ടിലെ സത്യസന്ധമായ സഭാസ്മരണകൾ സഭാചരിത്രത്തിനു തന്നെ ഒരു വലിയ മുതൽക്കൂട്ടാണ്. ആരോഗ്യത്തിനും ഓർമ്മ ശക്തിക്കും മറ്റും ക്ഷീണം സംഭവിക്കാതെ നവതിയിലേക്കു പരസഹായം കൂടാതെ നടന്ന കൊച്ചുകൊച്ചിന്റെ ഈ സ്മരണകളുടെ മനോഹരമായ സമാഹാരം വായിച്ചപ്പോൾ മനസ്സിനുണ്ടായ കുളുർമ്മ വാചാമഗോചരമാണെന്നു പറയുന്നതിൽ എനിക്ക് അനല്പമായ സന്തോഷമുണ്ട്.



പടിഞ്ഞാറെക്കര
പി. സി. ഏബ്രഹാം

കോട്ടയം
16-1-1996

നവതിക്കു മുമ്പ് രണ്ടു വാക്ക്


ഈ എൺപത്തിഏഴാം വയസ്സിൽ ഞാൻ ഒരെഴുത്തുകാരനോ ഗ്രന്ഥ കാരനോ ആകുമെന്ന് ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല; ആഗ്രഹിച്ചുമില്ല. കാരണം അതിനുള്ള കഴിവ് എനിക്കില്ല എന്നതു തന്നെ.

എന്റെ കൗമാരകാലം മുതൽ എനിക്കു സഭാകാര്യങ്ങളിൽ വലിയ താല്പര്യം ഉണ്ടായിരുന്നു. ഇന്നും അത് അന്യൂനമായി തുടരുന്നു എന്ന താണു സത്യം. രാഷ്ട്രീയത്തിൽ ചില കുട്ടികൾക്കു ഇന്നുള്ള അതേ താല്പ ര്യവും ആവേശവുമാണ് എനിക്ക് സഭാകാര്യങ്ങളിൽ അന്നുണ്ടായിരുന്ന തെന്നു പറഞ്ഞാൽ ഏറെ ശരിയാവും. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശ കങ്ങളിൽ മലങ്കരസഭയിലുണ്ടായ സംഭവവികാസങ്ങളുടെ കാറ്റേറ്റായിരുന്നു എന്റെ വിദ്യാർത്ഥി ജീവിതം. സഭാസംബന്ധമായ എന്റെ കുടുംബാംഗങ്ങ ളുടെ പശ്ചാത്തലവും എന്റെ താല്പര്യത്തിനു വളമേകി. കോട്ടയം എം.ഡി. സെമിനാരി ഹൈസ്ക്കൂളിൽ ഞാൻ വിദ്യാർത്ഥി ആയിരിക്കുമ്പോൾ വട്ടക്കു ന്നേൽ വി. കെ. മാത്യൂസ് (ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥ മൻ), കല്ലുപുരയ്ക്കൽ കെ. പീലിപ്പോസ് (ഡോ. പീലിപ്പോസ് മാർ തെയോ ഫിലോസ്), പി. ഇ. ഡാനിയേൽ ക്ലേറി (ഡാനിയേൽ മാർ പീലക്സിനോസ്) മുതലായവർ അവിടെ പഠിച്ചിരുന്നു. സഭയിലെ ചലനങ്ങളുടെയും പിരിമുറു ക്കങ്ങളുടെയും അന്തരീക്ഷം ഞങ്ങൾക്ക് ഒട്ടും അജ്ഞാതവുമല്ലായിരുന്നു. സ്കൂളിൽ നിന്നു ചാടി കോടതി വരാന്തയിൽ ചെന്നു സമുദായക്കേസിൽ വക്കീലന്മാർ വാദമുഖങ്ങൾ നിരത്തുന്നതു കാണുന്നതും വാദം കേൾക്കു ന്നതും അന്ന് ഒരു ഹരവും വലിയ ആവേശവും തന്നെയായിരുന്നു.

ആധ്യാത്മിക ജീവിതകേദാരങ്ങളും ഋഷിതുല്യരുമായ സഭാപിതാക്ക ന്മാരെ കാണുന്നതും ഭക്ത്യാദരപൂർവം അവരുമായി അടുത്തിടപെട്ടു സഭാ സംബന്ധമായ കാര്യങ്ങൾ സംസാരിക്കുന്നതും മറ്റും ഒരസുലഭ ഭാഗ്യമായി കരുതുകയും ചെയ്തിരുന്നു. പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാ സ്യോസ്, രണ്ടാം കാതോലിക്കാ മാർ ബസ്സേലിയോസ് ഗീവർഗീസ് ഒന്നാ മൻ (വാകത്താനം), മൂന്നാം കാതോലിക്കാ മാർ ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമൻ എന്നിവരുടെ കാലഘട്ടങ്ങളിലാണ് എനിക്കവരുമായും പ്രമുഖ വൈദിക - അവൈദിക നേതാക്കന്മാരുമായും ദൃഢബന്ധം നിലനിർത്താൻ കഴിഞ്ഞതും അടുത്തിടപെട്ടു സഭയിലെ അണിയറ നീക്കങ്ങൾ വരെ

അറിയാൻ സാധിച്ചതും. അങ്ങനെയാണ് ഇരുപതാം നൂറ്റാണ്ടിലെ സഭാസംബന്ധമായ പല സുപ്രധാന രംഗങ്ങൾക്കും സാക്ഷിയാകാൻ എനിക്കവസരം ലഭിച്ചത്. ഈ സ്മരണകൾ വാർദ്ധക്യത്തിന്റെ മൂടൽമഞ്ഞുകൊണ്ടു മറയുന്നതിനു മുമ്പ് എഴുതിവയ്ക്കണമെന്നു സഭാപിതാക്കന്മാരും പല സുഹൃത്തുക്കളും എന്നോടു നേരിട്ടും കത്തുകൾ മുഖേനയും മറ്റും ആവശ്യപ്പെട്ടിട്ടുണ്ട്. കുറെയെല്ലാം കുറിച്ചുവച്ചു.

മുപ്പതു വർഷം മുമ്പ് ചർച്ച് വീക്കിലിയിൽ അതിന്റെ അസിസ്റ്റന്റ് എഡിറ്റർ കൂടിയായിരുന്ന മനോരമയിലെ കെ. വി. മാമ്മൻ എന്റെ ഒരു നഖചിത്രം പ്രസിദ്ധപ്പെടുത്തി. അതു വായിച്ച ഒട്ടധികംപേർ സ്മരണകൾ ഉടനെ എഴുതണമെന്നു പറഞ്ഞു എനിക്കു അഭിനന്ദനക്കത്തുകൾ അയച്ചിരുന്നു. കോയമ്പത്തൂരിൽ താമസിക്കുന്ന ഒരു പ്രമുഖ തോട്ടം വ്യവസായിയും തികഞ്ഞ സഭാസ്നേഹിയുമായ പ്രസാദ് ഉമ്മൻ അയച്ച കത്ത് എന്നെ വളരെയധികം കോരിത്തരിപ്പിച്ചു എന്ന കാര്യം സ്നേഹപൂർവം അറിയിക്കാനാഗ്രഹമുണ്ട്. എഴുതാൻ കൂടുതൽ പ്രേരണ നൽകിയത് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായാണ്. അദ്ദേഹം രോഗിയാകുന്നതിനു മുമ്പ്, എന്നെ കാണുമ്പോഴെല്ലാം 'കൊച്ചുകൊച്ച് ഇതെല്ലാം എഴുതി വയ്ക്കണം; ഞാൻ അവതാരിക എഴുതുകയും പുസ്തകം പ്രകാശനം ചെയ്യുകയും ചെയ്യാം' എന്നും പറഞ്ഞിരുന്നു. ഇതെല്ലാം എന്റെ മനസ്സിൽ ഉണ്ടായിരുന്നു എങ്കിലും എന്തോ ഒരു ഉത്സാഹക്കുറവും മടിയും എന്നെ പിടികൂടിയെന്നു പറയാം. ഇങ്ങനെയിരിക്കേ, സഭാചരിത്ര കാര്യങ്ങളിലും ഗ്രന്ഥരചനയിലും വലിയ തല്പരനായ കെ. വി. മാമ്മൻ എന്റെ അഭ്യർത്ഥനപ്രകാരം സ്മരണകൾ എഡിറ്റു ചെയ്തു പ്രസിദ്ധപ്പെടുത്താമെന്നു വാക്കുതരികയും, വാലും തലയുമില്ലാതെ തുണ്ടുകടലാസുകളിൽ കുറിപ്പടിപോലെ എഴുതിയ കുറിപ്പുകൾ ചേർത്ത് ഈ രൂപത്തിൽ മനോഹരമായി തയ്യാറാക്കുകയുമാണുണ്ടായത്.


പ്രസാദ് ഉമ്മൻ

അദ്ദേഹം എഴുതിയിട്ടുള്ള പിതാക്കന്മാരുടെ പല നല്ല ജീവചരിത്രങ്ങൾക്കുവേണ്ടി ഞാൻ എന്റെ ചില സ്മരണകൾ പറഞ്ഞുകൊടുക്കുകയും അവ നൽകി സഹായിച്ച വിവരം പുസ്തകങ്ങളിൽ നന്ദിപൂർവം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സഭയെപ്പറ്റിയും അതിന്റെ സമുന്നതരായ നേതാക്കളെപ്പറ്റിയും ഉൾക്കാഴ്ചയും അഭിമാനവും ഉള്ളവർക്കേ ഇന്നു പലർക്കും വിരസമെന്നു തോന്നാറുള്ള ചിന്തിപ്പിക്കുന്ന സ്മരണകൾ

എഴുതാനും വരമൊഴിയിലാക്കാനും സാധിക്കുകയുള്ളു. ഓർമ്മയിൽ തങ്ങി നിൽക്കുന്ന പലരെയും ഞാൻ പേരെടുത്തു പറഞ്ഞിട്ടുണ്ട്. ഒരുപക്ഷേ എന്റെ പരിചയക്കാരിൽ പേരെടുത്തു പറയാത്തവർക്കായിരിക്കും ഭൂരിപക്ഷം. പല സംഭവങ്ങളും ഞാനെന്റേതായ കാഴ്ചപ്പാടിൽ പറയുന്നതിനാൽ അതിനോടു യോജിക്കാത്തവരും ഉണ്ടാവും. അതു മനസ്സിലാക്കിക്കൊണ്ടും വിയോജിക്കാനുള്ള അവരുടെ സ്വാതന്ത്ര്യത്തെ മാനിച്ചും അംഗീകരിച്ചുംകൊണ്ടുമാണ് 'മരണമില്ലാത്ത സഭാസ്മരണകൾ' തയ്യാറാക്കിയത്. ഇതിനു നല്ല അവതാരിക എഴുതിയ മുൻ കോട്ടയം മുനിസിപ്പൽ ചെയർമാൻ പി. സി. ചെറിയാൻ മടുക്കാനി, ആശംസകൾ രേഖാമൂലം നൽകിയ മലയാള മനോരമ പത്രാധിപർ കെ. എം. മാത്യു (മാത്തുക്കുട്ടി), പടിഞ്ഞാറെക്കര പി. സി. ഏബ്രഹാം (അവറാച്ചൻ) എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

ഡീക്കൻ ഇ. മാത്യൂസും (പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ) എന്റെ സഹോദരൻ പരേതനായ ഫാ. സി. ഇ. ജോർജും ഒന്നിച്ചു സെറാമ്പൂർ വൈദിക കോളജിൽ പഠിക്കുന്ന കാലം മുതൽ എനിക്കു ബാവായെ അടുത്തു പരിചയമുണ്ട്. പിന്നീട് ഇരുവരും വൈദിക സെമിനാരിയിൽ പഠിപ്പിച്ചതും തുടർന്ന് ഫാ. ഇ. മാത്യൂസ് വൈദികനും റമ്പാനും മെത്രാനും കാതോലിക്കായും ഒക്കെ ആയതും ഒരു സിനിമയിലെന്നപോലെ എന്റെ മനോദർപ്പണത്തിലുണ്ട്. അദ്ദേഹത്തിന്റെ പേരും അദ്ദേഹത്തിന്റെ മുൻഗാമികളോടൊപ്പം എന്റെ ഓർമ്മയുടെ ശൃംഖലയിൽ ചേർക്കുന്നതിൽ തെറ്റില്ലല്ലോ.

എന്റെ ഈ ചെറിയ പുസ്തകം ആർക്കും വേദന ഉണ്ടാക്കരുതെന്ന് എനിക്കു നിർബന്ധമുണ്ട്. തന്നിമിത്തം കക്ഷിവഴക്കു രൂക്ഷമായിരുന്ന കാലത്തെ അസുഖകരമായ ചില സംഭവങ്ങളും അതുമായി ബന്ധപ്പെട്ട പല പ്രമുഖ പേരുകളും ഞാൻ മനഃപൂർവം വിട്ടുകളഞ്ഞിട്ടുണ്ടെങ്കിലും അതുമൂലം എന്റെ ഈ സ്മരണകളുടെ തിളക്കം തെല്ലെങ്കിലും കുറയുന്നെന്നു ഞാൻ കരുതുന്നില്ല.

ദൈവത്തിന്റെ മഹത്വം സദാ വർണ്ണിച്ചുകൊണ്ട് ആകാശത്തേയും ഭൂമിയേയും പ്രശോഭിപ്പിക്കുന്ന സൂര്യചന്ദ്രന്മാർക്കു ചുറ്റും നക്ഷത്രജ്വാലങ്ങൾ നിലകൊള്ളുന്നതുപോലെ സഭയെ പ്രഭാപൂരിതമാക്കിയ വട്ടശ്ശേരിൽ തിരുമേനിയുടെയും കല്ലാശ്ശേരിൽ ബാവായുടെയും ചുറ്റും അവർക്കു ശക്തിയും മാർഗദീപവും നൽകി സമുന്നതരായ ഒട്ടധികം വൈദികരും അവൈദികരും നില ഉറപ്പിച്ചിരുന്നു. പാറേട്ടു മാത്യൂസ് കശ്ശീശാ (മാർ ഈവാനിയോസ്), ബഥനി ഫാ. പി. റ്റി. ഗീവറുഗീസ് (ആർച്ച്ബിഷപ്പ് ഈവാനിയോസ്), മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ, ചെറിയമഠത്തിൽ വലിയ യാക്കോബു കത്തനാർ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, തലക്കുളത്തു ഫാ. റ്റി.

സി. ജേക്കബ് (മാനേജരച്ചൻ), മണലിൽ യാക്കോബു കത്തനാർ, തുമ്പ മൺ പുതക്കുഴിയിൽ ഏബ്രഹാം കത്തനാർ, ബഥനി ഫാ. അലക്സിയോസ് (മാർ തേവോദോസ്യോസ്), മേപ്രാൽ കാരയ്ക്കൽ അച്ചൻ, അയിരൂർ കുറ്റി ക്കണ്ടത്തിൽ അലക്സാണ്ടർ അച്ചൻ, അടൂർ ചാവടിയിൽ റവ. ഡോ. സി. റ്റി. ഈപ്പൻ, മാവേലിക്കര ഫാ. എൻ. ജി. കുര്യൻ, അയിരൂർ തെങ്ങുംതോട്ട ത്തിൽ ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പാ, ഓമല്ലൂർ വടുതല ഈശോ കത്തനാർ, ഓമല്ലൂർ വടക്കേടത്തു ഗീവറുഗീസ് കത്തനാർ, മാവേ ലിക്കര പറമ്പിൽ തോമസ് കത്തനാർ, പത്തനംതിട്ട തെങ്ങുംതറയിൽ ഗീവ റുഗീസ് കോർഎപ്പിസ്കോപ്പ, പുതുപ്പള്ളി പാറയ്ക്കൽ കുറിയാക്കോസ് കോർഎപ്പിസ്കോപ്പ, ഒളശ കോമടത്തുശേരിൽ ഫാ. കെ. സി. വറുഗീസ് (തടാകം ആശ്രമം), മാരേട്ടു തോമസ് റമ്പാൻ, സി. വി. ജോർജ് കോർഎപ്പി സ്കോപ്പ (വാകത്താനം), ഫാ. ഗീവറുഗീസ് അഞ്ചൽ, റവ. ഡോ. കെ. സി. ജോസഫ് കൂത്താട്ടുകുളം, ഫാ. മത്തായി നൂറനാൽ, ഫാ. തോമസ് കൊറ്റാ ത്തുവിള, ഫാ. പി. എം. പീലിപ്പോസ് തോട്ടയ്ക്കാട്ട്, റവ. ഡോ. വി. സി. സാമുവൽ, ഫാ. കെ. ഡേവിഡ്, ഫാ. എം. പി. മാത്യൂസ് മോടിശ്ശേരിൽ, കോനാട്ടു മാത്തൻ മല്പാൻ, കോനാട്ട് ഏബ്രഹാം കത്തനാർ, ചെമ്മങ്കുഴ സ്കറിയാ കത്തനാർ മുതലായവരും ഇലഞ്ഞിക്കൽ അഡ്വ. ഇ. ജെ. ജോൺ, ഇ. ജെ. കുരുവിള, ഇ. ജോൺ ഫിലിപ്പോസ്, ഇ. ജോൺ ജേക്കബ് (ഇരു വരും മന്ത്രിമാർ), അഡ്വ. ഇ. ജെ. പീലിപ്പോസ്, ലോ കോളജ് പ്രിൻസിപ്പൽ പത്രോസ് മത്തായി, കെ. കെ. ലൂക്കോസ് കന്നുകുഴി, അക്കൗണ്ട് ഓഫീ സർ ആയിരുന്ന മാത്തൻ മാപ്പിള, തയ്യിൽ കണ്ടത്തിൽ കെ. സി. ഈപ്പൻ, തട്ടുങ്കൽ കോര സാർ, തിരുവല്ല കൊച്ചുമാമ്മൻ വക്കീൽ, പി. എം. ജേക്കബ് പുരയ്ക്കൽ (വീയപുരം, തിരുവല്ല), ഡോ. വി. എം. കുര്യൻ കോഴഞ്ചേരി, ഹെഡ്മാസ്റ്റർ കെ. എം. സഖറിയ തിരുവല്ല, എ. എം. വർക്കി, കെ. സി. ചാക്കോ (ഇരുവരും യു.സി. കോളജ്), മാവേലിക്കര സി. ഐ. നൈനാൻ, നിരണം എം. ഐ. ജോർജ്, പ്രൊഫ. സി. എം. ജോൺ, ജേക്കബ് കുര്യൻ പടിഞ്ഞാറെത്തലയ്ക്കൽ, സി. ചാക്കോ പാലമൂട്ടിൽ മാവേലിക്കര, വി. ജെ. ഉമ്മൻ വള്ളക്കാലിൽ പുതുപ്പള്ളി, അഡ്വ. കെ. ഒ. മാത്യു വള്ളക്കാലിൽ, കെ. സി. മാമ്മൻ മാപ്പിള, ഒ. എം. ചെറിയാൻ, മുൻ കോട്ടയം മുനിസിപ്പൽ ചെയർമാൻ കെ. കെ. തോമസ്, അഡ്വ. കെ. ചെറിയാൻ വട്ടക്കുന്നേൽ, അഡ്വ. എം. ഏബ്രഹാം എറണാകുളം, എം. ചാക്കോപ്പിള്ള കോലഞ്ചേരി, പി. ഗീവറുഗീസ് കോട്ടയം, അൽമായ ട്രസ്റ്റി ആയിരുന്ന ഇ. ഐ. ജോസഫ് (കല്ലറയ്ക്കൽ കുഞ്ചപ്പൻ), കെ. ടി. ചെറിയാൻ (കരോട്ടു കുഞ്ചപ്പൻ), മാളി യേക്കൽ കൊച്ചുമാണി, എം. എം. ഏബ്രഹാം, എം. സി. മാത്യു, കെ. എം. ചെറിയാൻ, അൽമായ ട്രസ്റ്റി ആയിരുന്ന കോരകൊച്ചു കോരുള, ഉപ്പൂട്ടിൽ അവറാച്ചൻ, ഉപ്പൂട്ടിൽ കുര്യൻ, പടിഞ്ഞാറെതലയ്ക്കൽ ഐപ്പുകുട്ടി, കുഞ്ഞ പ്പൻ, അവറാൻകുട്ടി, എറികാട്ടു കുഞ്ചപ്പൻ (ഇ. എം. ചാക്കോ), പടിഞ്ഞാ

റേക്കര പി. കെ. ചാക്കോ, കൊച്ചുവളഞ്ഞാറ്റിൽ കുഞ്ഞ്, കിഴക്കെഅറ്റം കുട്ടി, കുഞ്ഞപ്പൻ, കല്ലുപുരയ്ക്കൽ കോരച്ചൻ, പുളിക്കൽ തൊമ്മൻ മാസ്റ്റർ, അഞ്ചേരിൽ കോശി വക്കീൽ, മോടിശേരിൽ എം. ഒ. തോമസ് വക്കീൽ, കുമരകം ഒരുവട്ടിത്തറ മാത്തുച്ചൻ, വരാപ്പത്ര പീലിക്കുഞ്ഞു, കണിയാം പറമ്പിൽ കുഞ്ഞവറാച്ചൻ, നല്ലാനിക്കൽ ചാക്കോച്ചൻ, പള്ളിക്കര സി. പി. തരകൻ, കൊച്ചി പോലീസ് കമ്മീഷണർ എം. എ. ചാക്കോ, ആമ്പല്ലൂർ തറ യിൽ കുഞ്ഞുവർക്കി, കുന്നങ്കുളം സി. വി. ഇയ്യു, മൂക്കഞ്ചേരിൽ എം. പി. വർക്കി, മാരേട്ട് എ. പീലിപ്പോസ് ജഡ്ജി, കയ്യാലാത്തു കെ. വി. ചാക്കോ മാസ്റ്റർ, സി. പി. മാത്തൻ, ഒളശ നാലാത്ര എൻ. ഐ. പോത്തൻ ശെമ്മാ ശൻ, നാലാത്ര എൻ. എം. ഏബ്രഹാം, എം. തൊമ്മൻ, ചേപ്പാട്ടു പ്ലാന്റർ ഉമ്മച്ചൻ, പള്ളിക്കര സി. ജെ. മാത്യു തരകൻ, ജഡ്ജിമാരായ പി. എ. ഉമ്മൻ, കെ. എ. പൗലൂസ്, കെ. കോരുത്, ആലപ്പുഴ പൂപ്പള്ളിൽ കുട്ടിയച്ചൻ മുത ലായവരും എന്റെ ഓർമ്മയിൽ തങ്ങിനിൽക്കുന്നു.

വൈദികരെപ്പറ്റി പരാമർശിക്കുമ്പോൾ എന്റെ പിതൃസഹോദരപുത്രനും സമപ്രായക്കാരനും സതീർത്ഥ്യനും ആയിരുന്ന ഫാ. സി. ഇ. ജോർജിനെ അടുത്ത ബന്ധത്തിന്റെ പേരിൽ വിസ്മരിക്കുന്നതു ശരിയല്ലല്ലോ. ബിരുദം നേടിയശേഷം സി. ഇ. ജോർജ് കുറച്ചുനാൾ നാഷനൽ ക്വയിലോൺ ബാങ്കിൽ ജോലി ചെയ്തു. പിന്നീടു സെറാമ്പൂർ കോളജിൽ ഡീക്കൻ ഇ. മാത്യൂസിനൊപ്പം (പ. ബസ്സേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവ) ബി.ഡി. ക്കു പഠിച്ചു. റവ. സി. കെ. ജേക്കബ് (പിന്നീടു ബിഷപ്പ്) ആയിരുന്നു കോളജ് പ്രിൻസിപ്പൽ. ബി. ഡി. പാസ്സായശേഷം ഇരുവരും കോട്ടയം വൈദിക സെമി നാരിയിലും പഠിപ്പിച്ചു. ചർച്ചു വീക്കിലിയുടെ സഹപത്രാധിപരായും സേവനം അനുഷ്ഠിച്ചു. വിവാഹജീവിതത്തിലേക്കു കടക്കാതെ വൈദികനായ ഫാ. സി. ഇ. ജോർജ് വെല്ലൂരിലെ ഓർത്തഡോക്സ് പള്ളി വികാരിയായി. അദ്ദേഹം വെല്ലൂരിൽ ചികിത്സാർത്ഥം എത്തുന്ന സഭാംഗങ്ങൾക്കും മറ്റും പത്തു വർഷക്കാലം വഴികാട്ടിയും ആതിഥേയനും ആത്മികഗുരുവും സഹാ യകനുമായിരുന്നു. ഡോക്ടർമാരുടെയും വിദ്യാർത്ഥികളുടെയും മറ്റും ഉത്തമ സുഹൃത്തായിരുന്ന അച്ചൻ നൽകിയിട്ടുള്ള ഉപദേശങ്ങൾ ബന്ധപ്പെട്ട അനേക ശതം ആളുകൾ ഇന്നും അവരുടെ ഹൃദയച്ചെപ്പുകളിൽ അന്യൂനം കാത്തു സൂക്ഷിക്കുന്നുണ്ട്.

നിർഭാഗ്യവശാൽ പാർക്കിൻസൺസ് രോഗം ബാധിച്ച അച്ചൻ ദീർഘ കാലത്തെ ചികിത്സകൾക്കുശേഷം സുഖം ലഭിക്കാതെ 55-ാം വയസ്സിൽ 1965 സെപ്റ്റംബർ 28-നു പ്രത്യാശാപൂർവം അക്കര കടന്നുപോകുകയാ ണുണ്ടായത്. തന്റെ അഭിലാഷപ്രകാരം മൃതദേഹം വെല്ലൂരിൽ നിന്നു കൊണ്ടുവന്നു കൊല്ലാട് സെന്റ് പോൾസ് പള്ളിയിൽ സംസ്കരിച്ചു. മാർ ഔഗേൻ പ്രഥമൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിലായിരുന്നു

ശവസംസ്കാര ശുശ്രൂഷകൾ നടത്തിയത്. ഞങ്ങളെയെല്ലാം ആ ആകസ്മിക മരണം ദുഃഖത്തിലാഴ്ത്തിയെങ്കിലും അച്ചന്റെ സൽസ്വഭാവവും സേവന മാഹാത്മ്യവും മാതൃകാപരമായ വൈദിക ജീവിതവും ഞങ്ങളുടെ ദുഃഖാ ഗ്നിയിൽ ആശ്വാസത്തിന്റെ ചാറൽമഴ പൊഴിക്കുന്നുണ്ടെന്നുള്ളതാണു വസ്തുത.

ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിലും ഉത്തരാർദ്ധത്തിലും സഭാ സേവനത്തിന്റെ ബലിപീഠത്തിൽ ജീവിതം ഹോമിച്ച മണലിൽ യാക്കോബ് കത്തനാർ, തലക്കുളത്തു ടി. സി. ജേക്കബ് (മാനേജരച്ചൻ) കത്തനാർ, പുതു പ്പള്ളി പന്തലമുറിയിൽ പി. എൻ. നൈനാൻ എന്നിവരും സഭാ സെക്രട്ടറി മാരായും മറ്റും ദീർഘമായ ഒരു നിർണ്ണായക കാലഘട്ടത്തിൽ പ്രതിഫലേച്ഛ കൂടാതെ ത്യാഗപൂർവം പ്രവർത്തിച്ച ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാം (കുഞ്ഞ ച്ചൻ), എറികാട് ഇ. ജെ. ജോസഫ് (ബേബി), പി. സി. ഏബ്രഹാം പടി ഞ്ഞാറെക്കര എന്നിവരും സഭാകേന്ദ്രത്തിനു പക്വമായ വിദഗ്ദ്ധോപദേശ ങ്ങൾ നൽകുകയും ആത്മധൈര്യം പകരുകയും ചെയ്ത കെ. എം. ചെറി യാനും എന്നും സ്വപിതാവിന്റെ പാതയിൽ പതറാതെ സഞ്ചരിച്ച കെ. എം. മാത്യുവും ചെയ്ത സേവനങ്ങൾ സഭയ്ക്ക് ഒരു കാലവും വിസ്മരിക്കാനാ വില്ല. എന്നാൽ പിന്നീട് ഇങ്ങോട്ടുള്ള ചരിത്രം നോക്കിയാൽ വൈദിക-അവൈദിക നേതൃനിരകളിൽ ഏതാണ്ടൊരു ശൂന്യതയുണ്ടെന്നു നിഷ് പ്രയാസം ചൂണ്ടിക്കാണിക്കാനാവും. സഭയുടെ സമാധാനവും പുരോഗതി യുമാണ് എന്റെ അന്ത്യാഭിലാഷങ്ങൾ എന്നറിയിച്ചുകൊണ്ട് 'മരണമില്ലാത്ത സഭാ സ്മരണകൾ' എന്റെ സതീർത്ഥ്യരും ആത്മീയ പിതാക്കന്മാരും ഞാൻ ആത്മാർത്ഥമായി സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നവരും സമു ന്നത വൈദിക ശ്രേഷ്ഠരുമായ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ, സഭയിലെ ഏറ്റവും സീനിയറായ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ എന്നിവരുടെയും ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെയും വിമലകരങ്ങളിൽ ചാരി താർത്ഥ്യത്തോടും വിനയത്തോടും സർവ്വോപരി അഭിമാനത്തോടും സമർപ്പി ക്കുകയാണ്.


പുസ്തകം ഏതാണ്ടു എഴുതിക്കഴിഞ്ഞപ്പോഴാണ് 1995 ജൂൺ 20-നു സഭാ ക്കേസ് സംബന്ധിച്ച സുപ്രീംകോടതിയുടെ വിധി വന്നത്. അച്ചടിച്ചു തീർന്ന പ്പോൾ പ്രാതിനിധ്യം സംബന്ധിച്ച മലങ്കര അസോസിയേഷന്റെ ഭരണഘട നയിലെ 46, 71 വകുപ്പുകളെ മുൻനിർത്തിയുള്ള അന്തിമവിധി 1996 മാർച്ച് 25-നും ഉണ്ടായി.

1912-ൽ പുനഃസ്ഥാപിച്ച കാതോലിക്കേറ്റും 1934-ൽ അംഗീകരിച്ച സഭാ ഭരണഘടനയും അതിനു വിധേയമായിട്ടുള്ള ഇടവകകളുടെ ഭരണവും

എല്ലാം അന്യൂനമാണെന്നത്രെ 1938-ൽ കോട്ടയം ജില്ലാകോടതിയും 1958-ലും 1995-ലും സുപ്രീംകോടതിയും വിധിച്ചത്. 1996 മാർച്ച് 25-നുണ്ടായ സുപ്രീം കോടതി വിധിയും സഭാസമാധാനത്തിന് ആഹ്വാനം ചെയ്തുകൊണ്ടുള്ള താണല്ലോ. ഇരുവിഭാഗങ്ങളും വിധി സ്വാഗതം ചെയ്യുകയും ഉണ്ടായി. ഭിന്നിച്ചു നിൽക്കുന്ന മെത്രാപ്പോലീത്താമാർ, വൈദികർ, പള്ളിപ്രതിപുരുഷന്മാർ എന്നി വരേയും സമഭാവേന പങ്കെടുപ്പിച്ചു മൂന്നു മാസത്തിനകം മലങ്കര അസോ സിയേഷൻ വിളിച്ചുകൂട്ടി യോജിപ്പിന്റെ പാതയിൽ എത്തണമെന്നു രാജ്യത്തെ അത്യുന്നത നീതിപീഠം അസന്ദിഗ്ദ്ധമായി ആവശ്യപ്പെട്ടു. സമാധാനകാംക്ഷി കളായിരുന്നു സഭയെ നയിച്ചശേഷം തിരശ്ശീലയ്ക്കു പിന്നിലിരുന്നുകൊണ്ടു സഭയ്ക്കു ശക്തിപകരുന്ന ഭാഗ്യസ്മരണാർഹരായ കാതോലിക്കാമാരുടെയും സഭാപിതാക്കന്മാരുടെയും ഭക്തരായ വൈദിക - അവൈദിക നേതാക്കളു ടെയും മറ്റും മദ്ധ്യസ്ഥത ഇത്തരം ഒരു വിധിക്കു പിന്നിലുണ്ടെന്നാണ് എന്റെ ഉറച്ചു വിശ്വാസം.

കൊച്ചുകൊച്ച് ചെമ്പകശ്ശേരിൽ

കൊല്ലാട്
4-4-1996



പ്രശസ്തനായ പിതാവിനെപ്പറ്റി പ്രഗല്ഭനായ പുത്രൻ

(ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ പല അപ്രതീക്ഷിത പ്രതിസന്ധികൾ നേരിട്ടപ്പോൾ പരിശുദ്ധ ജീവിതം നയിച്ചവരും സമുന്നത സഭാസാരഥികളുമായ കാതോലിക്കാമാരുടെയും മെത്രാപ്പോലീത്താമാരുടെയും മറ്റും കണ്ണിലുണ്ണിലായി സഭയുടെ പുതിയ ആസ്ഥാനത്തിനു പറ്റിയ സ്ഥലം, മഹാനായ കെ. സി. മാമ്മൻ മാപ്പിളയുടെ വലംകൈയായി നിന്നു കണ്ടുപിടിച്ചു വാങ്ങുന്നതിനു വേണ്ട പണം സഭാംഗങ്ങളിൽ നിന്നു ശേഖരിക്കുന്നതിനും ദേവലോകം അരമന പണിയുന്നതിനു സമർത്ഥനും വലിയ സഭാസ്നേഹിയും കോൺട്രാക്ടറുമായ എം. ചാക്കോപ്പിള്ളയെ (കോലഞ്ചേരി) കണ്ടെത്തുന്നതിനും മറ്റും കൊല്ലാട് ചെമ്പകശ്ശേരിൽ കൊച്ചുകൊച്ച് (സി. വി. ടൈറ്റസ്) ചെയ്ത അതുല്യ സേവനങ്ങൾ ഇന്നത്തെ തലമുറ വേണ്ടപോലെ അറിഞ്ഞിരിക്കാനിടയില്ല. സമുന്നത സഭാദ്ധ്യക്ഷന്മാർക്കും ആവശ്യമായ ഉപദേശങ്ങൾ യഥാസമയം ധൈര്യപൂർവ്വം നൽകുന്നതിനും സുദീർഘമായ സഭാസമാധാന ചർച്ചകളുടെ ഉള്ളുകള്ളികളും സഭാകേസുകൾ സംബന്ധിച്ച വിജയപരാജയങ്ങളുടെ ചൂടാറാത്ത വാർത്തകളും അവരെ അപ്പഴപ്പോൾ ധരിപ്പിക്കുന്നതിനും സമർത്ഥനായ ഒരു രഹസ്യാന്വേഷണ പത്രപ്രവർത്തകനെപ്പോലെ കൊച്ചുകൊച്ചു പ്രവർത്തിച്ചു. ഇതിനിടയിൽ തന്റെ അനുഭവ ശതങ്ങൾ കുറിച്ചുവയ്ക്കുന്നതിനും ആരേയും വാക്കുകൾകൊണ്ടു നോവിക്കാതെ അവ സംഗ്രഹിച്ചു സഭാംഗങ്ങളെ വരമൊഴിയായി ധരിപ്പിക്കുന്നതിനും അങ്ങേയറ്റം അദ്ദേഹം ഉത്സാഹിച്ചു. സ്വന്തം വൈദ്യശാലയ്ക്കും കാർഷിക പ്രവർത്തനങ്ങൾക്കും ധന്യമായ ക്രിസ്തീയ കുടുംബജീവിതത്തിനും മക്കളുടെ ഉന്നത പഠനത്തിലൂടെയുള്ള ഉയർച്ചയ്ക്കും ഒന്നും അവധി കൊടുക്കാതെയാണു ഈ നിസ്വാർത്ഥ സഭാസേവനം ചെയ്തതെന്ന് എടുത്തു പറയുന്നതിൽ വളരെ സന്തോഷമുണ്ട്.

കൊച്ചുകൊച്ചിന്റെ "മരണമില്ലാത്ത സഭാസ്മരണകൾ" മറന്നുപോകാതെ കുറിച്ചുവയ്ക്കുന്നതിനും കാണുമ്പോഴെല്ലാം അദ്ദേഹത്തെ ആജ്ഞാസ്വരത്തിൽ സ്നേഹപൂർവ്വം പ്രേരിപ്പിക്കുകയും നിർബന്ധിക്കു

കയും ചെയ്തതിൽ പ്രധാനി പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായാണ്. സ്മരണകൾ എഴുതണമെന്നു നിർബ ന്ധിച്ച പല സഭാസ്നേഹികളിൽ കോയമ്പത്തൂരിൽ താമസിക്കുന്ന ഒരു പ്രമുഖ തോട്ടവ്യവസായിയായ പ്രസാദ് ഉമ്മൻ സൽപ്രേരണ ചെലുത്തി എന്നു കൊച്ചുകൊച്ചു തന്നെ സസന്തോഷം രേഖപ്പെടുത്തിയിട്ടുണ്ട്. കൊച്ചു കൊച്ചിനെപ്പോലെ അദ്ദേഹമല്ലാതെ മറ്റൊരാൾ ഇല്ല, ഇനി ഉണ്ടാകാനും സാധ്യതയില്ല.

കൊച്ചുകൊച്ചിന്റെ സീമന്തപുത്രനും പാമ്പാടി കെ. ജി. കോളജിന്റെ സ്ഥാപക പ്രിൻസിപ്പലായി പ്രശസ്ത സേവനം അനുഷ്ഠിച്ച വ്യക്തിയുമായ പ്രൊഫ. ടൈറ്റസ് വർക്കി സമാനത ഇല്ലാത്ത സ്വപിതാവിനെപ്പറ്റി ഒരനു സ്മരണയിൽ തുറന്നു പറയുന്ന കാര്യങ്ങളാണു ചുവടെ ചേർക്കുന്നത് - എഡിറ്റർ)

"മക്കളുടെ മക്കൾ വൃദ്ധന്മാർക്ക് കിരീടമാകുന്നു. അവരുടെ പിതാക്ക ന്മാർ മക്കൾക്ക് അഭിമാനം തന്നെ" (സദൃശ്യവാക്യങ്ങൾ 17:6).

"Children's children are a crown to the aged, and parents are the pride of their children" (Proverb 17:6).

ഞങ്ങൾ നാലു മക്കളെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ പിതാവ്, കൊല്ലാട് ചെമ്പകശ്ശേരിൽ കൊച്ചുകൊച്ച് (ഔദ്യോഗനാമം സി. വി. ടൈറ്റസ്) ഞങ്ങൾക്ക് അനല്പമായ അഭിമാനം ആയിരുന്നു. കോട്ടയത്ത് തിരുനക്കര മൈതാനത്തിന് തെക്കുവശത്ത്, ഇന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഇരിക്കു ന്നിടത്ത് 1911 മുതൽ, എല്ലാ സംവിധാനങ്ങളോടും കൂടി പ്രവർത്തിച്ചിരുന്ന, കിരീടധാരണ വൈദ്യശാല സ്ഥാപകനും പ്രധാന വൈദ്യനുമായിരുന്ന ചെമ്പ കശ്ശേരിൽ വർക്കി വൈദ്യന്റേയും, വാകത്താനം എണ്ണച്ചേരി ഇടത്തറയിൽ ഇളച്ചിയമ്മയുടെയും 6 മക്കളിൽ മൂത്തയാളാണ് എന്റെ പിതാവ്. മൂത്ത സഹോദരനെ 4 അനുജന്മാരും ഒരു സഹോദരിയും തുടർന്ന് ഇളയ പിതൃ സഹോദര പുത്രീപുത്രന്മാരും "മുട്ടനിച്ചായൻ" എന്ന് വിളിച്ചു തുടങ്ങി. പിന്നെ അടുത്ത ബന്ധുക്കൾക്കും അദ്ദേഹം "മുട്ടച്ചായൻ" ആയി.

ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി, പിതാവിനൊപ്പം വൈദ്യ ശാല നടത്തിപ്പും ആയുർവേദ ഔഷധ പാചകവും വിൽപനയും, പിന്നീട് അനുജൻ മാണി വൈദ്യനൊപ്പവും 60 വർഷത്തോളമുള്ള വൈദ്യശാലയിലെ സേവന കാലഘട്ടം. കോട്ടയത്തും സഭാതലങ്ങളിലും പലർക്കും അദ്ദേഹം 'വൈദ്യർ" ആയിരുന്നു. ചിലർക്ക് അദ്ദേഹം "മാനേജർ." കോട്ടയം എം.ഡി. സെമിനാരി വിദ്യാലയത്തിലെ പഠനകാലം മുതൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ അദ്ദേഹത്തിന്റെ മനസ്സിന്റെ പ്രധാന ഭാഗം കൈയടക്കിയി രുന്നു. ആ സഭാസ്നേഹം വളർന്ന്, ആ കാലഘട്ടത്തിൽ പല ദിവസങ്ങ

ളിലും ക്ലാസ്സിൽ കയറാതെ കോട്ടയം കോടതിയിൽ നടന്നുവന്നിരുന്ന സഭാ ക്കേസിന്റെ വാദം കേൾക്കാൻ പോയിരുന്നു. കേസ് ജയിക്കുമ്പോഴത്തെ ആഹ്ലാദത്തിമർപ്പിലും, പരാജയം സംഭവിക്കുമ്പോൾ തിരുനക്കര നിന്ന് പഴയ സെമിനാരിയിലേക്ക് ഓടി, അന്നത്തെ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേ രിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ സമീപത്തെത്തി അദ്ദേഹത്തിന്റെ ആശ്വാസവചനങ്ങൾ കേൾക്കുകയും ചെയ്യുമായിരുന്നു.

വൈദ്യന്മാരായ സ്വപിതാവിനും, സഹോദരനുമൊപ്പം തുടർച്ചയായുള്ള 60 വർഷത്തെ വൈദ്യശാല നടത്തിപ്പുകാലത്ത് ഏതാണ്ട് രാവിലെ എട്ടു മണിയാകുമ്പോൾ, അലക്കിത്തേച്ച വെള്ള ഖദർ മുണ്ടും വെള്ള അരക്കൈ യ്യൻ ഖദർ ഷർട്ടും, വിശേഷ ദിവസങ്ങളിൽ പച്ചക്കരയൻ ഖദർ ഷാളും ധരിച്ച് കോട്ടയം പട്ടണത്തിൽ എത്തിയിരിക്കും. തുടർന്ന് അന്ന് മനോരമയിൽ താമ സിച്ചിരുന്ന ചീഫ് എഡിറ്റർ കെ. എം. ചെറിയാനൊപ്പം രാവിലെ കുറെ സമയം സംസാരിച്ചിരിക്കും. ഭാര്യയുടെ വേർപാടു മൂലം ഏകാന്തവാസിയാ യിരുന്ന ഉണ്ണൂണ്ണിച്ചായന് (കെ. എം. ചെറിയാൻ) ഈ സൗഹൃദ സാന്നിദ്ധ്യ വേളയിലെ സഭാകാര്യ ചർച്ചകളും രാഷ്ട്രീയ-സാമൂഹ്യ വിഷയ ചർച്ചകളും ഹൃദ്യമായിരുന്നു. പിതാവിന്റെ ഫലിതസമൃദ്ധമായ സംസാരം കേട്ട് കുറെ സമയം ഉറക്കെ ചിരിച്ച് സന്തോഷിക്കാനും അവസരം ലഭിച്ചിരുന്നു.

തുടർന്ന്, ടൗണിലുണ്ടായിരുന്ന ബസ്റ്റ് ഹോട്ടലിലെത്തി, ചില സ്ഥിരം സുഹൃത്തുക്കളോടൊപ്പം ചായ കുടിച്ച് പൊതുവിഷയങ്ങൾ ചർച്ച ചെയ്ത് 9 മണിയാകുമ്പോൾ വൈദ്യശാലയിലെത്തി ജോലിയിൽ പ്രവേശിക്കും. ഒന്നു രണ്ടു ജോലിക്കാർ മരുന്നു എടുത്ത് കൊടുക്കാനുണ്ടായിരുന്നു. രോഗികൾ കൂടുതലും ഉച്ചകഴിഞ്ഞ് സഹോദരൻ മാണി വൈദ്യനെത്തുമ്പോഴാണ് വന്നി രുന്നത്. എന്നാൽ രാവിലെ വരുന്ന ചിലർക്കൊക്കെ, രോഗവിവരം കേട്ട് എന്റെ പിതാവ് മരുന്നു നിശ്ചയിച്ച് കൊടുക്കുന്നത് കണ്ടിട്ടുണ്ട്. പിതാവിനും സഹോദരനുമൊപ്പം ദീർഘകാലയളവിലെ ചികിത്സാരീതികൾ കണ്ടുള്ള പരിചയവും; സ്വന്തം മരുന്നു നിർമ്മാണശാലയിൽ തയ്യാറാക്കുന്ന ഗുളിക കളും, ചൂർണങ്ങളും, അരിഷ്ടങ്ങളും, ലേഹ്യങ്ങളും, എണ്ണകളും, കുഴമ്പു കളും എല്ലാം, മനുഷ്യർക്ക് എങ്ങനെ പ്രയോജനപ്പെടുന്നു എന്ന് കണ്ടും മനസ്സിലാക്കിയും വൈദ്യചികിത്സാകലയിൽ അദ്ദേഹം പ്രാവീണ്യം നേടി യിരുന്നു. ഒരു തികഞ്ഞ ദൈവഭക്തനായിരുന്ന പിതാവ് വേദപുസ്തകം ഒന്നു രണ്ട് തവണ ആവർത്തിച്ച് വായിച്ചിരുന്നു. രാവിലെയും വൈകുന്നേരത്തു മുള്ള കുടുംബാരാധന മുടക്കുകയില്ല. നോമ്പുകാലത്തെ ദീർഘമായ പ്രാർ ത്ഥനകൾ കുട്ടികളായ ഞങ്ങൾക്കും ഹൃദിസ്ഥമായിരുന്നു. മാതാപിതാക്ക ളുടെ ഈ കാര്യത്തിലെ തീക്ഷ്ണത, ഞങ്ങളിൽ പ്രാർത്ഥനാശീലം വളർത്തി യെടുക്കാൻ സഹായിച്ചു. ഞായറാഴ്ചകളിൽ ദേവാലയാരാധനയിൽ സംബ ന്ധിച്ചേ തീരൂ. രാവിലത്തെ ദിനചര്യകൾ തീർത്ത് ശുഭ്രവസ്ത്രധാരിയായി

ഞായറാഴ്ച ദിവസം ഞങ്ങളെ കാത്ത് വാതിൽക്കൽ പിതാവ് നിൽക്കുന്നുണ്ടാവും. എല്ലാവരും തയ്യാറായി എത്തി ഒരുമിച്ചായിരിക്കും സമീപത്തെ പള്ളിയിലേക്ക് നടക്കുക.

എന്റെ പിതാവ് വൈദ്യശാലയിലുള്ള സമയത്ത് മിക്ക ദിവസങ്ങളിലും അവിടെ ഒരു ചതുര-മേശ സമ്മേളനം നടക്കുന്നതായി തോന്നുന്നവിധം രണ്ടു മൂന്നു വൈദികരും നാലഞ്ചു സഭാനേതാക്കളും സമുദായക്കേസിനെക്കുറിച്ചും, സഭാതല പ്രശ്നങ്ങളെക്കുറിച്ചും തീവ്രമായ ചർച്ചകൾ നടത്തിയിരുന്നു. വൈദ്യശാലയിൽ എണ്ണയും കുഴമ്പും വാങ്ങാനെത്തുന്ന സ്ഥിരം ഉപഭോക്താക്കൾക്ക്, ഈ സമ്മേളനങ്ങൾ പരിചിതമായിരുന്നതുകൊണ്ടും വൈദ്യശാല പ്രവർത്തനം, ജോലിക്കാരുടെ കാര്യക്ഷമതകൊണ്ടും തടസ്സമില്ലാതെ നടന്നിരുന്നു. മണലിൽ യാക്കോബച്ചൻ, പുത്തേട്ടുകടുപ്പിൽ പീലിപ്പോസ് അച്ചൻ, ദേവലോകം അരമന മാനേജർ ടി. സി. ജേക്കബച്ചൻ തുടങ്ങി കുറെയേറെ പ്രമുഖ വൈദികരും, ഉപ്പൂട്ടിൽ കുഞ്ഞച്ചൻ, എറികാട്ടു ഇ. ജെ. ജോസഫ്, കൊച്ചീമൂലയിൽ കെ. എം. ജോർജ്, കൊറ്റുകുളം കുര്യച്ചൻ, തയ്യിൽ കണ്ടത്തിൽ കൊച്ചുണ്ണൂണ്ണി, മാളിയേക്കൽ ചാക്കോച്ചൻ, കുട്ടിയപ്പൻ, ബാബു, മടുക്കാനിൽ കുട്ടായി, മടുക്കാനിൽ കുഞ്ഞൂഞ്ഞ് തുടങ്ങിയ പൗരപ്രമുഖരും ഈ വൈദ്യശാല കൂട്ടായ്മയിൽ നിത്യവും സംബന്ധിച്ചിരുന്നു.

അന്നത്തെ കാതോലിക്കാ ബാവാമാരോടും മെത്രാപ്പോലീത്തന്മാരോടുമുള്ള എന്റെ പിതാവിന്റെ വ്യക്തിബന്ധവും സഭാസ്നേഹവും അടുപ്പവും സഭാതലത്തിലെ പല പ്രവർത്തനങ്ങളിലും ഭാഗഭാക്കാകുവാൻ അദ്ദേഹത്തിന് അവസരം നൽകി. പ. ഗീവറുഗീസ് ദ്വിതീയൻ ബാവായോടുള്ള ഭക്തിയും സ്നേഹവും സഭയിലെ പല പ്രതിസന്ധികളിലും അദ്ദേഹത്തോട് ചേർന്നുനിന്ന് പ്രവർത്തിക്കുവാൻ ഇടയാക്കി. സഭാകേസിന്റെ ഒരു വിധി പ്രതികൂലമായി വന്ന ഒരു വിഷമഘട്ടത്തിലാണ്, മലങ്കര മെത്രാപ്പോലീത്തായ്ക്ക് കോട്ടയത്ത് തന്നെ ഒരു പുതിയ ആസ്ഥാനം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത സഭാതലത്തിൽ ചർച്ച ചെയ്തത്. മുട്ടമ്പലത്ത് എടത്വാ സ്വദേശി കെ. എം. ഏബ്രഹാമിന്റെ ഏഴര ഏക്കർ വസ്തുവും ബംഗ്ലാവും അടങ്ങുന്ന 'ദേവലോകം' വാങ്ങുന്നതിലേക്കായി പണം സമാഹരിക്കാൻ കെ. സി. മാമ്മൻ മാപ്പിളയ്ക്കൊപ്പം സഭയിലെ അനേകം എണ്ണപ്പെട്ട ഭവനങ്ങളിൽ പല ദിവസങ്ങളായി പോകുന്നതും അവരിൽ പലരുടെയും സഭാസ്നേഹവും ആത്മാർത്ഥതയും അതാതു ദിവസങ്ങളിൽ പ. ബാവാ തിരുമേനിയെ പറഞ്ഞു കേൾപ്പിക്കുന്നതും പിതാവു തന്നെയായിരുന്നു.

കൊല്ലാട്ടുള്ളവർക്ക് അക്കാലത്ത് കടുവാക്കുളം, പാക്കിൽകവല, പള്ളം പൗവർ ഹൗസുവഴി എം. സി. റോഡിൽ എത്തി വേണം കോട്ടയം

ടൗണിലെത്താൻ. കൊടൂർ ആറിന് കുറുകെ ഒരു പാലം പണിതാൽ 2 കിലോ മീറ്റർ യാത്രകൊണ്ട് കഞ്ഞിക്കുഴിയിലെ കെ. കെ. റോഡിലെത്താം. പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ദേവലോകത്ത് താമസം തുടങ്ങിയതോടെ, അദ്ദേഹത്തിന്റെ സ്വാധീനം ഉപയോഗപ്പെടുത്താൻ പിതാവും സുഹൃത്തുക്കളും തീരുമാനം എടുത്തു. അന്നത്തെ പൊതുമരാമത്ത് മന്ത്രി ടി. കെ. ദിവാകരനെയും കോട്ടയം കളക്ടർ ഉൾപ്പെടെ പൊതുമരാമത്തു വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരേയും കോട്ടയത്തെ രാഷ്ട്രീയ നേതാക്കളേയും ദേവലോകം അരമനയിൽ ഒരു ചായസൽക്കാരത്തിന് ക്ഷണിച്ചു വരുത്തി. പ. ബാവാ തിരുമേനി തന്റെ തെക്കൻ ഭദ്രാസനങ്ങളിലേക്കുള്ള യാത്രകൾക്ക്, കൊല്ലാട് കളത്തിൽകടവിൽ ഒരു പാലം ഉണ്ടാകേണ്ടതിന്റെ ആവശ്യകത മന്ത്രിയേയും ഉദ്യോഗസ്ഥ പ്രമുഖരേയും ബോധ്യപ്പെടുത്തിയതിന്റെ ഫലമായാണ്, കളത്തിക്കടവു പാലം പണിയാൻ സർക്കാർ തയ്യാറായത്.

പാലം പൂർത്തിയായി അതുവഴി വാഹന ഗതാഗതം വർദ്ധിച്ചപ്പോൾ, ദേവലോകം അരമനയുടെ പടിഞ്ഞാറു വശത്തെ, റോഡിന്റെ വീതി കൂട്ടേണ്ടതിന്റെ ആവശ്യകത എന്റെ പിതാവും, കോട്ടയം മുനിസിപ്പൽ ചെയർമാൻ ആയിരുന്ന മടുക്കാനിൽ കുഞ്ഞൂഞ്ഞും (പി. സി. ചെറിയാൻ) കൂടി അന്നത്തെ കാതോലിക്കാ പ. മാത്യൂസ് പ്രഥമൻ ബാവായെ ബോധ്യപ്പെടുത്തി, ആവശ്യത്തിനുള്ള സ്ഥലം വിട്ടുകൊടുപ്പിക്കുകയും മതിൽകെട്ടി അരമന അതിർത്തി സംരക്ഷിക്കുവാൻ മുനിസിപ്പാലിറ്റിയെക്കൊണ്ട് തീരുമാനം എടുപ്പിച്ച് പണി പൂർത്തീകരിക്കുകയും ചെയ്തു.

പ. കുറിച്ചി ബാവായുടെ കാലത്ത് വൈദ്യശാലയിലെ ചതുരമേശ സമ്മേളനക്കാർ മിക്കവരും ഞായറാഴ്ചകളിൽ ദേവലോകത്തെ വി. കുർബാനയിൽ സംബന്ധിക്കുന്നതിന് എത്തുമായിരുന്നു. അവരോടൊപ്പം മക്കളേയും കൂട്ടിയിരുന്നു. വി. കുർബാന കഴിഞ്ഞ് വൈദികരും ശെമ്മാശന്മാരും ശുശ്രൂഷകരും ചേർന്ന് ഘോഷയാത്രയായി ഗാനങ്ങൾ ആലപിച്ചുകൊണ്ട് അദ്ദേഹം താമസിച്ചിരുന്ന പഴയ അരമനക്കെട്ടിടത്തിലേക്ക് ബാവായെ ആനയിച്ചു കൊണ്ടു വന്നിരുന്നത് കാണേണ്ട കാഴ്ചയായിരുന്നു. അരമനയിലെത്തി, പുറംകുപ്പായം മാറി പ്രഭാതഭക്ഷണത്തിനായി ഇതിനോടകം കുശിനിക്കാർ ഒരുക്കിയ മേശയ്ക്കരികെ, ബാവാ തിരുമേനി ആസനസ്ഥനാകും. ചുറ്റും നിൽക്കുന്ന സഭാഭക്തരായ മുതിർന്നവരോടൊപ്പം കുട്ടികളായ ഞങ്ങൾ ഏഴെട്ടു പേരും ഉണ്ടാകും. പതിവുകാരെ നോക്കി വിടരുന്ന പുഞ്ചിരിക്കു ശേഷം ഒരു കുറ്റി പുട്ടിലേയ്ക്ക് പനംപാനി ഒഴിച്ച് ഇളക്കി, ഓരോ സ്പൂൺ കോരി കുട്ടികളായ ഞങ്ങളെ അടുത്തു വിളിച്ച്, നീട്ടിയ ഇരുകൈകളിലേക്ക് വിളമ്പിത്തരും. അതു ഞങ്ങൾ കഴിക്കുന്നത്, ഒരു നിമിഷം പുഞ്ചിരിയോടെ നോക്കി കണ്ടിട്ട് തിരുമേനി ഭക്ഷണം ആസ്വദിച്ച് കഴിക്കാൻ തുടങ്ങും. കൂട്ട

ത്തിൽ ചുറ്റും നിൽക്കുന്നവരുമായി സഭാകാര്യങ്ങൾ സംസാരിച്ചുകൊണ്ടിരിക്കും. ഇതിനെല്ലാം ശേഷമാണ് ഞങ്ങൾ പല ഞായറാഴ്ചകളിലും വീട്ടിലെത്തുന്നത്.

മുപ്പത്തഞ്ചാം വയസ്സിലാണ് താനൊരു പ്രമേഹരോഗിയാണെന്ന് എന്റെ പിതാവ് അറിയുന്നത്. പ. കുറിച്ചി ബാവായുടെ ഡയബെറ്റിക് രോഗം ചികിത്സിച്ചിരുന്ന എറണാകുളത്തെ ഡോക്ടർ ആയിരുന്നു പിതാവിനും ആദ്യ ചികിത്സ നിശ്ചയിച്ചത്. 'താനും പ. പിതാവിനെപ്പോലെ മധുരപ്രിയനാണ്. അതുകൊണ്ട് ദിവസവും രണ്ടു പ്രാവശ്യം ഇൻസുലിൻ എടുക്കുവാൻ' നിർദ്ദേശിക്കുകയായിരുന്നു. വീട്ടിൽ ഉണ്ടാക്കുന്ന പായസം ബാവാ തിരുമേനിക്ക് എത്തിക്കുന്നതിൽ വീഴ്ച വരുത്താറില്ലായിരുന്നു. കൊല്ലാട്ടെ "വൈദ്യർ" കൊണ്ടുവന്ന പായസം തിരുമേനി ഇടയ്ക്കിടെ ചോദിച്ചു വാങ്ങി ഭക്ഷിക്കുമായിരുന്നു. രണ്ടുപേരും ജീവിതകാലം മുഴുവൻ ഇൻസുലിൻ കുത്തിവെയ്പും മധുരംകഴിപ്പും തുടർന്നുകൊണ്ടിരുന്നു.

പുത്തൻകാവിൽ കൊച്ചുതിരുമേനിയെ എന്റെ പിതാവ് വളരെ ഭക്ത്യാദരപൂർവമാണ് കണ്ടിരുന്നത്. തന്റെ നല്ല പ്രായത്തിൽ, കുന്നംകുളത്ത് വെച്ച് തിരുമേനി പെട്ടെന്ന് കാലം ചെയ്തത് സഭയെ ഞെട്ടിച്ചുകളഞ്ഞു. അദ്ദേഹത്തിന്റെ ഭൗതികശരീരം കുന്നംകുളത്ത് കബറടക്കാൻ അവിടുത്തുകാർ ആഗ്രഹിച്ച് നടപടികൾ ആരംഭിച്ചു. ഇതിനെ തുടർന്ന് കോട്ടയത്തു നിന്ന് എന്റെ പിതാവ് ഉൾപ്പെടെ ഒരു സംഘം കുന്നംകുളത്തേക്ക് പുറപ്പെട്ടു. അവിടുത്തെ നേതാക്കളുമായി സംസാരിച്ച് തിരുമേനിയുടെ ഭൗതികശരീരം പുത്തൻകാവിലെത്തിച്ച് കബറടക്കേണ്ടത്, ജീവിച്ചിരുന്നപ്പോൾ തിരുമേനി കല്പിച്ചിരുന്ന വിവരം അവരെ ബോധ്യപ്പെടുത്തുകയായിരുന്നു. കാലം ചെയ്ത് രണ്ടു ദിവസം കഴിഞ്ഞാണ് ഭൗതിക ശരീരവുമായി ജീപ്പിൽ കോട്ടയത്ത് എത്തിയത്. തിരുമേനിയുടെ ഭൗതികശരീരം കസേരയിൽ ഇരുത്തി ജീപ്പിലെ യാത്രയിൽ ആ കസേര കുലുങ്ങാതെ ചുറ്റും ഇരുന്ന് പിടിച്ചാണ് യാത്ര തുടർന്നത്. ഭൗതികശരീരം കോട്ടയത്ത് എത്തിച്ചശേഷം എന്റെ പിതാവ് ഉടുത്തിരുന്ന വസ്ത്രം മാറി കുളിച്ച് വൃത്തിയായി പുത്തൻകാവിലേക്ക് പോകാൻ വീട്ടിലെത്തിയപ്പോൾ ഞങ്ങൾ കണ്ട കാഴ്ച ഇന്നും മനസ്സിൽ നിന്ന് മാഞ്ഞുപോയിട്ടില്ല. ധരിച്ചിരുന്ന വസ്ത്രം മുഴുവൻ മൃതശരീരത്തിൽനിന്ന് ഊറിവീണ പഴുപ്പും രക്തക്കറയും മറ്റും വഹിച്ചുകൊണ്ടാണു അദ്ദേഹം വീട്ടിലെത്തിയത്.

മരണാസന്നരായവരേയും രോഗികളേയും ആശുപത്രികളിലും ഭവനങ്ങളിലും പോയി സന്ദർശിക്കുന്ന പതിവ് പിതാവിനുണ്ടായിരുന്നു. മരണവീടുകളിൽ പോകുന്നതും, സന്തപ്ത കുടുംബാംഗങ്ങൾക്കൊപ്പം വേദപുസ്തകം വായിച്ചും ശോകാത്മക പാട്ടുകൾ പാടിയും സംബന്ധിക്കുവാനും ഉത്സാഹം

കാട്ടിയിരുന്നു. കൂടാതെ ഇടവക ഭരണസമിതിയിലും സഭാ മാനേജിംഗ് കമ്മിറ്റിയിലും പ്രവർത്തിച്ചു. നാട്ടിലും കോട്ടയം ടൗണിലും മലങ്കരസഭാ സർക്കിളിലും ആയി ഒരു വലിയ സുഹൃത്വലയം അദ്ദേഹത്തിനുണ്ടായിരുന്നു. ആർക്കും കേൾക്കത്തക്കവിധം നല്ല ശബ്ദത്തിലും വ്യക്തമായ ഉച്ചാരണ ശൈലിയിലും ഫലിതനിർഭരവുമായിരുന്നു അദ്ദേഹത്തിന്റെ സംസാരരീതി. തന്റെ മുത്തശ്ശിയുടെ കേൾവിക്കുറവു കാരണമാണു ഉറക്കെത്തന്നെ ചെറുപ്പം മുതൽ സംസാരിച്ച് ശീലിച്ചുപോയതെന്ന് പറയുമായിരുന്നു. അദ്ദേഹം ഫോണിൽ സംസാരിക്കുന്നത് 1/2 കിലോമീറ്ററിനപ്പുറത്തുള്ളവർക്ക് ഫോണില്ലാതെ കേൾക്കാമായിരുന്നുയെന്ന് സുഹൃത്തുക്കൾ ചിലപ്പോൾ പറയുമായിരുന്നു.

എന്റെ പിതാവ് പൂർണ്ണമായും ഒരു കോൺഗ്രസ് അനുഭാവിയായിരുന്നു. ആദ്യകാലങ്ങളിൽ അസംബ്ലി, പാർലമെന്റ്, പഞ്ചായത്തുതല തെരഞ്ഞെടുപ്പുകളിൽ നേതാക്കളെ വിളിച്ചുവരുത്തി പ്രസംഗിപ്പിക്കുന്നതിനായി യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും വാർഡുതല പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയിരുന്നു. പല യോഗങ്ങളിൽ ഭംഗിയായി ആനുകാലിക രാഷ്ട്രീയ വിഷയങ്ങളെക്കുറിച്ച് പ്രസംഗിക്കുന്നത് കണ്ടിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്കു ശേഷം നടന്ന മിക്ക തെരഞ്ഞെടുപ്പുകളിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാർത്ഥികൾക്കുവേണ്ടി തെരഞ്ഞെടുപ്പു കമ്മിറ്റികൾ രൂപവൽക്കരിക്കുന്നതിനും കൂടുതൽ വോട്ടറന്മാരെ ബൂത്തുകളിലെത്തിക്കാൻ ഉള്ള വോളണ്ടിയർമാരെ തലേദിവസം തന്നെ എത്തിച്ച് അവർക്ക് പ്രവർത്തനശൈലി പറഞ്ഞു കൊടുക്കുന്നതും പ്രഭാതഭക്ഷണം നൽകി വിടുന്നതും പലപ്പോഴും ഞങ്ങളുടെ ഭവനത്തിൽ നിന്നായിരുന്നു. കോൺഗ്രസിൽ ഭിന്നിപ്പ് ഉണ്ടായതോടെ കക്ഷി രാഷ്ട്രീയ പ്രവർത്തനം അദ്ദേഹം അവസാനിപ്പിച്ചു. പനച്ചിക്കാട് പഞ്ചായത്ത് പ്രസിഡന്റായി ദീർഘകാലം പ്രവർത്തിച്ചിരുന്ന കെ. വി. ഏബ്രഹാം കൊറ്റുകുളം എന്റെ പിതാവിന്റെ ബന്ധുവും അഭ്യുദയകാംക്ഷിയും ആയിരുന്നതും, പഞ്ചായത്തുതല രാഷ്ട്രീയ പ്രവർത്തനത്തിനും ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു പ്രവർത്തിക്കുന്നതിനും പ്രേരണയായി. പിൽക്കാലത്ത് തന്റെ കുടുംബത്തിലെ തന്നെ ഇളയ തലമുറയിൽ പെട്ട പലരും, ഇ. എം. ജോർജ് ഉൾപ്പെടെ, കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരായി വന്നത് അദ്ദേഹത്തിന് പ്രയാസകാരണമായി. അക്കാലത്ത് കമ്യൂണിസ്റ്റുകാർ എന്നാൽ ദൈവവിശ്വാസമില്ലാത്ത, വിപ്ലവകാരികൾ എന്നായിരുന്നല്ലോ ആ തലമുറക്കാർ കരുതിയിരുന്നത്.

എന്റെ പിതാവിനെ സംബന്ധിച്ചിടത്തോളം കുടുംബജീവിതം സന്തോഷപ്രദമായി ആസ്വദിച്ചു ജീവിക്കേണ്ട കാലമായി കരുതിയിരുന്നു. തന്റെ പ്രതിശ്രുത വധുവിനെ കണ്ട്, ആലോചന മുറുകിവന്നപ്പോൾ, കക്ഷിവഴക്കും തലമുതിർന്ന കുടുംബാംഗങ്ങളുടെ എതിർപ്പും മറികടക്കാൻ അന്നത്തെ കോട്ടയം

ഭദ്രാസന മെത്രാപ്പോലീത്തായെ കണ്ട് വിവാഹം നടത്താൻ അനുവാദ കല്പന വാങ്ങി. പള്ളത്ത് കുമ്മേലിൽ റവന്യൂ ഇൻസ്പെക്ടർ കെ. കെ. കുര്യന്റെ മകൾ ശോശാമ്മയെ വിവാഹം ചെയ്യുകയാണുണ്ടായത്. ആദ്യ കാല കുടുംബജീവിതം മാതാപിതാക്കൾക്കൊപ്പം തറവാട്ടുഭവനത്തിലായി രുന്നു. മാതാപിതാക്കളുടെ മരണശേഷം സഹോദരിയുടെയും സഹോദര രിൽ പലരുടേയും വിവാഹങ്ങൾക്കുശേഷം തറവാടു വീടിനടുത്തു തന്നെ സ്വന്തമായി വാങ്ങിയ പുരയിടത്തിൽ ഒരു നല്ല ഭവനം നിർമ്മിച്ച് ഞങ്ങൾ മക്കൾക്കൊപ്പം അവിടേക്ക് താമസം മാറ്റി.

തറവാട്ടിൽ താമസിച്ചിരുന്നതുപോലെ തന്നെയുള്ള സന്നാഹങ്ങളെല്ലാം പുതിയ ഭവനാങ്കണത്തിൽ സംഘടിപ്പിച്ചിരുന്നു. നാലഞ്ചു പശുക്കൾക്കു പറ്റിയ കാലിത്തൊഴുത്ത്. പാടത്തുനിന്ന് കച്ചിയും പീലിയും കൊണ്ടുവന്ന് നിർമ്മിക്കുന്ന 'തുറു', പിന്നീട് കച്ചിപ്പുര, റബ്ബർ വെട്ടി ഷീറ്റാക്കാനുള്ള റബ്ബർ പുര, പുകപ്പുര, കോഴിക്കൂട്, പുറത്തെ കുളിമുറി, ഔട്ട്ഹൗസ് എല്ലാം സംഘ ടിപ്പിച്ചിരുന്നു. പിതൃസ്വത്തവകാശമായി ലഭിച്ച പാചകശാല പുരയിടത്തിലും, തോട്ടംപറമ്പിലും, പാടത്തും, തന്റെ സ്വന്തം നേട്ടമായി വാങ്ങിയ റബ്ബർ തോട്ട ത്തിലും പാടശേഖരത്തിലും എല്ലാം വിവിധതരം കൃഷികൾ ചെയ്യുന്നതിന് താൽപര്യം കാട്ടിയിരുന്ന വിവരമുള്ള നല്ല കർഷകനുമായിരുന്നു അദ്ദേഹം.

ഞങ്ങളുടെ അമ്മയ്ക്ക് അദ്ദേഹം സ്നേഹനിധിയായ ഒരു ഭർത്താവ് എന്ന തിലുപരി, അമ്മയുടെ ഒരു കാലത്തെ ശാരീരിക രോഗങ്ങളുടെ സമയത്ത് തന്റെ സമയവും സമ്പത്തും ഉപയോഗിച്ച് വേണ്ട ഏറ്റം മികച്ച ചികിത്സ കൾ നൽകിയ സ്നേഹവാനായ ജീവിതസഖിയുമായിരുന്നു. അന്ന് ഇന്ത്യ യിൽ അറിയപ്പെട്ടിരുന്ന ഡോക്ടർമാർ സേവനം ചെയ്തിരുന്ന ആശുപത്രി കളിൽ എത്തിച്ച് ചികിത്സിക്കുന്നതിനും, അമ്മയുടെ രോഗസ്ഥിതി മാറ്റ ുന്നതിനുതകുന്ന എല്ലാ സാങ്കേതിക സൗകര്യങ്ങളും ഭവനത്തിൽതന്നെ ക്രമീകരിക്കുന്നതിനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. 1964-ൽ ഉപരിപഠനത്തിനായി ആഗ്രാ സെന്റ് ജോൺസ് കോളജിലേക്ക് പോകാനായി ഇറങ്ങിയ എന്നെ യാത്രയാക്കാനായി റോഡിൽ വന്ന എന്റെ അമ്മ ഞാൻ പോയ വിഷമത്തിൽ വീട്ടിലേക്ക് തിരികെ നടക്കുമ്പോൾ, ശ്വാസം കിട്ടാൻ വിഷമിക്കുന്നതായി കണ്ടു. തുടർന്നും പ്രയാസം മാറുന്നില്ലെന്നു കണ്ടപ്പോൾ കോട്ടയത്തെ ഡോക്ടർമാർ നിർദ്ദേശിച്ചതനുസരിച്ച് വെല്ലൂർ ആശുപത്രിയിലേക്ക് കൊണ്ടു പോകുകയും, പരിശോധനയിൽ ശ്വാസകോശഭിത്തികൾ കട്ടിയാകുന്ന രോഗ മാണെന്ന് കണ്ടെത്തുകയുമാണുണ്ടായത്. ഓപ്പറേഷൻ നടത്തുന്നതിനുള്ള സ്ഥിതിയല്ലെന്ന് കണ്ടെത്തി, ചില മരുന്നുകൾ നിർദ്ദേശിച്ച് നാലു മാസത്തെ കാലാവധി പറഞ്ഞു ഭവനത്തിലേക്ക് തിരിച്ചയച്ചു.

വീട്ടിലെത്തി 4 വർഷത്തോളം ഡോക്ടർ ജോർജ് ജയിക്കബ്, ഡോക്ടർ

മാത്യു പാറക്കൽ തുടങ്ങിയവരുടെ ശ്രദ്ധയിലും മികച്ച ശുശ്രൂഷയിലും അമ്മ ജീവിച്ചു. ആ സമയത്തിനിടയിൽ എന്റെ രണ്ടു സഹോദരിമാരുടേയും എന്റെയും വിവാഹങ്ങൾ രോഗക്കിടക്കയിൽ കിടന്ന് അമ്മ നടത്തി. ഞങ്ങളുടെ മൂന്നു പേരുടേയും മക്കളേയും കണ്ടശേഷമാണ് 49-ാം വയസ്സിൽ അമ്മ ഞങ്ങളെ വിട്ട് വാഗ്ദത്തനാട്ടിലേക്ക് പറന്നുപോയത്. സ്നേഹനിധിയായ ഭാര്യയുടെ വേർപാടിന്റെ ആഘാതം ഒരു പരിധിവരെ എന്റെ പിതാവ് തരണം ചെയ്തത് അന്നുണ്ടായിരുന്ന നാലഞ്ചു കൊച്ചുമക്കളുടെ സാന്നിധ്യവും കൂട്ടും കൊണ്ടായിരുന്നു.

എല്ലാ ദിവസവും രാവിലെ മുതൽ ഉച്ചവരെ വൈദ്യശാലയിലും, ഉച്ചയ്ക്ക് വീട്ടിലെത്തി ഊണു കഴിഞ്ഞ് ചെറിയ ഒരുറക്കത്തിനുശേഷം കൊച്ചുമക്കളേയും കൂട്ടി നാട്ടിലെ റോഡുകളിലൂടെ നടപ്പുമായിരുന്നു തന്റെ ദിനചര്യ. രാത്രിയിലും അപ്പച്ചൻ ഉറങ്ങുന്ന കട്ടിലിനു താഴെ പായ്‌വിരിച്ച് അതിൽ അന്നത്തെ 'രസായി' (ക്വിൽറ്റു പോലുള്ള) വിരിച്ച് അതിലാണ് കൊച്ചുമക്കളും ഉറങ്ങിയിരുന്നത്. അപ്പച്ചൻ രാവിലെ അഞ്ചര ആകുമ്പോൾ പ്രാർത്ഥനയ്ക്കുണരും; കൂട്ടത്തിൽ അവരും. പ്രാർത്ഥന കഴിഞ്ഞ് ചക്കരക്കാപ്പിയും കുടിച്ച്, അപ്പച്ചനും കൊച്ചുമക്കളും പ്രതിദിന പരിപാടികൾ തുടങ്ങും. ശബ്ദവും ബഹളവും കളികളുമായി വീട്ടിൽ ഒരുത്സവപ്രതീതി.

റബ്ബർതോട്ടവും പാടശേഖരവും സഹോദരന്മാരുടെ ഭവനങ്ങളുമെല്ലാം തന്റെ ഉച്ചകഴിഞ്ഞുള്ള സഞ്ചാരത്തിൽ കവർചെയ്തിരുന്നു. അവധി കിട്ടിയാൽ എന്റെ പെങ്ങന്മാരുടെ മക്കളും വീട്ടിലെത്തും. അവരെയും കൂടെ കൂട്ടിയായിരിക്കും കൊല്ലാട് റോഡുകളിലൂടെയുള്ള സഞ്ചാരം. കൊല്ലാട്ടെ മിക്ക ഇടവഴികളെയും വഴിയിൽ കാണുന്ന നാട്ടുകാരേയും ഈ യാത്രയിൽ കുട്ടികൾക്ക് പരിചയപ്പെടുത്തും. 'ചൊറിതണം' ചെടി കണ്ടിട്ടില്ലാത്ത കുഞ്ഞുങ്ങളെ ഇല പറിച്ചു ദേഹത്തു തൊടുവിച്ച് പരിചയപ്പെടുത്തും. കൊച്ചുമക്കളൊക്കെ വളർന്ന് വലുതായി അവർക്ക് മക്കളും കൊച്ചുമക്കളും ആയിക്കഴിഞ്ഞിട്ടും, അവരുടെ അപ്പച്ചന്റെ കൂടെ കഴിഞ്ഞ ആ ജീവിതവും അനുഭവങ്ങളും ഇപ്പോഴും അവർ തമ്മിൽ കൂടുമ്പോൾ പ്രധാന ചർച്ചാവിഷയമാക്കുന്നതും അതയവിറക്കി സന്തോഷിക്കുന്നതും കാണാറുണ്ട്.

എന്റെ പിതാവിന് 80 വയസ്സു തികഞ്ഞപ്പോൾ മക്കളും കൊച്ചുമക്കളും ചേർന്ന് കോട്ടയത്തെ അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കളേയും കുടുംബാംഗങ്ങളേയും കൂട്ടി ഒരു പിറന്നാൾ പാർട്ടി സംഘടിപ്പിച്ചു. അതിൽ പങ്കെടുത്ത കെ. എം. മാത്യു, പി. സി. ഏബ്രഹാം മുതലായ പലരും അദ്ദേഹത്തിന്റെ ലളിതജീവിതത്തേയും സഭാസ്നേഹത്തേയും ഫലിതസമൃദ്ധമായ സംസാരശൈലിയേയും പ്രകീർത്തിച്ചു സംസാരിക്കുകയുണ്ടായി. അതെല്ലാം അദ്ദേഹം നല്ലവണ്ണം ആസ്വദിച്ചു.

ആ പരിപാടിയ്ക്കുശേഷം വൈദ്യശാലയിലേയ്ക്കുള്ള യാത്ര കുറച്ചു. കൂടുതൽ സമയം ഭവനത്തിലും പുരയിടങ്ങളിലുമായി ചെലവഴിച്ചു. ഒന്നു രണ്ടു വർഷം കഴിഞ്ഞു പ്രോസ്റ്റേറ്റ് ഗ്ലാൻഡ് സംബന്ധമായ ചില അസ്വ സ്ഥതകൾ ആരംഭിച്ചപ്പോൾ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലെ ഡോ. അപ്പു തോമസിനെ കണ്ടു. പരിശോധനയിൽ അദ്ദേഹം റേഡിയേ ഷൻ ട്രീറ്റുമെന്റ് നിർദ്ദേശിച്ചു. അത് സംബന്ധിച്ച് തുടർന്ന് നടത്തിയ ചെറിയ സർജറിയും റേഡിയേഷനും അദ്ദേഹത്തെ കുറച്ചു തളർത്തിയെങ്കിലും ദിവ സവും അല്പസമയം നടന്ന് മെയിൻ റോഡിനരികെയുള്ള എന്റെ ഭവന ത്തിൽ എത്തി വാതുക്കൽ ഇരുന്നു വഴിയേ പോകുന്ന പരിചയക്കാരോടു സംസാരിക്കുന്നത് അദ്ദേഹത്തിന് ഉത്തേജനം നൽകിയിരുന്നു.

അങ്ങനെ വീട്ടിൽ കഴിയുന്ന കാലത്ത് പത്രപ്രവർത്തകനും സഭാചരി ത്രകാരനും ഗ്രന്ഥകാരനുമായ കെ. വി. മാമ്മൻ പിതാവിനെ സമീപിച്ച്, “കൊച്ചുകൊച്ച് ഏതാണ്ട് 80 വർഷത്തെ സഭാതലത്തിലെ സംഭവങ്ങളും അനുഭവങ്ങളും പിതാക്കന്മാരുമായും സഭാനേതാക്കളുമായുള്ള പരിചയവും അടുപ്പവും മൂലം മനസ്സിൽ പതിഞ്ഞിട്ടുള്ള സ്മരണകൾ ഒരു പുസ്തക രൂപത്തിൽ ആക്കണമെന്നും, പ്രായം മുന്നോട്ടു പോകുമ്പോൾ മറവി പലതും മായിച്ചുകളയുമെന്നും” ഓർമ്മിപ്പിക്കുകയുണ്ടായി. നേരത്തെ പല പ്രശസ്ത വ്യക്തികളും ഇക്കാര്യം ഓർമ്മിപ്പിച്ചിരുന്നു. തുടർന്ന് പല ദിവസങ്ങളിൽ കൊല്ലാട്ടെത്തി പിതാവുമായി സംസാരിച്ചു അനേകം പേജുകളിലാക്കി “മര ണമില്ലാത്ത സഭാസ്മരണകൾ” എന്ന ചെറുഗ്രന്ഥം തയ്യാറാക്കി. അദ്ദേഹം തന്നെ മുൻകൈയെടുത്ത് സംഘടിപ്പിച്ച ഒരു നല്ല സമ്മേളനത്തിൽ വച്ച്, അന്നത്തെ മലയാള മനോരമ പത്രാധിപർ കെ. എം. മാത്യു പുസ്തകം സമുദായട്രസ്റ്റി പി. സി. ഏബ്രഹാം പടിഞ്ഞാറേക്കരയ്ക്കു നൽകി പ്രകാ ശനം ചെയ്തു.

ഈ പുസ്തകരചനയിലും പ്രസിദ്ധീകരണത്തിലും ഇത്രയേറെ കഷ്ട പ്പാടുകളും ബുദ്ധിമുട്ടുകളും സഹിച്ച്, മാങ്ങാനം-കൊല്ലാട് ഷട്ടിൽ സർവീസ് പല ദിവസങ്ങളിലായി നടത്തി, കാലവിസ്മൃതിക്കുള്ളിൽ നഷ്ടപ്പെടുമായി രുന്ന അനേകം വിലപിടിപ്പുള്ള സഭാസ്മരണകൾ വെളിച്ചത്തു കൊണ്ടു വരാൻ കെ. വി. മാമ്മൻ കാണിച്ച വാശിയും ഉത്സാഹവും തികച്ചും ശ്ലാഘ നീയവും ആദരണീയവും തന്നെ. സമൂഹത്തിന് “മരണമില്ലാത്ത സഭാ സ്മര ണകൾ” നൽകിയ ഗ്രന്ഥകാരനോടു ചെമ്പകശ്ശേരിൽ കൊച്ചുകൊച്ചിന്റെ മക്കളും കൊച്ചുമക്കളും അടങ്ങിയ കുടുംബം വളരെയധികം കടപ്പെട്ടിരി ക്കുന്നു.

പതിനെട്ടു വർഷത്തെ സേവന കാലഘട്ടം പൂർത്തിയാക്കി പാമ്പാടി കുറി യാക്കോസ് മാർ ഗ്രീഗോറിയോസ് കോളജിന്റെ സ്ഥാപക പ്രിൻസിപ്പൽ

സ്ഥാനത്തു നിന്ന് 1999 മാർച്ച് 31-ന് റിട്ടയർ ചെയ്തതോടെ 90-ൽ എത്താറായ എന്റെ പിതാവിനെ അടുത്തുനിന്ന് ശുശ്രൂഷിക്കുവാൻ എനിക്ക് ഭാഗ്യം ലഭിച്ചു. ഷേവ് ചെയ്യുന്നതിനും കുളിക്കുന്നതിനും അദ്ദേഹത്തിന് പരസഹായം വേണ്ടിയിരുന്നു. എന്റെ ഇളയ സഹോദരൻ രാജുവിന്റെ കുടുംബത്തോടൊപ്പമായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. ആ സമയങ്ങളിൽ സഹോദരന് ഔദ്യോഗിക ചുമതലകൾ ഉണ്ടായിരുന്നതിനാൽ പകൽ സമയത്ത് പിതാവിനെ പരിചരിക്കാൻ എന്റെ സാമീപ്യം ഉപകരിച്ചു. പല ദിവസങ്ങളിലും സഹോദരിമാരും സഹായത്തിന് എത്തിയിരുന്നു. ഇടയ്ക്കിടയ്ക്ക് പഴയ സുഹൃത്‌വലയത്തിലെ ചിലരൊക്കെ വരുന്നതും സംസാരിച്ചിരിക്കുന്നതും മൂലം അദ്ദേഹത്തിന് ഒരു ഉണർവ് ലഭിച്ചിരുന്നു. ശാരീരിക ബലം കുറഞ്ഞുവന്നതറിഞ്ഞ് സഭയിലെ പല തിരുമേനിമാരും വൈദിക ശ്രേഷ്ഠരും പലപ്പോഴായി എത്തി പ്രാർത്ഥിച്ചിരുന്നു. പാമ്പാടിയിലെ പി. സി. യോഹന്നാൻ റമ്പാച്ചന്റെ നേതൃത്വത്തിൽ വൈദികർ ഭവനത്തിലെത്തി അദ്ദേഹത്തിന് തൈലാഭിഷേകം നടത്തി.

രണ്ടായിരം ആണ്ട് മാർച്ചു മാസം ആയതോടെ ക്ഷീണം വർദ്ധിച്ചുകൊണ്ടിരുന്നു. കൂടുതൽ സമയം കിടക്കയിൽ കഴിയാൻ താത്പര്യം കാട്ടി. മാർച്ച് 20-ാം തീയതി തിങ്കളാഴ്ച രാവിലെ ഞാൻ പിതാവിന്റെ മുഖം ഷേവ് ചെയ്തു, ദേഹം തുടച്ചു, പുതിയ വസ്ത്രങ്ങൾ ധരിപ്പിച്ചു കിടത്തി. ഏത്തപ്പഴം പുഴുങ്ങിയത് കുഴച്ച പുട്ടിൽ നല്ല പാനി ഒഴിച്ച് സ്പൂണിൽ കോരി കൊടുത്തു. മുഖം തുടച്ച് കിടത്തിയശേഷം ഞാൻ വീട്ടിലേക്ക് പോന്നു. ആ സമയത്ത് എന്റെ രണ്ടു സഹോദരിമാരും അദ്ദേഹത്തിനടുത്ത് ഉണ്ടായിരുന്നു. അവരോട് സംസാരിച്ചുകൊണ്ട് അല്പ സമയം കിടന്നു. 11 മണിയായപ്പോൾ ശ്വാസോച്ഛ്വാസത്തിനു ഒരു വ്യത്യാസം ഉണ്ടെന്നറിഞ്ഞു ഞാനും ഭാര്യ വത്സയും എത്തി. 12 മണിയോടെ "എനിക്ക് പോകണം, അവർ എത്തി എന്നെ പിടിച്ചോണെ"യെന്ന് എന്റെ സഹോദരിമാരോട് പറഞ്ഞു. അവർ രണ്ടു കൈയിലും പിടിച്ചിരുന്നു. ഞങ്ങൾ വിശ്വാസപ്രമാണം ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ ശ്വാസം നിലച്ചു. ആത്മാവ് ദേഹം ഉപേക്ഷിച്ച് കർത്തൃസന്നിധിയിലേക്ക് പറന്നുപോയി.

ഭൗതികശരീരം മെഡിക്കൽ സെന്ററിലെ ഡോക്ടറും മറ്റും എത്തി വൃത്തിയാക്കി കിടത്തി. മാർച്ച് 21-ാം തീയതി ചൊവ്വാഴ്ച രാവിലെ അദ്ദേഹം നേരത്തെ എഴുതി വച്ചിരുന്നതുപോലെ ഭൗതികദേഹം മെയിൻ റോഡരികിലുള്ള എന്റെ ഭവനത്തിലേക്ക് മാറ്റി. പത്രത്തിലൂടെ വാർത്തയറിഞ്ഞു അനേകം വൈദികരും പ്രിയപ്പെട്ട ജനങ്ങളും ഭവനത്തിലെത്തി ആദരം അർപ്പിച്ചു. ഉച്ചകഴിഞ്ഞ് കോട്ടയം പഴയസെമിനാരിയിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും വന്നു. വന്ദ്യ ടി. ജെ. ജോഷ്വാ അച്ചന്റെയും പാമ്പാടി പി. സി. യോഹന്നാൻ റമ്പാച്ചന്റെയും സെമിനാരി വിദ്യാർത്ഥികളുടെയും

നേതൃത്വത്തിൽ വീട്ടിലെ ശുശ്രൂഷകൾ നടത്തി. പിന്നീട് ഭൗതികദേഹം കൊല്ലാട് പള്ളിയിലേയ്ക്ക് കൊണ്ടുപോയി. ദേവാലയത്തിലെ സംസ്കാര ശുശ്രൂഷയിൽ തിരുമേനിമാരും വൈദികരും പങ്കെടുത്തു. ജീവിച്ചിരുന്നപ്പോൾ പണിയിച്ചുവച്ചിരുന്ന ഒരു ചെറിയ തടിക്കുരിശ് കൈയിൽ പിടിച്ച് വേണം ഭൗതികശരീരം കിടത്താൻ എന്ന് പറഞ്ഞിരുന്നു. അതും അദ്ദേഹത്തിന്റെ കൈയിൽ പിടിപ്പിച്ചിരുന്നു.

"യഹോവയെ ഭയപ്പെട്ട് അവന്റെ കല്പനകളിൽ ഏറ്റം ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ. അവന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും. നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും" (112-ാം സങ്കീർത്തനം).



ടൈറ്റസ് വർക്കിയും ഭാര്യ വൽസയും.

ഉള്ളടക്കം

1

ബാല്യവും കുടുംബവും

കൊല്ലാട് ചെമ്പകശ്ശേരിൽ വർക്കി വൈദ്യന്റെയും വാകത്താനം എണ്ണ ച്ചേരിലായ മുതലകരിയിൽ പുത്തൻപുരയ്ക്കൽ കോരയുടെ പുത്രി ഇളച്ചി യുടെയും പുത്രനായി 1910 ജൂൺ 19-നു ഞാൻ ഭൂജാതനായി. എസ്.ബി.റ്റി. റിട്ട. മാനേജർ സി. വി. കോര, സി. വി. മാണി വൈദ്യൻ, റിട്ട. പ്രൊഫസർ സി. വി. ഏലിയാസ്, പരേതനായ എൽ.ഐ.സി. ഉദ്യോഗസ്ഥൻ സി. വി. ജോർജ്ജ് എന്നിവർ സഹോദരന്മാരും മറിയാമ്മ ഫെൻ സഹോദരിയുമാണ്. വാഴൂർ ജോസഫ് ഫെൻ ആണ് മറിയാമ്മയെ വിവാഹം ചെയ്തത്. ഇരു വരും കാലയവനികക്കുള്ളിൽ മറഞ്ഞു. എന്റെ ഭാര്യ പള്ളത്തു കമ്മേലിൽ കുടുംബാംഗമായ ശോശാമ്മയായിരുന്നു. അവർ 1968-ൽ മരിച്ചു. മൂത്ത പുത്രൻ ടൈറ്റസ് വർക്കി (ബാബു) പാമ്പാടി കെ. ജി. കോളജ് പ്രിൻസി പ്പലും ഇളയ പുത്രൻ ടൈറ്റസ് കുര്യൻ (രാജു) പടിഞ്ഞാറെക്കര ഏജൻസീ സിലെ ഉദ്യോഗസ്ഥനുമായിരുന്നു. മൂത്ത പുത്രി അശ്വതിയെ എസ്.ബി.റ്റി. റിട്ട. മാനേജർ തിരുവല്ലാ പുരയ്ക്കൽ പി. ജെ. ജേക്കബും ഇളയ മകൾ മോളിയെ കോട്ടയത്തു കണിയാങ്കുളം കുടുംബാംഗവും ഏലപ്പാറ എസ്റ്റേറ്റ് മാനേജരുമായ ജേക്കബും വിവാഹം ചെയ്തു. ചെമ്പകശ്ശേരിൽ കുടുംബം അതിരമ്പുഴ നിന്നോ മുട്ടുചിറ നിന്നോ പുതുപ്പള്ളിയിൽ വന്നു താമസമാ ക്കിയ പാറയ്ക്കൽ കുടുംബത്തിൽപെട്ടതാണെന്നു അംഗങ്ങൾ വിശ്വസി ക്കുന്നു.

നാലു ക്ലാസ്സുവരെ കൊല്ലാട് സെന്റ് ആൻഡ്രൂസ് പ്രൈമറി സ്കൂളിലും തുടർന്ന് 9-ാം സ്റ്റാൻഡേർഡു വരെ കോട്ടയം എം.ഡി. ഹൈസ്കൂളിലുമാണ് പഠിച്ചത്. ഞാൻ പഠിക്കാൻ അത്ര സമർത്ഥനല്ലായിരുന്നു. പഠിക്കുന്ന കാലത്തു ഡീക്കൻ കെ. പീലിപ്പോസ് (പിന്നീട് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ) വട്ടക്കുന്നേൽ വി. കെ. മാത്യു (പിന്നീട് പ. ബസേലി യോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവ), പി. ഇ. ഡാനിയേൽ ക്ലേറി (പിന്നീട് ഡാനിയേൽ മാർ പീലക്സിനോസ്) മുതലായ പ്രശസ്തരും സമർത്ഥരുമായ പല വിദ്യാർത്ഥികൾ അവിടെ ഉണ്ടായിരുന്നു. പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ ഡീക്കൻ കെ. റ്റി. ഗീവറുഗീസ് (പിന്നീട് മാർ പീല ക്സിനോസ്) ഞങ്ങളുടെ അദ്ധ്യാപകനും വള്ളക്കാലിൽ ഇട്ടിച്ചെറിയ ഹെഡ് മാസ്റ്ററും ആയിരുന്നു.

ഒൻപതാം സ്റ്റാൻഡേർഡിൽ പഠിക്കുമ്പോൾ എന്റെ പിതാവ് രോഗബാധി തനായിത്തീർന്നതിനാൽ വൈദ്യശാലയിൽ ഇരിക്കാൻ ആളില്ലാതെ വന്നു.



Kochu Kochu and wife Sosamma with Parents, brothers, sister and brother in law (Picture taken in 1925).

അന്ന് പത്തുപതിനഞ്ചു ശമ്പളക്കാരുള്ള വൈദ്യശാലയായിരുന്നു കിരീട ധാരണ വൈദ്യശാല. പിതാവിന്റെ രോഗം ഭേദമായശേഷം വീണ്ടും പഠിപ്പി ക്കാമെന്നു പറഞ്ഞു എങ്കിലും അതൊന്നും സാധിച്ചില്ല. ആറു മാസം കഴിഞ്ഞു പിതാവിനു സുഖം ലഭിച്ചു. പ്രസിദ്ധനായ പന്തളം കൃഷ്ണവാര്യ രുടെ മാനേജ്മെന്റിലാണ് വൈദ്യശാല നടത്തി വന്നത്. മരുന്നു കൊടുക്കാൻ രുദ്രവാര്യർ എന്നൊരാളും ഉണ്ടായിരുന്നു. വർക്കി വൈദ്യനും വയസ്കര ആര്യനാരായണൻ മൂസ്സതും അദ്ദേഹത്തിന്റെ രണ്ടു സഹോദരന്മാരും കൃഷ്ണവാര്യരുടെ ശിഷ്യന്മാരാണ്. ചെമ്മരപ്പള്ളിൽ ഉലഹന്നാൻ വൈദ്യൻ നല്ലൂക്കുളത്തിൽ വൈദ്യൻ ഇവരെല്ലാം ഇങ്ങനെ വൈദ്യം പഠിച്ചവരായിരുന്നു.

കിരീടധാരണ വൈദ്യശാലയുടെ ഉദ്ഘാടനത്തിനു 1911-ൽ കൊട്ടാരത്തിൽ ശങ്കുണ്ണി, കെ. സി. മാമ്മൻമാപ്പിള മുതലായവർ ഉണ്ടായിരുന്നു. വൈദ്യ ശാലയ്ക്ക് എന്താണു പേരെന്നു കൊട്ടാരത്തിൽ ശങ്കുണ്ണി ചോദിച്ചപ്പോൾ, 'ശങ്കുണ്ണിസാർ ഇങ്ങനെ ചോദിക്കുന്നതിൽ ഞാൻ അദ്ഭുതപ്പെടുന്നു. ഇന്നത്തെ ദിവസത്തിന്റെ മാഹാത്മ്യം അറിയില്ലേ? ഇന്നല്ലേ ജോർജ്ജ് അഞ്ചാ മൻ ചക്രവർത്തിയുടെ കിരീടധാരണം. ഇന്ന് ബ്രിട്ടീഷ് ഹോളിഡേ അല്ലേ! 'കിരീടധാരണ വൈദ്യശാല' എന്നുതന്നെയാകട്ടെ പേര്' എന്നു വയസ്കര മൂസ്സ് മറുപടി നൽകി. അന്ന് തിരുവിതാംകൂറിൽ വൈദ്യശാലകൾ വളരെ കുറവായിരുന്നു. കോട്ടയത്തെ ആദ്യത്തെ വൈദ്യശാലയും ഇതു തന്നെ യാണ്. വൈദ്യശാലയുടെ മൊത്തമുള്ള 32 ഓഹരികളിൽ 5 എണ്ണം കൃഷ്ണ

വാര്യർക്കും 4 ഓഹരി പിതൃസഹോദരനായ സി. റ്റി. ഏലിയാസിനും ബാക്കി 15 ഓഹരി പിതാവിനും ആയിരുന്നു. അന്ന് വൈദ്യശാലയിലെ ജോലിക്കാരുടെ ശമ്പളം 10 രൂപയിൽ കൂടുതൽ ഇല്ലായിരുന്നു.

വൈദ്യശാലയിൽ കയറി 61 വർഷം അവിടെ തുടർന്നു. വൈദ്യം ഒന്നും പഠിക്കാതെ തന്നെ 10 കൊല്ലം കഴിഞ്ഞു സർക്കാരിൽ നിന്നു വൈദ്യനാണെന്നുള്ളതിന്റെ സർട്ടിഫിക്കറ്റു കിട്ടി. അക്കാലത്തെ സ്ഥിതി അതായിരുന്നു. എണ്ണയും കുഴമ്പും മറ്റും വിൽക്കുന്നതിനു വൈദ്യമൊന്നും പഠിക്കേണ്ട കാര്യവുമില്ലല്ലോ. സഭാസംബന്ധമായ കാര്യങ്ങളിൽ എന്നും എനിക്ക് വലിയ താല്പര്യമായിരുന്നു. അക്കാലത്ത് മലങ്കരസഭയിൽ ഉണ്ടായ ചില സംഭവവികാസങ്ങളിലേക്ക് ഒരു വിഹഗവീക്ഷണം നടത്തിയിട്ട് പരുമല വഴി സഭാകേന്ദ്രമായ കോട്ടയത്തേക്കു കടക്കാം.

2

പ. പരുമല തിരുമേനിയുടെ ജീവിതാന്ത്യം

പത്തൊൻപതാം ശതകത്തിന്റെ അവസാന വർഷങ്ങൾ. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കൂടെ കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ, ആലുവായിലെ പൗലൂസ് റമ്പാൻ, വാകത്താനം കാരുചിറ ഗീവർഗീസ് റമ്പാൻ, കരോട്ടുവീട്ടിൽ യൂയാക്കീം റമ്പാൻ എന്നിവർ താമസിക്കുകയും ശെമ്മാശന്മാരെ പഠിപ്പിക്കുകയും ചെയ്തു വന്നു. വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാൻ മലങ്കര മെത്രാപ്പോലീത്തായായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ നിർദ്ദേശപ്രകാരം സഭയുടെ ഭരണകാര്യങ്ങളിൽ സഹകരിച്ചുകൊണ്ടിരുന്നു.

ഈ കാലയളവിൽ ആലുവായിലെ പൗലൂസ് റമ്പാനു ടൈഫോയിഡ് ബാധിച്ചു. രോഗം മൂർച്ഛിച്ചു രക്തം വിസർജിക്കാൻ തുടങ്ങിയപ്പോൾ സ്വദേശമായ ആലുവായിൽ ചെന്നു മരിക്കണമെന്നും പിതാക്കന്മാരുടെ അന്ത്യവിശ്രമരംഗത്തു വിലയം കൊള്ളണമെന്നുമുള്ള അഭിലാഷം പരുമലത്തിരുമേനിയെ അറിയിച്ചു. ഉടനെതന്നെ തിരുമേനി തൈലാഭിഷേകം നടത്തുകയും ഒരു വളവര വള്ളത്തിൽ കല്ലാശ്ശേരിൽ പുന്നൂസ് റമ്പാനോടൊപ്പം അയക്കുകയും ചെയ്തു. രണ്ടു മൂന്നു ശെമ്മാശന്മാരും അവരെ അനുഗമിച്ചിരുന്നു. വള്ളത്തിൽ വച്ചു വിസർജിച്ച രക്തം തുണിയിൽ മുക്കി വെള്ളത്തിൽ കളഞ്ഞുകൊണ്ടിരുന്നു. ആലുവായിൽ എത്തുന്നതു വരെയും പുന്നൂസ് റമ്പാൻ കണ്ണുനീരോടു കൂടി പ്രാർത്ഥിച്ചുകൊണ്ടാണിരുന്നത്.

ആലുവായിൽ ചെന്നശേഷം ഒരു ആയുർവേദ വൈദ്യന്റെ ചികിത്സ മൂലം പൗലൂസ് റമ്പാൻ ക്രമേണ സുഖം പ്രാപിച്ചു. കാരുചിറ ഗീവറുഗീസ് റമ്പാനെ കടവിൽ മാർ അത്താനാസ്യോസ് ആലുവാ തൃക്കുന്നത്തു സെമിനാരിയുടെ ചുമതലക്കാരനായി അവിടെ നിയമിച്ചു. പുന്നൂസ് റമ്പാൻ പരുമല തിരുമേനി കാലം ചെയ്യുന്നതുവരെ സെക്രട്ടറിയും സഹായിയുമായി പരുമലയിൽ പാർത്തു.

പരുമലത്തിരുമേനി 1902-ൽ കോട്ടയം ചെറിയപള്ളിയിലാണ് ഹാശാ ശുശ്രൂഷകൾ നടത്തിയത്. പരുമലയിൽ തിരിച്ചെത്തിയ അദ്ദേഹം കർശനമായ നോമ്പാചരണം, ഉപവാസം എന്നിവ മൂലവും അർശസ് മൂലമുള്ള രക്തംപോക്കു മൂലവും തീരെ ക്ഷീണിതനായിരുന്നു. ചികിത്സയ്ക്കായി കോട്ടയം വയസ്കര മൂസ്സിന്റെ സഹായം തേടുകയും അദ്ദേഹം പാൽ

കഷായം കുടിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ബുധനാഴ്ചയും വെള്ളി യാഴ്ചയും പാൽകഷായം കുടിക്കുകയില്ലെന്നു പരുമലത്തിരുമേനി ശഠിച്ചു. പുന്നൂസ് റമ്പാൻ വിവരം അറിയിച്ചു വലിയ തിരുമേനിയായ പുലിക്കോട്ടിൽ മെത്രാച്ചനെ വരുത്തി. അവശനിലയിൽ കിടക്കുന്ന പരുമലത്തിരുമേനിയെ കണ്ട അദ്ദേഹം ദുഃഖിതനായി 'കൊച്ചു മെത്രാച്ചാ ഇത്രയും അവശതയിൽ കിടക്കുന്ന രോഗി ബുധനും വെള്ളിയും നോമ്പു തുടരണമോ' എന്നു ചോദിച്ചു. 'നമ്മൾ വീഞ്ഞു കഴിക്കുന്നുണ്ടല്ലോ' എന്നു പറഞ്ഞപ്പോൾ 'കർത്താവിന്റെ രക്തമല്ലേ നമ്മൾ ഉപയോഗിക്കുന്നത്' എന്നായിരുന്നു പരുമലത്തിരുമേനി പ്രതിവചിച്ചത്. വലിയ തിരുമേനിയുടെ കണ്ണു നിറഞ്ഞു കണ്ണുനീർ ഒഴുകുന്നതു കണ്ട കൊച്ചുതിരുമേനി 'പിതാവിന്റെ കൈ കൊണ്ടു കഷായം എടുത്തു തന്നാൽ ഞാൻ കുടിക്കാം' എന്നു പറഞ്ഞു വാങ്ങി കഴിച്ചു. വല്യതിരുമേനിയുടെ സമാധാനത്തിനുവേണ്ടി ചെയ്തതായിരുന്നു ഈ കഷായം കുടി. പാൽകഷായം തുടർന്നു എങ്കിലും നവംബർ രണ്ടിനു 54-ാമത്തെ വയസ്സിൽ പരുമല തിരുമേനി നാകലോകത്തേക്കു പറന്നു പോയി.

പരുമലത്തിരുമേനിയുടെ ആശ്രിതനും അന്ധനുമായിരുന്ന ചിങ്ങവനം പുലത്തുരുത്തേൽ ചാക്കോ ചാക്കോ അന്നു രചിച്ച ഒരു ഗാനത്തിൽ നിന്നാണ് താഴെപ്പറയുന്ന വരികൾ ഉദ്ധരിക്കുന്നത്:

(കോട്ടയം, പരുമല സെമിനാരികളിലെ അന്തേവാസി ആയിരുന്നു. മാർ ഗ്രീഗോറിയോസ് പാന എന്ന കവിതാ സമാഹാരത്തിലൂടെ അനശ്വരനായി. പരുമലത്തിരുമേനിയുടെ ഒന്നാം ഓർമ്മപെരുന്നാൾ മുതൽ 'സന്താപമെ എന്നും സന്താപമെ എന്നും തീരാതുള്ളൊരു സന്താപമേ... എന്ന ഈ സമാഹാരത്തിലെ ഗാനമാണ് പ്രദക്ഷിണത്തിന് പരുമല ദേശവാസികൾ പാടുന്നത്. പുലിക്കോട്ടിൽ തിരുമേനി കാലം ചെയ്തപ്പോഴും തിരുമേനിയെക്കുറിച്ച് ഒരു കവിതാ സമാഹാരം എഴുതി പ്രസിദ്ധീകരിച്ചു. ചാക്കോയുടെ രചനകൾ ഡോ. എം. കുര്യൻ തോമസ് കണ്ടെത്തി എം.ഒ.സി. പബ്ലിക്കേഷൻസ് ഏതാനും വർഷം മുമ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. - എഡിറ്റർ).

'സന്താപമെ എന്നും സന്താപമെ എന്നും
തീരാതുള്ളൊരു സന്താപമേ
കോട്ടയമേ നിന്നെ കണ്ടേച്ചും വച്ചല്ലോ
അരുമനാഥൻ വന്നു ദീനനായി.
ഇമ്പമേറും തുമ്പോൺ പള്ളി നിന്റെ
ചെമ്പോർ മുടി എവിടെ വാങ്ങിപ്പോയി
പരുമലയെ, തിരുമലയെ നിന്റെ
അരുമനാഥൻ ഇപ്പോൾ എവിടെയാണോ?'




പരിശുദ്ധ പരുമലതിരുമേനിയുടെ കബറടക്കം

ഈ പാട്ട്, പുസ്തകരൂപത്തിൽ അച്ചടിച്ചു ജനക്കൂട്ടത്തിൽ അന്നു വിതരണം ചെയ്തിരുന്നു. ഈ ഗാനമാണ് ഇന്നും ആ ദിവസത്തെ തീർത്ഥാടകർ ചൊല്ലിപ്പോകുന്നത്. പിന്നീട് പരിഷ്കരിച്ച പല പാട്ടുകളുടെ പ്രളയം തന്നെ ഉണ്ടായിട്ടുണ്ട്. മലങ്കരസഭ ദുഃഖസാഗരത്തിലായി. കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ കെ. സി. മാമ്മൻ മാപ്പിള ഹെഡ്മാസ്റ്റർ ആയിരിക്കുന്ന കാലഘട്ടം. നവംബർ രണ്ടിനു രാവിലെ കൂട്ടമണി അടിച്ചു. കുട്ടികൾ എല്ലാവരും ഹാളിൽ കൂടിയപ്പോൾ പരുമല തിരുമേനി കാലം ചെയ്തു എന്നും ഫോർത്ത്, ഫിഫ്ത്ത്, സിക്സ്ത്ത് എന്നീ ക്ലാസ്സുകളിലെ താല്പര്യമുള്ള കുട്ടികൾ ഉച്ചഭക്ഷണം കഴിഞ്ഞു രണ്ടു മണിക്കു പരുമലയ്ക്കു പുറപ്പെടാൻ തയ്യാറാകണമെന്നും അറിയിച്ചു. ആ കൂട്ടത്തിൽ നടന്നു പരുമലയ്ക്കു പോയ ഒരു പൂർവ വിദ്യാർത്ഥി എന്നോടു നേരിട്ടു പറഞ്ഞതാണ് ഇക്കാര്യം. മൂന്നു കടത്തുകൾ ചെങ്ങാടത്തിൽ കടന്നും നടന്നുമായിരുന്നു ഈ സാഹസിക യാത്രയെന്നു പറഞ്ഞാൽ ഇന്നത്തെ സൗകര്യങ്ങൾ അനുഭവിക്കുന്നവർക്കു മനസ്സിലാക്കാൻ അല്പം പ്രയാസമായിരിക്കും.

തിരുമേനിയുടെ ഭൗതികദേഹം ദർശിച്ച മൂക്കഞ്ചേരിൽ എം. പി. വർക്കി ആ കാഴ്ചയെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു:

"മൃതശരീരമെന്നു തോന്നുന്ന യാതൊരു ലക്ഷണവും മെത്രാപ്പോലീത്തായിൽ കണ്ടില്ല. സ്വസ്ഥമായി ഉറങ്ങുകയാണെന്നേ കാഴ്ചക്കാർക്ക് തോന്നിയുള്ളു. എന്തു കഷ്ടത സഹിച്ചാലും സത്യവിശ്വാസത്തെ കൈവിടുന്നതല്ലെന്നു സൂചിപ്പിക്കുന്ന ദൃഢങ്ങളും സുസ്ഥിരങ്ങളുമായ അധരോഷ്ഠങ്ങളും ലോകത്തെ ആജ്ഞാപിക്കാനായി അവതരിച്ച ആളെന്നു ഘോഷിക്കുന്ന നാസികയും മനുഷ്യഹൃദയത്തെ തുളച്ചുനോക്കാൻ ദിവ്യശക്തിയുള്ള നേത്രങ്ങളും അഗാധബുദ്ധിമാനെന്നു വിളിച്ചുപറയുന്ന വിസ്തൃതമായ നെറ്റിത്തടവും തന്റെ ജനത്തെ വീശിത്തണുപ്പിക്കുന്നതിന് എന്നു തോന്നുമാറുള്ള വെഞ്ചാമരസമാനമായ താടിയും ആകപ്പാടെ കമനീയമായ മുഖവും ഉപവാസത്താൽ ക്ഷീണിച്ചുള്ള കൃശഗാത്രവും ഉണ്ടായിരുന്ന നമ്മുടെ മെത്രാപ്പോലീത്തായെ ഒരിക്കൽ കണ്ടിട്ടുള്ളവർ ഒരു കാലത്തും മറക്കുന്നതല്ല. പാപികളും വക്രബുദ്ധികളും തന്റെ നോട്ടത്തിൽ വിറയ്ക്കുകയും തന്റെ അപ്പോസ്തോലാജ്ഞയെ എതിർത്തു പറയാൻ അശക്തമായി പരവശരാകുകയും ചെയ്തിരുന്നു. തന്റെ സാന്നിദ്ധ്യം ഏതു സഭായോഗത്തിനും ഒരു പുതു ജീവൻ കൊടുത്തുകൊണ്ടിരുന്നു. മെത്രാപ്പോലീത്താ ഒരു കാര്യം ഒരുവിധമങ്ങു തീർച്ച പറഞ്ഞാൽ അതിളക്കാൻ ആർക്കും ധൈര്യം ഉണ്ടായിട്ടില്ല. ഇത്ര അസാധാരണ വിശിഷ്ട ലക്ഷണങ്ങളോടു കൂടിയ ഒരു സിദ്ധന്റെ വിയോഗം സുറിയാനിക്കാർക്ക് അനിവാര്യമായ ഒരു നഷ്ടമാണെന്നു പതിനായിരം പ്രാവശ്യം പറഞ്ഞാലും അധികമായിപ്പോകയില്ല.'

3

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകം. പരുമല തിരുമേനിയും കടവിൽ മാർ അത്താനാസ്യോസ് തിരുമേനിയും കാലം ചെയ്തു. മലങ്കര മെത്രാപ്പോലീത്താ ആയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിനു (എം.ഡി. സെമിനാരി സ്ഥാപകൻ) വലിയ മനഃപ്രയാസം. വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാനും കൊച്ചുപറമ്പിൽ പൗലൂസ് റമ്പാനും ശീമയിൽ പോയി അബ്ദുള്ളാ പാത്രിയർക്കീസിൽ നിന്നു യഥാക്രമം മാർ ദീവന്നാസ്യോസ് എന്നും കൂറിലോസെന്നുമുള്ള പേരു സ്വീകരിച്ചു പഴയസെമിനാരിയിൽ എത്തി. അവർ പുലിക്കോട്ടിൽ തിരുമേനിയെ കണ്ടു. അദ്ദേഹം സന്തോഷിച്ചു. എന്നാൽ സംസാരത്തിനിടയിൽ തങ്ങൾ അബ്ദുള്ളാ ബാവായെ മലങ്കരയിലേക്കു ക്ഷണിച്ചതായും അദ്ദേഹം വരാമെന്നു സമ്മതിച്ചതായും അഭിനവ മെത്രാന്മാർ പറഞ്ഞപ്പോൾ 'അയ്യോ എന്റെ മക്കളെ, അതു വേണ്ടായിരുന്നു. അബദ്ധമായിപ്പോയല്ലോ. ദൈവനിശ്ചയം പോലെ വരട്ടെ' എന്നു പറഞ്ഞു.

'നിങ്ങൾ എന്റെ കാൽപ്പെട്ടി തുറന്നുനോക്കണം. അതിന്റെ അടിയിൽ ഞാൻ പൊട്ടിച്ചതും പൊട്ടിക്കാത്തതുമായ പാത്രിയർക്കീസിന്റെ പല പല കല്പനകൾ ഉണ്ട്. നിങ്ങൾ അവ വായിക്കണം. മർമ്മഭേദകമായ കാര്യങ്ങളാണ് അവയിൽ. തന്നിമിത്തം ഞാൻ പലതും പൊട്ടിച്ചതേയില്ല.' മെത്രാപ്പോലീത്താ തുടർന്നറിയിച്ചു.

ആ ചരിത്രസംഭവം - മാർ അബ്ദുള്ളായുടെ ആഗമനം - ഉണ്ടാകുന്നതിനു മുമ്പുതന്നെ പുലിക്കോട്ടിൽ തിരുമേനി രോഗിയായി കാലംചെയ്തു. പ്രമേഹരോഗിയായിരുന്ന അദ്ദേഹത്തിന്റെ പുറത്ത് ഒരു പർപ്പടകത്തിന്റെ വലിപ്പത്തിൽ പരു (കുരു) വുണ്ടായി. അന്നത്തെ ഭാഷയിൽ ഇതിനെ ആയിരംകണ്ണി എന്നാണു പറഞ്ഞുവന്നത്. കുമരകം പീലിക്കുഞ്ഞു അപ്പോത്തിക്കിരിയാണു ശസ്ത്രക്രിയ നടത്തിയത്. മെത്രാപ്പോലീത്താ കോട്ടയം ചെറിയപള്ളി മാളികയിൽ വച്ചാണ് കാലം ചെയ്തത്. ഭൗതികദേഹം വിലാപയാത്രയായി പഴയസെമിനാരിയിൽ കൊണ്ടുപോയി ചാപ്പൽ മദ്ബഹായുടെ ഇടതുഭാഗത്തു കബറടക്കി. അദ്ദേഹത്തിന്റെ കബറടക്കവും അടിയന്തരവും ഒരു മലങ്കര മെത്രാപ്പോലീത്തായ്ക്കു യോജിച്ചവിധത്തിലാണു സഭാസ്നേഹികൾ നടത്തിയതെന്ന് എടുത്തുപറയേണ്ടതുണ്ട്. തുടർന്ന് പഴയ സെമിനാരിയിൽ ചേർന്ന മലങ്കര അസോസിയേഷൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിനെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. തിരുമേനിയുടെ പേരു സി. ജെ. കുര്യൻ നിർദ്ദേശിക്കുകയും കോനാട്ടു


കോര മാത്തൻ മല്പാൻ പിന്താങ്ങുകയും ചെയ്തു. വൈദിക ട്രസ്റ്റിയായി മാത്തൻ മല്പാനും അവൈദിക ട്രസ്റ്റിയായി സി. ജെ. കുര്യനും തെരഞ്ഞെടുക്കപ്പെട്ടു. സമുന്നതരായ ത്രിമൂർത്തികൾ.

ഇങ്ങനെ കാര്യങ്ങൾ ഭംഗിയായി നീങ്ങുമ്പോഴാണു ഒരു ധൂമകേതുവായി മാർ അബ്ദുള്ളാ പാത്രിയർക്കീസ് സഭാന്തരീക്ഷത്തിൽ പ്രത്യക്ഷപ്പെട്ടത്. തിരുവനന്തപുരത്തു ചെന്നു അദ്ദേഹം മഹാരാജാവിനെ കണ്ടു. തേക്കടിയിലും മറ്റും പോയി. തെക്കും വടക്കും കോട്ടയത്തുമുള്ള പ്രമുഖ പള്ളികൾ മലങ്കര മെത്രാപ്പോലീത്തായോടൊന്നിച്ചു സന്ദർശിച്ചു. പാത്രിയർക്കീസ് മലങ്കരയിൽ രണ്ടു വർഷത്തോളം താമസിച്ചു. ഇതിനിടയിൽ നിർഭാഗ്യവശാൽ പാത്രിയർക്കീസും മലങ്കര മെത്രാപ്പോലീത്തായും തമ്മിൽ ചില അഭിപ്രായഭിന്നതകൾ തലപൊക്കി. സി. ജെ. കുര്യനും കോര മാത്തൻ മല്പാനുമാണ് ഭിന്നതയുണ്ടാക്കിയതിന്റെ പിന്നിൽ എന്നുതന്നെയാണ് ആളുകളുടെ ധാരണ. യഥാർത്ഥ കാരണം ഇന്നും അവ്യക്തമാണ്.

പാത്രിയർക്കീസും മലങ്കര മെത്രാപ്പോലീത്തായും പഴയസെമിനാരിയിലെ തൊട്ടടുത്ത മുറികളിൽ താമസിക്കുന്നു. ഒരു ദിവസം രാത്രി വട്ടശ്ശേരിൽ തിരുമേനിയെ സ്വന്തം മുറിയിലേക്കു രഹസ്യമായി വിളിച്ചു ചില കാര്യങ്ങൾ പറയാനുണ്ടെന്നറിയിച്ചു. സംസാരത്തിനിടയിൽ ഒരു വെള്ളക്കടലാസു കാണിച്ച് അതിൽ ഒപ്പിടാൻ ആവശ്യപ്പെട്ടു. ആരും അറിയേണ്ടെന്നും പറഞ്ഞു. ഇതിനു മറുപടിയായി "എന്റെ മുൻഗാമികൾ ആരും ചെയ്യാത്ത കാര്യമാണിത്. പട്ടമേറ്റപ്പോൾ വിധേയത്വം അറിയിക്കുന്ന സ്ഥാത്തിക്കോൻ (അധികാരപത്രം) ഒപ്പിട്ടു തന്നിട്ടുണ്ടല്ലോ' എന്ന് വട്ടശ്ശേരിൽ തിരുമേനി പറഞ്ഞു.

പാത്രിയർക്കീസ്: "നീ അതിസമർത്ഥനാണ്. അതുകൊണ്ട് ഒപ്പിടണം. ഒപ്പിട്ടില്ലെങ്കിൽ ഭാവിയിലെ ബന്ധം ഉലയും. അതുകൊണ്ടാണ് ഒപ്പിടാൻ വീണ്ടും പറയുന്നത്. എനിക്കു തിരിച്ചുപോകാൻ സമയമായി."

മുൻഗാമികൾ ചെയ്യാത്തതു ചെയ്യാൻ സാധ്യമല്ലെന്നു പറഞ്ഞു മെത്രാപ്പോലീത്താ മുറി വിട്ടു. ആ കരാളരാത്രി തന്നെ മുടക്കു കല്പന തയ്യാറാക്കി. നേരം വെളുത്തപ്പോൾ അഞ്ചൽ ഓഫീസിൽ എത്തി കത്തു രജിസ്റ്റർ ചെയ്തു മെത്രാപ്പോലീത്തായ്ക്ക് അയച്ചു. രാത്രിയിൽതന്നെ പാത്രിയർക്കീസും പരിവാരവും കോട്ടയം വിട്ടു. സി. ജെ. കുര്യൻ അവരെ അനുഗമിച്ചിരുന്നു. രാവിലെ തന്നെ ആലുവായിലെ തൃക്കുന്നത്തു സെമിനാരിയിൽ ചെന്നു പാത്രിയർക്കീസിനെ കാണാമെന്നു കരുതി മെത്രാപ്പോലീത്താ കാറിൽ പോയെങ്കിലും ഒരജ്ഞാത സ്റ്റേഷനിൽ നിന്നു പാത്രിയർക്കീസും കൂട്ടരും സ്ഥലംവിട്ടു. ഇത് സി. ജെ. കുര്യന്റെ ആലോചനയോടു കൂടിയായിരുന്നു എന്നു വിശ്വസിക്കപ്പെടുന്നു.



പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ്

ആലുവായിൽ നിന്നു തിരിച്ചുവന്നപ്പോൾ മുടക്കുകല്പന രജിസ്റ്റേർഡ് പോസ്റ്റായി ലഭിച്ചു. മെത്രാപ്പോലീത്താ അത് ഒപ്പിട്ടു വാങ്ങി. ഏതാനും ദിവസം 'മുടക്കപ്പെട്ട' മെത്രാപ്പോലീത്താ വി. കുർബാന ചൊല്ലാതെയിരുന്നാൽ 'ഞങ്ങൾ പാത്രിയർക്കീസിനെ വിവരം അറിയിച്ചു മുടക്കു തീർക്കാമെന്ന്' സി. ജെ. കുര്യൻ മെത്രാപ്പോലീത്തായെ അറിയിച്ചു.

മെത്രാപ്പോലീത്തായുടെ ഭാഗത്ത് ഉറച്ചുനിന്ന കെ. സി. മാമ്മൻ മാപ്പിള, ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ വക്കീൽ, കൊച്ചി പോലീസ് സൂപ്രണ്ട് എം. എ. ചാക്കോ മുതലായവർ മുടക്കു സ്വീകരിക്കരുതെന്നും പഴയസെമിനാരിയിൽ നിന്നു മാററുതെന്നും കുർബാന ചൊല്ലണമെന്നും അഭ്യർത്ഥിച്ചു.

മുടക്കിനുശേഷം ഒരു ഞായറാഴ്ച മെത്രാപ്പോലീത്താ വി. കുർബാന ചൊല്ലാൻ മദ്ബഹായിൽ കയറി. മട്ടയ്ക്കൽ മല്പാനച്ചനും ഏതാനും ശെമ്മാശന്മാരും കൂടെ ഉണ്ട്. സി. ജെ. കുര്യന്റെ സഹോദരനായ അക്കരെ കൊച്ചുപാപ്പി പെട്ടെന്നു മദ്ബഹായ്ക്കു സമീപത്തെത്തി മട്ടക്കലച്ചനെ വിളിച്ചു

'ഇന്നു കുർബാന ചൊല്ലരുതെന്നും ചൊല്ലിയാൽ സംഘർഷം ഉണ്ടാകുമെന്നും' മറ്റും അറിയിച്ചു (കൊച്ചുപാപ്പിക്കു പാത്രിയർക്കീസിനോട് അനുഭാവം ഉണ്ടായിരുന്നു എങ്കിലും വട്ടശ്ശേരിൽ തിരുമേനിയോടു വലിയ മതിപ്പും സ്നേഹവും ആയിരുന്നു. വൈകുന്നേരം സെമിനാരിയിൽ വന്ന് അദ്ദേഹം രണ്ടു മണിക്കൂറോളം മെത്രാപ്പോലീത്തായുമായി സംസാരിക്കുകയും സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം തിരിച്ചുപോകുകയും ചെയ്യുക പതിവായിരുന്നു.)

മുടക്കപ്പെട്ട മെത്രാച്ചന്റെ കുർബാന തടസ്സപ്പെടുത്താൻ അയ്മനം, കല്ലുങ്കത്ര, കുമരകം, വല്യാട് മുതലായ സ്ഥലങ്ങളിൽ നിന്ന്, മദ്യപിച്ചശേഷം വള്ളങ്ങളിൽ ഒട്ടധികംപേർ പഴയസെമിനാരിയിൽ എത്തിയിരുന്ന പശ്ചാത്തലത്തിലാണ് കുർബാന അർപ്പിക്കരുതെന്നുള്ള കൊച്ചുപാപ്പിയുടെ അഭ്യർത്ഥന.

എന്നാൽ 'തൂയോബാ' ആയെന്നും തന്നിമിത്തം കുർബാന മാറ്റിവയ്ക്കാൻ നിയമമില്ലെന്നും മെത്രാപ്പോലീത്താ മട്ടയ്ക്കലച്ചൻ മുഖേന കൊച്ചുപാപ്പിയെ അറിയിച്ചു (വി. കുർബാന പരസ്യമായി ആരംഭിക്കുന്നതിനു മുമ്പ് മറയിട്ടുകൊണ്ട് പട്ടക്കാരൻ മദ്ബഹായിൽ നടത്തുന്ന ഒരുക്കശുശ്രൂഷയാണു 'തൂയോബോ.' രണ്ടു ഭാഗങ്ങളുള്ള ഈ പവിത്ര ശുശ്രൂഷയുടെ ഒന്നാം ഭാഗത്താണ് അനുതാപ പ്രാർത്ഥനയ്ക്കുശേഷം അപ്പവീഞ്ഞുകൾ പൂജാപാത്രങ്ങളിൽ അർപ്പിക്കുന്നത്. ഇങ്ങനെ ചെയ്താൽ പിന്നെ കുർബാന ചൊല്ലി പൂർത്തിയാക്കിയേ തീരൂ.).

സംഗതി കുഴപ്പമാണെന്നറിഞ്ഞു കൊച്ചുപാപ്പി മറ്റാരും മദ്ബഹായുടെ അടുത്തേക്കു എത്താതിരിക്കാൻവേണ്ടി അവിടെത്തന്നെ നിലകൊണ്ടു. ആരെയും സംഭീതരാക്കുന്ന കൊച്ചുപാപ്പിയുടെ മേൽമീശയും നിൽപും കണ്ട് എതിർക്കാൻ വന്ന ആരും അടുത്തില്ല. മെത്രാച്ചന്റെ അനുഭാവികൾ പള്ളി നിറഞ്ഞുമിരുന്നു.

കുർബാനയ്ക്കുശേഷം മെത്രാച്ചനെയും മട്ടയ്ക്കൽ അച്ചനെയും ശെമ്മാശന്മാരെയും സുരക്ഷിതമായ ഒരു മനുഷ്യവലയത്തിലാക്കി മെത്രാച്ചന്റെ മുറിയിൽ പ്രവേശിപ്പിച്ചശേഷം കൊച്ചുപാപ്പി മുറിക്കു വള്ളത്താഴിട്ടു പൂട്ടി അവിടെ കാവൽനിന്നു. ഇതിനകം വള്ളത്തിൽ വന്നവരുടെ വെള്ളത്തിന്റെ ലഹരി വിട്ടു തുടങ്ങുകയും അവർ മടങ്ങിപ്പോകുകയും ചെയ്തു. മുടക്കിനെ തുടർന്ന് രണ്ടു കക്ഷികളായി പിരിഞ്ഞ സഭാംഗങ്ങൾ പഴയസെമിനാരി ഒരു യുദ്ധക്കളമായി മാറ്റി. സെമിനാരി മാനേജർ മട്ടയ്ക്കലച്ചൻ അവിടുത്തെ തേങ്ങ ഇടുന്നതിനു ശ്രമിച്ചപ്പോൾ അദ്ദേഹത്തിന്റെ മീശയ്ക്കു പിടിച്ച് ചിലർ തടസ്സം സൃഷ്ടിച്ചു. ഇതു കണ്ട മെത്രാപ്പോലീത്താ വടികൊണ്ടു മാത്തൻ മല്പാനെ അടിക്കാൻ ഓങ്ങിയെങ്കിലും കെട്ടിടത്തിന്റെ കഴുക്കോലിൽ വടി

മുട്ടുകയാണ് ഉണ്ടായത്. എതിരാളികൾ മല്പാന്മാരേയും വിദ്യാർത്ഥികളേയും ആക്ഷേപിക്കുകയും ദേഹോപദ്രവങ്ങൾ ഏല്പിക്കുകയും ഉണ്ടായി. തുടർന്ന് മാമ്മൻ മാപ്പിളയും ജോൺ വക്കീലും മറ്റും വട്ടശ്ശേരിൽ തിരുമേനിയുടെ ദേഹരക്ഷാർത്ഥം ഒന്നുരണ്ടു അംഗരക്ഷകരെ സെമിനാരിയിൽ നിയോഗിച്ചു. മാമ്മൻ മാപ്പിളയുടെ മാതൃഭവനമായ നിരണത്തു തയ്യിലെ ഒരു സിൽബന്ധിയും ആലുംതുരുത്തി സ്വദേശിയും ആനപ്പാപ്പി എന്നറിയപ്പെടുന്ന മല്ലനുമായ പാപ്പി, മെത്രാച്ചന്റെ സംരക്ഷണച്ചുമതല നിറവേറ്റാൻ നിയോഗിക്കപ്പെട്ടു. ആജാനുബാഹിയായ ആനപ്പാപ്പിയെ വധിക്കാൻ സി. ജെ. കുര്യനും കൂട്ടരും തന്ത്രങ്ങൾ മെനഞ്ഞു. പാപ്പി വന്നു മൂന്നു ദിവസം കഴിഞ്ഞ് ആറ്റുമണപ്പുറത്തു ചായ കുടിക്കാൻ പോയപ്പോൾ ശത്രുക്കൾ പതിയിരുന്നു വടിവാൾ കൊണ്ട് അയാളുടെ കുതികാലിൽ വെട്ടി മാരകമായ പരുക്കേല്പിച്ചു. ഈ കുറ്റം ചെയ്തതു വാടകയ്ക്കെടുത്ത ഏതാനും മുസ്ലീങ്ങൾ കൂടിയായിരുന്നു. മരിച്ചെന്നു കരുതി പ്രതികൾ സ്ഥലംവിട്ടു. ജില്ലാ ആശുപത്രിയിൽ വച്ച് ആനപ്പാപ്പിയുടെ മരണമൊഴി വാങ്ങി. ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് ആറുമുഖംപിള്ളയാണ് കേസെടുത്തത്. പഴയസെമിനാരി പൂട്ടി പോലീസ് കാവലിലായി. തുടർന്ന് കോട്ടയം ചെറിയപള്ളിയും കുരിശുപള്ളിയും പൂട്ടിയതിനാൽ പഴയസെമിനാരിയുടെ തട്ടിൽ കുർബാന അർപ്പിക്കാൻ ഉള്ള സൗകര്യം ഉണ്ടാക്കിക്കൊടുത്തു.

ആനപ്പാപ്പി കേസിലെ ഒന്നാം പ്രതിയും സി. ജെ. കുര്യന്റെ ഒരു സഹോദരപുത്രനുമായ പാപ്പൻ ഒളിവിൽ പോയി. രണ്ടു മുസ്ലീങ്ങളായിരുന്നു രണ്ടും മൂന്നും പ്രതികൾ, കൂടാതെ കണ്ടാൽ അറിയാവുന്ന മറ്റ് 9 പ്രതികളും. ഇവരെല്ലാംതന്നെ ഒളിവിൽ പാർത്തു. തുടർന്ന് കേസ് കോട്ടയം ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് ആറുമുഖംപിള്ള ആലപ്പുഴ ജില്ലാക്കോടതിയിലേക്കു കമ്മിറ്റു ചെയ്തു. ജഡ്ജി ജി. ശങ്കരപ്പിള്ള ക്രിമിനൽ കേസിലും സിവിൽ കേസിലും വട്ടശ്ശേരിൽ മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായി വിധിച്ചു. 12 പ്രതികൾക്കും ജീവപര്യന്തം തടവാണു നൽകിയത്. ഇതേ തുടർന്ന് സി. ജെ. കുര്യൻ തിരുവനന്തപുരം ഹൈക്കോടതിയിൽ സഭാക്കേസിൽ അപ്പീൽ സമർപ്പിച്ചു. സി. ജെ. കുര്യന്റെ സ്വാധീനം മൂലം ഈ അപ്പീൽ 12 വർഷത്തിനു ശേഷമാണു കേട്ടത്. വീരരാഘവയ്യങ്കാർ ചീഫ് ജസ്റ്റീസായി. ചാറ്റ് ഫീൽഡും, പപ്പുപിള്ളയും ചേർന്ന ബഞ്ച് കേസ് വാദം കേട്ടശേഷം മെത്രാപ്പോലീത്തായ്ക്ക് എതിരായി വിധിച്ചു. ചാറ്റ്ഫീൽഡ് ഈ വിധിയോടുള്ള വിയോജിപ്പും രേഖപ്പെടുത്തിയിരുന്നു.

(ആനപ്പാപ്പി എന്ന പുസ്തകം വായിച്ചാൽ വിശദ വിവരങ്ങൾ ലഭിക്കും. പ്രസാധകൻ കെ. വി. മാമ്മൻ, കോട്ടയ്ക്കൽ മാങ്ങാനം പി. ഒ., കോട്ടയം– 18)


4

ബുദ്ധിരാക്ഷസനായ പടനായകൻ

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസും പാണമ്പടിപള്ളിയിൽ കബറടങ്ങിയിട്ടുള്ള മാർ കൂറിലോസും 1086-ൽ ശീമയിൽ വച്ച് അന്നത്തെ പാത്രിയർക്കീസ് അബ്ദുള്ളാ ബാവായിൽ നിന്നു മെത്രാപ്പോലീത്താ സ്ഥാന മേറ്റു. ഇരുവരും നാട്ടിൽ വന്നശേഷം ആദ്യം കൂടിയ മലങ്കര അസോസിയേ ഷൻ മാർ ദീവന്നാസിയോസിനെ മലങ്കര മെത്രാപ്പോലീത്തായുടെ പിൻ ഗാമിയായി തിരഞ്ഞെടുത്തു. അധികം താമസിയാതെ അബ്ദുള്ളാ ബാവ മലങ്കര സന്ദർശിക്കുകയും മലങ്കര സഭാസ്വത്തുക്കൾ കയ്യടക്കുന്നതിന്റെ ഭാഗ മായി ഉടമ്പടി ഒപ്പു വയ്ക്കുന്നതിന് മലങ്കര മെത്രാപ്പോലീത്തായോട് ആവ ശ്യപ്പെടുകയും ചെയ്തു. അതിനു വിസമ്മതിച്ചതിനെ തുടർന്ന് ദീവന്നാ സ്യോസ് തിരുമേനിയുടെ കൂടെ കോട്ടയം പഴയസെമിനാരിയിൽ അടുത്ത മുറിയിൽ താമസിച്ചിരുന്ന അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ, മുടക്കു കല്പന തയ്യാറാക്കി രജിസ്റ്റർ ചെയ്തയച്ചിട്ട് പിറ്റേദിവസം തന്നെ സെമിനാ രിയിൽ നിന്ന് മടങ്ങിപ്പോവുകയാണ് ചെയ്തത്. ക്രമേണ സഭയിൽ അഭി പ്രായ ഭിന്നതകൾ ഉണ്ടായി.

അഗ്നിപരീക്ഷകൾ

ഏതെങ്കിലുംതരത്തിൽ സഭയിൽ പിളർപ്പുണ്ടാകാതിരിക്കുവാൻ മെത്രാ പ്പോലീത്താ തിരുമേനി ബാവായുടെ പുറകെ ആലുവാ വരെ പോയി. സംസാ രിക്കാൻ ബാവാ അവസരം കൊടുത്തില്ല. മുടക്കിനെ തുടർന്ന് മാർ ദീവന്നാ സ്യോസ് ഭരണത്തിൽ നിന്ന് പൂർണ്ണമായി മാറണമെന്ന് പാത്രിയർക്കീസ് പക്ഷക്കാരും അല്ല 'മുടക്കുകല്പന' തൃണവൽഗണിച്ചുകൊണ്ട് പഴയനില യിൽ തുടരണമെന്ന് മെത്രാപ്പോലീത്തായുടെ അനുകൂലികളും വാദിച്ചു. എങ്ങനെയെങ്കിലും മെത്രാപ്പോലീത്താ തിരുമേനിയെ കോട്ടയം പഴയസെമി നാരിയിൽ നിന്ന് ഇറക്കിവിടണമെന്നുള്ള തീരുമാനത്തോടെ ബാവാകക്ഷി ക്കാരുടെ പടനായകനായിരുന്ന സി. ജെ. കുര്യന്റെ ആൾക്കാർ തിരുമേനി യേയും സെമിനാരിയിൽ താമസിച്ചിരുന്ന മല്പാന്മാരെയും ശെമ്മാശന്മാ രെയും നിരന്തരം ഉപദ്രവിച്ചുകൊണ്ടിരുന്നു. ഈ ആക്ഷേപങ്ങളും അപമാ നങ്ങളും സഹിച്ചുകൊണ്ട് സെമിനാരിയുടെ മുറിക്കുള്ളിൽ മലങ്കരസഭയ്ക്കു വേണ്ടി - അതിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി - ആ ഇടയൻ ചെലവഴിച്ച ഏതാണ്ട് പന്ത്രണ്ടു സംവത്സരങ്ങൾ മലങ്കരസഭയുടെ അഗ്നിപരീക്ഷയുടെ കാലഘട്ടങ്ങളായിരുന്നു. ഈ യാതനകൾ എല്ലാം സഹിച്ച്, തിരുമേനി അനു ഭവിക്കുന്ന മനോവേദന മനസ്സിലാക്കിയ ആളുകൾ നിരണം സ്വദേശിയും



ആജാനുബാഹുവുമായ 'ആനപ്പാപ്പി' എന്നൊരാളെ അംഗരക്ഷകനായി സെമിനാരിയിൽ താമസിപ്പിച്ചു. എന്നാൽ അയാൾ വന്ന് രണ്ടുമൂന്നു ദിവസങ്ങൾക്കുള്ളിൽ സെമിനാരി പറമ്പിൽ ഇട്ട് എതിർകക്ഷിക്കാർ അയാളെ വധിച്ചു. ഈ കൊലപാതകത്തോടെ അവിടെയുണ്ടായിരുന്ന ബാവാകക്ഷിക്കാരും അവരുടെ പിണിയാളുകളും സ്ഥലംവിട്ടു. തുടർന്ന് സെമിനാരിയും പരിസരവും പോലീസ് കാവലിലായി. സിവിലും ക്രിമിനലുമായി കേസുകൾ ഫയൽ ചെയ്തു. ആലപ്പുഴ ജില്ലാക്കോടതിയിൽ നിന്ന് തിരുമനസ്സിലേക്ക് അനുകൂലമായ വിധിയുണ്ടായി. ഉടനെ ബാവാകക്ഷിക്കാർ തിരുവനന്തപുരം ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. മേൽപ്പറഞ്ഞ സംഭവങ്ങൾ എനിക്കു പറഞ്ഞു കേട്ടിട്ടുള്ള അറിവാണ്.

ആദ്യത്തെ അനുഭവം

1098 മീനം പത്താം തീയതി വെള്ളിയാഴ്ചയാണ് ഈ ലേഖകൻ ആദ്യമായി മാർ ദീവന്നാസ്യോസ് തിരുമേനിയെ ശരിക്കു കാണുന്നത്. എം.ഡി. സെമിനാരിയിൽ പഠിക്കുന്ന കാലം. തിരുനക്കര ക്ഷേത്രത്തിലെ ആറാട്ടിന് ഏറ്റവും പൊക്കം കൂടിയ "വൈക്കം ഗംഗാധരൻ" ഉൾപ്പെടെയുള്ള ഗജവീരന്മാരെ അണിയിച്ചൊരുക്കി ക്ഷേത്രാങ്കണത്തിൽ നിരത്തിനിറുത്തിയിരിക്കുന്നു. കോട്ടയം കിരീടധാരണ വൈദ്യശാല ഉടമയായിരുന്ന അപ്പന്റെ അനുവാദത്തോടുകൂടി ഞാൻ വൈദ്യശാലയിലെ ജോലിക്കാരനായിരുന്ന താഴത്തങ്ങാടിക്കാരൻ സഖറിയായെ കൂട്ടി ക്ഷേത്രനടയിൽ നിന്ന് ആനയെ കാണുകയായിരുന്നു. പെട്ടെന്ന് പുത്തനങ്ങാടി ഭാഗത്തുനിന്ന് പത്തുനൂറാൾക്കാർ ആർപ്പും കുരവയുമായി അലറിക്കൂവി പാഞ്ഞുവരുന്നു. ആന വിരണ്ടതായിരിക്കുമെന്ന് ധരിച്ച് ആളുകൾ നാലുപാടും ചിതറി. 'എന്താണു കാര്യം?' പാത്രിയർക്കീസ് പക്ഷക്കാർ ഹൈക്കോടതിയിൽ കൊടുത്തിരുന്ന സമുദായക്കേസിൽ ചീഫ് ജസ്റ്റീസ് വീരരാഘവഅയ്യങ്കാർ ഉൾപ്പെട്ട ഫുൾബഞ്ച്, മാർ ദീവന്നാസ്യോസിന്റെ മുടക്കു ശരിവയ്ക്കുകയും പാത്രിയർക്കീസിന്റെ പരമാധികാരം അംഗീകരിച്ച് വിധി പ്രസ്താവിക്കുകയും ചെയ്ത വിവരം സി. ജെ. കുര്യൻ കമ്പിമാർഗ്ഗം അറിയിച്ചതിനെ തുടർന്നുള്ള സന്തോഷപ്രകടനമായിരുന്നു അത്.

വിവരം അറിഞ്ഞ ഉടനെ സഖറിയായും ഞാനും കൂടി പഴയസെമിനാരിയിലേക്ക് ഓടി. അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച സിംഹതുല്യനായ മെത്രാപ്പോലീത്താ തിരുമേനി അക്ഷോഭ്യനായി ചാരുകസേരയിൽ ഇരിക്കുന്നു. പരേതനായ കണ്ടത്തിൽ കെ. സി. മാത്യു വക്കീൽ സമീപത്തു നിന്ന്, ഇ. ജെ. ഫിലിപ്പോസ് വക്കീൽ മനോരമയിലേയ്ക്കടിച്ച കമ്പിസന്ദേശം വായിച്ചു കേൾപ്പിക്കുന്നു. കെ. സി. മാമ്മൻമാപ്പിള, കല്ലറയ്ക്കൽ കുഞ്ചപ്പൻ, കരവട്ട് കുഞ്ചപ്പൻ, മാളിയേക്കൽ കൊച്ചുമാണി, പടിഞ്ഞാറേക്കര കൊച്ചിട്ടി കുര്യൻ, പടിഞ്ഞാറേത്തലയ്ക്കൽ അവറാൻകുട്ടി, എം. ഒ. തോമസ് വക്കീൽ, അഞ്ചേരിൽ കോശി വക്കീൽ തുടങ്ങിയ സമുദായനേതാക്കന്മാർ സമീപത്തുനിന്ന് സശ്രദ്ധം കേൾക്കുകയാണ്.

ഒരു മണിക്കൂർ കൊണ്ട് ഒരു വലിയ ജനക്കൂട്ടം സെമിനാരിയിൽ എത്തിച്ചേർന്നു. പലരുടേയും കണ്ണുകൾ നിറഞ്ഞിരിക്കുന്നു. പലരും വലിയ ശബ്ദത്തിൽ നിലവിളിക്കുന്നുമുണ്ട്. തിരുമേനി സാവധാനം എഴുന്നേറ്റുനിന്ന് ഓരോരുത്തരേയും സമാശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു. "മക്കളെ; സത്യം, നീതി, എന്നിവയെ മുറുകെ പിടിച്ചുകൊണ്ട് നാം ധർമ്മയുദ്ധം ചെയ്തു. എന്നാൽ സാത്വികമായ പരിശ്രമത്തിൽപോലും തോൽവിയും കഷ്ടപ്പാടും ഉണ്ടാവുക സഹജമാണ്. സത്യത്തേയും നീതിയേയും ഒരു ശക്തിക്കും തോല്പിക്കാനാവില്ല. നിങ്ങളാരും ദുഃഖിക്കരുത്. തീർച്ചയായും സത്യം ജയിക്കും." ഈ വാചകം അടിവാചകമായി ചേർത്ത് അച്ചടിച്ചിരുന്ന തിരുമേനിയുടെ പടം അന്നത്തെക്കാലത്ത് നമ്മുടെ എല്ലാ വീടുകളിലും ഉണ്ടായിരുന്നു. പടത്തിനു മുകളിൽ "മലങ്കരസഭാഭാസുരൻ" എന്നും ഉണ്ടായിരുന്നു.

വട്ടിപ്പണക്കേസ് വിധി

അധികം താമസിയാതെ മെത്രാപ്പോലീത്താ തിരുമേനി റിവ്യൂ ഹർജി ഒപ്പിട്ട് പൂതക്കുഴിയിൽ അബ്രഹാം കത്തനാരെയും ചെറിയമഠത്തിൽ സഖറിയാ മല്പാനേയും വാല്യക്കാരൻ ബഥനി വാറുവിനെയും കൂട്ടി അന്നത്തെ പാത്രിയർക്കീസായിരുന്ന ഏലിയാസ് ബാവായെ കാണാൻ മർദ്ദീനിലേക്ക് പുറപ്പെട്ടു. മെത്രാപ്പോലീത്താ പോയ ശേഷം എതിർകക്ഷികൾ കോട്ടയം ജില്ലാക്കോടതി മുഖേന വിധി നടത്തി സെമിനാരിയും സഭാസ്വത്തുക്കളും സ്വായത്തമാക്കുവാൻ നീക്കമാരംഭിച്ചു. ഒരു ദിവസം പാതിരായ്ക്കു അക്കരെ സി. ജെ. കുര്യൻ ഒരു റിക്ഷായിൽ എസ്. കൃഷ്ണയ്യർ വക്കീലിന്റെ വീട്ടിലേക്കു പോകുന്നത്, എന്റെ പിതൃസഹോദരൻ പരേതനായ സി. റ്റി. ഏലിയാസ് കിരീടധാരണ വൈദ്യശാലയുടെ മുകളിലത്തെ നിലയിൽ നിന്നു കണ്ടു. ഉടനെ അദ്ദേഹം ഇരുട്ടിന്റെ മറപറ്റി സി. ജെ. കുര്യനെ അനുഗമിച്ച് വക്കീലുമായുള്ള സംസാരം മനസ്സിലാക്കി. സംഗതിയുടെ ഗൗരവമറിഞ്ഞ ഏലിയാസ് ആ രാത്രിയിൽത്തന്നെ കോട്ടയത്തെ സമുദായ നേതാക്കളെ

വിവരം ധരിപ്പിച്ചു. എല്ലാവരും പരേതനായ എം. ഒ. തോമസ് വക്കീലിന്റെ ഭവനത്തിൽ ഓടിക്കൂടി. തിരുവനന്തപുരത്തു ചെന്ന് ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ വക്കീലിനെ കണ്ട് വിധിനടത്തിപ്പു സ്റ്റേ ചെയ്യിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കുന്നതിനു കോട്ടയത്തുനിന്ന് പുളിമൂട്ടിൽ അവിരാ വക്കീലിനെ അറിയിച്ചു. കേട്ടയുടനെ ജോൺ വക്കീൽ ചോദിച്ചു, "കോട്ടയംകാർക്കെല്ലാം കിറുക്കാണോ?' ഫുൾബഞ്ച് വിധിയാണ്. അതിനെയാണോ ഒരു ഹർജി കൊണ്ടു തടയാൻ ശ്രമിക്കുന്നത്." ഇതു കേട്ട അവിരാ വക്കീൽ വാവിട്ടു കരഞ്ഞു. കേട്ടുനിന്ന ജോൺ വക്കീലിന്റെ ഒരു ജൂണിയർ വക്കീൽ ഒരു ബ്രാഹ്മണൻ, "മി. അവിരാ ഇവിടെ വരൂ. സെമിനാരി മാനേജർ ഒപ്പിട്ട കടലാസ്സുള്ളത് ഇങ്ങുതരൂ. ഞാനൊന്നു ശ്രമിക്കട്ടെ" എന്നു പറഞ്ഞു.

പാത്രിയർക്കീസിനെ കണ്ട് സഭയിൽ സമാധാനം ഉണ്ടാക്കുന്നതിന് സെമിനാരിയുടെ അധികാരിയായ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മർദ്ദീനിലേക്കു പോയിരിക്കുകയാണ്. അനേക ലക്ഷങ്ങൾ വിലപിടിപ്പുള്ള സ്വർണ്ണ ഉരുപ്പടികൾ, റിക്കാർഡുകൾ, സഭാസ്വത്തുക്കൾ സെമിനാരിയിലുള്ളത് വിധി നടത്തി എതിർകക്ഷികളുടെ കൈയിലെത്തിയാൽ നശിപ്പിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ മെത്രാപ്പോലീത്താ മടങ്ങിവരുന്നതുവരെ വിധി നടത്തിപ്പ് 'സ്റ്റേ' ചെയ്യേണ്ടതാണെന്നു അപേക്ഷിച്ചുകൊണ്ടുള്ള പഴയസെമിനാരി മാനേജർ ഒപ്പിട്ട ഒരു ഹർജി ഈ ബ്രാഹ്മണനായ വക്കീൽ തയ്യാറാക്കി ഉച്ചയ്ക്കുശേഷം സിംഗിൾ ബഞ്ചിൽ, ഒറ്റയ്ക്ക് ഒരു ജഡ്ജിയിരിക്കുന്ന അവസരം നോക്കി ജോൺ വക്കീൽ തന്നയച്ചതാണെന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ മുമ്പാകെ സമർപ്പിച്ചു. വായിച്ചുനോക്കി നിമിഷങ്ങൾക്കകം വിധി നടത്തിപ്പ് സ്റ്റേ ചെയ്ത് ഓർഡർ പാസ്സാക്കി. ഈ നടപടിക്ക് 12 മണിക്കൂർ താമസിച്ചിരുന്നെങ്കിൽ സെമിനാരിയും സ്വത്തുക്കളും എതിർകക്ഷിക്കാർ വിധി നടത്തിയെടുക്കുമായിരുന്നു.

മർദ്ദീൻ യാത്ര

വളരെ ക്ലേശകരമായ ദീർഘയാത്രയ്ക്കു ശേഷം തിരുമേനിയും പരിവാരവും മർദ്ദീനിലെത്തി ഒന്നര മാസത്തോളം അവിടെ താമസിച്ചു. അബ്ദുള്ളാ ബാവാ നൽകിയ മുടക്ക് ഏലിയാസ് ബാവാ തീർത്തു. അദ്ദേഹം മാർ ദീവന്നാസ്യോസിന്റെ സഹകരണത്തോടെ മാർ യൂലിയോസിനെ മെത്രാനായി വാഴിച്ചു. മെത്രാപ്പോലീത്താ തിരുമേനി മുടക്കു തീർത്ത കല്പനയുമായി യൂലിയോസിനോടൊപ്പം മലങ്കരയ്ക്കു മടങ്ങി. മടക്കയാത്രയിൽ ആർക്കോണത്തെത്തിയപ്പോൾ അറബി ഭാഷയറിയാവുന്ന വടക്കൻ തോമ്മായെന്നയാൾ സി. ജെ. കുര്യന്റെ കത്തുമായി വന്ന് മാർ യൂലിയോസിനെ കണ്ടു.

എഴുത്തു വായിച്ച ഉടനെ മാർ യൂലിയോസിന്റെ ഭാവം മാറി. 'ആബൂൻ കോട്ടയത്തേക്കു പൊയ്ക്കൊള്ളു. കരിങ്ങാശ്ര പള്ളിയിൽ കയറി ചിലരെ

യെല്ലാം കണ്ടിട്ട് പുറകെ കോട്ടയത്ത് എത്തിക്കൊള്ളാമെന്ന്' അദ്ദേഹം പറഞ്ഞു. ബുദ്ധിമാനായ മാർ ദീവന്നാസ്യോസിന് യൂലിയോസിന്റെ ഭാവ മാറ്റം മനസ്സിലായി. വളരെ മനഃപ്രയാസത്തോടെ അദ്ദേഹം എറണാകുള ത്തെത്തി. ഒരു ശനിയാഴ്ച ബോട്ടിൽ കോട്ടയത്ത് വന്നുചേർന്നു. പിറ്റേദിവസം ഞായറാഴ്ച കോട്ടയം മാർ ഏലിയാ ചാപ്പലിൽ തിരുമേനി വിശുദ്ധ കുർബാന ചൊല്ലുന്ന വിവരം ശനിയാഴ്ചത്തെ പത്രത്തിൽ വായിച്ചറിഞ്ഞ് ഒരു വലിയ ജനക്കൂട്ടം എത്തിച്ചേർന്നു. എന്റെ പിതാവിനോടൊപ്പം ഞാനും ആ സംഭവ ത്തിനു സാക്ഷിയാണ്.

കുർബാനമദ്ധ്യേ പ്രസംഗത്തിന് പടിഞ്ഞാറോട്ടു തിരിഞ്ഞ തിരുമേനി എല്ലാവരോടും ഇരിക്കാൻ കല്പിച്ചിട്ട് കുറെ നിമിഷം നിർന്നിമേഷനായി കണ്ണുനിറഞ്ഞ് ജനങ്ങളെ നോക്കിനിന്നു. അദ്ദേഹം പ്രസംഗം ആരംഭിച്ചു. “കർത്താവിൻ അനുഗ്രഹിക്കപ്പെട്ട മക്കളേ.” വീണ്ടും ഒരു നിമിഷം മൗന മായി നിന്നു. ഇടറിയ ശബ്ദത്തിൽ വീണ്ടും തുടർന്നു, “ദാനിയേലിനെ സിംഹ ക്കുഴിയിൽ ഇട്ടു. എന്നാൽ സിംഹങ്ങൾ അവനെ ഉപദ്രവിച്ചില്ല.” ഇത്രയും പറഞ്ഞു കഴിഞ്ഞ് തിരുമേനി പൊട്ടിക്കരയുന്നതാണ് ഞാൻ കണ്ടത്. ഹൈക്കോടതിയിൽ നിന്ന് മുടക്കു ശരിയാണെന്നുള്ള വിധി വായിച്ചപ്പോൾ, ചുറ്റും കൂടിയ എല്ലാവരേയും സിംഹഗർജ്ജനം പോലുള്ള ശബ്ദത്തിൽ ആശ്വസിപ്പിച്ച ആ അതികായകൻ തന്നെ സ്നേഹിക്കുന്ന മക്കളെ കണ്ട പ്പോൾ ഒരു കൊച്ചു കുട്ടിയെപ്പോലെ പൊട്ടിക്കരയുന്നതു കണ്ട് അവിടെ കൂടിയ എല്ലാവരും വാവിട്ടു നിലവിളിച്ചു. ആ ചുവന്ന മുഖവും കലങ്ങിയ കണ്ണുകളും ഞാനിന്നെന്നപോലെ ഓർക്കുന്നു. ആ കണ്ണുനീരാണ് ഈ പാവപ്പെട്ട സഭയെ ഇന്നുവരെ നിലനിർത്തിയത് എന്നു ഞാൻ വിശ്വസി ക്കുന്നു.

പാത്രിയർക്കീസിന്റെ സന്ദർശനം

കാലങ്ങൾ മുന്നോട്ടു പോയി. ചീഫ് ജസ്റ്റീസ് വീരരാഘവ അയ്യങ്കാർ റിട്ട യർ ചെയ്തു. ചാറ്റ്ഫീൽഡ് ചീഫ് ജസ്റ്റീസായി ചാർജെടുത്തു. ചങ്ങനാ ശ്ശേരി പരമേശ്വരൻ പിള്ളയും ജോസഫ് തളിയത്തും ഉൾപ്പെട്ട ഫുൾബഞ്ചിൽ കേസ് വീണ്ടും കേട്ടു. 1103 മിഥുനത്തിൽ മെത്രാപ്പോലീത്തായ്ക്ക് അനുകൂ ലമായി വിധിയുണ്ടായി. തുടർന്ന് തിരുമേനി മലങ്കര മെത്രാപ്പോലീത്തായുടെ പദവിയിൽ വടക്കു മുതൽ തെക്കേ അറ്റംവരെയുള്ള പ്രധാനപ്പെട്ട വലിയ പള്ളികളിലെല്ലാം എഴുന്നെള്ളി. അടച്ചിട്ടിരുന്ന പള്ളികൾ തിരുമേനിക്കു വേണ്ടി തുറന്നുകൊടുത്തു. നാളിതുവരെയുള്ള “വട്ടിപ്പണപ്പലിശ” യുടെ കുടിശിക മുഴുവൻ കെട്ടിവാങ്ങിച്ചു. ശേഷിച്ച അഞ്ചര വർഷങ്ങൾ തിരുമന സ്സിലെ ചരിത്രത്തിൽ കാതോലിക്കാ സ്ഥാപനത്തെപ്പറ്റിയുള്ള ചിന്തയായി രുന്നു.

പൊറുതിമുട്ടിയ എതിർകക്ഷികൾ, ഏലിയാസ് പാത്രിയർക്കീസിനെ വരുത്തി. പാത്രിയർക്കീസ് ആലുവായിലെത്തിയ ഉടനെ മെത്രാപ്പോലീത്താ അദ്ദേഹത്തെ പോയി കണ്ടു. നന്ദിപ്രകടനത്തെ തുടർന്ന് സഭ രണ്ടാകാതിരിക്കാൻ പ്രവർത്തിക്കണമെന്ന് അപേക്ഷിച്ച് ഉടനെ മടങ്ങിപ്പോന്നു. എന്നാൽ നാട്ടുകാരായ ശത്രുപക്ഷക്കാർ, മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടി മെത്രാപ്പോലീത്തായെ വീണ്ടും കുരുക്കിലാക്കാൻ ആലോചിച്ചുറച്ചു. കുറുപ്പുംപടി പള്ളിയിൽ മലങ്കര അസോസിയേഷൻ കൂടാൻ പാത്രിയർക്കീസിനെക്കൊണ്ട് പള്ളികൾക്ക് കല്പന അയപ്പിച്ചു. കല്പന മാനിച്ച്, നമ്മുടെ എല്ലാ പള്ളികളിൽനിന്നും പള്ളിപ്രതിപുരുഷന്മാർ, അസോസിയേഷനിൽ സംബന്ധിക്കണമെന്ന്, ബുദ്ധിരാക്ഷസനായ മെത്രാപ്പോലീത്താ തിരുമേനി ആഹ്വാനം ചെയ്തു. ഇതനുസരിച്ച് അനേകം കാറുകളിലും ബസ്സുകളിലുമായി പട്ടക്കാരും അയ്മേനികളും കുറുപ്പുംപടി പള്ളിയിൽ എത്തിച്ചേർന്നു.

കുർബാനയ്ക്കുശേഷം പള്ളിയകം മുഴുവൻ മെത്രാപ്പോലീത്തായുടെ ആൾക്കാർ നിറഞ്ഞു കഴിഞ്ഞു എന്നറിഞ്ഞ പാത്രിയർക്കീസ് ക്ഷുഭിതനായി. ഈ ലേഖകനും, പുതുപ്പള്ളി പള്ളിയുടെ ഒരു പ്രതിപുരുഷനായി, പ്രസ്തുത യോഗത്തിൽ സംബന്ധിച്ചിരുന്നു. കുർബാന കഴിഞ്ഞ ഉടനെ കുറുപ്പുംപടി അരമനയിൽ വിശ്രമിച്ചുകൊണ്ടിരുന്ന പാത്രിയർക്കീസും മെത്രാപ്പോലീത്തന്മാരും പള്ളിയിൽ ഇറങ്ങിവന്നു. ജനക്കൂട്ടത്തെ കണ്ട് ബാവാ തിരുമേനി ക്ഷോഭിച്ചപ്പോൾ പരേതനായ റാവുസാഹിബ് ഒ. എം. ചെറിയാൻ ബാവാ തിരുമനസിലെ പാദത്തിങ്കൽ കമഴ്ന്നുവീണ് പാവപ്പെട്ട സഭയെ നശിപ്പിക്കരുതേ എന്ന് കെഞ്ചിയപേക്ഷിച്ച ഉടനെ അസ്സോസിയേഷൻ യോഗം മാറ്റിവച്ചിരിക്കുന്നതായി പാത്രിയർക്കീസ് ബാവാ പ്രസ്താവിച്ചു. പള്ളിപ്രതിപുരുഷന്മാർ തിരികെവന്ന്, മെത്രാപ്പോലീത്താ തിരുമേനിയെ വിവരം അറിയിക്കാൻ സെമിനാരിയിൽ വന്നപ്പോൾ, ഊണും ഉറക്കവും ഉപേക്ഷിച്ച് സെമിനാരി വരാന്തയിൽ കൂടി അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്ന തിരുമേനിയെ ആണു കണ്ടത്. അവിടെ നടന്ന സകല വിവരവും തിരുമനസ്സറിയിച്ചു. അധിക ദിവസം കഴിയുന്നതിന് മുമ്പ് പാത്രിയർക്കീസ് ബാവാ കോട്ടയത്തെത്തി. സെമിനാരിയിൽ കയറാതെ നാഗമ്പടത്ത് ഇറങ്ങി. കളിവള്ളങ്ങളുടെ അകമ്പടിയോടെ പാണമ്പടി പള്ളിയിൽ എത്തിയ ബാവായെ, ഏതാനും നിമിഷങ്ങൾക്കുള്ളിൽ തന്നെ മെത്രാപ്പോലീത്താ തിരുമേനി, ചെറിയമഠം സ്കറിയാ മല്പാനോടൊപ്പം ചെന്നു കണ്ടു. കോട്ടയം ടൗണിൽ നിന്ന്, മെത്രാപ്പോലീത്തായുടെ അനുയായികൾ, ഈ ലേഖകൻ ഉൾപ്പെടെ ധാരാളം ആൾക്കാർ, ഈ സമയം കൊണ്ട് പാണമ്പടി പള്ളിയിൽ ഓടിയെത്തി. അവിടെ ആസനസ്ഥനായ ബാവാ തിരുമേനിയുടെ കാൽമുട്ടിൽ പിടിച്ചുകൊണ്ട്, മെത്രാപ്പോലീത്താ വളരെ ഗൗരവപൂർവം സഭാകാര്യങ്ങൾ അറിയിച്ചു. "ഈ സഭ പിളരാതിരിക്കാൻ 'മോറാന്' കിട്ടിയ ഈ അവസരം നഷ്ടപ്പെടുത്ത

രുതെ!" എന്ന് ഗദ്ഗദകണ്ഠനായി അറിയിച്ചു. തെക്കൻ സർക്കീട്ട് കഴിഞ്ഞ് തിരികെ വരുമ്പോൾ തമ്മിൽ കാണാമെന്ന് പാത്രിയർക്കീസ് ബാവാ അറിയിച്ചു. എന്നാൽ തെക്കൻ യാത്രയ്ക്കിടയിൽ മഞ്ഞിനിക്കര എത്തിയ ഏലിയാസ് പാത്രിയർക്കീസ് ബാവാ അവിടെ വച്ച് (1108 കുംഭത്തിൽ) കാലം ചെയ്കയാണ് ഉണ്ടായത്. വിവരം അറിഞ്ഞ ഉടനെ മെത്രാപ്പോലീത്താ തിരുമേനി മഞ്ഞിനിക്കരയിലെത്തി ഭൗതികദേഹം കണ്ട് ധൂപപ്രാർത്ഥന നടത്തി മടങ്ങിപ്പോന്നു.

കാതോലിക്കായ്ക്കൊരു ആസ്ഥാനം

തിരുവനന്തപുരം ഹൈക്കോടതിയിൽ നിന്ന് 1098-ൽ മെത്രാപ്പോലീത്തായ്ക്കെതിരായി വിധിയുണ്ടായപ്പോൾ മുതൽ ഈ പോക്ക് സഭയ്ക്ക് ദോഷമായിത്തീരുമെന്നും, സഭാസമാധാനം ഒരു കാലത്തും ഉണ്ടാകരുതെന്നാഗ്രഹിക്കുന്ന ഒരു കൂട്ടം ശീമഭക്തർ മലങ്കരയിൽ ഉള്ളിടത്തോളം കാലം പാത്രിയർക്കീസന്മാർ സത്യസന്ധമായി പെരുമാറുകയില്ലെന്നും, പിണിയാളുകളുടെ ആഗ്രഹത്തിനനുസരിച്ചേ പ്രവർത്തിക്കുകയുള്ളെന്നും മനസ്സിലാക്കിയ മാർ ദീവന്നാസ്യോസ് എന്ന ദീർഘദർശി, അബ്ദുൽ മിശിഹാ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ സ്ഥാപിച്ച കാതോലിക്കാ സിംഹാസനം തുടരണമെന്ന് ആഗ്രഹിക്കുകയും, കോട്ടയം ഇടവകയുടെ വാകത്താനം കാരുചിറ ഗീവർഗീസ് മാർ പീലക്സീനോസ് തിരുമേനിയെ രണ്ടാം കാതോലിക്കാ ആയി വാഴിക്കുകയും ചെയ്തു. അദ്ദേഹം താമസിയാതെ കാലം ചെയ്തു. നിരണം, തുമ്പമൺ, കൊല്ലം ഇടവകകളുടെ കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസിനെ 1104 കുംഭത്തിൽ (1929) മൂന്നാം കാതോലിക്കായായി വാഴിച്ചു.

കാതോലിക്കാബാവായ്ക്ക് താമസിക്കാൻ പറ്റിയ ഒരു സ്ഥലം കോട്ടയത്തുണ്ടാകണമെന്ന് തിരുമേനി ആഗ്രഹിച്ചു. ആയതിലേക്ക് പറ്റിയ ഒരു ഇരുപത് ഇരുപത്തിഅഞ്ച് ഏക്കർ സ്ഥലം ലഭിക്കാനുള്ള സാദ്ധ്യതയെക്കുറിച്ച് നേതൃനിരയിൽ ആലോചന നടക്കുന്ന കാലം. ഒരു ദിവസം സെമിനാരിയിൽ നിന്ന് കൊടുത്തയച്ച ഒരു കുറിപ്പിൽ, ഉച്ചകഴിഞ്ഞ്, എം. ഒ. തോമസ് വക്കീലിന്റെ കാറിൽ, ലേഖകൻ അവിടെ വരെ ചെല്ലണമെന്ന് ആവശ്യപ്പെട്ടിരുന്നു. ചെന്നപ്പോൾ തിരുമേനി കല്പിച്ചു, 'മകനെ! നിങ്ങളുടെ കൊല്ലാട് പ്രദേശത്ത് പുത്തനങ്ങാടി കൊച്ചുപുരയ്ക്കൽകാരുടെ വകയായി പത്തുമുപ്പത് ഏക്കർ സ്ഥലമുള്ളത് നമുക്ക് ഒന്നു പോയി കാണാം.' ഞാനും തിരുമേനിയും മണലിൽ യാക്കോബ് ശെമ്മാശനും കൂടി കാറിൽ കയറി. മൂലവട്ടം സി.എസ്.ഐ. സ്കൂളിന്റെ മുറ്റത്ത് കാർ നിർത്തി; കാടൻചിറ കുന്നിന്റെ നിറുകയിൽ കൂടി നടന്ന് സ്ഥലം മുഴുവൻ നോക്കിക്കണ്ട് മടങ്ങി. ഉടമസ്ഥരുമായി നടന്ന ആലോചന സഫലമായില്ല. തിരുമേനിയുടെ കാലത്ത് നടന്നില്ലെങ്കിലും തിരുമനസ്സിൽ തോന്നിയ അദമ്യമായ ഒരാഗ്രഹത്തിന്റെ

പൂർത്തീകരണമാണ് ഇന്ന് ദേവലോകത്തു കാണുന്ന കാതോലിക്കേറ്റ് അരമന. ഉയരങ്ങളിൽ നിന്നുള്ള മെത്രാപ്പോലീത്തായുടെ പ്രാർത്ഥന ആണ് ദേവലോകം അരമന വാങ്ങുന്ന കാര്യത്തിൽ ഉണ്ടായ സർവ എതിർപ്പുകളും പ്രയാസങ്ങളും മാറി സംഗതികൾ ലളിതവും എളുപ്പവുമായത് എന്ന സത്യം ഇക്കാര്യത്തിൽ പ്രവർത്തിച്ചിട്ടുള്ള ലേഖകന് ആത്മസംതൃപ്തിയോടെ പറയുവാൻ കഴിയും.

കിരീടധാരണവുമായുള്ള ബന്ധം

വയസ്കര വലിയ തിരുമേനിയും, വൈദ്യശാല മാനേജർ പന്തളം കൃഷ്ണവാര്യരും കൂടി ആലോചിച്ചു തീരുമാനിച്ച ഒരു പ്രത്യേക എണ്ണയും പ്രത്യേക കുഴമ്പും ആയിരുന്നു തിരുമേനി ഉപയോഗിച്ചിരുന്നത്. എന്റെ അപ്പൻ സി. റ്റി. വർക്കി വൈദ്യന്റെ മേൽനോട്ടത്തിൽ കിരീടധാരണ വൈദ്യശാലയിൽ വച്ചാണ് അത് നിർമ്മിച്ചിരുന്നത്. ഒരു രൂപയ്ക്ക് 'നാലു പറ' നെല്ല് കിട്ടിയിരുന്ന അക്കാലത്ത് തിരുമേനിയുടെ പേർക്കുള്ള ഇടങ്ങഴി എണ്ണയ്ക്കും ഏതാണ്ട് മൂന്നിടങ്ങഴി കുഴമ്പിനും കൂടി 250 രൂപ വില വരുമായിരുന്നു. അത്രയ്ക്കു വില കൂടിയ കസ്തൂരി മുതലായ മേൽ മരുന്നുകളാണ് അതിൽ ചേർത്തിരുന്നത്. തേച്ചുകുളിക്കുന്ന അന്ന് ആൾ അയച്ച് വൈദ്യശാലയിൽ നിന്ന് ആവശ്യത്തിനുള്ള എണ്ണയും കുഴമ്പും കൊണ്ടുപോവുക ആയിരുന്നു പതിവ്. ബില്ല് പരുമല സെമിനാരിയിൽ അയച്ച് പണം വാങ്ങിക്കൊള്ളണമെന്നായിരുന്നു തിരുമേനിയുടെ നിർദ്ദേശം. എന്തെങ്കിലും ആവശ്യത്തിനു സെമിനാരിയിൽ ചെന്നാൽ എണ്ണയുടെ പണം കിട്ടിയോ എന്ന് അന്വേഷിക്കുമായിരുന്നു. അത്രയും എണ്ണയ്ക്കും കുഴമ്പിനും ഇന്നത്തെ വിലയ്ക്ക് 2500 രൂപയാകും.

ഗീവറുഗീസ് ബസ്സേലിയോസ് കാതോലിക്കാ (വലിയ ബാവാ) യുടെ പിതൃസഹോദരീപുത്രനാണ് മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. ആ ബന്ധത്തിൽ മാർ ദീവന്നാസ്യോസ് ജ്യേഷ്ഠനും സെമിനാരി വിദ്യാഭ്യാസത്തിൽ ഗുരുവും ആയിരുന്നു. ബാവാതിരുമേനി ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ ബഹുമാനിക്കുന്നത് കണ്ടിട്ടുള്ളവർക്ക് മറക്കുവാൻ സാദ്ധ്യമല്ല. ചെറുപ്പകാലത്ത് പരുമല തിരുമേനിയുടെ കൂടെയും മെത്രാപ്പോലീത്താ ആയി കഴിഞ്ഞ് ദീവന്നാസ്യോസ് തിരുമേനിയുടെ കൂടെയും പരിചയിച്ചതാണ് കല്ലാശ്ശേരി ബാവായുടെ വളർച്ചയുടെ കാരണമെന്ന് അന്ന് പ്രായമുള്ള പട്ടക്കാരും നേതാക്കളും പറയുന്നത് കേട്ടിട്ടുണ്ട്.

അന്തിമ ദിനങ്ങൾ

1109-മാണ്ട് കുംഭ മാസം രണ്ടാം തീയതി രാവിലെ കാപ്പിമേശ കഴിഞ്ഞ് തിരുമനസ്സുകൊണ്ട് ഒരു കഷണം ഗാലിപ്പുകയില ചവച്ചുകൊണ്ട് കസേരയിൽ കിടന്ന് പത്രം വായിച്ചു കേൾക്കുന്നു. പെട്ടെന്ന് ഉമിനീർ വിക്കിയമാതിരി

തൊണ്ടയിൽ നിന്ന് ചില ശബ്ദങ്ങൾ കേട്ട് ഓടിവന്ന, അടുത്ത മുറിയിൽ ഉണ്ടായിരുന്ന പട്ടക്കാരൻ തിരുമേനിയുടെ പ്രയാസം കണ്ട് കോട്ടയം കിരീടധാരണ വൈദ്യശാലയിലേക്ക് ആൾ വിട്ടു. വിവരം അറിഞ്ഞ ഉടനെ എന്റെ പിതാവ് ഒരു റിക്ഷയിൽ കയറി സെമിനാരിയിൽ എത്തി. പുറകെ ഞാനും ഒരു സൈക്കിളിൽ എത്തി. രോഗഗൗരവം മനസ്സിലാക്കിയ എന്റെ പിതാവ് ഉടനെ വയസ്കര തിരുമേനിയെയൊ ഒളശ്ശ തിരുമേനിയെയോ വിളിച്ചു കൊണ്ടുവരുവാൻ എന്നെ ചുമതലപ്പെടുത്തി. ഒട്ടും താമസിക്കാതെ ഒളശ്ശ ഇല്ലത്തെ തിരുമേനിയെ കൊണ്ടുവന്നു. ചികിത്സ ആരംഭിച്ചു. ഞങ്ങളുടെ വൈദ്യശാലയിലെ ജോലിക്കാരനാണ് തിരുമേനിക്ക് നിശ്ചയിച്ചതായ ചികിത്സാവിധികൾ നടത്തിയത്. ധാര കോരുക, തളം വയ്ക്കുക, കിഴി കുത്തുക തുടങ്ങിയ വിധികൾ ഇടമുറിയാതെ ചെയ്തുകൊണ്ടിരുന്നു.

ആ കിടപ്പ് ബോധമില്ലാതെ കുംഭ മാസം 9-ാം തീയതി വരെ കിടന്നു. തിരുമനസ്സുകൊണ്ട് സെമിനാരിയിൽ ആസന്നമരണനായി കിടക്കുന്നു, ശെമ്മാശന്മാരും വൈദിക വിദ്യാർത്ഥികളും പട്ടക്കാരും കാതോലിക്കാ ബാവായും മെത്രാപ്പോലീത്താമാരും ഇടമുറിയാതെ സുറിയാനിയിലും മലയാളത്തിലും ഗീതങ്ങളും പ്രാർത്ഥനകളും നടത്തുന്നു.

ഈ ലേഖകനുൾപ്പെടെ ഒരു പറ്റം സഭാസ്നേഹികൾ രാത്രിയിൽ കിടപ്പു പോലും സെമിനാരി വരാന്തയിലാക്കിയിരുന്നു. അങ്ങനെയിരിക്കെ തിരുമേനി കാലം ചെയ്യുന്നതിന് തലേന്നാൾ, സമയം വെളുപ്പിന് നാലു മണിയായിക്കാണും. ഒരു കാർ സെമിനാരി അങ്കണത്തിൽ വന്നു നിന്നു. ഒരാഴ്ചക്കാലം ഉറക്കമിളപ്പും ക്ഷീണവും കാരണം മിക്കവാറും ആളുകൾ നല്ല ഉറക്കത്തിലാണ്ടു കഴിഞ്ഞു. കാറിൽ നിന്ന് ഒരു രൂപം തലയിൽ തൂവാല ഇട്ട് മൂടിക്കെട്ടി ഇറങ്ങി വന്നു തിരുമേനി കിടക്കുന്ന മുറിയിലേക്കു കയറി. കാൽക്കൽ ചലനമറ്റു നിന്നുകൊണ്ട് വായു വലിക്കുന്ന തിരുമേനിയെ, ഒരു നിമിഷം നോക്കിക്കണ്ടു. പിന്നീട് മുട്ടുകുത്തി തിരുമനസ്സിലെ കാലിൽ മുത്തി. എഴുന്നേറ്റ് തിരിഞ്ഞു നടന്ന് കാറിൽ കയറി. പെട്ടെന്ന് ആൾക്കാർ ഉണർന്നു. തിരുമേനിയുടെ ശിഷ്യനായിരുന്ന, റീത്തിൽ പോയ ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ആയിരുന്നു ഗുരുവിന്റെ പാദങ്ങൾ ചുംബിക്കാൻ, ഇരുട്ടിനെ പിൻപറ്റി സെമിനാരിയിൽ കയറിവന്നത്.

1109-മാണ്ട് കുംഭ മാസം 9-ാം തീയതി മലങ്കരസഭാഭാസുരൻ കാലം ചെയ്തു. അന്നുവരെ മലങ്കര കണ്ടിട്ടില്ലാത്ത വലിയ ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ ഭൗതികാവശിഷ്ടം പിറ്റെദിവസം സെമിനാരി ചാപ്പലിന്റെ മദ്ബഹായുടെ തെക്കുഭാഗത്ത് സംസ്കരിച്ചു.

(1984-ലെ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ചരമ കനക ജൂബിലി സ്മരണികയിൽ കൊച്ചുകൊച്ച് എഴുതിയത്. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)

5

ഒന്നാം കാതോലിക്കാ വാഴ്ച

ആലപ്പുഴ ജില്ലാക്കോടതി വിധിക്കു ശേഷവും തിരുവനന്തപുരം ഹൈക്കോടതി വിധിക്കു മുമ്പും സഭയിൽ മുടക്കിനെ തുടർന്ന് ഉണ്ടായ സ്തംഭനാവസ്ഥ ഒഴിവാക്കാൻ സഭാനേതാക്കളെ പല തവണ ക്ഷണിച്ചു വരുത്തി മാർ ദീവന്നാസ്യോസ് ചർച്ച നടത്തി വന്നു. ഇതിന്റെ ഫലമായി അന്ത്യോഖ്യയിലെ സീനിയർ പാത്രിയർക്കീസായ അബ്ദുൽ മശിഹായെ വരുത്തി മലങ്കരസഭയ്ക്ക് ഒരു കാതോലിക്കായെ വാഴിച്ചു തരാൻ അഭ്യർത്ഥിക്കണമെന്നു തീരുമാനിച്ചു. അന്ന് മത്തായി ശെമ്മാശൻ (പിന്നീട് ഔഗേൻ റമ്പാനും നാലാം കാതോലിക്കാ ബാവായും) അന്ത്യോഖ്യയിൽ സുറിയാനി പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം മുഖേന, പാത്രിയർക്കാ സ്ഥാനത്തിന് ഒരു ന്യൂനതയും ഇല്ലാത്ത അബ്ദുൽ മശിഹായെ വിവരം ധരിപ്പിച്ചു. തുടർന്ന് അബ്ദുൽ മശിഹായുടെ വരവു സംബന്ധിച്ച കമ്പിസന്ദേശവും മലങ്കരയ്ക്കു ലഭിച്ചു (ഭരണത്തിലിരുന്ന അബ്ദുള്ളാ ബാവാ, കാതോലിക്കേറ്റ് സ്ഥാപിക്കുന്നതിന് എതിരായിരുന്നു).

ഇതിനകം സഭയിൽ രണ്ടു കക്ഷികൾ വ്യക്തമായി രൂപംകൊണ്ടിരുന്നു. എല്ലാം രഹസ്യമായി ചെയ്തു എങ്കിലും അബ്ദുൽ മശിഹായുടെ ആഗമന വിവരം അറിഞ്ഞ എതിർകക്ഷികൾ അദ്ദേഹം കോട്ടയം ജില്ലയിൽ പ്രവേശിക്കുന്നതിനെതിരെ കോട്ടയം പേഷ്ക്കാരിൽ നിന്നു ഇൻജംക്ഷൻ നേടി. തന്നിമിത്തം അദ്ദേഹം കൊച്ചിയിൽ നിന്നു ബോട്ടുമാർഗം ആലപ്പുഴയിൽ എത്തുകയും അവിടെനിന്നു നിരണം പള്ളിയിൽ വരികയുമാണുണ്ടായത്. കാതോലിക്കായായി ഗീവറുഗീസ് മാർ ദീവന്നാസ്യോസിനെ വാഴിക്കാമെന്നു പാത്രിയർക്കീസ് നിർദ്ദേശിച്ചു എങ്കിലും കേസിൽ പ്രതിയായതിനാൽ അദ്ദേഹം സ്ഥാനം സ്വീകരിച്ചില്ല. പാത്രിയർക്കീസ് വാഴിച്ച ഒരു മെത്രാനെ മാത്രമേ അദ്ദേഹം കാതോലിക്കായായി അവരോധിക്കുകയുള്ളു എന്നു ശഠിച്ചു.

അബ്ദുൽ മശിഹായുടെ നിർബന്ധം സഭാനേതാക്കളെ ഏതാണ്ടു വെട്ടിലാക്കിയെന്നു പറയാം. 1876-ൽ പത്രോസ് പാത്രിയർക്കീസ് വാഴിച്ച കണ്ടനാട് ഇടവകയുടെ മുറിമറ്റത്തിൽ മാർ ഈവാനിയോസിനോട്, അന്ന് മൂവാറ്റുപുഴയിൽ പ്രാക്ടീസ് ചെയ്തിരുന്ന കുറിച്ചി തോപ്പിൽ പുന്നൂസ് വക്കീലിനു വളരെ താല്പര്യവും സ്നേഹബഹുമാനാദരങ്ങളും ഉണ്ടായിരുന്നു. അദ്ദേഹവും കോട്ടയത്തുനിന്ന് എത്തിയ കെ. സി. മാമ്മൻ മാപ്പിളയും ഒന്നിച്ച് അർദ്ധരാത്രിയിൽ പാമ്പാക്കുടയിൽ എത്തി മെത്രാപ്പോലീത്തായെ വിളിച്ചു



ഒന്നാം കാതോലിക്കായുടെ വാഴ്ചയ്ക്കു ശേഷം പ. അബ്ദൽ മശിഹാ പാത്രിയർക്കീസ് പ. വട്ടശേരിൽ തിരുമേനി, ഒന്നാം കാതോലിക്കാ, യൂയാക്കിം മാർ ഈവാനിയോസ്, ഗീവർഗീസ് മാർ പീലക്സിനോസ് (രണ്ടാം കാതോലിക്കാ), ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (മൂന്നാം കാതോലിക്കാ) എന്നിവരോടൊപ്പം.



പ. ഗീവറുഗീസ് രണ്ടാമൻ ബാവാ, പ. ഗീവറുഗീസ് മാർ ദീവന്നാസ്യോസ് (വട്ടശ്ശേരിൽ), മെത്രാപ്പോലീത്താമാർ എന്നിവരോടൊപ്പം (1929).

ണർത്തി. ഇവരുടെ നിർബന്ധം മൂലം രാത്രിതന്നെ മെത്രാപ്പോലീത്താ നിരണത്തു ചെന്ന് ബാവായെ സന്ദർശിച്ചു. വൃദ്ധനായ മാർ ഈവാനിയോസിനെ ബാവാ സകല വിവരങ്ങളും ധരിപ്പിച്ചു. മാർ ഈവാനിയോസ് കരഞ്ഞുകൊണ്ട് 'എന്റെ ആളുകൾ മുഴുവൻ മറുപക്ഷമാണ്. എന്നെ ഇതിനു നിർബന്ധിക്കരുത്. അവർ എന്നെ കൊല്ലും' എന്നുവരെ പറഞ്ഞുവച്ചു. 'മലങ്കര സഭ നശിക്കാതിരിക്കാൻ മെത്രാച്ചൻ ഈ സ്ഥാനം സ്വീകരിച്ചേ തീരൂ' എന്നുള്ള പാത്രിയർക്കീസിന്റെ കല്പന മാർ ഈവാനിയോസ് സ്വീകരിക്കുകയും അദ്ദേഹത്തെ മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കായായി അവരോധിക്കുകയും ചെയ്തു. 'മലങ്കരസഭ ഉള്ളിടത്തോളം ഈ സ്ഥാപനം തുടരണ'മെന്നുള്ള സ്ഥാത്തിക്കോനും (അനുവാദ കല്പന) നൽകി. കാതോലിക്കാബാവായുടെ പിന്നിൽ നിന്നു പ്രവർത്തിച്ച സുപ്രധാന വ്യക്തിയായ ഔഗേൻ റമ്പാനും വടക്കരുടെ പ്രതിഷേധം തള്ളിക്കളഞ്ഞുകൊണ്ട് നിരണത്തെ കാതോലിക്കാ വാഴ്ചയിൽ പങ്കെടുത്തു. അദ്ദേഹം മലങ്കരയിലെ നാലാമത്തെ കാതോലിക്കായായി അന്ത്യോഖ്യയിലെ ഒരു പാത്രിയർക്കീസിനാൽ വാഴിക്കപ്പെടുമെന്ന് അന്നാരും സ്വപ്നംപോലും കണ്ടിരുന്നില്ല. മനുഷ്യന്റെ തന്ത്രങ്ങൾ ബാലിശവും ദൈവത്തിന്റെ വഴികൾ എത്രയധികം അഗോചരവും അദ്ഭുതകരവും ആണ്. പാത്രിയർക്കീസ് കാതോലിക്കാ വാഴ്ചയ്ക്കു മുമ്പ് കുറിച്ചി കല്ലാശ്ശേരിൽ പുന്നൂസ് റമ്പാനെ മാർ ഗ്രീഗോറിയോസ് എന്ന പേരിലും വാകത്താനം കാരുചിറ ഗീവറുഗീസ് റമ്പാനെ പീലക്സിനോസ് എന്ന പേരിലും കരോട്ടുവീട്ടിൽ യൂയാക്കിം റമ്പാനെ ഈവാനിയോസ് എന്ന പേരിലും വാഴിച്ചിരുന്നു.

5

സമാധാന യജ്ഞം

സഭ നശിക്കാതിരിക്കാനും അകാരണമായ മുടക്കു തീർക്കാനുമായി ശീമയിൽ ചെന്നു ഏലിയാസ് പാത്രിയർക്കീസിനെ കാണാൻ കേസിൽ തോറ്റ വട്ടശ്ശേരിൽ തിരുമേനി തീരുമാനിച്ചു. തിരുവനന്തപുരം പള്ളിവികാരി തുമ്പമൺ പൂതക്കുഴിയിൽ ഏബ്രഹാം അച്ചനും ചെറിയമഠത്തിൽ സ്കറിയാ മല്പാനും ബഥനി മാർ ഈവാനിയോസിന്റെ വാല്യക്കാരൻ കുന്നംകുളം സ്വദേശി വാറുവും മെത്രാപ്പോലീത്തായെ അനുഗമിച്ചു.

പാത്രിയർക്കീസിന്റെ കുർക്കുമാ ദയറായിൽ 40 ദിവസം താമസിച്ചു. വി. കുർബാനയിൽ പങ്കെടുത്തു മുടക്കു തീർത്തു കല്പന എഴുതി. വട്ടശ്ശേരിൽ തിരുമേനിയും കൂടിചേർന്നു വാഴിച്ച മാർ യൂലിയോസിനെ ഈ കല്പന ഏല്പിച്ചു വട്ടശ്ശേരിൽ തിരുമേനിയുടെ കൂടെ കേരളത്തിലേക്കു വിട്ടു. കല്പനയിലെ വിവരങ്ങൾ എന്താണെന്നു വായിച്ചു കേൾക്കുന്നതിനു ആർക്കോണത്തു വച്ചു എല്ലാവർക്കും സാധിച്ചു. ഇതുവരെ കല്പനയിലെ വിവരങ്ങൾ വട്ടശ്ശേരിൽ തിരുമേനിക്കും അജ്ഞാതമായിരുന്നു. ചെറിയമഠത്തിൽ സ്കറിയ മല്പാനച്ചനാണു കല്പന വായിച്ചത്. വായിച്ചപ്പോൾ ഇരുവശങ്ങളിലുമായി വട്ടശ്ശേരിൽ തിരുമേനിയും മാർ യൂലിയോസും നിലകൊണ്ടിരുന്നു. സമാധാന ദൗത്യസംഘത്തെ സ്വീകരിക്കാൻ ആർക്കോണത്തു എത്തിയ പാറേട്ട് മാത്യൂസ് കത്തനാരും ബഥനിയുടെ മാർ ഈവാനിയോസും തദവസരത്തിൽ സന്നിഹിതരായിരുന്നു. അവരെയും കല്പനയുടെ ഉള്ളടക്കം വട്ടശ്ശേരിൽ തിരുമേനി അറിയിച്ചു (ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ കെ. വി. മാമ്മൻ രചിച്ച 'മലങ്കരസഭയുടെ ഗമാലിയേൽ' എന്ന ചെറിയമഠത്തിൽ മല്പാനച്ചന്റെ ജീവചരിത്രത്തിൽ ഉണ്ട്.).

ഇതിനിടയിൽ ഈ കല്പന മുക്കുന്നതിനുവേണ്ടി സി. ജെ. കുര്യൻ വടക്കൻ തോമ്മാ എന്നൊരാൾ വശം ഒരു കത്ത് ആരും കാണാതെ യൂലിയോസിനെ ഏല്പിച്ചു. സമുദായക്കേസിൽ ചെലവാക്കിയ പണം തരാതെ മുടക്കു തീർത്ത കല്പന വായിക്കരുത് എന്നായിരുന്നു കത്തിലെ ഉള്ളടക്കം.

കത്തു നല്കിയശേഷം തോമ്മാ, സി. ജെ. കുര്യന് ഒരു കമ്പി അടിച്ചു 'Met Merchant Price agreed' (വ്യാപാരിയെ കണ്ടു വില സമ്മതിച്ചു). ഈ വ്യാപാരിയുടെ കൊള്ളരുതായ്മ, വിവരിക്കാതെ എല്ലാവർക്കും സുപരിചിതമാണല്ലോ. തുടർന്ന് തോമ്മായുമൊന്നിച്ചു യൂലിയോസ് യാത്ര തിരിക്കുന്നതിനു മുമ്പാണു കല്പന വായിക്കണമെന്നു വട്ടശ്ശേരിൽ തിരുമേനി നിർദ്ദേശിച്ചത്. യൂലിയോസിനു സി. ജെ. കുര്യൻ കത്തു നല്കിയ വിവരം സ്കറിയാ

മല്പാൻ അറിഞ്ഞു. കുര്യന്റെ കത്തു വായിച്ചശേഷം 'ഞങ്ങൾ രണ്ടു ദിവസം കഴിഞ്ഞു കോട്ടയം സെമിനാരിയിൽ എത്തിക്കൊള്ളാം' എന്നു പറഞ്ഞു മാർ യൂലിയോസും തോമ്മായും സ്ഥലംവിട്ടു. ബുദ്ധിമാനായ വട്ടശ്ശേരിൽ തിരുമേനിയും കാര്യങ്ങൾ ഗ്രഹിച്ചു. അടുത്ത ഞായറാഴ്ച ഏലിയാ ചാപ്പ ലിൽ താൻ കുർബാന അർപ്പിക്കുന്ന വിവരം മനോരമപ്പത്രം മുഖേന തലേ ശനിയാഴ്ച ആളുകളെ അറിയിച്ചു. ഞായറാഴ്ച രാവിലെ എട്ടു മണിക്കു മുമ്പ് അനേകായിരം ആളുകൾ എം.ഡി. സെമിനാരിയിൽ എത്തി. എം.ഡി. സെമിനാരി ബോർഡിംഗിലെ ഏതാനും കുട്ടികൾക്കുവേണ്ടി ആരാധന നട ത്തുന്നതിനുള്ള ഒരു ചെറിയ ചാപ്പലായിരുന്നു അന്നു മാർ ഏലിയാ ചാപ്പൽ.

മെത്രാപ്പോലീത്താ വി. കുർബാന കഴിഞ്ഞ്, ചാപ്പലിന്റെ പടിഞ്ഞാറു വശത്ത് നേരത്തെ തയ്യാറാക്കിയിരുന്ന പ്ലാറ്റ്ഫോറത്തിൽ കയറി. 1098-ലെ ഹൈക്കോടതിവിധി വായിച്ചശേഷം ഒരു കുലുക്കവും കൂടാതെ ഇരുന്ന തിരു മേനി, ഇത്രയധികം ജനങ്ങൾ അവിടെ തടിച്ചു കൂടിയതു കണ്ടപ്പോൾ അവരെ ആശ്വസിപ്പിക്കുകയും തുടർന്നു പൊട്ടിക്കരയുകയും ചെയ്തതാണ് എന്റെ പിതാവിനോടൊപ്പം ഞാൻ കണ്ടത്. "മുടക്കു തീർത്തുകൊണ്ടുള്ള കല്പനയുമായി മാർ യൂലിയോസ് മുങ്ങിയതിന്റെ സങ്കടം കൊണ്ടല്ല, എന്റെ പ്രിയപ്പെട്ട വത്സലരെ കാണാൻ ഇതുപോലെ ഒരവസരം തന്ന ദൈവ മുമ്പാകെ കരഞ്ഞുപോയതാണ്. ദാനിയേലിനെ സിംഹക്കുഴിയിൽ ഇട്ടു. എന്നാൽ സിംഹങ്ങൾ അവനെ ഉപദ്രവിച്ചില്ല. ഈ വയസ്സുകാലത്തു സഭ നശിക്കാതിരിക്കാൻ ഞാൻ പോയതാണ്. എന്നാൽ ദൈവം സമ്മതിച്ചില്ല എന്നു വേണം വിചാരിക്കാൻ. സത്യം, നീതി എന്നിവയെ മുറുകെപ്പിടിച്ചു കൊണ്ട് നാം ധർമ്മയത്നം ചെയ്തു. സാത്വികമായ പരിശ്രമത്തിലും തോൽ വിയും കഷ്ടപ്പാടും സഹജമാണ്; എന്നിരുന്നാലും സത്യത്തെയും നീതി യേയും ഒരു കാലത്തും ഒരുത്തർക്കും തോല്പിക്കാൻ സാധ്യമല്ല."

ഇത്രയും പറഞ്ഞതിനുശേഷം ശീമയാത്രയെപ്പറ്റിയും അവിടെ താമസിച്ച ദിവസങ്ങളിലെ കാര്യങ്ങളെപ്പറ്റിയും അവിടെ ഉണ്ടായിരുന്ന മെത്രാന്മാരുടെ സൽപ്പെരുമാറ്റത്തെപ്പറ്റിയും ആറാഴ്ചയ്ക്കുശേഷം മുടക്കുതീർത്തു കല്പന എഴുതി യൂലിയോസ് വശം നൽകിയതിനെപ്പറ്റിയും മെത്രാപ്പോലീത്താ വിവ രിച്ചു. തിരുമേനി തുടർന്നു: "നമ്മുടെ ചുമതല നാം നിർവഹിച്ചു. ദുഃഖവെള്ളി യാഴ്ച ക്രൂശിക്കപ്പെട്ട യേശുവിനെ കണ്ടു ദുഃഖിച്ചവർ ഉയിർപ്പു ഞായറാഴ്ച സന്തോഷിച്ചതുപോലെ നിങ്ങൾ സന്തോഷിക്കും."


വട്ടശ്ശേരിൽ തിരുമേനിക്കു ദോഷമായി കേസു വിധിച്ച ചീഫ് ജസ്റ്റീസ് വീരരാഘവയ്യങ്കാർ റിട്ടയർ ചെയ്ത ഉടനെ ചാർജെടുത്ത ചാറ്റ്ഫീൽഡിനോടു റിവ്യൂ പെറ്റീഷൻ പരിഗണിക്കണമെന്നു ഇ. ജെ. പീലിപ്പോസ് വക്കീൽ അറി യിച്ചു. എതിർകക്ഷിക്കു നോട്ടീസയച്ചശേഷം വാദം കേൾക്കുകയും റിവ്യൂ

അനുവദിക്കുകയും ചെയ്തു. പിന്നീട് കേസ് വിചാരണ നടത്തി മെത്രാപ്പോലീത്തായുടെ മുടക്ക് സ്വാഭാവികനീതിക്കു വിരുദ്ധവും അസാധുവുമാണെന്നു കൊല്ലവർഷം 1103 മിഥുനത്തിൽ ചീഫ് ജസ്റ്റീസ് ചാറ്റ്ഫീൽഡ്, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, ജോസഫ് തളിയത്ത് എന്നിവരുൾപ്പെട്ട ഫുൾബഞ്ച് വിധി പ്രസ്താവിച്ചു. തുടർന്ന് വട്ടശ്ശേരിൽ തിരുമേനി വടക്കുള്ള പല പള്ളികളും സന്ദർശിച്ചു. ഇരുപതു വർഷത്തെ വട്ടിപ്പണപ്പലിശ മണലിൽ യാക്കോബ് ശെമ്മാശനെ അയച്ചു തിരുവനന്തപുരം ട്രഷറിയിൽ നിന്ന് ഏറ്റുവാങ്ങുകയും ചെയ്തു.

ഈ സന്ദർഭത്തിൽ സിറിയയിലെ പാത്രിയർക്കീസ് ഏലിയാസ് തൃതീയൻ പരിവാരസമേതം ആലുവായിൽ എത്തിയെന്ന വിവരം ലഭിച്ചു. ഈ വാർത്തയറിഞ്ഞ് ഒരു വലിയ ജനക്കൂട്ടം പഴയസെമിനാരിയിൽ കൂടി. ഞാനും അതിൽ സംബന്ധിച്ചിരുന്നു. വി. കുർബാനയ്ക്കുശേഷം എല്ലാവരോടും അവിടിരിക്കുവാൻ മാർ ദീവന്നാസ്യോസ് കല്പിച്ചു. "ഏലിയാസ് പാത്രിയർക്കീസ് ബാവാ ആലുവായിൽ എത്തിയ വിവരം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ? മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ നാം അദ്ദേഹത്തെ ഒന്ന് കാണേണ്ട മര്യാദ ഉണ്ട്. നിങ്ങൾ അതിന് എതിര് പറയരുത്" എന്നു പറഞ്ഞ് പ്രസംഗം ചുരുക്കി. കൈമുത്തും, കാപ്പിമേശയും കഴിഞ്ഞ് അനേകം കാറുകളിൽ നമ്മുടെ ആളുകൾ അദ്ദേഹത്തെ അനുഗമിച്ചിരുന്നു. തിരുമേനി തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ പ്രവേശിച്ച് ലുത്തിനിയായ്ക്കുശേഷം ബാവായുടെ മുറിയിൽ കയറി കൈമുത്തി. തിരുമേനിയോടു ഇരിക്കുവാൻ ബാവാ കല്പിച്ചതനുസരിച്ച് ഇരുന്നു. കുശലപ്രശ്നങ്ങൾ കഴിഞ്ഞ് മുടക്കു തീർക്കുവാൻ ശീമയിൽ ചെന്ന് താമസിച്ചതു മുതൽ ഇന്നുവരെയുള്ള സകല ചരിത്രങ്ങളും മോറാനെ ഓർമ്മിപ്പിച്ചു. മോറാന്റെ സമീപത്തിരുന്ന മെത്രാപ്പോലീത്തന്മാരായ മീഖായേൽ, അത്താനാസ്യോസ്, ഔഗേൻ, യൂലിയോസ് എന്നിവരുടെ പെരുമാറ്റരീതിയെപ്പറ്റിയും അല്പം സൂചിപ്പിച്ചു. ഉടൻതന്നെ ബാവാ സമാധാനം കൊടുക്കുവാൻ കല്പിച്ചു. എല്ലാവരും പരസ്പരം സമാധാനം കൊടുത്തു.

അന്ന് ആലുവായിൽ ഉണ്ടായിരുന്ന പുതുപ്പള്ളി പാറേട്ട് എൻജിനീയർ ജോർജ് ഫിലിപ്പാണു ബാവായ്ക്കു സമ്മാനിക്കുവാനായി ഒന്നാംതരം ഓറഞ്ച്, ആപ്പിൾ, മുന്തിരികൂടകൾ എന്നിവ വാങ്ങി വട്ടശ്ശേരിൽ തിരുമേനിയെ ഏല്പിച്ചത്. സന്ദർശനം കഴിഞ്ഞു പിന്നീട് സഭാകാര്യങ്ങൾ ചർച്ച ചെയ്യാമെന്നു പറഞ്ഞു വട്ടശ്ശേരിൽ തിരുമേനി കോട്ടയത്തേക്കു മടങ്ങുകയാണുണ്ടായത്. ഏതാനും ദിവസങ്ങൾ കടന്നുപോയി. പാത്രിയർക്കീസ് ഇതിനകം ആരുടെയോ ദുരാലോചനകൾക്കു വശംവദനായി കുറുപ്പംപടി പള്ളിയിൽ തന്റെ അദ്ധ്യക്ഷതയിൽ മലങ്കര അസോസിയേഷൻ ചേരുന്നതിനു എല്ലാ പള്ളികൾക്കും നോട്ടീസ് നൽകി. കല്പനപ്രകാരം എല്ലാവരും

കുറുപ്പംപടിയിൽ ചെല്ലണമെന്നു ബുദ്ധിമാനായ വട്ടശ്ശേരിൽ തിരുമേനി നിർദ്ദേശിച്ചു. അദ്ദേഹത്തെ അനുകൂലിക്കുന്ന പള്ളിക്കാരെല്ലാം അധികാരപത്രവുമായി നിശ്ചിത ദിവസം രാവിലെ എട്ടുമണിയോടെ യോഗസ്ഥലമായ കുറുപ്പംപടി പള്ളിയിൽ പ്രവേശിച്ചു. ഉടനെ പോലീസ് എത്തി എല്ലാവരും ഇറങ്ങണമെന്നാവശ്യപ്പെട്ടു. പള്ളിക്കു വന്ന കല്പനപ്രകാരം ഇടവകക്കാർ തെരഞ്ഞെടുത്തതു സംബന്ധിച്ച അധികാരപത്രവുമായിട്ടാണു തങ്ങൾ എത്തിയിരിക്കുന്നതെന്നു കൊച്ചി റിട്ട. പോലീസ് കമ്മീഷണർ വ്യക്തമാക്കിയപ്പോൾ പോലീസ് പിൻവാങ്ങി. പാത്രിയർക്കീസിന്റെ കല്പനപ്രകാരം തന്നെ അവർ വന്നതാണെന്നു പോലീസ് പാത്രിയർക്കീസിനെയും മെത്രാന്മാരേയും ധരിപ്പിച്ചപ്പോൾ പാത്രിയർക്കീസ് പള്ളിയിൽ കയറി യോഗം പിരിച്ചുവിട്ടതായി പ്രഖ്യാപിച്ചു. ഈ സമയം റാവുസാഹിബ് ഒ. എം. ചെറിയാൻ, പാത്രിയർക്കീസിന്റെ മുമ്പിൽ കമന്നുവീണു തങ്ങളുടെ സങ്കടങ്ങൾ കേൾക്കണമെന്നഭ്യർത്ഥിച്ചു. പാത്രിയർക്കീസ് കോപിച്ചു സ്ഥലംവിട്ടു. ഞങ്ങൾ മടങ്ങിപ്പോരുകയും ചെയ്തു (നിയമമനുസരിച്ച് ഒരു പാത്രിയർക്കീസിനു മലങ്കര അസോസിയേഷൻ വിളിച്ചു കൂട്ടാനുള്ള അവകാശമില്ലെന്നുള്ളതു മറ്റൊരു വസ്തുത).



ഒ. എം. ചെറിയാൻ

6

രണ്ടാം കാതോലിക്കാ

രണ്ടാം കാതോലിക്കായായിത്തീർന്ന വാകത്താനം കാരുചിറ ഗീവറുഗീസ് റമ്പാൻ, കല്ലാശ്ശേരി പുന്നൂസ് റമ്പാൻ, പൗലൂസ് റമ്പാൻ, യൂയാക്കീം റമ്പാൻ എന്നിവർ ഒന്നിച്ച് ഏതാനും വർഷം പരുമലയിൽ താമസിച്ചു പഠിച്ചു. ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ താമസിച്ചിരുന്ന കടവിൽ മാർ അത്താനാസ്യോസ് ഒരു ദിവസം പരുമല തിരുമേനിയുടെ അനുവാദപ്രകാരം ഗീവറുഗീസ് റമ്പാനെ ആലുവായിൽ അദ്ദേഹത്തെ സഹായിക്കാനായി കൊണ്ടുപോയി. കടവിൽ തിരുമേനി അവസാനകാലത്തു മുഴുവൻ സ്വത്തുക്കളും അരമനയും വിൽപത്രം എഴുതി അനന്തര അവകാശി എന്ന നിലയിൽ ഗീവറുഗീസ് റമ്പാനു നൽകി. കടവിൽ തിരുമേനി കാലം ചെയ്ത ശേഷം മലങ്കരയിൽ വന്ന അബ്ദുള്ളാ പാത്രിയർക്കീസ്, വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയതിനെ തുടർന്നുണ്ടായ ബഹളം തൃക്കുന്നത്തു സെമിനാരിയിലും അലയടിച്ചു. ശാന്തനും പുണ്യജീവിതപ്രേമിയുമായ ഗീവറുഗീസ് റമ്പാനെ പാത്രിയർക്കീസിന്റെ അനുഭാവികൾ നിഘണ്ടുവിൽ ഇല്ലാത്ത വാക്കുകൾകൊണ്ടും ഭീഷണികൊണ്ടും അഭിഷേകം ചെയ്തു. അദ്ദേഹത്തിന്റെ ജീവൻ തന്നെ ത്രാസിൽ തൂങ്ങുന്ന രംഗങ്ങളും ചിലർ സൃഷ്ടിച്ചു. രണ്ടു ദിവസം കഴിഞ്ഞ് ഒരർദ്ധരാത്രിയിൽ റിക്കാർഡുകളും സെമിനാരി പൂട്ടി താക്കോലുകളുമായി ഒരു വളവര വച്ച വള്ളത്തിൽ അദ്ദേഹം കോട്ടയത്തു വന്നു അവയെല്ലാം വട്ടശ്ശേരിൽ തിരുമേനിയെ ഏല്പിച്ചു. റമ്പാച്ചൻ ഭയന്നു ഇങ്ങനെ പ്രവർത്തിച്ചതിൽ മെത്രാപ്പോലീത്തായ്ക്കു നീരസം തോന്നി. അവിടെത്തന്നെ തങ്ങേണ്ടതായിരുന്നു എന്നും വട്ടശ്ശേരിൽ തിരുമേനി പറഞ്ഞു.


പിന്നീട് വാകത്താനത്തെ സ്വകുടുംബാംഗവും അവിവാഹിതനുമായ കളപ്പുരയ്ക്കൽ അച്ചൻ താമസിച്ചിരുന്ന ഒരു കെട്ടിടവും ഒരു ചെറിയ പള്ളിയും ഗീവറുഗീസ് റമ്പാച്ചന്റെ പേർക്കു എഴുതിവച്ചിരുന്നതനുസരിച്ച് അദ്ദേഹം അവിടെ താമസിക്കുകയും കുർബാന ചൊല്ലുകയും ചെയ്തുവന്നു.

അബ്ദുൽ മശിഹാ പാത്രിയർക്കീസ് 1912-ൽ മലങ്കര സന്ദർശിച്ചപ്പോൾ കാരുചിറ റമ്പാച്ചനെ കോട്ടയം ഇടവകയ്ക്കു വേണ്ടി പീലക്സിനോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. അദ്ദേഹം ഒന്നര ദശാബ്ദം കോട്ടയം മെത്രാനായി ഭരിച്ചു. തുടർന്ന് നിരണം പള്ളിയിൽ വച്ചു കൊല്ലവർഷം 1100-ൽ കല്ലാശ്ശേരിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസും കരോട്ടുവീട്ടിൽ യൂയാക്കീം മാർ ഈവാനിയോസും കൂടി മലങ്കരയിലെ രണ്ടാം കാതോലിക്കായായി വാഴിച്ചു. കാതോലിക്കാ വാഴ്ചയെ തുടർന്ന് പുതുപ്പള്ളി നിലയ്ക്കൽ

പള്ളിയിലേക്ക് അദ്ദേഹത്തെ ആഘോഷപൂർവം വരവേറ്റു. ഒരു വമ്പിച്ച ജന ക്കൂട്ടം അതിൽ സംബന്ധിച്ചിരുന്നു. അന്ന് റാവുസാഹിബ് ഒ. എം. ചെറി യാൻ ചെയ്ത പ്രൗഢഗംഭീരമായ പ്രസംഗത്തിന്റെ അലകൾ ഇന്നും എന്റെ ശ്രവണപുടങ്ങളിൽ പ്രതിധ്വനിക്കുന്നുണ്ട്.

ഒരു ശെമ്മാശനെപ്പോലും കൂടെ താമസിപ്പിക്കാനുള്ള സ്ഥലസൗകര്യം തന്റെ 'അരമന'യിലില്ലായിരുന്നു. അടുത്തകാലത്ത് അന്തരിച്ച കൊച്ചുവർക്കി യായിരുന്നു ശെമ്മാശനും ശുശ്രൂഷക്കാരനുമെല്ലാം. ഒരു കുശിനിക്കാരനും ഉണ്ടായിരുന്നു. വളരെ ലളിതമായ ഭക്ഷണക്രമവും വസ്ത്രധാരണവും. കോട്ടയം മെത്രാനെന്ന നിലയിൽ കഴിയുമ്പോൾ ഭദ്രാസനത്തിലെ പള്ളിക ളിൽനിന്നു പലരും വന്നു പലഹാരങ്ങളും പഴുത്ത ഏത്തക്കുലകളും മധുര നാരങ്ങയും മറ്റും നൽകുമായിരുന്നു. അതെല്ലാം തന്നെ അവിടെയിരുന്നു കനച്ചും പഴുത്തഴുകിയും പൂത്തും പോകുക പതിവായിരുന്നു എന്നു കേട്ടി ട്ടുണ്ട്. പാമ്പാടി തിരുമേനിയെപ്പോലെ മറ്റുള്ളവർക്കു കൊടുക്കുന്ന ഒരു സംവി ധാനമൊന്നും ഇല്ലായിരുന്നു. പലഹാരങ്ങൾ കനച്ചും മറ്റും ഉപയോഗശൂന്യ മാകുന്നു എന്ന വസ്തുത ഒരിക്കൽ ഞാൻ നേരിട്ടു അനുഭവിച്ചറിഞ്ഞതാണ്.

ഒരു ദിവസം ഞാൻ എന്റെ പിതാവിന്റെ കൂടെ വള്ളത്തിൽ വീട്ടിലേക്കു പോകാൻ വൈദ്യശാലയിൽ എത്തിയപ്പോൾ വാകത്താനം ബാവായുടെ ഒരു കല്പന അവിടെ ലഭിച്ചു. പിറ്റേദിവസം ഞായറാഴ്ച രാവിലെ കുർബാന യിൽ സംബന്ധിക്കത്തക്കവിധം എന്നെ അയയ്ക്കണമെന്നാണ് അപ്പനു ലഭിച്ച കല്പനയിൽ പറഞ്ഞിരുന്നത്. 'അടുത്ത ദിവസങ്ങളിൽ നീ ബാവായെ കാണുകയോ സംസാരിക്കുകയോ ചെയ്തോ' എന്ന് എന്റെ പിതാവ് എന്നോടു ചോദിച്ചപ്പോൾ ഇല്ലെന്നു ഞാൻ മറുപടി പറയുകയും ചെയ്തു. ഒരുപക്ഷേ എനിക്കു പട്ടം തരാനായിരിക്കും എന്നെ അയയ്ക്കണമെന്നു പറ ഞ്ഞതിന്റെ അർത്ഥമെന്ന് എന്റെ പിതാവ് കരുതിക്കാണും. എന്നെ കാണു മ്പോൾ 'ഞാൻ റമ്പാനായിരിക്കുമ്പോൾ വാകത്താനത്തു വലിയപള്ളിയിൽ വച്ചു നിന്നെ ഞാനാണു മാമോദീസാ മുക്കിയതെന്നു' പറയാറുണ്ട്. എന്താ യാലും കല്പനപ്രകാരം വെളുപ്പിനുതന്നെ എഴുന്നേറ്റു ഞാൻ എട്ടു മണി യോടുകൂടി വാകത്താനത്തു പള്ളിയിൽ ചെന്നു. ബാവാ ഏവൻഗേലിയോൻ വായന തുടങ്ങിയതേയുള്ളു. നൂറോളം ആളുകൾ പള്ളിയിൽ ഉണ്ടായിരുന്നു. വി. കുർബാന കഴിഞ്ഞു ഇറങ്ങിവന്ന ബാവായുടെ കൈമുത്തിയപ്പോൾ 'നീ നടന്നു ക്ഷീണിച്ചായിരിക്കും. എന്റെ കൂടെ വന്നു ഭക്ഷണം കഴിക്കുക' എന്നു കല്പിച്ചു. "തിരുമേനി വി. കുർബാന ചൊല്ലിയതല്ലേ. ഭക്ഷണം കഴിച്ചശേഷം ഞാൻ വരാം" എന്നു ഞാൻ മറുപടി പറഞ്ഞു. മുകളിൽ നിന്നു രണ്ടു ചുരുട്ടും രണ്ടു കുഴലപ്പവും രണ്ട് ഉണ്ടയും രണ്ട് ഏത്തപ്പഴവും എടുത്തു വച്ചശേഷം എന്നെ വിളിച്ചു. ചുരുട്ടും ഉണ്ടയും കുഴലപ്പവും കനച്ചതായിരുന്നു. ഏത്ത പ്പഴം തിന്നു. കൂശയിൽ നിന്നു തണുത്തവെള്ളം കുടിച്ചപ്പോൾ ക്ഷീണം



പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ

മാറിയതായി തോന്നി. കിടപ്പുമുറിയിൽ കട്ടിലിന്റെ അടിയിലുള്ള പെട്ടികളിലാണു പലഹാരങ്ങൾ സൂക്ഷിച്ചിരുന്നതെന്നു കാണാനും സാധിച്ചു. ഞായറാഴ്ച പള്ളിയിൽ വരുന്നവർക്കു ബാവാ പലഹാരങ്ങൾ വിതരണം ചെയ്യണമെന്നു കൊച്ചുവർക്കിയോടു പറഞ്ഞിരുന്നു എങ്കിൽ ഇങ്ങനെ ഒന്നും കനച്ചും പൂത്തും പോകുകയില്ലായിരുന്നു. പഴുത്ത ഏത്തക്കുലകളുടെ കായ്കൾ തൊലി കറുത്തു കമ്പിവളയത്തിൽ കിടന്നിരുന്നു. ഉപവാസവും പ്രാർത്ഥനയും മൂലം ആയിരിക്കണം ഞാൻ കാണുമ്പോൾ തിരുമേനി വളരെ ക്ഷീണിതനായിരുന്നു.

"ഇനി നിന്നെ വിളിപ്പിച്ച കാര്യം പറയട്ടെ. ഈ സ്വർണം പാറേട്ടെ അച്ചനെ ഏല്പിക്കണം. വിവരങ്ങൾ അയാളോടു ഞാൻ പറഞ്ഞിട്ടുണ്ട്. സ്വർണം തന്നയയ്ക്കുന്നതു തൂക്കിയിട്ടു പോരാതെ വരുന്നതു മാത്രം വാങ്ങിയാൽ മതി. എത്രയുംവേഗം പണി തീർക്കണം എന്ന് അച്ചനോടു നീ പറയണം." ഇത്രയും പറഞ്ഞശേഷം തിരുമേനി ഒരു ചുവന്ന പട്ടുസഞ്ചിയിൽ കെട്ടി എന്നെ ഏല്പിച്ചു. ഒരു കടലാസ് വാങ്ങി സഞ്ചി അതിൽ പൊതിഞ്ഞു കൈമുത്തി യാത്ര പറഞ്ഞു. ഉച്ചഭക്ഷണം തൃക്കോത്തു എണ്ണച്ചേരിൽ അമ്മവീട്ടിൽ കയറി കഴിച്ചുകൊള്ളാമെന്നും പറഞ്ഞു. വെയിലിന്റെ ശക്തി

കുറഞ്ഞപ്പോൾ പാറേട്ടെത്തി പൊതിക്കെട്ട് അച്ചനെ ഏല്പിച്ചു വിവരം പറഞ്ഞപ്പോൾ അച്ചൻ വളരെ നേരം ചിരിച്ചു. 'വാകത്താനത്തു നിന്ന് ഇതുവഴി വന്നുപോകുന്ന വളരെയധികം പേരുണ്ടല്ലോ. ഇതിനായി നിന്നെ കൊല്ലാട്ടു നിന്നു വിളിച്ചു വരുത്തിയതിൽ ഞാൻ അദ്ഭുതപ്പെടുന്നു', അച്ചൻ പറഞ്ഞു. ഞാൻ അച്ചനോടു പറഞ്ഞു, "ഒരു കാർഡ് എടുത്തു ചെമ്പകശ്ശേരിൽ കൊച്ചു കൊച്ചിന്റെ വശം കൊടുത്തയച്ച സ്വർണം കിട്ടി. പണി നാളെത്തന്നെ തുടങ്ങും. ഇത്രയും എഴുതിത്തന്നാൽ ഞാൻ തന്നെ ആ കാർഡ് ഈ പടിക്കലുള്ള അഞ്ചൽകുറ്റിയിൽ ഇടാം."

"നീ പറഞ്ഞതു ശരിയാണ്. ബാവാ വിവരം അറിയുന്നതുവരെ ഉറങ്ങുകയില്ല." അച്ചനും സമ്മതിച്ചു. എനിക്കു 16 വയസ്സേയുള്ളു. 25 പവന്റെ സ്വർണമാണ് എന്നെ ഏല്പിച്ചിരിക്കുന്നത്. എനിക്കല്പം ഭയം ഉണ്ടായിരുന്നു എങ്കിലും വാകത്താനത്തു എന്റെ അമ്മവീട്ടുകാർ ഉണ്ടല്ലോ എന്ന ചിന്ത എനിക്കു ധൈര്യം നൽകി.

എന്റെ വല്യപ്പന്റെ ചിറ്റപ്പൻ പുതുപ്പള്ളി ഏലമല മാണിയുടെ കന്തീലായിൽ സംബന്ധിക്കുമ്പോൾ എനിക്കു പത്തു വയസ്സു മാത്രം. അന്ന് ബാവാ കോട്ടയം ഇടവകയുടെ മാർ പീലക്സിനോസാണ്. പത്തുപതിനഞ്ചു വൈദികരും കന്തീലായിൽ പങ്കെടുത്തിരുന്നു. അന്നാണ് ഞാൻ ആദ്യം കന്തീലാ ശുശ്രൂഷ കാണുന്നത്. അഞ്ചു ഘട്ടമുള്ളതും രണ്ടര മണിക്കൂർ നീണ്ടു നിൽക്കുന്നതുമായ ഒരു ശുശ്രൂഷയാണു കന്തീലാ. താൻ മരിക്കുന്നതിനു മുമ്പു തനിക്കു കന്തീലാ നടത്തരുതെന്നും തൈലാഭിഷേകം മാത്രം മതിയെന്നും പാറേട്ട് മാർ ഈവാനിയോസ് നേരത്തെ നിർദേശിച്ചത് ഈ ശുശ്രൂഷയുടെ ദൈർഘ്യത്തെ ഓർത്തായിരിക്കണം.

പരുമല തിരുമേനിയും, കടവിൽ മാർ അത്താനാസ്യോസും, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസും കാലം ചെയ്തശേഷം വട്ടശ്ശേരിൽ തിരുമേനി ഭരണമേറ്റതോടുകൂടി അബ്ദുള്ളാ പാത്രിയർക്കീസ് വന്നു ഭിന്നതയാകുന്ന അഗ്നികുണ്ഡത്തിൽ എണ്ണയൊഴിച്ചു തിരിച്ചുപോയതിനുശേഷം 1912-ൽ പ. അബ്ദുൽ മശിഹാ പാത്രിയർക്കീസ് മലങ്കരയിൽ എത്തി മുറിമറ്റത്തു പൗലൂസ് മാർ ഈവാനിയോസിനെ മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കായായി വാഴിച്ചത് മലങ്കരസഭാ ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളിൽ ഒന്നാണല്ലോ. മലങ്കരസഭയ്ക്കു നഷ്ടപ്പെട്ട ആദ്ധ്യാത്മികവും ഭൗതികവുമായ സ്വാതന്ത്ര്യം വീണ്ടെടുക്കുകയും പാത്രിയർക്കീസിന്റെ അധികാരങ്ങൾ അപ്രത്യക്ഷമായ ബിന്ദുവിൽ എത്തുകയും ചെയ്തതാണു കാതോലിക്കാ സിംഹാസന പുനഃസ്ഥാപനത്തിന്റെ കാതൽ. ഗീവറുഗീസ് റമ്പാൻ, പുന്നൂസ് റമ്പാൻ, യൂയാക്കീം റമ്പാൻ എന്നിവരെ മെത്രാപ്പോലീത്താമാരായി പ. അബ്ദുൽ മശിഹാ ബാവാ വാഴിച്ചത് വട്ടശ്ശേരിൽ തിരുമേനിയുടെ ദീർഘ

വീക്ഷണത്തിനും കുശാഗ്രബുദ്ധിക്കും മകുടോദാഹരണമാണ്. ഹൈക്കോടതി, റിവിഷൻകേസ് ഇതിനകം കേൾക്കാമെന്നു തീരുമാനിച്ചുകൊണ്ട് മുൻ കോടതിവിധി നിർത്തിവച്ച് ഉത്തരവിട്ടിരുന്നു.

തുടർന്ന് വട്ടശ്ശേരിൽ തിരുമേനിയും മറ്റു മെത്രാപ്പോലീത്താമാരും നിയമജ്ഞന്മാർ ഉൾപ്പെടെയുള്ള നേതാക്കന്മാരും കൂടിആലോചിച്ചു 1925 മേടം 17-നു നിരണം പള്ളിയിൽവച്ചു കോട്ടയം ഇടവകയുടെ മാർ പീലക്സിനോസിനെ കിഴക്കിന്റെ ദ്വിതീയ കാതോലിക്കായായി അവരോധിച്ചു. ഇതിന് കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസ്, കരോട്ടുവീട്ടിൽ മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്താമാരും കാർമ്മികത്വം വഹിച്ചിരുന്നു. പിറ്റേന്ന്, ബഥനി ആശ്രമസ്ഥാപകനായ ഫാദർ പി. റ്റി. ഗീവർഗീസിനു മാർ ഈവാനിയോസ് എന്ന നാമധേയത്തിൽ എപ്പിസ്കോപ്പാ സ്ഥാനം കൊടുത്തു. പൗരസ്ത്യ കാതോലിക്കായെ പഴയസെമിനാരിയിൽ നിന്ന് അനേകം കാറുകളും, കൊട, കൊടി, കുരിശുകളുമായി നിലയ്ക്കൽ പള്ളിയിലേക്ക് ആനയിച്ചു നടത്തിയ സ്വീകരണഘോഷയാത്ര ഇന്നലെ നടന്നപോലെ ഞാൻ ഓർക്കുന്നു.

താമസംവിനാ അദ്ദേഹവും രോഗിയായി. ഉദരരോഗം മൂർച്ഛിച്ചു നെയ്യൂർ ആശുപത്രിയിൽ ഡോ. സോമർവെല്ലിന്റെ ശസ്ത്രക്രിയയ്ക്കു വിധേയനായി. താമസംവിനാ കാലം ചെയ്തു. ഇത് 1928 ധനു മാസം 4-നു ആയിരുന്നു. ഭൗതികശരീരം കൊണ്ടുവരുംവഴി കടന്നുപോന്ന പല പള്ളികളിലും ആദരസൂചകമായ സ്വീകരണങ്ങൾ കൊടുത്തതിനാൽ വള്ളിക്കാട്ടു ദയറായിൽ അർദ്ധരാത്രിയോടെയാണ് എത്തിച്ചേർന്നത്. വലിയ ശബ്ദത്തിൽ, തിരുമനസ്സിലെ ശസ്ത്രക്രിയയെപ്പറ്റിയും അതേത്തുടർന്നു സ്വബോധത്തോടുകൂടി തന്നെയുള്ള തന്റെ അന്ത്യവും മറ്റും മാർ ഈവാനിയോസ് തിരുമേനി ജനങ്ങൾക്കു വിശദീകരിച്ചു കൊടുത്തു. പിറ്റെദിവസം മാർ ദീവന്നാസ്യോസ് തിരുമേനിയുടെ പ്രധാന നേതൃത്വത്തിലും മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെയും അനേകം പട്ടക്കാരുടേയും വമ്പിച്ച ജനാവലിയുടേയും സഹകരണത്തിലും ഭൗതികശരീരം വള്ളിക്കാട്ടു ദയറായുടെ ഇടത്തുവശത്തു മദ്ബഹായോടു ചേർന്നു സംസ്കരിച്ചു. അന്നത്തെ നഗരികാണിക്കൽ ശുശ്രൂഷയ്ക്കു കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസ് തിരുമേനി നേതൃത്വം കൊടുത്തു. ആ വലിയ ജനക്കൂട്ടത്തിലെ സംസാരവിഷയം ഇനിയും ആരായിരിക്കും അടുത്ത കാതോലിക്കാ എന്നതായിരുന്നു. വിദ്യാഭ്യാസയോഗ്യതയും കഴിവും, പ്രായവും മാനദണ്ഡമാക്കി എല്ലാവരും ബഥനി മാർ ഈവാനിയോസ് അടുത്ത കാതോലിക്കാ ആകുമെന്ന് ഊഹിച്ചു. എന്നാൽ ദീർഘവീക്ഷണമുള്ള മാർ ദീവന്നാസ്യോസ് തിരുമേനി പരമഭക്തനായ കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസിനെയാണു മനസ്സിൽ കണ്ടത്. 1103 മിഥുന മാസത്തിൽ ചീഫ് ജസ്റ്റീസ് ചാറ്റ്ഫീൽഡ്,

ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, ജസ്റ്റീസ് തളിയത്ത് എന്നിവർ ഉൾപ്പെട്ട ഫുൾബഞ്ച് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മുടക്ക് അസാധുവാണെന്നു വിധിച്ചു. പ. അബ്ദുൽ മശിഹാ ബാവായുടെ പട്ടത്വം അംഗീകരിച്ചും ശക്തമായ ഒരു വിധി സമ്പാദിച്ചതിനെ തുടർന്ന് നാളതുവരെയുള്ള വട്ടിപ്പണത്തിന്റെ പലിശ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് വാങ്ങിച്ചു. തെക്കും വടക്കുമുള്ള വലിയ പള്ളികളിലെല്ലാം അദ്ദേഹം ഔദ്യോഗിക പദവിയിൽ സന്ദർശനം നടത്തി. അധികം താമസിയാതെ 1104 കുംഭം 4-ാം തീയതി മാർ ഏലിയാ ചാപ്പൽ മൈതാനത്തു പ്രത്യേകം തയ്യാറാക്കിയ മണ്ഡപത്തിൽവച്ചു കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസിനെ, മലങ്കരയുടെ മാർ ദീവന്നാസ്യോസും ബഥനിയുടെ മാർ ഈവാനിയോസും ചേർന്ന് പൗരസ്ത്യ കാതോലിക്കായായി വാഴിച്ചു. ഇദ്ദേഹം മലങ്കരയിലെ മൂന്നാം കാതോലിക്കാ ആയിരുന്നു. പിറ്റെ ദിവസം പാമ്പാടി പേഴമറ്റത്തു കുറിയാക്കോസ് റമ്പാനെ മാർ ഗ്രീഗോറിയോസ് എന്ന പേരിലും ഒളശ്ശ കളപ്പുരയ്ക്കൽ യാക്കോബു റമ്പാനെ തെയോഫിലോസ് എന്ന പേരിലും എപ്പിസ്കോപ്പന്മാരായി വാഴിച്ചു. അതോടൊപ്പം ബഥനിയുടെ മാർ ഈവാനിയോസ് എപ്പിസ്കോപ്പായെ മെത്രാപ്പോലീത്തായാക്കുകയും ചെയ്തു. ഇലക്ട്രിസിറ്റിയോ, ഉച്ചഭാഷിണിയോ ഇല്ലാതിരുന്ന കാലയളവിൽ വമ്പിച്ച ജനക്കൂട്ടത്തെ നിയന്ത്രിച്ചതു വലിയ ശബ്ദത്തിൽ ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ആയിരുന്നു. ജനക്കൂട്ടത്തെ നിയന്ത്രിക്കുവാൻ ക്രമീകരിച്ചിരുന്ന വാളണ്ടിയർ സംഘത്തിലെ ഒരു പ്രവർത്തകനായിരുന്നു ഞാൻ. കാതോലിക്കാ ബാവായേയും, മെത്രാപ്പോലീത്തന്മാരേയും ഒരു വലിയ ഹംസരഥത്തിൽ കയറ്റി പഴയസെമിനാരിയിലേക്കു നീങ്ങി. അതുപോലെയുള്ള ഒരു ഘോഷയാത്ര കേരളം ഇതേവരെ കണ്ടിട്ടില്ല എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. ഈ ഘോഷയാത്രയെ മോടിപിടിപ്പിക്കുവാൻ എക്സിക്യൂട്ടീവ് എൻജിനീയർ ജോർജ് ഫിലിപ്പ് കൊച്ചുപാറേട്ട്, മോഡയിൽ എം. പി. ജോസഫ് (കോട്ടയം ദിവാൻ പേഷ്ക്കാർ), കന്നുകുഴിയിൽ കെ. കെ. തോമസ് (മുനിസിപ്പൽ പ്രസിഡന്റ്) എന്നിവരുടെ സഹായസഹകരണങ്ങൾ അത്യന്തം പ്രോത്സാഹജനകവും പ്രയോജനകരവും ആയിരുന്നു.

ബഥനിയുടെ മാർ ഈവാനിയോസും യാക്കോബ് മാർ തെയോഫിലോസും 1930-ൽ മാതൃസഭയെ പരിത്യജിച്ചു റോമൻ കത്തോലിക്കാ സഭയിൽ ചേർന്നതു വട്ടശ്ശേരിൽ തിരുമേനിയെ അത്യന്തം വേദനിപ്പിച്ചു. യഥാർത്ഥത്തിൽ അത് ഒരു ഹൃദയാഘാതമായിരുന്നു. അങ്ങനെ അദ്ദേഹം ദുഃഖത്തിന്റെ താഴ്വരയിൽ കഴിഞ്ഞപ്പോൾ ആശ്വാസത്തിന്റെ ഇളംകാറ്റായി വന്നതു ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായല്ലാതെ മറ്റാരുമായിരുന്നില്ല.

7

പ. വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതാന്ത്യം

ആലുവായിൽ വച്ചുള്ള സന്ദർശനത്തിനുശേഷം ഒരാഴ്ച കഴിഞ്ഞു ഏലിയാസ് പാത്രിയർക്കീസ് ആലുവായിൽ നിന്നു കാർ മാർഗം കോട്ടയം നാഗമ്പടത്തു വന്നു. ഉടനെതന്നെ ഒട്ടധികം കളിവള്ളങ്ങളുടെ അകമ്പടിയോടെ പഴയസെമിനാരിയുടെ കടവിലൂടെ പാണമ്പടി പള്ളിയിൽ എത്തി. തുടർന്ന് വട്ടശ്ശേരിൽ തിരുമേനിയും ചെറിയമഠത്തിൽ സ്കറിയാ മല്പാനച്ചനും അദ്ദേഹത്തെ സന്ദർശിക്കാനായി പാണമ്പടി പള്ളിയിൽ ചെന്നു. വിവരമറിഞ്ഞു ഞങ്ങളിൽ പലരും കോട്ടയത്തുനിന്നു അവിടെ അതിവേഗം ഓടിച്ചെന്നു. ബാവായും മെത്രാച്ചനും തമ്മിൽ നടക്കുന്ന സംഭാഷണവിവരം സുറിയാനിയിലാകയാൽ അതിന്റെ വിവരം നൽകണമെന്നു ചെറിയമഠത്തിൽ മല്പാനച്ചനോടു ഞങ്ങൾ ശട്ടം കെട്ടിയിരുന്നു.

ബാവായുമായി വളരെ ഗൗരവത്തിലും അതേ സമയം സങ്കടത്തിലുമാണ് മാർ ദീവന്നാസ്യോസ് സംസാരിച്ചത്. ആ സംസാരം പാത്രിയർക്കീസിനെ അല്പം വേദനിപ്പിക്കുന്ന തരത്തിലുമായിരുന്നു. ചുരുക്കത്തിൽ ആലുവായിലെപ്പോലെ രംഗം സൗഹൃദനിർഭരമായിരുന്നില്ല. കണ്ണുനീരോടുകൂടി മൂന്നു തവണ മോറാൻ എന്നു വിളിച്ചുകൊണ്ടു ദുഃഖച്ഛവി പടർന്ന മുഖത്തോടുകൂടി വട്ടശ്ശേരിൽ തിരുമേനി ബാവായുടെ കാൽമുട്ടിൽ പിടിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: “നാം ഇരുവരും ദൈവമുമ്പാകെ സമാധാനം ബോധിപ്പിക്കേണ്ടവരാണെന്നു മനസ്സിലാക്കണം. എനിക്കും മോറാനും വയസ്സായി. സഭയുടെ പ്രശ്നം അവസാനിപ്പിച്ചിട്ട് നമുക്കൊന്നിച്ച് ഈ ആഘോഷങ്ങളിൽ സംബന്ധിക്കരുതോ?” പാത്രിയർക്കീസ് ഇതു കേട്ടു വളരെ ദുഃഖിതനായി കാണപ്പെട്ടു.

കോട്ടയം പഴയസെമിനാരിയിൽ വന്നു സഭാകാര്യങ്ങൾ ചർച്ച ചെയ്തശേഷം തെക്കോട്ടു പോകാമെന്നു പാത്രിയർക്കീസ് ആലുവായിൽ വച്ചു വാക്കു പറഞ്ഞതിന്റെ ലംഘനമാകയാലാണ് മെത്രാപ്പോലീത്താ കർശനമായ ഭാഷയിൽ സംസാരിച്ചത്. ചിങ്ങവനം, കട്ടപ്പുറം, മഞ്ഞനിക്കര എന്നിവിടങ്ങളിൽ പോയശേഷം കോട്ടയത്തു തിരിച്ചെത്തി സെമിനാരിയിൽ വച്ചു സംസാരിക്കാമെന്നു പറഞ്ഞു പാത്രിയർക്കീസ് മെത്രാപ്പോലീത്തായെ മടക്കി അയയ്ക്കുകയാണുണ്ടായത്. മഞ്ഞനിക്കരയിൽ എത്തിയതിന്റെ പിറ്റേ ദിവസം ഏലിയാസ് പാത്രിയർക്കീസ് ഹൃദ്രോഗം മൂലം കാലം ചെയ്തു. വിവരം അറിഞ്ഞ ഉടൻ മറ്റു മെത്രാപ്പോലീത്താമാർ എത്തുന്നതിനു മുമ്പു

തന്നെ, വട്ടശ്ശേരിൽ തിരുമേനി പുത്തൻകാവു മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുമൊന്നിച്ചു മഞ്ഞനിക്കരയിൽ എത്തി ഭൗതികദേഹം സന്ദർശിച്ചു പ്രാർത്ഥന നടത്തി തിരിച്ചുപോന്നു. പാത്രിയർക്കീസിന്റെ ഭൗതികദേഹം കോട്ടയം സിംഹാസനപ്പള്ളിയിൽ കബറടക്കാൻ ശക്തരായ കോട്ടയംകാർ ശ്രമിച്ചു എങ്കിലും ഓമല്ലൂർ ഇലവിനാമണ്ണിൽ അച്ചന്റെയും മറ്റും നിർബന്ധം മൂലം അതു സാധിച്ചില്ല. ഒരു പാത്രിയർക്കീസിന്റെ കബർ ഉണ്ടെങ്കിൽ നാടിനു ലഭിക്കാവുന്ന പ്രശസ്തിയും വരുമാനവും കോട്ടയംകാരേക്കാൾ കൂടുതലായി ഓമല്ലൂർക്കാർക്ക് അറിയാമായിരുന്നു.

പാത്രിയർക്കീസിന്റെ ആകസ്മിക നിര്യാണം വട്ടശ്ശേരിൽ തിരുമേനിയെ ദുഃഖിതനാക്കി. സഭയിൽ സമാധാനം ഉണ്ടാകാനുള്ള വലിയ സാധ്യത ഇല്ലാതായതാണ് കാരണം.

എന്നിരിക്കിലും ആലുവായിലെ പൗലൂസ് മാർ അത്താനാസ്യോസുമായി സംസാരിച്ചു സഭയിൽ സമാധാനം ഉണ്ടായിക്കാണാൻ വട്ടശ്ശേരിൽ തിരുമേനി അതിയായി ആഗ്രഹിച്ചു. ഇതനുസരിച്ചു അദ്ദേഹത്തെ കോട്ടയത്തേക്കു ക്ഷണിച്ചുകൊണ്ട് ഒരു കല്പന ശെമ്മാശന്റെ കൈവശം ആലുവാ തൃക്കുന്നത്തു സെമിനാരിയിലേക്കു കൊടുത്തയച്ചു. മറുപടി രേഖാ മൂലം നൽകാതെ മഞ്ഞനിക്കര പെരുന്നാളിനു വരുമ്പോൾ കോട്ടയത്തു രണ്ടു മൂന്നു ദിവസം താമസിച്ചു സംസാരിക്കാമെന്നു പറഞ്ഞയയ്ക്കയാണുണ്ടായത്.

ഈ വാക്കാൽ മറുപടി വിശ്വസിച്ചു വട്ടശ്ശേരിൽ തിരുമേനി കാത്തിരുന്നു. എന്നാൽ ഒരു ഉച്ചസമയത്തു പൗലൂസ് അത്താനാസ്യോസ് പഴയസെമിനാരിയിൽ എത്തി. പള്ളിയിൽ കയറി പ്രാർത്ഥന നടത്തുന്നതിനുപോലും ശ്രമിക്കാതെ നേരെ തട്ടിന്റെ മുകളിൽ കയറി അവിടെ ഇരുന്നു. സാമാന്യമര്യാദയെല്ലാം മറന്ന് ഉടനെ പോകണമെന്ന തിടുക്കത്തിലായിരുന്നു അദ്ദേഹം. ഉച്ചഭക്ഷണം കഴിച്ചശേഷം വിശ്രമിക്കുകയും തുടർന്നു സംഭാഷണം നടത്തുകയും ചെയ്യാമെന്നുള്ള ധാരണയെല്ലാം വിസ്മരിക്കപ്പെട്ടു. മടങ്ങിവരുമ്പോൾ രണ്ടു മൂന്നു ദിവസം സെമിനാരിയിൽ തങ്ങാം എന്നു പറഞ്ഞു സ്ഥലംവിട്ടു. മഞ്ഞനിക്കര പെരുനാളിനു വലിയ ആൾക്കൂട്ടമായിരിക്കുമെന്നും അതുകൊണ്ട് നാളെ കുർബാന ചൊല്ലിയശേഷം തിരിച്ചുപോരാമെന്നും അത്താനാസ്യോസ് അറിയിച്ചു. എന്നാൽ പറഞ്ഞതുപോലെ മടങ്ങിപ്പോയപ്പോൾ സെമിനാരിയിൽ വന്നുമില്ല. പ്രമാണവും പ്രവൃത്തിയും പൊരുത്തപ്പെടാത്ത തരത്തിലുള്ള ഈ പെരുമാറ്റത്തിൽ മലങ്കരസഭാഭാസുരനു വലിയ കുണ്ഠിതമുണ്ടായി. സെമിനാരിയിൽ വളരെയധികം സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിരുന്നു. ഈ മനോവേദന അദ്ദേഹത്തിനു വാർദ്ധക്യകാലത്തു താങ്ങാൻ കഴിയുന്നതിൽ കൂടുതലായിരുന്നു. അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയിട്ടു തിരുമേനിക്ക് ഒരു മനഃപ്രയാസവും ഉണ്ടായില്ല. ശീമയിൽ ചെന്നു മുടക്കു തീർത്ത ശേഷം എറണാകുളത്തു എത്തിയപ്പോൾ സി. ജെ. കുര്യന്റെ



കത്തിലെ ഉള്ളടക്കം അനുസരിച്ചു യൂലിയോസ് കാലുമാറി കുഴപ്പം ഉണ്ടാക്കിയിട്ടും ഏറ്റവും അധികം സ്നേഹിച്ച മാർ ഈവാനിയോസ് റീത്തിൽ പോയിട്ടും മെത്രാപ്പോലീത്താ കുലുങ്ങിയില്ല. ആലുവായിൽ ചെന്നു ഏലിയാസ് പാത്രിയർക്കീസിനെ സന്ദർശിച്ചപ്പോൾ ഇരുവരും ഉചിതമായി പെരുമാറി. മെത്രാപ്പോലീത്താ പല കാര്യങ്ങളും തുറന്നു പറഞ്ഞു. ബാവായുടെ പെരുമാറ്റം ഒരു പാത്രിയർക്കീസിനു യോജിച്ചതു തന്നെയായിരുന്നു. മുൻപതിവുപോലെ കാപ്പിമേശയ്ക്കുശേഷം പുകയില വായിൽ ഇട്ടു ശെമ്മാശന്റെ പത്രവായന ശ്രദ്ധിച്ചുകൊണ്ട് ചാരുകസേരയിൽ കിടക്കുമ്പോൾ പെട്ടെന്ന് ഒരു വലിയ ശബ്ദം കേട്ടുകൊണ്ട് ശെമ്മാശൻ മട്ടയ്ക്കൽ മല്പാനച്ചനെ വിളിച്ചു. മല്പാനച്ചൻ ഉടനെ ഒരെഴുത്തും കൊടുത്ത് എന്റെ പിതാവ് നടത്തിക്കൊണ്ടിരുന്ന കിരീടധാരണ വൈദ്യശാലയിലേക്ക് ആൾ പറഞ്ഞുവിട്ടു. എന്റെ പിതാവ് സെമിനാരിയിലേക്ക് റിക്ഷായിൽ പുറപ്പെട്ടു. ഞാനും പിന്നാലെ പോയി. അവിടെ ചെന്ന് തിരുമേനിയെ കണ്ട ഉടനെ 'ഒരു ടാക്സികാർ പിടിച്ച് ഒളശ്ശ തിരുമേനിയെ കൊണ്ടുവരുവാൻ' എന്റെ പിതാവ് പറഞ്ഞതനുസരിച്ച്, തിരുമേനിയെ ഉടനെതന്നെ കൊണ്ടുവന്നു. അദ്ദേഹത്തിന്റെ പരിശോധനയെ തുടർന്ന് തലയിൽ തളം വയ്ക്കുക തുടങ്ങിയ ചികിത്സാമുറകൾ എന്റെ പിതാവിന്റെ മേൽനോട്ടത്തിൽ തന്നെ ചെയ്തു.

പള്ളികളെല്ലാം കോടതിവിധിയനുസരിച്ച്, തുറക്കപ്പെട്ട ദിവസമായിരുന്നതിനാൽ എല്ലാവരും ചെറിയപള്ളി, കുരിശുപള്ളി, പുത്തൻപള്ളി തുടങ്ങി

യവ തുറന്നതിന്റെ ആഹ്ലാദത്തിൽ മുഴുകി ഘോഷയാത്രയിലായിരുന്നു. ഞാൻ ഇതിനിടയിൽ അത്യാവശ്യപ്പെട്ട സഭയിലെ ചില നേതാക്കളെ രഹസ്യത്തിൽ വിളിച്ച് കാറിൽ കയറ്റി ആ കാറിൽ തന്നെ മനോരമയിലെത്തി വിവരമറിയിച്ചു സെമിനാരിയിൽ എത്തിച്ചു. മാമ്മൻ മാപ്പിള തുടങ്ങിയവർ സെമിനാരിയുടെ മുകളിലത്തെ നിലയിലുള്ള ഒരു മുറിയിൽ കൂടി ഭാവി കാര്യങ്ങളെപ്പറ്റി ആലോചിച്ച്; തിരുമനസ്സിലെ രോഗസ്ഥിതി മനോരമപത്രം മുഖേന അറിയിക്കുവാൻ തീരുമാനിച്ചു. തുടർന്ന് പഴയസെമിനാരിയും പരിസരങ്ങളും ഒരാഴ്ചയോളം ജനങ്ങളെക്കൊണ്ടു നിറഞ്ഞു. ഞാൻ ഉൾപ്പെടെ കുറെ ആളുകൾ ഒരാഴ്ച മുഴുവൻ തിരുമനസ്സിലെ സമീപത്ത് രാവും പകലും താമസമായിരുന്നു. രാത്രിയെന്നും പകലെന്നുമുള്ള വ്യത്യാസം കൂടാതെ ധാരാളം ആളുകൾ വന്നു കണ്ട് മടങ്ങിക്കൊണ്ടിരുന്നു. അവസാനം, ഒരു രാത്രി വെളുപ്പാൻകാലം ഉദ്ദേശം നാലു മണി, ഒരു കാർ സെമിനാരി മുറ്റത്തു വന്നു നിന്നു. ഒരു മെത്രാനും രണ്ടുമൂന്നു പട്ടക്കാരും തിരുമനസ്സിലെ കട്ടിലിന് സമീപം വന്നുനിന്നു. തലയിൽ തൂവാല ഇട്ടിരുന്നതുകൊണ്ട് മെത്രാച്ചനെ എനിക്കു ആദ്യം പിടികിട്ടിയില്ല. കുനിഞ്ഞ് തിരുമനസ്സിലെ പാദത്തിൽ രണ്ടുമൂന്നു തവണ ചുംബിച്ചിട്ട് ഗോവണി വഴി ഇറങ്ങി താഴെ കാറിൽ കയറുവാൻ തുടങ്ങിയപ്പോൾ ആണ് മെത്രാൻ ഏതു സഭയുടേതാണെന്നും ആരാണെന്നും എനിക്കു മനസ്സിലായത്. അത് മറ്റാരുമല്ലായിരുന്നു. സഭാഭ്രംശം നടത്തിയ ബഥനിയുടെ ഈവാനിയോസ് ആയിരുന്നു. അങ്ങനെ 1109 കുംഭമാസം 10-നു പകൽ 11 മണിക്ക് മലങ്കര സഭാഭാസുരൻ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനി തന്റെ ഓട്ടം തികച്ച് അരുമനാഥന്റെ തൃക്കൈയ്യിലേക്ക് ആത്മാവിനെ ഏല്പിച്ചു. തന്റെ രോഗശയ്യയോടു ചേർന്ന് എട്ടുപത്തു ദിവസം മുഴുവൻ വാത്സല്യ ശിഷ്യനും, സഹോദരനുമായിരുന്ന ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ നേതൃത്വത്തിൽ അണിമുറിയാതെ പ്രാർത്ഥനകളും, ഗാനങ്ങളും തുടരുകയായിരുന്നു.

കാലംചെയ്ത വാർത്തയറിഞ്ഞും, മണിനാദം കേട്ടും, മനോരമപത്രം വഴിയായും സെമിനാരിയും പരിസരവും ജനങ്ങളെക്കൊണ്ട് നിറഞ്ഞു. ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ, കെ. സി. മാമ്മൻ മാപ്പിള, ചാക്കോ സൂപ്രണ്ട് തുടങ്ങിയ നേതാക്കന്മാർ പ. ബാവായുടെ മുറിയിൽ കയറി വന്ന് ശവസംസ്കാര ശുശ്രൂഷയ്ക്കിടയിൽ ബാവാ തിരുമേനി ചരമപ്രസംഗം നടത്തേണ്ട വിവരം അറിയിച്ചപ്പോൾ നിയന്ത്രണംവിട്ട് കരഞ്ഞുകൊണ്ട് 'ഞാൻ അദ്ദേഹത്തിന്റെ ഒരു ശിഷ്യനും, ഒരു സഹോദരനുമാണ്. ഞാൻ കാതോലിക്കാ ആണെങ്കിലും അദ്ദേഹത്തോടൊപ്പം ഇരുന്നിട്ടില്ല' എന്ന് ഗദ്ഗദസ്വരത്തിൽ പറയുകയുണ്ടായി. 'ആ ഞാൻ എങ്ങനെ ഈ വലിയ കൃത്യം നിർവഹിക്കും.' പ്രസംഗം തിരുമേനി തന്നെ പറയണമെന്നുള്ള നിർബന്ധത്തിനു അദ്ദേഹം വഴങ്ങി. ചരമപ്രസംഗം പിറ്റെദിവസത്തെ മനോരമയിൽ ഉണ്ട്. ആ പ്രസംഗമാണ്

തിരുമനസ്സിന്റെ മാറ്റു കൂട്ടിയത്. പ്രസംഗം കേട്ട നേതാക്കൾ അടുത്തു ചെന്ന് അഭിനന്ദനം അറിയിച്ചു. മനോരമ ലേഖകൻ എഴുതിയത് അപ്പോൾതന്നെ ബാവാതിരുമേനിയെ വായിച്ചുകേൾപ്പിച്ചപ്പോൾ 'കാലം ചെയ്ത ദീവന്നാസ്യോസ് തിരുമേനിയാണ് പ്രസംഗിച്ചത്. ഞാനല്ല,' എന്ന് തിരുമേനി കല്പിച്ചു.

മാർ ദീവന്നാസ്യോസിന്റെ മുപ്പതാംദിവസ അടിയന്തിരം ചരിത്രം സൃഷ്ടിച്ച സംഭവം ആയിരുന്നു. കാലങ്ങൾ മുമ്പോട്ടു പോയി. മലങ്കര അസ്സോസിയേഷൻ 1934 ധനു മാസം 30-ാം തീയതി എം.ഡി. സെമിനാരിയിൽ വിളിച്ചുകൂട്ടി മോറാൻ മാർ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയനെ മലങ്കര മെത്രാപ്പോലീത്തായായി തിരഞ്ഞെടുത്തു. തുടർന്ന് സഭയുടെ ഒരു വരുമാനമാർഗമായി റാവുസാഹിബ് ഒ. എം. ചെറിയാന്റെ നേതൃത്വത്തിൽ കാതോലിക്കാനിധി പിരിവും ആരംഭിച്ചു.

എതിർ കക്ഷികൾ 1111 (1935) ചിങ്ങത്തിൽ കരിങ്ങാശ്ര പള്ളിയിൽ ഒരു യോഗം വിളിച്ചുകൂട്ടി അത്താനാസ്യോസിനെ മലങ്കര മെത്രാപ്പോലീത്തായായി തിരഞ്ഞെടുത്തു. മാർ ദീവന്നാസ്യോസിന്റെ യഥാർത്ഥ പിൻഗാമി താനാണെന്ന് കാണിച്ചും, കാതോലിക്കോസും കൂട്ടരും സഭയ്ക്കിതരരാണെന്നും അവർ സഭാ സ്വത്തുക്കൾ അന്യായമായി കൈവശപ്പെടുത്തിയിരിക്കുന്നു എന്നും തുടങ്ങിയ കാര്യങ്ങൾ ഉന്നയിച്ച് കോട്ടയം ജില്ലാക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു. ഇത് 1937 ചിങ്ങത്തിൽ ആയിരുന്നു. ഉപവാസത്തിലും പ്രാർത്ഥനയിലും മുഴുകിയിരുന്ന പ. ബാവാ തിരുമനസ്സിലേക്ക് ഇത് വളരെ മനോവേദന ഉണ്ടാക്കി. ഏതെങ്കിലുംതരത്തിൽ സഭയിൽ സമാധാനം ഉണ്ടായി കാണുവാൻ അദ്ദേഹം വളരെ വളരെ ആഗ്രഹിച്ചു. സമുദായക്കേസ് കേൾക്കാൻ മാത്രമായി സ്പെഷ്യൽ ജഡ്ജിയായി ബി. കൃഷ്ണയ്യരെ നിയമിച്ചു. പ. ബാവായെ വിസ്തരിക്കേണ്ട സമയം വന്നപ്പോൾ താൻ, കോടതിയിൽ നേരിട്ട് ഹാജരായിക്കൊള്ളാമെന്ന് സമ്മതിച്ചു. തിരുമനസിലെ പ്രായത്തേയും, സ്ഥാനത്തേയും മാനിച്ച് സമയം ക്ലിപ്തപ്പെടുത്തി, പ്രത്യേക സ്ഥാനത്തിരുത്തി വളരെ ദിവസം തുടർച്ചയായി വിസ്തരിച്ചു. തുടർന്ന് റിട്ട. കൊച്ചി പോലീസ് സൂപ്രണ്ട് എം. എ. ചാക്കോയെ വിസ്തരിച്ചു. അദ്ദേഹത്തിന്റെ മൊഴി എടുക്കൽ പൂർത്തിയാകുന്നതിനു മുമ്പ്, ഒരു ദിവസം കോടതിയിലേക്ക് പോകാൻ ഒരുങ്ങുമ്പോൾ പഴയസെമിനാരിയിൽ വച്ച് ആ ധീര സേനാനി പരലോകപ്രാപ്തനായി. അനേകം സഭാതല്പരർ, പട്ടക്കാർ, മേല്പട്ടക്കാർ തുടങ്ങിയ ഒരു വലിയ ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ തന്റെ സ്വദേശമായ തൃശൂർ പള്ളിവക സെമിത്തേരിയിൽ അദ്ദേഹത്തിന്റെ ഭൗതികദേഹം സംസ്ക്കരിച്ചു. ബാവാ തിരുമനസിലെ വ്യക്തമായ മൊഴിയിലും, കോടതിയോടുള്ള ബഹുമാനത്തിലും മറ്റും കോടതിക്ക് വളരെ താല്പര്യം തോന്നി. വി. കെ. മാത്യൂസിന്റെ (പ. മാർത്തോമ്മാ മാത്യൂസ്

പ്രഥമൻ കാതോലിക്കാ) കാനോൻ വിദഗ്ദ്ധൻ എന്ന നിലയിലുള്ള മൊഴിയും, ചാക്കോ സൂപ്രണ്ടിന്റെ മൊഴിയും കോടതിക്ക് അത്യന്തം തൃപ്തിപ്പെട്ടതായി ഞാൻ അറിഞ്ഞിട്ടുണ്ട്.

ഇരുഭാഗത്തേയും വാദം കേട്ടശേഷം 1118 (1943) മകരം 5-ാം തീയതി പ്രസ്താവിച്ച വിധിയിൽ മലങ്കരയിലെ കാതോലിക്കാ സ്ഥാപനം ശരിയാണെന്നും 1934-ലെ മലങ്കര അസോസിയേഷനും, തീരുമാനങ്ങളും അക്ഷരം പ്രതി ശരിയാണെന്നും സ്ഥാപിച്ചിരുന്നു. കേസ് കേട്ട ജഡ്ജിയുടെ കുട്ടികൾക്ക് റ്റ്യൂഷൻ ക്ലാസ് എടുത്ത കൊടുവത്ത് കെ. റ്റി. കുര്യൻ എന്ന അദ്ധ്യാപകൻ എന്റെ നാട്ടുകാരൻ ആയിരുന്നു. ജഡ്ജ്മെന്റ് പ്രസ്താവിച്ചതിന്റെ പിറ്റേദിവസം സാർ പതിവിൻപടി കുട്ടികളെ പഠിപ്പിക്കുവാൻ ചെല്ലുമ്പോൾ അദ്ദേഹം ഏത് സമുദായത്തിൽപെട്ട ആൾ ആണ് എന്ന് ജഡ്ജി ആദ്യമായി ചോദിച്ചു. മലങ്കര ഓർത്തഡോക്സ് സഭയിലെ അംഗമാണെന്ന് മറുപടി കൊടുത്തു. 'സമുദായക്കേസ്സിൽ എന്റെ വിധി നിങ്ങൾ വായിച്ചിരിക്കുമല്ലോ? അതിന്റെ ഒരു കണ്ണി മാറ്റുവാൻ ഒരു കോടതി വിചാരിച്ചാലും സാദ്ധ്യമല്ല. ഞാൻ മരിച്ചുപോയാലും ഇതിന് ഒരു മാറ്റവും ഉണ്ടാകയില്ല' എന്ന് ജഡ്ജി പറഞ്ഞു. ഈ വിവരം ആ അദ്ധ്യാപകൻ എന്നോട് നേരിട്ട് പറഞ്ഞിട്ടുള്ളതാണ്.



പ. ഗീവറുഗീസ് രണ്ടാമൻ ബാവാ 1929-ൽ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു കഴിഞ്ഞ് പിറ്റേന്ന് മെത്രാൻ വാഴ്ചയ്ക്കു ശേഷം. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് (പാമ്പാടി), പ. ഗീവറുഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ, പ. ഗീവറുഗീസ് രണ്ടാമൻ ബാവാ, ഗീവറുഗീസ് മാർ ഈവാനിയോസ് (ബഥനി. പിന്നീട് കത്തോലിക്കാസഭയിലേക്കു പോയി), മാർ തെയോഫിലോസ് (ബഥനി. പിന്നീട് കത്തോലിക്കാസഭയിലേക്കു പോയി).

8

ബഥനി മാർ ഈവാനിയോസ്

മാവേലിക്കര പണിക്കരുവീട്ടിൽ പി. റ്റി. ഗീവറുഗീസ് ശെമ്മാശൻ പഠിക്കാൻ സമർത്ഥനാണെന്നു മനസ്സിലാക്കിയ വട്ടശ്ശേരിൽ മെത്രാപ്പോലീത്താ അദ്ദേഹത്തെ സമുദായച്ചെലവിൽ മദ്രാസിൽ അയച്ചു പഠിപ്പിക്കുകയും അദ്ദേഹം എം.എ. പാസ്സായി തിരിച്ചെത്തുകയും ചെയ്തു. സമുദായത്തിൽ നിന്നു ആദ്യം എം.എ. പാസ്സായ വൈദികനാകയാൽ അദ്ദേഹം എം. എ. അച്ചൻ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മെത്രാപ്പോലീത്താ എം. എ. അച്ചനെ വളരെയധികം സ്നേഹിച്ചിരുന്നു. എം. ഡി. സെമിനാരി ഹൈസ്കൂളിൽ കെ. സി. മാമ്മൻ മാപ്പിള ഹെഡ്മാസ്റ്റർ ആയിരിക്കുമ്പോൾ എം. എ. അച്ചനെ പ്രിൻസിപ്പലായി നിയമിച്ചു. മാമ്മൻ മാപ്പിളയുമായി ആലോചിക്കാതെയാണ് പ്രിൻസിപ്പലിനെ നിയമിച്ചത്. നിയമിച്ചതിനുശേഷം ഹെഡ്മാസ്റ്ററെ വിവരം അറിയിച്ചു. പത്രത്തിന്റെ മാറ്റർ എഴുതി പ്രൂഫ് നോക്കി അല്പം വൈകിയായിരിക്കും മാമ്മൻമാപ്പിള ചിലപ്പോൾ സ്കൂളിൽ എത്തുക. ഇരുവർക്കും യോജിച്ചു പ്രവർത്തിക്കാൻ സാധിക്കാതെ വന്നതിനാൽ മാമ്മൻ മാപ്പിള താമസംവിനാ രാജിവച്ചു മനോരമ പത്രത്തിന്റെ സമ്പൂർണ്ണ ചുമതല ഏറ്റെടുക്കുകയാണുണ്ടായത്.

ഇങ്ങനെയിരിക്കെ റാന്നി പെരുനാട്ടിൽ ഒരു ആശ്രമം സ്ഥാപിക്കുന്നതിനു വേണ്ടി ഇലഞ്ഞിക്കൽ ജോൺ വക്കീൽ നൂറ് ഏക്കർ സ്ഥലം വട്ടശ്ശേരിൽ തിരുമേനിക്ക് എഴുതിക്കൊടുത്തു. അവിടെ ഒരാശ്രമം സ്ഥാപിക്കുന്നതിന് എം. എ. അച്ചനെ ചുമതലപ്പെടുത്തി. താമസംവിനാ സർക്കാരിന്റെ വക 100 ഏക്കർ സ്ഥലം കൂടി പതിപ്പിച്ചെടുത്തു. ഇതു എം. എ. അച്ചന്റെ പേരിലാണ് പതിപ്പിച്ചെടുത്തത്. എം. എ. അച്ചൻ പെട്ടെന്നു കാവിവസ്ത്രവും മരക്കുരിശും ധരിച്ചു പള്ളികളിൽ സഞ്ചരിക്കുകയും ഭംഗിയായി പ്രസംഗിക്കുകയും ബഥനി ആശ്രമത്തിനുവേണ്ടി പണം ശേഖരിക്കുകയും ചെയ്തു. ആശ്രമത്തിൽ പുല്ലും ഓലയും കൊണ്ടു മേഞ്ഞ കുടിലുകളും പ്രത്യക്ഷപ്പെട്ടു. കുർബാന ചൊല്ലാൻ (*മലമടക്കിലെ കെടാവിളക്ക്*, ഫാ. കുറിയാക്കോസ് ഒ. ഐ.സി., ബഥനി ആശ്രമം, റാന്നി, പെരുനാട്) ഒരു പള്ളിയും ഉണ്ടാക്കി. ഒട്ടധികം ചെറുപ്പക്കാർ ഈ ആദ്ധ്യാത്മിക പ്രവാഹത്തിൽ ഒഴുകിച്ചേർന്നു.

ഒരിക്കൽ എം. എ. അച്ചനു വാതരോഗം ബാധിച്ചു. എന്റെ പിതാവ് നടത്തിവന്ന കിരീടധാരണ വൈദ്യശാലയുടെ മുകളിലത്തെ നിലയിൽ താമസിച്ചു. മൂന്നു നാലു വർഷങ്ങളിൽ പിഴിച്ചിൽ, ഞവരക്കിഴി മുതലായവയ്ക്കു വിധേയനായി. അങ്ങനെ എം. എ. അച്ചനും ഞങ്ങളുടെ കുടുംബവും തമ്മിൽ

വളരെ അടുക്കാനിടയായി. എന്റെ പിതാവിന്റെ ഇളയ സഹോദരന്മാരിൽ ഒരാളായ സി. റ്റി. ഏലിയാസ് കോട്ടയത്തുള്ള വൈദ്യശാലക്കെട്ടിടത്തിന്റെ രണ്ടാം നിലയിലെ ഒരു മുറിയിലായിരുന്നു താമസിച്ചു വന്നത്. അദ്ദേഹമാണ് അച്ചനുമായി കൂടുതൽ അടുത്ത സമ്പർക്കത്തിലായത്. ഏലിയാസ് വൃക്ക രോഗം മൂലം ഒന്നര മാസത്തോളം കിടന്നു. ആ അവസരത്തിൽ എം. എ. അച്ചൻ വന്നു തൈലാഭിഷേകവും നടത്തി. 'തനിക്ക് എന്തെങ്കിലും സംഭവി ച്ചാൽ ഇത്രയും രൂപയും താൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മുറിയിലെ കട്ടിലും കസേരകളും അലമാരയും പുസ്തകങ്ങളും എല്ലാം ബഥനി ആശ്ര മത്തിനു കൊടുക്കണം' എന്ന് സി. റ്റി. ഏലിയാസ് സഹോദരന്മാരോടു പറ ഞ്ഞിരുന്നു. മുപ്പത്തിമൂന്നാമത്തെ വയസ്സിൽ 1099-ാമാണ്ട് ഏലിയാസ് കടന്നു പോയി. ശവസംസ്ക്കാരത്തിലും മരണാനന്തര ചടങ്ങുകളിലും എം. എ. അച്ചൻ പങ്കെടുക്കാൻ വന്നില്ല. എന്നാൽ അധികം വൈകാതെ അദ്ദേഹം എത്തി ഫർണിച്ചറും പുസ്തകങ്ങളും പണവും എല്ലാം വാങ്ങി ബഥനിയി ലേക്കു കൊണ്ടുപോയി.

വാകത്താനം കാരുചിറ മാർ ബസ്സേലിയോസ് ഗീവറുഗീസ് ഒന്നാമൻ ബാവായാണ് എം. എ. അച്ചനെ 1925-ൽ നിരണം വലിയപള്ളിയിൽ വച്ചു മെത്രാനായി വാഴിച്ചത്. വാകത്താനം ബാവ സ്ഥാനം ഏറ്റു മൂന്നു വർഷം തികയ്ക്കാതെ നെയ്യൂരാശുപത്രിയിൽ വച്ചു ഡോ. സോമർവെൽ നടത്തിയ ഉദരശസ്ത്രക്രിയയെ തുടർന്നു കാലം ചെയ്തു. അദ്ദേഹത്തിന്റെ കൂടെ ആശു പത്രിയിൽ ഉണ്ടായിരുന്നതു മാർ ഈവാനിയോസ് ആയിരുന്നു. ഇരുവർക്കും യോജിച്ചു പ്രവർത്തിക്കാൻ സാധിക്കാതെ വന്നതിനാൽ മാമ്മൻമാപ്പിള താമ സംവിനാ രാജിവച്ചു മനോരമ പത്രത്തിന്റെ സമ്പൂർണ്ണ ചുമതല ഏറ്റെടു ക്കുകയാണുണ്ടായത്. ഭൗതികദേഹം ജീപ്പിൽ കയറ്റി അനേകം കാറുക ളുടെ അകമ്പടിയോടെ അർദ്ധരാത്രിയിൽ വാകത്താനം വള്ളിക്കാട്ടു ദയറാ യിൽ എത്തിച്ചു. പിറ്റേ ദിവസം വൈകിട്ട് ദയറാ ചാപ്പലിന്റെ വടക്കു വശത്ത് ഒരു വലിയ ജനക്കൂട്ടത്തിന്റെ സാന്നിധ്യത്തിൽ കബറടക്കം നടത്തി.

അടിയന്തിരവും കഴിഞ്ഞു മാനേജിംഗ് കമ്മിറ്റി ചേർന്ന് അടുത്ത കാതോ ലിക്കായെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച ആലോചനകൾ ആരംഭിച്ചു. അടുത്ത കാതോലിക്കാ മാർ ഈവാനിയോസ് തന്നെ ആയിരിക്കുമെന്നു പലരും പ്രവചിച്ചു. എന്നാൽ ബുദ്ധിമാനായ വട്ടശ്ശേരിൽ മാർ ദീവന്നാ സ്യോസ് പരുമല തിരുമേനിയുടെ ശിഷ്യനായ കല്ലാശ്ശേരിൽ മാർ ഗ്രീഗോ റിയോസ് മെത്രാപ്പോലീത്തായെയാണ് പിൻഗാമിയായി തിരഞ്ഞെടുത്തത്.

അപ്രതീക്ഷിതമായ ഈ സംഭവവികാസത്തിന്റെയും വട്ടിപ്പണക്കേസിലെ പരാജയത്തിന്റെയും പശ്ചാത്തലത്തിൽ സഭാ ഐക്യത്തിന്റെ പേരും പറഞ്ഞ് ഈവാനിയോസ് മാർപാപ്പായുമായും മറ്റും എഴുത്തുകുത്തുകൾ നടത്തി

വന്നു. വട്ടശ്ശേരിൽ തിരുമേനിയെ സഭയിലെ എല്ലാ കത്തോലിക്കാ മെത്രാന്മാരുടെയും മുകളിലായി കർദ്ദിനാളാക്കാമെന്നുവരെ ഈവാനിയോസ് അദ്ദേഹത്തെ അറിയിച്ചു. വട്ടശ്ശേരിൽ തിരുമേനി ആ വലിയ വലയിൽ വീണില്ല. ഒടുവിൽ ഈവാനിയോസ് തനിച്ചു റോമൻ കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. പാവപ്പെട്ട മലങ്കരസഭ തെണ്ടിപ്പിരിച്ചുണ്ടാക്കിയ കെട്ടിടവും ഒട്ടധികം പള്ളിക്കൂടങ്ങളും എല്ലാമായിട്ടാണ് ഒരു സുപ്രഭാതത്തിൽ അദ്ദേഹം ഒരു പ്രത്യേക റീത്തിന്റെ ചീഫായി കളം മാറിച്ചവിട്ടിയത്.

ഈവാനിയോസിന്റെ കൂടെ വിശ്വസ്തതയോടും ദൈവാശ്രയത്തോടും അസിസ്റ്റന്റായി പ്രവർത്തിച്ച മട്ടയ്ക്കൽ ഫാ. അലക്സിയോസ് (പിന്നീട് മാർ തേവോദോസിയോസ്) ഇല്ലായിരുന്നു എങ്കിൽ ബഥനിവക 200 ഏക്കർ സ്ഥലവും വിദ്യാലയങ്ങളും പള്ളികളുമെല്ലാം മലങ്കരസഭയ്ക്കു നഷ്ടപ്പെടുമായിരുന്നു. അദ്ദേഹം സഹിച്ച വേദനകൾക്കും മനഃപ്രയാസത്തിനും അതിരില്ല. തുടർന്നു രോഗിയായിത്തീർന്ന അദ്ദേഹം മാങ്ങാനം എബനേസർ ദയറായിൽ താമസിക്കുമ്പോൾ എന്റെ സഹോദരൻ വൈദ്യകലാനിധി സി. വി. മാണിയുടെയും എന്റെയും മേൽനോട്ടത്തിൽ പിഴിച്ചിലും ഞവരക്കിഴിയും മറ്റും കഴിച്ചും പൂർണ്ണവിശ്രമം എടുത്തും സുഖം പ്രാപിച്ചു. അദ്ദേഹം ഞങ്ങൾക്ക് ഓരോ മോതിരവും സമ്മാനിച്ചു. മാർ തേവോദോസിയോസ് വിശുദ്ധ ജീവിതം നയിച്ച ഒരു പ്രാർത്ഥനാ മനുഷ്യനും ഉപവാസത്തിൽ അതിധന്യനുമായിരുന്നു. ആ പുണ്യാത്മാവ് ബഥനി ആശ്രമം ചാപ്പലിന്റെ മദ്ബഹായുടെ സമീപം അന്ത്യവിശ്രമം കൊള്ളുന്നു. കബറടക്കത്തിൽ ഞാനും സംബന്ധിച്ചിരുന്നു.

ഈവാനിയോസിന്റെ സഭാ പരിവർത്തനത്തെ തുടർന്ന് അദ്ദേഹത്തിൽ നിന്നു സ്വത്തുക്കളും വിദ്യാലയങ്ങളും തിരിച്ചെടുക്കാൻ പല കേസുകൾ നടത്തേണ്ടി വന്നു. മലങ്കരസഭ വക സ്വത്തുക്കൾ അപഹരിച്ചുകൊണ്ടു പോയതിനാൽ ഈവാനിയോസിന്റെ കൂടെ പോകാൻ അധികം കുഞ്ഞാടുകളെ കിട്ടിയില്ല. തിരുവനന്തപുരത്ത് ആർച്ചുബിഷപ്പായശേഷം ഈവാനിയോസ് കോളജ് സ്ഥാപിച്ചും ജോലി കൊടുത്തും സാമ്പത്തികമായി സഹായിച്ചും പലരെയും റീത്തിൽ ചേർത്തു. ഒന്നും പിടിച്ചുപറിക്കാതെയും കേസുകൾക്കു തുനിയാതെയും പോയിരുന്നു എങ്കിൽ ഒരുപക്ഷേ കൂടുതൽ ആളുകൾ ഈവാനിയോസിനെ അനുഗമിച്ചേനേ. ഈവാനിയോസ്, ബുദ്ധിമാനായ വട്ടശ്ശേരിൽ തിരുമേനിക്കു പറ്റിയ ഒരു അമളിയാണെന്നു കാലം തെളിയിച്ചു. ബസേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ വാഴിച്ച ഒളശ്ശ സ്വദേശി തെയോഫിലോസും വാളക്കുഴിയിലെ ജോസഫ് സേവേറിയോസും ഈവാനിയോസിനെ അനുഗമിച്ചു എങ്കിലും അവർ ഒട്ടും ശോഭിച്ചില്ല. ബനഡിക്ട് ഗ്രീഗോറിയോസിനേയും മറ്റും കത്തോലിക്കാ മെത്രാന്മാരുടെ സഹകരണത്തോടെയാണു വാഴിച്ചത്. മലങ്കരസഭ വക വിദ്യാലയങ്ങൾക്കുവേണ്ടി

പ്രശസ്തനായ ബനഡിക്ട് ഗ്രീഗോറിയോസും കേസു നടത്തി എങ്കിലും ഒടുവിൽ അവ വിട്ടുതരേണ്ടി വന്നു.

പുത്തൻകാവു തിരുമേനി

ഈവാനിയോസിന്റെ സഭാഭ്രംശത്തെ തുടർന്ന് ആ കുറവു നികത്താൻ മറ്റൊരു എം. എ. ക്കാരനായ പുത്തൻകാവു കിഴക്കേത്തലയ്ക്കൽ ഡീക്കൻ കെ. ടി. ഗീവറുഗീസിനെ സുന്നഹദോസ് തീരുമാനപ്രകാരം പീലക്സിനോസ് എന്ന പേരിൽ തുമ്പമൺ ഭദ്രാസനത്തിനുവേണ്ടി ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ വാഴിച്ചു. അദ്ദേഹം എം. ഡി. സെമിനാരി ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്ന കാലത്ത് ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. സുഭഗസുന്ദരൻ. കുയിൽ നാദം. യുവചൈതന്യം. ഊർജ്ജസ്വലൻ. പ്രശസ്ത കൺവൻഷൻ പ്രസംഗകൻ. അദ്ദേഹത്തിന്റെ രസകരമായ ക്ലാസ്സുകളും ഗാനങ്ങളും ഒരിക്കലും വിസ്മരിക്കാനാവില്ല. പത്തനംതിട്ട കാതോലിക്കേറ്റ്, പുത്തൻകാവ്, കിഴവള്ളൂർ മുതലായ സ്കൂളുകൾ സ്ഥാപിച്ചതും കാതോലിക്കേറ്റ് കോളജിനു അടിസ്ഥാനശില ഒരുക്കിയതും തിരുമേനിയാണ്. സമുദായത്തിനുവേണ്ടി വളരെയധികം കഷ്ടപ്പെട്ടു.

ഒരിക്കൽ കൈയ്ക്കു നീരുവന്നു തിരുമേനി കോട്ടയം ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. പള്ളം ഡോ. സി. കെ. ജോർജ് ശസ്ത്രക്രിയ നടത്തി. ശസ്ത്രക്രിയ നടത്തിയ ഭാഗത്തു നിന്ന് ഒരു രാത്രി ബ്ലീഡിംഗ് ഉണ്ടായി. ബാവായെ കാണണമെന്നു പറഞ്ഞു. രാത്രിയായതിനാൽ ബാവായെ അറിയിച്ചില്ല. രാവിലെ ബാവാ വന്നു. കണ്ടപാടെ ബാവായുടെ കൈ മുത്തി കാലിൽ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞു. 'ഒന്നും പേടിക്കേണ്ട, മെത്രാച്ചൻ മരിക്കുകയില്ല' ബാവാ പറഞ്ഞു. താമസംവിനാ മെത്രാച്ചൻ സുഖംപ്രാപിച്ചു. പിന്നെ 1951 ഏപ്രിലിൽ കുന്നംകുളം സന്ദർശനം കഴിഞ്ഞു തിരിച്ചുവരുമ്പോൾ ഹൃദ്രോഗത്തെ തുടർന്ന് മരത്തുംകോട് ചാപ്പലിൽ കയറി; അവിടെ വച്ചാണു മെത്രാച്ചൻ കാലം ചെയ്തത്. കാലം ചെയ്യുന്നതിന്റെ തലേരാത്രി അദ്ദേഹം കൺവൻഷനിൽ ചെയ്ത പ്രസംഗം 'നിങ്ങളുടെ ഇടയിൽ വചനം പ്രസംഗിച്ചവരെ കുറെ കഴിഞ്ഞു കാണുകയില്ലെന്നു'ള്ള ആശയം വരുന്ന സെന്റ് പോളിന്റെ വാക്കുകളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. രാവിലെ കോട്ടയത്തേക്കു മടങ്ങുമ്പോഴാണു നെഞ്ചുവേദന ഉണ്ടായതും ആകസ്മിക മരണം സംഭവിച്ചതും.

ഈ സമയത്ത് പഴയസെമിനാരിയിൽ ബസേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവായുടെ നേതൃത്വത്തിൽ മൂറോൻ കൂദാശ സംബന്ധിച്ച ഉപവാസകാല യാമപ്രാർത്ഥനകൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഭൗതികദേഹവും പ്രതീക്ഷിച്ചുകൊണ്ട് രാത്രിയിൽ തെക്കും കോട്ടയത്തും ഉള്ള ഒട്ടധികം സഭാംഗങ്ങൾ പഴയസെമിനാരിയിൽ ദുഃഖിതരായി നില

കൊണ്ടിരുന്നു. പ്രഭാതപ്രാർത്ഥന കഴിഞ്ഞിട്ടും മൃതദേഹ വിലാപയാത്ര എത്താതിരുന്നതിനാൽ ഞാനും എറികാട് ഇ. സി. മാത്യുവും മാളിയേക്കൽ ചാക്കോച്ചനും ഒരു കാറിൽ കയറി അന്വേഷണാർത്ഥം വടക്കോട്ടു കുതിച്ചു. ഏറ്റുമാനൂർ കഴിഞ്ഞു പട്ടിത്താനം കയറ്റത്തു ചെന്നപ്പോൾ പത്തൻപതു കാറുകളുടെ അകമ്പടിയോടെ ഒരു ജീപ്പിൽ കൊണ്ടുവന്ന ഭൗതികദേഹം കണ്ടു. എല്ലാവരും കാറുകൾ റോഡ്സൈഡിലിട്ടു ക്ഷീണം മൂലം ഉറക്കത്തിലായിരുന്നു. മരണം കഴിഞ്ഞിട്ടു 28 മണിക്കൂറായി. തിരുമേനിയുടെ സുന്ദരകളേബരം തിരിച്ചറിയാനാവാത്തവിധം വികൃതമായിരുന്നു. വിലാപയാത്ര നാഗമ്പടത്ത് എത്തിയപ്പോൾ കാർ നിർത്തി പടിപ്പുരയ്ക്കൽ കല്ലുപാലം മാനേജരുടെ മകൻ കുട്ടിച്ചായന്റെ വീട്ടിൽ ഞങ്ങൾ ചെന്നു ഭൗതികദേഹം പുരയിടത്തിൽ കയറ്റി കുളിപ്പിച്ച് അംശവസ്ത്രങ്ങൾ ധരിപ്പിക്കാനുള്ള അനുവാദം വാങ്ങി. തിണ്ണയിൽ കിടന്ന ഒരു കസേരയിൽ ഭൗതികദേഹം കിടത്തി കുളിപ്പിച്ചു. കാപ്പയും മറ്റും ധരിപ്പിച്ചും പുതിയ കസേരയിൽ ഇരുത്തിയും പഴയസെമിനാരിയിൽ എത്തിച്ചു. ഭൗതികദേഹം സെമിനാരിയുടെ പടിഞ്ഞാറെ വാതുക്കൽ ആയപ്പോൾ പള്ളിയിൽ മൂറോൻ ഇരിക്കുന്നതിനാൽ പള്ളിക്കകത്തു പ്രവേശിപ്പിക്കാൻ ബാവാ തിരുമേനി അനുവദിച്ചില്ല. ഭൗതികദേഹം കണ്ട ഉടൻ പ്രായാധിക്യം മറന്നു ജീപ്പിൽ കയറിയ ബാവാ ഭൗതികദേഹത്തിൽ അന്ത്യചുംബനം അർപ്പിച്ചു. തദവസരത്തിൽ ജനങ്ങളെല്ലാം തന്നെ കണ്ണുനീർ വാർത്തു. ഭൗതികദേഹം ജീപ്പിൽ നിന്നിറക്കാതെ തന്നെ ബാവായും മെത്രാച്ചന്മാരും പ്രാർത്ഥന നടത്തി. പുത്തൻകാവിൽ എത്തി കബറടക്കം കഴിഞ്ഞപ്പോൾ മണി ആറായി. പരേതനായ പന്തനാലിൽ തോമസ് അച്ചനും ഞാനും ആ ജീപ്പിൽ ഉണ്ടായിരുന്നു. അന്നു ഭക്ഷണമൊന്നും കഴിക്കാതെ നാവു വരണ്ട ഞങ്ങൾക്കു പുത്തൻകാവിൽ വച്ചു ലഭിച്ച കട്ടൻ കാപ്പിയുടെ രുചി മറക്കാൻ സാധ്യമല്ല.



എനിക്കു സ്നേഹവും ബഹുമാനവുമുള്ള പഴയ തിരുമേനിമാരിൽ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമനും പീലിപ്പോസ് മാർ തെയോഫിലോസും ഒഴിച്ചുള്ളവരെല്ലാം അക്കരെ കടന്നു. പുത്തൻകാവു കൊച്ചുതിരുമേനി, മാവേലിക്കര സി. ഐ. നൈനാൻ സാർ, മാവേലിക്കര ജേക്കബ് കുര്യൻ, എ. എം. വർക്കി പിന്നത്തെ തലമുറയിൽപ്പെട്ട സി. എം. സ്റ്റീഫൻ, മുൻ മഹാരാഷ്ട്ര ഗവർണർ ഡോ. പി. സി. അലക്സാണ്ടർ മുതലായവരുടെ പ്രസംഗങ്ങളും മനോരമയും മലങ്കര ഓർത്തഡോക്സ് സഭയുടെ മൃതസഞ്ജീവനികളായിരുന്നു എന്നു പറയാം.

9

കാറില്ലാത്ത മേല്പട്ടക്കാർ

എന്റെ ചെറുപ്പകാലത്തു വട്ടശ്ശേരിൽ തിരുമേനി, പാമ്പാടി തിരുമേനി, വാകത്താനം ബാവാ തിരുമേനി എന്നിവർക്കു സ്വന്തമായി കാറില്ലായിരുന്നു. അവരുടെ മരണം വരെയും, ആവശ്യമുള്ളവർ കാറുമായി എത്തുകയായിരുന്നു പതിവ്. വട്ടശ്ശേരിൽ തിരുമേനി മരണം വരെയും, കോട്ടയം ചന്തക്കടവിൽ താമസിച്ചിരുന്ന നിരണം മോടിശ്ശേരിൽ തോമസ് വക്കീലിന്റെ കാറാണ് ഉപയോഗിച്ചിരുന്നത്. മട്ടയ്ക്കൽ മല്പാനച്ചനേയോ മണലിൽ യാക്കോബ് ശെമ്മാശനേയോ എഴുത്തു കൊടുത്തു വിട്ടു കാർ വരുത്തിയാണു പൊയ്ക്കൊണ്ടിരുന്നത്. ഞാനും ചിലപ്പോൾ കാർ പറഞ്ഞു വിട്ടിട്ടുണ്ട്. അന്ന് കോട്ടയം ടൗണിൽ നാലോ അഞ്ചോ പേർക്കേ സ്വന്തമായി കാർ ഉണ്ടായിരുന്നുള്ളു. ഒന്നോ ഒന്നരയോ രൂപ കൊടുത്താൽ ഒരു പാട്ട പെട്രോൾ കിട്ടുന്ന കാലം. കാർ വരുമ്പോൾ പെട്രോൾ മെത്രാച്ചൻ വാങ്ങി ഒഴിപ്പിക്കും.

ആദ്യം ഒരു കാർ സ്വന്തമായി വാങ്ങിയ മലങ്കര സഭാധ്യക്ഷൻ കുറിച്ചി കല്ലാശ്ശേരി ബാവായാണ്. ഇന്നു നമ്മുടെ ബാവായ്ക്കും മെത്രാപ്പോലീത്താമാർക്കും അത്യാധുനിക കാറുകൾ ഉണ്ടല്ലോ. നല്ല നല്ല അരമനകൾ, സ്ഥാപനങ്ങൾ, വിദേശത്തു നിന്നുള്ള പണംകൊണ്ടു സ്ഥാപിച്ച ആശുപത്രികൾ, ആശ്രമങ്ങൾ, കോളജുകൾ, സ്കൂളുകൾ എല്ലാം ഇന്നു സഭയ്ക്കുണ്ട്. പണ്ട് കൊല്ലം, നിരണം, തുമ്പമൺ, കോട്ടയം, കണ്ടനാട്, അങ്കമാലി, കൊച്ചി എന്നിങ്ങനെ ഏഴു ഭദ്രാസനങ്ങളാണുണ്ടായിരുന്നത്. ഒന്നിലധികം ഭദ്രാസനങ്ങളുടെ ചുമതലയുള്ള തിരുമേനിയും ഒരു വലിയ തിരുമേനിയും ഉണ്ടായി



പ. വട്ടശ്ശേരിൽ തിരുമേനി, രണ്ടാം കാതോലിക്കാ, പ. പാമ്പാടി തിരുമേനി

രുന്ന സ്ഥാനത്ത് ഇന്ന് മുപ്പതിൽപരം ഭദ്രാസനവും അത്രയുംതന്നെ മേല്പട്ടക്കാരും സഭയ്ക്കുണ്ട്. ഇന്ത്യയുടെ പ്രധാന നഗരങ്ങൾ കേന്ദ്രമാക്കിയുള്ള ഭദ്രാസനങ്ങൾക്കു പുറമേ അമേരിക്കയിലും ഗൾഫുരാജ്യങ്ങളിലും ഭദ്രാസനം വ്യാപിച്ചിരിക്കുന്നു.

ലൗകികമായി നാം വളരെ വളർന്നു എങ്കിലും അതനുസരിച്ച് ആത്മീയമായി നാം ഉയർന്നിട്ടില്ല എന്നതിന്റെ പ്രത്യക്ഷമായ തെളിവാണ് നാം യോജിച്ചു നീങ്ങണമെന്നുള്ള സുപ്രീംകോടതിയിലെ പണ്ഡിതന്മാരായ ഹൈന്ദവ ന്യായാധിപന്മാരുടെ ഉപദേശം ലഭിച്ചു വർഷങ്ങൾ ആയിട്ടും അക്കാര്യത്തിൽ കാര്യമായ ചലനങ്ങൾ സൃഷ്ടിക്കാതിരിക്കുന്നത്. പഴയസെമിനാരി, പരുമല സെമിനാരി, ദേവലോകം അരമന, വള്ളിക്കാട്ടു ദയറാ, പാമ്പാക്കുട ചെറിയ പള്ളിയിലുള്ള ഒന്നാം കാതോലിക്കായുടെ കബറിടം, തിരുവനന്തപുരം അരമന, പത്തനാപുരം താബോർ ദയറാ മുതലായ സ്ഥാപനങ്ങൾ ലക്ഷങ്ങൾ മുടക്കി രൂപാന്തരപ്പെടുത്തിയിരിക്കുന്നത് വിലമതിക്കേണ്ട കാര്യമാണ്. സംശയമില്ല. എന്നാൽ നമുക്ക് ഒരു കുറവുണ്ട്. അത് ആരും സമ്മതിക്കാതിരിക്കില്ല. ആത്മീയ രംഗത്തെ പാപ്പരത്തം തന്നെ.



പ. ഗീവറുഗീസ് രണ്ടാമൻ ബാവാ, ഗീവറുഗീസ് മാർ പീലക്സീനോസ് (പുത്തൻകാവിൽ), പ. ഗീവറുഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ, കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് (പാമ്പാടി), മാർ സേവേറിയോസ് (വാളക്കുഴിയിൽ. പിന്നീട് കത്തോലിക്കാസഭയിലേക്കു പോയി) എന്നിവരോടൊപ്പം.

10

ഒരു വിവാഹാനുവാദം

എന്റെ ഏക സഹോദരി മറിയാമ്മയ്ക്കു കല്യാണം പറഞ്ഞു. അന്ന് മറിയാമ്മ ഇ.എസ്.എൽ.സി. ക്കു പഠിക്കുകയാണ്. ചെറുക്കൻ വന്നു കണ്ടു ഇഷ്ടപ്പെട്ടു. വാഴൂർ ഫെൻ കുടുംബത്തിൽപെട്ട ജോസഫ് ഫെൻ. പിന്നീടാണു ചെറുക്കൻ സി.എം.എസ്. കാരനാണെന്നതു സംബന്ധിച്ച പ്രശ്നം എന്റെ പിതാവ് വർക്കി വൈദ്യൻ ശരിക്കും അറിയുന്നത്. വിവരം വട്ടശ്ശേരിൽ തിരുമേനിയെ അറിയിക്കണം. പിതാവിനു ധൈര്യമില്ല. താൻ സ്നേഹിക്കുകയും ആരാധിക്കുകയും കൈവിറയലിനുള്ള വില കൂടിയ കസ്തൂരി കക്കൻ എണ്ണ കൊടുക്കുകയും ചെയ്യുന്ന തിരുമേനിയോട് എങ്ങനെ സഭ മാറിയുള്ള വിവാഹക്കാര്യം പറയും. അപ്പൻ വിഷമസന്ധിയിലായി. 'അപ്പൻ വിഷമിക്കേണ്ട ഞാൻ പോയി പറഞ്ഞു കാര്യം സാധിക്കാം' ഞാൻ ചുമതല ഏറ്റു. ഒരു ദിവസം രാവിലെ ഞാൻ ഒന്നു രണ്ടു നല്ല ഏത്തക്കുലകളും കാച്ചിലും കപ്പയും കാന്താരിയും മറ്റുമായി പഴയസെമിനാരിയിൽ എത്തി അവ വട്ടശ്ശേരിൽ തിരുമേനി കാണത്തക്കവിധം കാഴ്ചവച്ചു. 'എന്താ ചെമ്പകശ്ശേരി ഇതെല്ലാമായി?' 'ഒന്നുമില്ല, അടിയങ്ങൾ നടുതല പറിച്ചപ്പോൾ തിരുമേനിക്കു ചില സാധനങ്ങൾ തരാമെന്നു വച്ചു. അത്രേയുള്ളു.' ഞാൻ പറഞ്ഞു. 'എടാ മല്ലപ്പള്ളിക്കാരനായ എനിക്കു കേക്കും വട്ടേപ്പോം ഒന്നും അത്ര ഇഷ്ടമില്ല. ഇതൊക്കെയാണു ഇഷ്ടം.' സന്തുഷ്ടചിത്തനായി തിരുമേനി പ്രതിവചിച്ചു.


'പിന്നെന്തെല്ലാമുണ്ട് വിശേഷങ്ങൾ' തിരുമേനി കുശലം ചോദിച്ചു. ഈ അവസരത്തിൽ വാഴൂരിലെ വിവാഹക്കാര്യം ഞാൻ ഭവ്യതയോടെ പറഞ്ഞവതരിപ്പിച്ചു. എല്ലാം കേട്ടശേഷം 'ഫെൻ കുടുംബക്കാർ God fearing ആണ്. എനിക്കവരിൽ പലരെയും അറിയാം. ബൈബിൾ ആദ്യം തർജ്ജമ ചെയ്ത ചാത്തു മേനോന്റെ പിന്തുടർച്ചക്കാരാണവർ. പിന്നെ ഞാൻ പറഞ്ഞെന്നും എന്നോടു പറഞ്ഞെന്നും ആരും അറിയണ്ട. കല്യാണം നടക്കട്ടെ.' തിരുമേനി പറഞ്ഞു. സന്തുഷ്ടനായ ഞാൻ വിവരം പിതാവിനെ അറിയിച്ചു. അദ്ദേഹത്തിന്റെ ശ്വാസം നേരെ വീണെന്നു പറഞ്ഞാൽ മതിയല്ലോ.

11

വട്ടക്കുന്നേൽ കുര്യൻ കത്തനാർ

പാത്രിയർക്കീസ് ഭാഗത്തെ ഏറ്റവും പ്രധാനപ്പെട്ട ദൈവാലയമായ മണർകാട് സെന്റ് മേരീസ് പള്ളി, വടക്കൻമണ്ണൂർ ഓർത്തഡോക്സ് പള്ളി, പുതുപ്പള്ളി നിലയ്ക്കൽ ഓർത്തഡോക്സ് പള്ളി എന്നിവയുടെ വികാരിയായി ഒരേസമയം സേവനം അനുഷ്ഠിച്ച വട്ടക്കുന്നേൽ കുര്യൻ കത്തനാർ (പ. മാത്യൂസ് പ്രഥമൻ ബാവായുടെ പിതാവ്) ആജ്ഞാശക്തികൊണ്ടും തന്ത്രപൂർവമായ പെരുമാറ്റംകൊണ്ടും ശ്രദ്ധേയനായിരുന്നു. ആലയ്ക്കാപറമ്പിൽ അച്ചൻ വടക്കൻമണ്ണൂരിലും എണ്ണശ്ശേരിൽ യോഹന്നാൻ അച്ചൻ നിലയ്ക്കലും തവണക്കാരായിരുന്നു. വടക്കൻമണ്ണൂരും നിലയ്ക്കലും സ്ഥിരം വികാരിമാർ ഉണ്ടാകുന്നതുവരെ ഈ ക്രമീകരണം വളരെ സുഗമമായി നടന്നു വന്നു. ഇന്നാണെങ്കിൽ ഇങ്ങനെ വല്ലതും നടക്കുമോ? അന്നു വികാരി അച്ചന്റെ നേരെ നിന്ന് ഇങ്ങനെ തുടരുന്നതിനെ ചോദ്യം ചെയ്യാൻ ആരും തന്നെ മുതിർന്നിരുന്നില്ല. അതിനുള്ള തന്റേടവും ആർക്കും ഇല്ലായിരുന്നു.

ഒരു സംഭവം ഓർക്കുന്നു. മണർകാടുപള്ളിയിലെ യുവാവ് വടക്കൻമണ്ണൂർ പള്ളിയിൽപെട്ട യുവതിയെ വിവാഹം ചെയ്യാൻ ഉറയ്ക്കുന്നു. വട്ടക്കുന്നേൽ അച്ചനും ഉണ്ട്; വട്ടക്കുന്നേലച്ചൻ കെട്ടിക്കുകയാണെങ്കിൽ വടക്കൻമണ്ണൂർ പള്ളിയിൽ വച്ചു കല്യാണം നടത്താൻ തയ്യാറാണെന്നു വരന്റെ പിതാവ് സമ്മതിക്കുന്നു. കല്യാണം ഉറച്ചു; പണവും വാങ്ങി വരന്റെ കൂട്ടർ പിരിഞ്ഞു. പിന്നീടാണ് കല്യാണത്തീയതി ആലയ്ക്കാപറമ്പിലച്ചന്റെ തവണ ദിവസമാണെന്നറിയുന്നത്. വരന്റെ പിതാവ് വെപ്രാളത്തോടെ വട്ടക്കുന്നേൽ അച്ചനെ സമീപിച്ചു. താൻ നിലയ്ക്കൽപള്ളിയിലെ കുർബാന പെട്ടെന്നു തീർത്തശേഷം സമയത്തു എത്തിക്കൊള്ളാമെന്നു പറഞ്ഞ് അയാളെ സമാധാനപ്പെടുത്തി. വിവാഹത്തീയതിയിലെ തവണ തന്റേതല്ലെന്നും ആലയ്ക്കാപറമ്പിലച്ചന്റേതാണെന്നും അച്ചൻ തന്നെ കെട്ടിച്ചു കൊള്ളുമെന്നും വട്ടക്കുന്നേലച്ചന് അറിയാമായിരുന്നു. കുർബാന കഴിഞ്ഞു പോകരുതെന്ന് ആലയ്ക്കാപറമ്പിൽ അച്ചനോടും ശട്ടംകെട്ടിയിരുന്നു. നിശ്ചിത ദിവസം മണി പത്തര കഴിഞ്ഞു ചെറുക്കനും പെണ്ണും രണ്ടു കൂട്ടരും പള്ളിയിൽ എത്തി. എല്ലാവരും വട്ടക്കുന്നേലച്ചനെ നോക്കിയിരിപ്പാണ്. പലരും അക്ഷമരായി. ഒടുവിൽ ഏതാണ്ട് 12 മണിയായപ്പോൾ കാളയെ പൂട്ടിയ വില്ലുവണ്ടിയിൽ എത്തി. വരന്റെ പിതാവു ക്ഷുഭിതനായി പരിഭവം പറഞ്ഞു. 'എടാ ഇതു കാറാണോ? മൃഗമല്ലേ; നിലയ്ക്കൽ നിന്ന് എത്ര മൈലാണ് ഈ വെയിലത്ത് എന്നെയും കയറ്റി ഓടി എത്തിയത്.' അച്ചൻ കാലും കൈയും മുഖവുമെല്ലാം കഴുകിയശേഷം ഒരു കസേര പള്ളിയുടെ വരാന്തയിൽ ഇട്ട് അതിൽ ഇരി



വട്ടക്കുന്നേൽ കുര്യൻ കത്തനാർ

ക്കുകയും ഒരു വിശറി കൊണ്ടുവന്നു വീശാൻ പറയുകയും ചെയ്തു. പാക്കു ചൊരുക്കിയതായിരിക്കാം എന്നും പറഞ്ഞശേഷം ആലയ്ക്കാപറമ്പിലച്ച നോടു കാപ്പയിടാൻ ആവശ്യപ്പെട്ടു. വരന്റെ പിതാവ് കൂട്ടിൽ കിടക്കുന്ന വെരു കിനെപ്പോലെ അച്ചൻ ഇരുന്ന വരാന്തയിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. ആലയ്ക്കാപറമ്പിലച്ചനോടു 'ശുശ്രൂഷ ആരംഭിക്കെടൊ' എന്നു പറഞ്ഞു കൊണ്ടു വട്ടക്കുന്നേലച്ചൻ 'ശുബഹോലാ ബോ' ചൊല്ലി വിവാഹശുശ്രൂഷ തുടങ്ങി. വിവാഹം കഴിഞ്ഞപ്പോൾ വരന്റെ പിതാവ്, നെഞ്ചത്തു കൈവച്ചു കൊണ്ട് മേലിലെങ്കിലും ഇങ്ങനെ ആരെയും ചതിക്കരുതെന്നു പറഞ്ഞു. 'എടാ, ഓക്കാ എന്റെ മുഖ്യകാർമികത്വത്തിലാണു ആരംഭമിട്ടത്.' വരന്റെ പിതാവ് അടങ്ങി.

മക്കൾ പ്രായമായതോടെ അവരുടെ വിദ്യാഭ്യാസ സൗകര്യാർത്ഥം വട്ട ക്കുന്നേൽ അച്ചൻ കോട്ടയം എം.ഡി. ഹൈസ്കൂളിന്റെ കിഴക്കുള്ള ചിറയിൽ ഒരു വീടു നിർമ്മിച്ച് അവിടെ താമസിച്ചു. കുടുംബം കോട്ടയത്തും അച്ചൻ മിക്കവാറും മണർകാട്ടും മറ്റും വേലക്കാരനെ വച്ചു താമസിച്ചു വന്നു.

വട്ടക്കുന്നേലച്ചൻ ഒരു ദിവസം രാവിലെ കുർബാന ചൊല്ലാൻ ഒരുങ്ങി പള്ളിയിലേക്കു പോകുമ്പോൾ ഒരു പുലയൻ ഒരു വലിയ വാളയുമായി

എതിരെ വന്നു. 'വാള തമ്പുരാനു തരാനാണ്' എന്നു പുലയൻ അച്ചനോടു പറഞ്ഞു. തുലാ മാസമാണ്. തുലാ മാസത്തിൽ വാളയ്ക്കു വളരെ രുചിയുള്ള സമയവുമാണ്. അച്ചൻ കുപ്പായക്കീശയിൽ നിന്നു ഒരു വെള്ളിരൂപാ പുലയനു നൽകിയശേഷം, 'എടാ വടക്കേ ചായ്പ്പിൽ കിടക്കുന്ന കല്ലുരലിൽ വാള വച്ചിട്ടു ഒറ്റാൽകൊണ്ടു മൂടി ഒരു കല്ലു വച്ചിട്ടു നീ പൊയ്ക്കോ' എന്ന് അച്ചൻ പറഞ്ഞു. കുർബാനയ്ക്കുശേഷം പള്ളിയിലെ അത്യാവശ്യ കാര്യങ്ങളും കഴിഞ്ഞു വീട്ടിൽ എത്തി കുപ്പായം മാറി ഒരു തോർത്തെടുത്തുടുത്തു വാള വെട്ടി കഴുകി പുളിയും മുളകും എല്ലാം അരകല്ലിൽ വച്ചു അരച്ചുചേർത്ത് അടുപ്പേൽ വച്ചു. അങ്ങനെ നിൽക്കുമ്പോൾ മറ്റേതോ പള്ളിയിൽനിന്നു രണ്ടുമൂന്നു പേർ വന്നു വികാരി അച്ചന്റെ വീടല്ലേ എന്നു ചോദിച്ചു. 'അതെ' എന്നു പറഞ്ഞപ്പോൾ 'അച്ചൻ എവിടെപ്പോയി' എന്നായി ചോദ്യം. 'ഒരടിയന്തിരം നടത്താൻ പോയിരിക്കുകയാണ്, നാലു മണിയോടെ വരും' എന്നു മറുപടിയും. അവർ പോയപ്പോൾ വെന്ത വാളയും ചോറും കൂട്ടി ഉണ്ടശേഷം അച്ചൻ കിടന്നു. കൃത്യം നാലു മണിക്കു മുൻപറഞ്ഞവർ വീണ്ടും വന്നു. ഉടനെതന്നെ അച്ചൻ കുപ്പായവും മറ്റും ഇട്ടു ഒരുങ്ങി മുറിയിൽ നിന്നു വന്നു. അവർ വന്ന കാര്യം പറഞ്ഞു. ഏതോ സർട്ടിഫിക്കറ്റിനായിരുന്നു അവർ വന്നത്. അതെഴുതി സീലും ഒപ്പും വച്ച് അവർക്കു നൽകി. വന്നവരിൽ ഒരാൾ സമർത്ഥനായിരുന്നു. നേരത്തെ വന്നപ്പോൾ തോർത്തുടുത്തു നിന്ന ആൾ തന്നെയാണ് അച്ചൻ എന്ന് അയാൾക്കു മനസ്സിലായി. പക്ഷേ ചോദിക്കാനുള്ള തന്റേടം തോന്നിയില്ല.

1907 മാർച്ച് 27 ഞായറാഴ്ചയായിരുന്നു. വട്ടക്കുന്നേൽ കുര്യനച്ചൻ നിലയ്ക്കൽ പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിക്കാൻ അര മണിക്കൂർ വൈകിയാണ് എത്തിയത്. കൃത്യസമയത്തു വില്ലുവണ്ടിയിൽ എത്തിക്കൊണ്ടിരിക്കുന്ന അച്ചനു വല്ല അസുഖവുമാണോ? അതോ വണ്ടിക്കോ കാളയ്ക്കോ വല്ല കുഴപ്പവുമാണോ എന്നെല്ലാം ഇടവകക്കാർ ചിന്തിച്ചുകൊണ്ടിരുന്നു. അപ്പോൾ പുതുപ്പള്ളിക്കവലയിൽ വണ്ടിയുടെ ശബ്ദം. അച്ചൻ എത്തിക്കഴിഞ്ഞു. എന്താണു വൈകിയതെന്നാരാഞ്ഞപ്പോൾ ഒരു പതിഞ്ഞ സ്വരത്തിൽ അച്ചൻ മറുപടി പറഞ്ഞു: 'വീട്ടിൽ ഒരു പ്രസവം നടന്നു.' പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ ജനനം അന്നായിരുന്നു.

ഒരു പൊതുയോഗം

പ്രസിദ്ധമായ മണർകാടുപള്ളിയിൽ ഒരു പൊതുയോഗം നടക്കുകയാണ്. വികാരിയായ വട്ടക്കുന്നേൽ കുര്യൻ കത്തനാരാണ് അധ്യക്ഷൻ. പൊതുയോഗം ആരംഭിച്ച് അല്പം കഴിഞ്ഞപ്പോൾ ഇടവകയിലെ ഒരു പ്രമാണി വളരെ മോശമായി സംസാരിച്ചു. അധ്യക്ഷന് ഇതൊട്ടും പിടിച്ചില്ല. അദ്ദേഹം

എഴുന്നേറ്റു നിന്നു തനിക്കു വയറ്റിൽ നല്ല സുഖമില്ലെന്നു പറഞ്ഞു അസിസ്റ്റന്റായ വെട്ടിക്കുന്നേലച്ചനെ അധ്യക്ഷസ്ഥാനത്താക്കിയശേഷം കാളവണ്ടിയിൽ കയറി. പൊതുയോഗത്തിൽ വളരെ ധിക്കാരപരമായി സംസാരിച്ച ആളിന്റെ വീട്ടിലേക്കു വണ്ടി വിടാൻ വണ്ടിക്കാരനോടു പറഞ്ഞു.

അല്പസമയം കഴിഞ്ഞ് അച്ചൻ അയാളുടെ വീട്ടിൽ എത്തി. അയാളുടെ ഭാര്യ അന്തിച്ചുപോയി. അച്ചൻ ഇറങ്ങിച്ചെന്നു തനിക്കു വയറിനു സുഖമില്ലെന്നും കുറച്ചു പൊടിയരിക്കഞ്ഞി തയ്യാറാക്കണമെന്നും ബാത്ത്റൂമിൽ വേണ്ടത്ര വെള്ളം ഒഴിച്ചുവയ്ക്കണമെന്നും കഞ്ഞികുടി കഴിഞ്ഞു വിശ്രമിക്കണമെന്നും അറിയിച്ചു. തുടർന്ന് അവർ അച്ചനു നല്ല ഷീറ്റും പുതിയ തലയണയും എല്ലാം വിരിച്ചു കൊടുത്തു. പൊടിയരിക്കഞ്ഞി പപ്പടം ചുട്ടതും ഉപ്പിലിട്ടതും കൂട്ടി കുടിച്ചശേഷം അച്ചൻ ഉറങ്ങാൻ കിടന്നു. നാലു മണിയായപ്പോൾ പൊതുയോഗം കഴിഞ്ഞു ഗൃഹനാഥൻ എത്തി. അച്ചന് എന്തുപറ്റിയെന്നു അയാൾ ഭാര്യയോടു ചോദിക്കുകയും കഞ്ഞി ആവശ്യപ്പെട്ടതുൾപ്പെടെ എല്ലാ കാര്യങ്ങളും അറിയിക്കുകയും ചെയ്തു. ഇയാൾ സംസാരിച്ചതെല്ലാം ഉറക്കം നടിച്ചുകിടന്ന അച്ചൻ കേട്ടു. ഭാര്യയുമായുള്ള അയാളുടെ സംസാരം തീർന്നപ്പോൾ അച്ചൻ എഴുന്നേറ്റു. 'പൊതുയോഗമൊക്കെ തീർന്നോടാ? എത്ര മണിയായി?' എന്നു ചോദിച്ചു. 'നീ വല്ലതും കഴിച്ചോ' എന്നു അച്ചൻ വണ്ടിക്കാരനോടും ആരാഞ്ഞു. പോകാൻ മുറ്റത്തിറങ്ങിയപ്പോൾ ഒരു വലിയ വാഴക്കുല പൊതിഞ്ഞു കെട്ടി നിർത്തിയിരുന്നതു അച്ചന്റെ ശ്രദ്ധയിൽപ്പെട്ടു. 'ഇതെന്തു വാഴയാടാ മുറ്റത്തരികിൽ' എന്ന് അച്ചൻ ചോദിച്ചു. 'പൂവൻ കുലയാണ്; അച്ചന് ഇഷ്ടമായിരിക്കുമല്ലോ' എന്നു പറഞ്ഞു ഗൃഹനാഥൻ അതു വെട്ടി വണ്ടിയിൽ വച്ചു. പറമ്പിൽ നിന്നു വിളഞ്ഞു ചുമന്ന ഒരു വലിയ ഏത്തക്കുല കൂടി ഗൃഹനാഥൻ വെട്ടി വണ്ടിയിൽ വച്ചു. അച്ചൻ പോകുകയും ചെയ്തു. പള്ളിയിൽ വച്ചു അച്ചനോടു വേണ്ടാത്തതു പറഞ്ഞതുകൊണ്ടുള്ള മനഃപ്രയാസം മാറാനാണ് അയാൾ രണ്ടു കുലകൾ നൽകി അച്ചനെ ബഹുമാനിച്ചയച്ചത്. ചീത്ത പറഞ്ഞ ആളിന്റെ വീട്ടിൽ ചെന്നു കഞ്ഞിയും കുടിച്ചു വിശ്രമിച്ചു രണ്ടു വലിയ കുലകളുമായി മറ്റാരെങ്കിലും പോകുമോ. തന്ത്രശാലിയും ബുദ്ധിമാനുമായ വട്ടക്കുന്നേലച്ചന്റെ നയചാതുര്യമല്ലേ ഇതു വ്യക്തമാക്കുന്നത്?

അന്നത്തെ കാലത്തു വട്ടക്കുന്നേലച്ചൻ, വെട്ടിക്കുന്നേൽ അച്ചൻ, കാവുംഭാഗത്തു വല്യച്ചൻ, ചെറിയമഠത്തിൽ വലിയ യാക്കോബു കത്തനാർ മുതലായ നേതാക്കൾ എത്രയധികം ശ്രേഷ്ഠരായിരുന്നു എന്നു കാണിക്കാനാണ് ഇക്കാര്യങ്ങൾ പറഞ്ഞത്.

12

പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ്

പ്രഗത്ഭനായിരുന്ന പാറേട്ട് മാത്യൂസ് കത്തനാരെ വട്ടശ്ശേരിൽ തിരുമേനിയുടെ കാലംമുതൽ മെത്രാൻ സ്ഥാനത്തേക്കു പലതവണ ക്ഷണിച്ചതാണ്. എന്നാൽ പുതുപ്പള്ളി പള്ളിയിലെ കാര്യങ്ങൾ ഒന്നു ശരിയാക്കിയിട്ടാവാം അവിടെനിന്നു മാറി മേല്പട്ടസ്ഥാനം ആകാമെന്ന് അദ്ദേഹം തീരുമാനിച്ചു. എന്നാൽ എതിർകക്ഷികൾ ഒന്നിനും വഴങ്ങാതെ വന്നതിനാൽ പള്ളിവികാരിയായി അദ്ദേഹം മെത്രാനായശേഷവും തുടർന്നു. 55 വയസ്സു കഴിഞ്ഞപ്പോഴാണ് മെത്രാൻസ്ഥാനം സ്വീകരിച്ചത്. കാലം ചെയ്യുന്നതു വരെയും നല്ല ആരോഗ്യം. ശരീരത്തിനു കൂനുണ്ടായില്ല. ദീർഘകായൻ. കണ്ണിനും, മൂക്കിനും, പല്ലിനും, ചെവിക്കുമൊന്നും ഒരു തകരാറും സംഭവിച്ചില്ല. ചിട്ടയുള്ള ജീവിതം നയിച്ചു. മരിക്കാൻവേണ്ടി മാത്രം ഒരു ക്ഷീണം തോന്നി. ഒരാഴ്ച കങ്ങഴ ആശുപത്രിയിൽ ചികിത്സയ്ക്കു വിധേയനായി. കാലം ചെയ്തു. പാമ്പാടിത്തിരുമേനിയുടെ കബറിനടുത്ത് അദ്ദേഹവും അന്ത്യവിശ്രമം കൊള്ളുന്നു.

പുതുപ്പള്ളിയിലും ആറാംമൈലിലുമായി പത്തഞ്ഞൂറ് ഏക്കർ സ്ഥലവും പത്തൻപതു ലക്ഷം രൂപയും ഉണ്ടായിരുന്നു. തിരുമേനി താമസിച്ച വീടും കുറെ പണവും സഹോദരനായ ഇസഡ്. എം. പാറേട്ട് സഭയ്ക്കു നൽകി. അതുകൊണ്ട് പാറേട്ട് ആശുപത്രി ആരംഭിക്കാൻ കഴിഞ്ഞു. 'കാർക്കിച്ച കപ്പ ഇറക്കിയാൽ ഛർദ്ദിക്കും; തുപ്പിയാൽ സർപ്പം കടിക്കും' എന്നൊരു ചൊല്ല് കേട്ടിട്ടുണ്ട്. അതുകൊണ്ട് എന്റെ ഈ കുറിപ്പുകൾ വായിക്കുന്നവരോട് ഒരഭ്യർത്ഥന. 'നിങ്ങൾക്കു സുബോധമുള്ള കാലത്തുതന്നെ ദൈവത്തിൽ ആശ്രയിച്ച് ഒരു വിൽപത്രം എഴുതിവയ്ക്കുക. ബോധമുള്ള കാലത്ത് എന്നതിനു അടിവരയിട്ടത് ബോധപൂർവമാണ്. ശെമ്മാശനായിരിക്കുമ്പോൾ മുതൽ എനിക്കു പാറേട്ടു തിരുമേനിയെ നന്നായറിയാം. ഞാൻ നൽകിയ ചില വിവരങ്ങൾ കൂടിചേർത്താണ് കെ. വി. മാമ്മൻ 'പാറേട്ടു മാർ ഈവാനിയോസ്' എന്ന നല്ല ജീവചരിത്രം പ്രസിദ്ധപ്പെടുത്തിയത്. (*പാറേട്ടു മാർ ഈവാനിയോസ്*, കെ. വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, മാങ്ങാനം, കോട്ടയം-18).



13


പാറയ്ക്കൽ കുറിയാക്കോസ് അച്ചൻ

പ്രസിദ്ധനായിരുന്നല്ലോ പാറയ്ക്കൽ കുറിയാക്കോസ് കോർഎപ്പിസ്കോപ്പാ. പുതുപ്പള്ളിപ്പള്ളി വികാരിയായിരുന്ന് അടുത്തകാലത്തു കാലയവനികയ്ക്കുള്ളിൽ മറഞ്ഞ അച്ചനെപ്പറ്റി പല സ്മരണകൾ എഴുതാനുണ്ട്. അദ്ദേഹം ഞങ്ങളുടെ കൊല്ലാടു പള്ളിയിലും ദീർഘനാൾ വികാരിയായിരുന്നിട്ടുണ്ട്.

ഒരു പുത്രനുവേണ്ടി പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്ത മാതാപിതാക്കൾക്കു ജനിച്ച പുത്രനാണു പാറയ്ക്കൽ കുറിയാക്കോസ് കത്തനാർ. അവർക്കു മൂന്നു പെൺമക്കളാണ് ഉണ്ടായിരുന്നത്. ഒരു പുത്രൻ ജനിച്ചാൽ അവനെ വൈദികനാക്കാമെന്നു ഭാര്യാഭർത്താക്കന്മാർ നേർന്നിരുന്നു. ഇങ്ങനെയിരിക്കേ ഒരു ദിവസം അതിരാവിലെ പഴയസെമിനാരിയിൽ എത്തി വട്ടശ്ശേരിൽ തിരുമേനിയെ ഇവർ സന്ദർശിച്ചു സങ്കടമറിയിച്ചു. മീനടത്തു നിന്നു വെളുപ്പിനു പത്തു പന്ത്രണ്ടു മൈൽ നടന്നു വന്നതാണെന്ന വിവരം അറിഞ്ഞ മെത്രാപ്പോലീത്താ അദ്ഭുതപ്പെട്ടു. സെമിനാരിക്കടവിൽ വന്നു കാലും കൈയും മുഖവും കഴുകിയശേഷമാണ് അവർ തിരുമേനിയെ കണ്ടത്. തങ്ങൾക്ക് ഒരു പുത്രനില്ലാത്തതിൽ ദുഃഖമുണ്ടെന്നും പുത്രനുണ്ടായാൽ അവനെ വൈദികനാക്കാമെന്നും ഭാര്യാഭർത്താക്കന്മാർ അറിയിച്ചപ്പോൾ വാക്കുമാറരുതെന്നു പറഞ്ഞുകൊണ്ട് ഇരുവരും മുട്ടുകുത്താൻ ആവശ്യപ്പെട്ടു. മുട്ടുകുത്തിയപ്പോൾ അവരെ സ്ലീബാ തലയിൽ വച്ച് അനുഗ്രഹിക്കുകയും തുടർന്ന് അലമാരിയിൽ നിന്നു രണ്ട് മാമ്പഴം അവർക്കു നൽകുകയും പ്രാർത്ഥനയോടും ഉപവാസത്തോടും കുടുംബജീവിതം തുടരാൻ ആവശ്യപ്പെടുകയും ചെയ്തു. താമസിയാതെ അവർക്കു ജനിച്ച മകനാണ് കുറിയാക്കോസച്ചൻ. വട്ടശ്ശേരിൽ തിരുമേനിയെക്കൊണ്ടു കുറിയാക്കോസിനു ശെമ്മാശപട്ടം നൽകണം എന്ന് ആഗ്രഹിച്ചു എങ്കിലും തിരുമേനിയുടെ നിർദ്ദേശപ്രകാരം പാമ്പാടിത്തിരുമേനിയാണ് പട്ടം നൽകിയത്. ബാലനായിരിക്കുമ്പോൾതന്നെ പട്ടം സ്വീകരിച്ച അദ്ദേഹം സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം റ്റി.റ്റി.സി. പാസ്സാകുകയും അദ്ധ്യാപകനാകുകയും തുടർന്ന് വിവാഹത്തിനുശേഷം പാമ്പാടി തിരുമേനി തന്നെ വൈദികപട്ടം നൽകുകയുമാണുണ്ടായത്.

കോട്ടയം ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ വികാരിയായിരുന്ന അദ്ദേഹം കൊച്ചിമൂലയിൽ ഏലിയാസ് കത്തനാർ രോഗിയായതിനെ തുടർന്ന് പുതുപ്പള്ളിപ്പള്ളി വികാരിയായി നിയമിക്കപ്പെട്ടു. മദ്യവർജ്ജന

പ്രസ്ഥാനം ആരംഭിച്ച മാങ്ങാനം മന്ദിരം സ്ഥാപകൻ പി. സി. ജോർജിൽ നിന്നു ആ ദൗത്യം ഏറ്റെടുത്ത പാറയ്ക്കലച്ചൻ കഥാപ്രസംഗം, പ്രസംഗങ്ങൾ എന്നിവ മൂലം കേരളത്തിലുടനീളം മദ്യവർജ്ജനസന്ദേശം പ്രചരിപ്പിച്ചു പ്രസിദ്ധനായി. കൂടാതെ പ്രൊഫ. എം. പി. മന്മഥൻ മുതലായവരുമൊന്നിച്ച് ദീർഘകാലം മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ അക്ഷരാർത്ഥത്തിലുള്ള വായും തൂണും മല്പാനുമായി നിലകൊള്ളുകയും ചെയ്തു. കേരള ഗവണ്മെന്റിന്റെ ചാരായ നിരോധനത്തിൽ അച്ചന്റെ ആത്മാവ് അത്യധികം ആനന്ദിക്കുന്നുണ്ടാവും.





പുതുപ്പള്ളി സെന്റ് ജോർജ് പള്ളി

14

അത്യുന്നതനായ മൂന്നാം കാതോലിക്കാ ബാവ

കുറിച്ചി കോലത്തുകളത്തിൽ കല്ലാശ്ശേരിൽ ഉലഹന്നാന്റെയും പാമ്പാക്കുട മാടപ്പറമ്പിൽ നൈത്തിയുടെയും, രണ്ടാമത്തെ പുത്രനാണ് നമ്മുടെ കഥാപുരുഷൻ പുന്നൂസ്. അദ്ദേഹത്തിനു ഫീലിപ്പോസ് എന്നൊരു ജ്യേഷ്ഠനും, ജോൺ എന്ന ഇളയ സഹോദരനും മൂന്നു സഹോദരിമാരും ഉണ്ടായിരുന്നു. കോട്ടയം സി.എം.എസ്. കോളജ് ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് പുന്നൂസിനു അനേകം സ്നേഹിതന്മാർ ഉണ്ടായിരുന്നു. പഠിക്കാൻ സാമാന്യം സമർത്ഥനായിരുന്നു. അതേസമയം വളരെ മുൻകോപിയും. ഒരിക്കൽ കൂട്ടുകാരനുമായി വഴക്കുണ്ടായി. ഒരാളുടെ ചെകിട്ടത്ത് അടിച്ചു. അടികൊണ്ട ആൾ വായിൽ ചോരയും ഒലിപ്പിച്ച്, ഹെഡ്മാസ്റ്ററെ സമീപിച്ചു. പുന്നൂസിനെ വിളിപ്പിച്ചു, രക്ഷാകർത്താവിനെ കൊണ്ടുവന്നതിനു ശേഷമേ ക്ലാസ്സിൽ കയറാവൂ എന്ന് അദ്ദേഹം ആജ്ഞാപിച്ചു. ഇന്നത്തെപ്പോലെ അന്നു രക്ഷാകർത്താവിനെ വാടകയ്ക്കു ലഭിക്കുമായിരുന്നില്ല; ആ തന്ത്രം അജ്ഞാതവുമായിരുന്നു. പിതാവും ഇതുപോലെ മുൻകോപി ആയിരുന്നതിനാൽ മാതാവ് മുഖാന്തരം, പിതാവിനെ വിവരം ധരിപ്പിച്ചിട്ടു പിതാവിന്റെ സമീപത്തു വരാതെ ഏതാനും നാളുകൾ തള്ളിനീക്കി. ഇങ്ങനെ ഇരിക്കെ പിതാവിന്റെ പ്രായക്കാരനും അയൽവാസിയുമായ ഒരു ഗണകൻ വീട്ടിൽ വന്നു പിതാവുമായി സംസാരിക്കുന്നതിനിടയിൽ മകൻ സ്കൂളിൽ നിന്നു പിണങ്ങി നിൽക്കുകയാണെന്നുള്ള വിവരം ധരിപ്പിച്ചു. അങ്ങനെ അവർ ഇരുവരും കൂടി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മാതാവിന്റെ അടുക്കൽ കൂടി മകൻ വന്നു കടന്നുപോകുന്നത് ഗണകൻ കണ്ടു.

പുന്നൂസിനെ ഗണകൻ ശ്രദ്ധിച്ചിട്ട്, മകന്റെ ജനിച്ച സമയവും നാളും, ഒന്നു കുറിച്ചു തരണമെന്ന് ആവശ്യപ്പെട്ടു. മാതാവ് കുറിച്ചുകൊടുത്തു. താമസിയാതെ ഒരു ചെറിയ ജാതകം എഴുതി പിതാവിന്റെ കൈയിൽ കൊടുത്തിട്ട് 'പിതാവെ, എന്നോട് കോപിക്കരുത്. ഈ ജാതകം അവിടെ സൂക്ഷിച്ചു വയ്ക്കണേ. നമുക്ക് ഇരുവർക്കും പ്രായമായി. മേലിൽ ഈ കൊച്ചനെ എടാ എന്നു പോലും വിളിക്കരുത്. അയാൾ ഒരു സന്യാസിവര്യനും, ഒരു സഭാമേലദ്ധ്യക്ഷനും ആകേണ്ടവൻ ആണ്. കോപിക്കരുത്' എന്ന് ഗണകൻ അപേക്ഷിച്ചതുകൊണ്ട് ഏൽപ്പിച്ച ജാതകം വാങ്ങി മൗനമായി കുറച്ച് സമയം നോക്കിയിരുന്നശേഷം അത് സൂക്ഷിച്ചു. മാതാവിനെ വിളിച്ചു ഞാൻ സ്കൂളിൽ പോയി ഹെഡ്മാസ്റ്ററെ കണ്ടിട്ട് നിന്റെ മകൻ സ്കൂളിൽ പോക



ത്തില്ല എന്ന് ശഠിച്ചു. വിദ്യാഭ്യാസ ഭാവിക്കു തടസ്സം കണ്ടു പുന്നൂസിന് മനഃപ്രയാസമായി. അങ്ങനെ ഇരിക്കെ പരുമല കൊച്ചുതിരുമേനിയെ കണ്ടു വിവരം അറിയിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി അവിടെ ച്ചെന്ന് വിവരങ്ങൾ വിശദമായി അറിയിച്ചു. മാതാപിതാക്കന്മാരെ തിരുമേനിയുടെ കല്പന പ്രകാരം പരുമല സെമിനാരിയിൽ വരുത്തി. 'ഇവൻ കുറച്ചു കാലം എന്റെ കൂട്ടത്തിൽ താമസിക്കട്ടെ' എന്ന് കല്പിച്ചു. ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ പുന്നൂസിൽ തിരുമേനിക്ക് താല്പര്യം തോന്നി. ഒടുവിൽ ശെമ്മാശപട്ടം കൊടുക്കുവാൻ തീരുമാനിച്ചു. അതനുസരിച്ചു കുറിച്ചി പള്ളിയിൽ വച്ച് കടവിൽ മാർ അത്താനാസ്യോസ് ശെമ്മാശുപട്ടം നൽകി. പിന്നീട് കശ്ശീശ്ശായും റമ്പാനുമാക്കി. താമസിയാതെ പരുമല തിരുമേനിയുടെ സഹഅദ്ധ്യാപകനും സെമിനാരിയിലെ ഭരണസഹായിയുമായിത്തീർന്നു. അക്കാലത്ത് അദ്ദേഹത്തിന്റെ കൂടെ പൗലൂസ് റമ്പാനും (ആലുവായിൽ കബറടങ്ങിയ മാർ അത്താനാസ്യോസ്), ഗീവറുഗീസ് റമ്പാനും (വാകത്താനത്ത് കബറടങ്ങിയ മാർ ബസ്സേലിയോസ് കാതോലിക്കാ), കരോട്ടുവീട്ടിൽ യൂയാക്കീം റമ്പാനും (മാർ ഈവാനിയോസ്) ഇങ്ങനെ മൂന്നു റമ്പാന്മാരും ഏതാനും ശെമ്മാശന്മാരും ഉണ്ടായിരുന്നു. ഇന്നത്തെപ്പോലെ സെമിനാരിയിൽ ദൈവശാസ്ത്രപഠനം ഇല്ലായിരുന്നതിനാൽ പരുമലയും, പഴയസെമിനാരിയിലുമായിരുന്നു ശെമ്മാശന്മാർ പഠനം നടത്തിയിരുന്നത്.

പരുമല തിരുമേനിക്കു ശേഷം വട്ടശ്ശേരിൽ തിരുമേനിയുടെ കൂടെയാണ് ബാക്കി പരിശീലനങ്ങൾ നേടിയത്. വട്ടശ്ശേരിൽ തിരുമേനി അങ്ങനെ ഗുരു എന്നതിനു പുറമേ ബാവായുടെ പിതാവിന്റെ സഹോദരീപുത്രനും അങ്ങനെ തിരുമേനിയുടെ ജ്യേഷ്ഠനും കൂടിയാണ്.

വാകത്താനത്തെ രണ്ടാം കാതോലിക്കാ കാലംചെയ്തതിനെ തുടർന്ന്, അന്നത്തെ സമുദായനേതാക്കളുടെ കണക്കു കൂട്ടലെല്ലാം തെറ്റിച്ചുകൊണ്ട് വട്ടശ്ശേരിൽ തിരുമേനി കല്ലാശ്ശേരിൽ ഗ്രീഗോറിയോസിനെ തിരഞ്ഞെടുത്ത് മൂന്നാം കാതോലിക്കായായി വാഴിച്ചു. ബഥനിയുടെ ഈവാനിയോസിനെ

ഒഴിവാക്കിയ ദീർഘവീക്ഷണവും, ദൈവനടത്തിപ്പും വട്ടശ്ശേരിൽ തിരുമേനിയെ ചിരകാല സ്മരണാർഹനാക്കിത്തീർത്തു. കോട്ടയം ജില്ലാക്കോടതിയിൽ സി. കൃഷ്ണയ്യർ ജഡ്ജിയുടെ മുമ്പാകെ നേരിട്ട് ഹാജരായി മൊഴി നൽകാൻ ബാവാ തയ്യാറായത് അന്നത്തെ ഒരു പ്രധാന സംഭവമായിരുന്നു.

ബാവാ തിരുമേനിയുടെ വി. കുർബാന, മാമോദീസാ കർമ്മം, വിവാഹ ശുശ്രൂഷ, ശവസംസ്കാരം, തൈലാഭിഷേകം, പട്ടംകൊട, പള്ളികൂദാശ, മൂറോൻ കൂദാശ ഇതിലൊക്കെ സംബന്ധിച്ചിട്ടുള്ളവർക്ക് മാത്രമേ ആ ശുശ്രൂഷകളിലെ ദ്രവീകരണശക്തിയും, സ്വർഗീയ അനുഭൂതിയും, ഹൃദയ പരിശുദ്ധതയും മനസ്സിലാകൂ. 'ഇവയൊക്കെ ഇത്ര ഭയഭക്തിയോടും ഗൗരവത്തോടും നിർവഹിക്കാൻ എന്നെ പരിശീലിപ്പിച്ചത് പരിശുദ്ധനായ പരുമല തിരുമേനിയാണ്' എന്ന് ഒന്നിലധികം തവണ ബാവാ എന്നോട് പറഞ്ഞിട്ടുണ്ട്.

1104 കുംഭ മാസം നാലാം തീയതി (1929 ഫെബ്രുവരി 15) കുറിച്ചി മാർ ഗ്രീഗോറിയോസിനെ ഏലിയാ ചാപ്പലിൽ വച്ച് മൂന്നാം കാതോലിക്കായായി വാഴിച്ചു. ആ ദിവസം കോട്ടയം ഒരു ജനമഹാസമുദ്രമായി മാറി. അന്നത്തെ വോളന്റിയർ സംഘത്തിലെ ഒരു എളിയ പ്രവർത്തകനായിരുന്നു ഞാൻ. ഉച്ചഭാഷിണികൾ, കോട്ടയത്തില്ലായിരുന്നു. 'നിശ്ശബ്ദം' എന്നെഴുതിയ ബോർഡുകൾ, അങ്ങിങ്ങായി ഉയർത്തിപ്പിടിച്ചു വാളന്റിയർമാർ നിന്നിരുന്നു. ഇടയ്ക്കിടയ്ക്കു ബഥനിയുടെ മാർ ഈവാനിയോസ് വലിയ ശബ്ദത്തിൽ, "വാത്സല്യ മക്കളെ, ശബ്ദം ഉണ്ടാക്കരുത്. മഹത്തായ ശുശ്രൂഷയിൽ എല്ലാവരും ശ്രദ്ധിക്കുക. അനുഗ്രഹത്തിനു പകരം ശാപം മേടിക്കരുത്" എന്ന് പറയുന്നുണ്ടായിരുന്നു. പിറ്റെ ദിവസം പേഴമറ്റത്ത് കുറിയാക്കോസ് റമ്പാനെ കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് എന്ന പേരിലും, ഒളശ്ശ കളപ്പുരയ്ക്കൽ റമ്പാനെ ബഥനിക്കുവേണ്ടി തെയോഫിലോസ് എന്ന പേരിലും മെത്രാന്മാരായി പുതിയ കാതോലിക്കാ വാഴിച്ചു. തുടർന്ന്, പഴയസെമിനാരിയിലേക്ക് ഗംഭീരമായ ഒരു സ്വീകരണ ഘോഷയാത്ര നടത്തി. അതുപോലെ ഒരു സംഭവം ഇന്നേവരെ ഞാൻ കണ്ടിട്ടില്ല.

വട്ടശ്ശേരിൽ തിരുമേനിയുടെ അന്ത്യസമയം അടുത്തു. അനുകൂലമായ ഹൈക്കോടതി വിധി കേൾക്കാനുള്ള ഭാഗ്യവും ഉണ്ടായി. എങ്കിലും ബഥനിയുടെ ഈവാനിയോസും തെയോഫിലോസും, സഭയിൽനിന്ന്, റീത്ത് പ്രസ്ഥാനത്തിലേക്ക് മാറിപ്പോയി. അത് സാരമായി വട്ടശ്ശേരിൽ തിരുമേനിയെ ദുഃഖിപ്പിച്ചു. 1109 കുംഭത്തിൽ കാലം ചെയ്തു. ഈ പ്രതിസന്ധികളിലൂടെ ഒക്കെ സഭ കടന്നുപൊയ്ക്കൊണ്ടിരുന്നപ്പോൾ ഉപവാസവും, പ്രാർത്ഥനയും, അടിയുറച്ച ദൈവവിശ്വാസവുംകൊണ്ട് കുറിച്ചി വലിയ ബാവാ, സഭയെ നേരായ പാതയിൽ നയിച്ചുകൊണ്ടിരുന്നു. മൂന്നു പ്രാവശ്യമായി ധാരാളം

മെത്രാപ്പോലീത്തന്മാരെ വാഴിച്ചു. രണ്ട് പ്രാവശ്യം വി. മൂറോൻ കൂദാശ നടത്തി. മൂന്നു തവണ വിദേശയാത്ര നടത്തി, 92 വയസ്സ് വരെ ജീവിച്ചിരുന്നു. മലങ്കരസഭയുടെ ആവശ്യമറിഞ്ഞു ദൈവം നമുക്കു തന്ന ഒരു നേതൃത്വമായിരുന്നു അദ്ദേഹത്തിന്റേത്. ഗീവറുഗീസ് രണ്ടാമൻ ബാവാ, സഭയിൽ സമാധാനം ഉണ്ടായിക്കാണാൻ അമിതമായി ആഗ്രഹിച്ചിരുന്നു. ആലുവായിൽ രണ്ടാഴ്ച താമസിച്ചു സമാധാനത്തിനായി ബുദ്ധിമുട്ടി എങ്കിലും അതു വിജയിച്ചില്ല. അവസാനം സുപ്രീംകോടതി വിധിയെ തുടർന്ന് വിഘടിത വിഭാഗം തല വണക്കി. മൂന്നു പന്തീരാണ്ടു മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും ആയി സഭയെ നയിച്ചു. അക്കാലത്താണ് പഴയസെമിനാരി തിയോളജിക്കൽ കോളജായത്. ദേവലോകം അരമനയും, ചാപ്പലും ഉണ്ടായി. പുതിയ അരമനക്കെട്ടിടത്തിൽ കിടന്നാണ് ഭാഗ്യവാനായ തിരുമേനി കാലംചെയ്തത്.

തിരുമേനിയും ഞാനും തമ്മിലുള്ള ബന്ധം വളരെ ദൃഢതയുള്ളതായിരുന്നു. ദേവലോകം അരമന വാങ്ങുന്നതിനുള്ള പണപ്പിരിവിൽ മാമ്മൻമാപ്പിളയോടൊപ്പം ധാരാളം യാത്ര ചെയ്യാനും സഭാസ്നേഹികളായ വളരെ ആളുകളെ വിവിധ സ്ഥലങ്ങളിൽ സഞ്ചരിച്ചു കാണുന്നതിനും, പരിചയപ്പെടുന്നതിനും ഇടയായിട്ടുണ്ട്. ദേവലോകത്തിന്റെ ഒരു അയൽവാസി ആയിരുന്നതുകൊണ്ട് മിക്ക ദിവസങ്ങളിലും, തിരുമേനിയെ കണ്ട് ഞാൻ സംസാരിക്കുമായിരുന്നു. രണ്ടു മൂന്നു ദിവസം കണ്ടില്ലെങ്കിൽ തിരക്കി ആളയയ്ക്കുമായിരുന്നു. എന്റെ സംസാരം കേൾക്കാൻ പരിശുദ്ധ പിതാവിനു വലിയ ഇഷ്ടമായിരുന്നു. ഞാനും ഒരു പ്രമേഹരോഗിയായിരുന്നതുകൊണ്ട് ബാവാ തിരുമേനിക്ക് മധുരത്തിനോടുള്ള കമ്പം നല്ലതുപോലെ മനസ്സിലാക്കിയിരുന്നു. ചെമ്പകശ്ശേരിൽ വീട്ടിൽ പായസം ഉണ്ടാക്കുമ്പോൾ അതിലൊരു പങ്ക് തിരുമേനിക്ക് കൊണ്ടു കൊടുക്കും. അപ്പോൾ തന്നെ കുറച്ച് കഴിച്ചു ബാക്കി ഫ്രിഡ്ജിൽ സൂക്ഷിക്കാൻ കല്പിക്കുമായിരുന്നു. തുടരെ മൂന്നാല് ദിവസങ്ങൾ ഉച്ചമേശ കഴിയുമ്പോൾ എടുത്ത് ഉപയോഗിക്കുമായിരുന്നു.

ഒരു ദിവസം കുണ്ടറ സ്വദേശികളും ബി.എ. ക്കാരുമായ രണ്ടു ചെറുപ്പക്കാർ ബാവായുടെ മാനേജ്മെന്റിലുള്ള ഏതോ സ്കൂളിൽ അദ്ധ്യാപകരുടെ ഒഴിവുണ്ടെന്നറിഞ്ഞ് തിരുമേനിയെ കാണാൻ ദേവലോകത്ത് എത്തി. ആ സമയം ഞാനും ഉണ്ടായിരുന്നു. നാലു മണി കഴിഞ്ഞ സമയം. അന്തിക്കതിരോന്റെ രശ്മികൾ ജനൽവഴി കടന്ന് ഈ ചെറുപ്പക്കാരുടെ മുഖത്തടിച്ചിരുന്നതുകൊണ്ട് തിരുമേനിക്ക് അവരെ വ്യക്തമായി കാണാൻ സാധിച്ചില്ലായിരുന്നു. അല്പം മാറി നില്ക്കാൻ ആവശ്യപ്പെട്ടത് അവർക്കു വ്യക്തമായില്ല. പെട്ടെന്ന് ഉറച്ച ശബ്ദത്തിൽ 'മാറി നില്ക്കടോ' എന്നാജ്ഞാപിച്ചു. കേട്ടപടി ചെറുപ്പക്കാരിലൊരുവൻ, മോഹാലസ്യപ്പെട്ടു നിലംപതിച്ചു. ഞാൻ ഉടനെ മുഖത്തു വെള്ളം തളിച്ചു. നിമിഷങ്ങൾക്കകം കണ്ണു തുറന്നു. എഴുന്നേ



സഭാ സമാധാന കല്പനകൾ കൈമാറുന്നു (1958)

ല്പിച്ചു. ബാവാ തിരുമേനിക്കു വലിയ പ്രയാസമായി. ഉടനെ ശെമ്മാശനെ വിളിച്ചു നിയമന കല്പന എഴുതിക്കൊടുത്ത് പറഞ്ഞയച്ചു. കോപിച്ചു ബഹളമുണ്ടാക്കിയാൽ വന്ന ആളിന്റെ കാര്യം സാധിച്ചു കിട്ടും എന്നത്രേ മാനേജരച്ചൻ പറഞ്ഞത്.

അതുപോലെ കൊല്ലാട് സെന്റ് പോൾസ് പള്ളി വികാരിയായിരുന്ന കങ്ങഴ പന്തനാലിൽ തോമസ് കശ്ശീശാ (30) മഞ്ഞപ്പിത്തം ബാധിച്ചു മരിച്ചു. ബാവായാണ് ശവസംസ്ക്കാരം നടത്തിയത്. അച്ചൻ മരിച്ചു രണ്ടാഴ്ച കഴിഞ്ഞു ബസ്കിയാമ്മയും ആറും നാലും വയസ്സായ രണ്ടാൺ മക്കളും അച്ചന്റെ പിതാവും കൂടി കൊല്ലാട്ട് അച്ചൻ താമസിച്ചിരുന്ന വീട്ടിൽ നിന്നു വീട്ടുസാമാനങ്ങൾ കൊണ്ടുപോകാനെത്തി. സാധനങ്ങൾ വണ്ടിയിൽ കയറ്റി അയച്ചിട്ടു ഞാൻ അവരെയും കൂട്ടി ദേവലോകത്ത് എത്തി. ബാവായെ കണ്ടു കൈമുത്തി. വന്നവർ ആരൊക്കെയാണെന്ന് അന്വേഷിച്ചപ്പോൾ രണ്ടാഴ്ച മുമ്പു മരിച്ചുപോയ പന്തനാലിലച്ചന്റെ ബസ്ക്കിയാമ്മയും, കുഞ്ഞുങ്ങളുമാണെന്നു ഞാൻ പരിചയപ്പെടുത്തി. കുഞ്ഞുങ്ങളെ അല്പസമയം സൂക്ഷിച്ചു നോക്കിയിരുന്നിട്ട് തിരുമേനി എഴുന്നേറ്റു മൗനമായി അകത്തെ മുറിയിലേക്ക് കയറിപ്പോയി. ബാത്ത്റൂമിൽ പോയതായിരിക്കും എന്നു വിചാരിച്ചു പത്തു മിനിറ്റു കഴിഞ്ഞിട്ടും തിരുമേനിയെ കാണാഞ്ഞതിനാൽ ഞാൻ ഉള്ളിൽ കടന്നു നോക്കി. അദ്ദേഹം കിഴക്കോട്ടു തിരിഞ്ഞുനിന്ന് കണ്ണുനീർ പൊഴിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്.

'നീ എന്തിനാണ് ഇവരെ കൂട്ടി വന്നത്' എന്ന് എന്നോടു ചോദിച്ചു. കങ്ങഴ

അച്ചൻ പണിതുകൊണ്ടിരുന്ന വീടിന്റെ പണിപോലും പൂർത്തിയായിട്ടില്ല. കുട്ടികൾ പറക്കപറ്റുന്നതുവരെ അവരെ വളർത്തിക്കൊണ്ടുവരുവാൻ ബുദ്ധി മുട്ടുകൾ ഉണ്ട്. ബസ്ക്കിയാമ്മ തയ്യലും ക്രാഫ്റ്റും ഒക്കെ പഠിച്ചിട്ടുണ്ടെന്നും ധരിപ്പിച്ചു. ഉടനെ ശെമ്മാശനെ വരുത്തി. വാഴൂർ സെന്റ് പോൾസ് സ്കൂൾ മാനേജർക്ക് ബസ്ക്കിയാമ്മയെ ഉടനെ സ്കൂളിൽ നിയമിച്ച് തന്നെ വിവരം അറിയിക്കണമെന്നു കാണിച്ചു എഴുതാൻ ഉത്തരവു കൊടുത്തു. ആ കല്പന അനുസരിച്ചു ബസ്ക്കിയാമ്മയെ സ്കൂളിൽ നിയമിച്ചു. ഇന്ന് കുഞ്ഞുങ്ങൾ വളർന്നു നല്ല സ്ഥാനത്തായി. കുടുംബമായി. ബസ്ക്കിയാമ്മ റിട്ടയർ ചെയ്തു.

അതുപോലെ പള്ളം സെന്റ് പോൾസ് പള്ളിക്കാർ പണിയിച്ച കുരിശും തൊട്ടി കൂദാശ ചെയ്യുന്നതിനു ബാവാ തിരുമേനിയെ ക്ഷണിക്കാൻ എന്നെ കൂട്ടി അവർ ദേവലോകത്ത് എത്തി. നേരത്തെ എന്തോ കാര്യത്തിനു അവ രോടുള്ള നീരസം അവരെ കണ്ടപ്പോൾ തിരുമനസ്സിനെ ചൊടിപ്പിച്ചു. പള്ളി ക്കാരോടു വളരെ ദേഷ്യപ്പെട്ടു. അതിരമ്പുഴ വെടിക്കെട്ടിന്റെ ഒരു പ്രതീതി യായിരുന്നു ആദ്യത്തെ അര മണിക്കൂർ സമയം. സാവധാനത്തിൽ തണുത്തു. ക്ഷണം സ്വീകരിച്ചു. വലിയ ജനക്കൂട്ടത്തിന്റെയും അനേകം പട്ട ക്കാരുടെയും സഹകരണത്തിൽ കൂദാശ നടത്തിക്കൊടുത്തു. കാപ്പിമേശയും കഴിച്ചു സന്തോഷമായി മടങ്ങിപ്പോയി.


1927 ഓഗസ്റ്റിൽ സ്വിറ്റ്സർലണ്ടിലെ ലോസെയിനിൽ ചേർന്ന ഒന്നാമത്തെ ഫെയ്ത്ത് ആൻഡ് ഓർഡർ ലോകസമ്മേളനം സഭകളുടെ ഐക്യ ചിന്താ പദ്ധതിയിലെ ഒരു നാഴികക്കല്ലായിരുന്നു. ഐക്യം അടിച്ചേൽപ്പിക്കുന്നതിനു പകരം ഓരോ സഭയും പരസ്പരം കൂടിയാലോചന നടത്താൻ താല്പര്യ മുള്ള വ്യക്തികളെ പ്രതിനിധികളായി അയച്ചു ഐക്യത്തിന്റെ മേഖല കണ്ടെ ത്താൻ ഇത്തരം സമ്മേളനങ്ങൾ സഹായിച്ചു. പിന്നീട് 1937 ഓഗസ്റ്റിൽ എഡിൻബറോയിൽ ചേർന്ന രണ്ടാമത്തെ ഫെയ്ത്ത് ആൻഡ് ഓർഡർ സമ്മേളനത്തിൽ പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ സംബന്ധിച്ച തോടെ മലങ്കരസഭ, സഭകളുടെ ലോകകൗൺസിലിൽ ചേരുന്നതിനിടയായി. 43 രാജ്യങ്ങളിൽപെട്ട 122 സഭകളിൽ നിന്നു 414 ഔദ്യോഗിക പ്രതിനിധി കൾ സംബന്ധിച്ചതു ആഗോളസഭയുടെ ഒരു വലിയ നേട്ടമായിരുന്നു.

പാലം പണി

ദേവലോകത്തിനു തെക്കുവശമുള്ള കളത്തിൽകടവു പാലം ഉടനെ ഉണ്ടാ കുവാനുള്ള കാരണക്കാരൻ തിരുമേനിയാണ്. പത്തൻപതു വർഷങ്ങൾക്കു മുമ്പ് കടവിന്റെ ഇരുകരകളിലും ചിറകൾ തീർത്ത് ആറു കടക്കുവാൻ കടത്തുവള്ളം വേണ്ടിവന്നു. വർഷങ്ങളായി വള്ളം തുഴയുന്നു. അതേസമയം ദേവലോകത്തിനു പടിഞ്ഞാറേകരയും പുന്നക്കൽ ചുങ്കവുമായി ബന്ധിപ്പി

ക്കത്തക്കവണ്ണം കടത്തുവള്ളം ഉണ്ട്. ഉദ്യോഗസ്ഥന്മാർക്കും, മന്ത്രിമാർക്കും, ഗവൺമെന്റു ഹൗസിലേക്കു പോകുവാൻ ഒരു പാലം വേണം. അതു പുന്നക്കൽ ചുങ്കത്തിൽ ആകണമെന്ന ആഗ്രഹത്തിൽ അവർ ശ്രമിക്കുന്നു. കൊല്ലാട്, ആലപ്പുഴ, കുന്നമ്പള്ളി, പൂവൻതുരുത്ത്, മലമേൽക്കാവ്, പള്ളം, ചിങ്ങവനം തുടങ്ങി തെക്കുഭാഗത്തുള്ളവർ കളത്തിൽകടവിൽ ഒരു പാലം വേണമെന്നു ആഗ്രഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ ഘട്ടം തരണം ചെയ്യുവാൻ ഉള്ള മാർഗമെന്തെന്നു ആലോചിക്കുവാൻ മനോരമ ചീഫ് എഡിറ്റർ കെ. എം. ചെറിയാനുമായി ഞാൻ സംസാരിച്ചപ്പോൾ പ. ബാവാ തിരുമേനിയോട് അനുവാദം ചോദിച്ചിട്ട്, മന്ത്രിമാർ, ചീഫ് എൻജീനിയർ, സൂപ്രണ്ടിങ് എൻജിനീയറന്മാർ എക്സിക്യൂട്ടീവ് എൻജിനീയറന്മാർ, കലക്ടർ തുടങ്ങിയ ഉദ്യോഗസ്ഥന്മാരെ എല്ലാം ബാവാ ദേവലോകത്തു ക്ഷണിച്ചു വരുത്തി ഒരു ചായസൽക്കാരം നടത്തുന്ന സമയം തിരുമേനി ഈ വിഷയം സംസാരിച്ചുകൊള്ളും എന്നു പറഞ്ഞു. ആ വിവരം തിരുമനസ്സിനെ അറിയിച്ചപ്പോൾ അദ്ദേഹം ആ അഭിപ്രായം സന്തോഷത്തോടെ സ്വീകരിച്ചു. ക്ഷണക്കത്തുകൾ അയയ്ക്കുന്ന ചുമതല കെ. എം. ചെറിയാൻ ഏറ്റു. ക്ഷണിക്കപ്പെട്ടവർ എല്ലാവരും ദേവലോകത്തു വന്നു. എല്ലാവരെയും സൽക്കരിച്ചു ബഹുമാനിച്ചശേഷം ബാവാ പറഞ്ഞു: 'എന്റെ പള്ളികൾ മിക്കതും തെക്കൻ പ്രദേശത്താണ്. ഇടുങ്ങിയ കോട്ടയം ടൗണിലൂടെ കാറിൽ ഈ വയസ്സുകാലത്തു യാത്ര ചെയ്യുന്നതു പ്രയാസമാണ്. ഇവിടെ താഴെ കളത്തിൽ കടവിൽ ഒരു ചെറിയ പാലം പണിയണം എന്നു പറയാനാണു നിങ്ങളെ വിളിച്ചു കൂട്ടിയത്.' ബാവായുടെ പ്രസംഗം കേട്ടശേഷം മന്ത്രി ഉമ്മർ കോയ ചെയ്ത പ്രസംഗത്തിൽ 'തൽക്കാലം എല്ലാ പാലങ്ങളുടെയും പണി നിർത്തി വച്ചിരിക്കുകയാണ്. പണി വീണ്ടും ആരംഭിക്കുമ്പോൾ ആദ്യം തിരുമേനിയുടെ പാലം ഉണ്ടാകും' എന്നു പറഞ്ഞു.

'എനിക്കു 90 വയസായി. പാലത്തിന്റെ പണി ആരംഭിച്ചെങ്കിലും കണ്ടാൽ കൊള്ളാമെന്നുണ്ട്' എന്നു പറഞ്ഞുകൊണ്ടു അതിഥികളെ സന്തോഷപൂർവ്വം പറഞ്ഞയച്ചു. പിന്നീടു വന്ന മന്ത്രിസഭയിലെ മരാമത്തു മന്ത്രി ടി. കെ. ദിവാകരനാണു പാലത്തിന്റെ ശിലാസ്ഥാപനം നടത്തി പണി ആരംഭിച്ചത്.



കെ. എം. ചെറിയാൻ

വിധി നടത്ത് ഉപേക്ഷിക്കുന്നു

ഒരു ദിവസം ഞാൻ തിരുമേനിയുടെ അടുക്കൽ സംസാരിച്ചുകൊണ്ടു നിൽക്കുകയായിരുന്നു. അപ്പോൾ ദേവലോകം

അരമനയുടെ മുമ്പിൽ ഒരു കാർ വന്നുനിന്നു. ആരാണെന്നു നോക്കിയപ്പോൾ കെ. എം. ചെറിയാനും ഡോ. ചാക്കോ ജോർജും ആണെന്നു മനസ്സിലായി. ഞാൻ ബാവായോടു വിവരം പറഞ്ഞു. 'കയറി വരാൻ പറ' ബാവാ കല്പിച്ചു.

അവർ ബാവായുടെ കൈമുത്തിയശേഷം ഒരു പ്രത്യേക കാര്യം പറയാനാണു വന്നതെന്നറിയിച്ചുകൊണ്ടു വിഷയത്തിലേക്കു കടന്നു. "തിരുമേനീ, നമ്മൾ വളരെ നാൾകൊണ്ട് വളരെയധികം പണം ചെലവാക്കി കേസ് നടത്തി. നമ്മൾ വിജയിച്ചു. കേസു നടത്തിയിരുന്ന പല മഹദ് വ്യക്തികളും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ഇപ്പോൾ വളരെ തുച്ഛമായ ഒന്നര ലക്ഷം രൂപയ്ക്കാണ് നമ്മൾ എതിർകക്ഷികൾക്ക് എതിരായി നടപടികൾ നടത്തുന്നത്. അവർ തോറ്റു തല വണക്കി നമ്മുടെ മുമ്പിൽ സാഷ്ടാംഗ നമസ്കാരം ചെയ്തു നില്ക്കുന്ന സാഹചര്യത്തിൽ ആ വിധി നടത്ത് ഉപേക്ഷിക്കണം എന്ന് അറിയിക്കാനാണ് ഞങ്ങൾ വന്നത്."

ബാവായുടെ മുഖം പെട്ടെന്നു മാറി. "കണ്ടോന്റെ പന്തലിൽ; എന്റെ വിളമ്പു കാണിക്കാനാണോ രണ്ടുപേരും കൂടി വന്നിരിക്കുന്നത്?" കെ. എം. ചെറിയാൻ ഏതാണ്ടു വിഷണ്ണനായി. അദ്ദേഹം സങ്കടത്തോടെ "ഞാനും എന്റെ പിതാക്കന്മാരും കണ്ടോന്റെ പന്തലിൽ വിളമ്പീട്ടില്ല" എന്നു മറുപടി പറഞ്ഞു. ഉടനെ ബാവാ: "എടാ, മാമ്മൻമാപ്പിളയ്ക്ക് ഒരാൺകുട്ടി ഉണ്ടായി എന്നു നിരണത്തുപള്ളിയിൽ കുർബാന കഴിഞ്ഞു ഇറങ്ങുമ്പോൾ വികാരി അച്ചൻ പറഞ്ഞ് ഞാൻ അറിയുന്നു. എന്റെ ആവശ്യപ്രകാരം നിന്റെ അമ്മ മാമ്മി (എന്റെ സഹോദരി) നിന്നെയും എടുത്തുകൊണ്ട് നിരണത്തുപള്ളിയിൽ വന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു. ഈ വയസ്സുകാലത്തു നിന്റെ അപ്പൻ തെണ്ടിപ്പിരിച്ച് ഉണ്ടാക്കിയ രൂപ കൊണ്ടു വാങ്ങിയ സ്ഥലത്ത് ഇരുന്നുകൊണ്ടാണു ഞാൻ സംസാരിക്കുന്നത്." ഇത്രയും കേട്ടപ്പോൾ കെ. എം. ചെറിയാനു സമാധാനമായി. "പൊതുസ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതു എപ്പോഴും സൂക്ഷിച്ചു വേണം. നിങ്ങൾക്ക് ഒക്കെ കോടതിച്ചെലവു വാങ്ങിക്കേണ്ടാ എന്നാണഭിപ്രായമെങ്കിൽ എനിക്കു വിരോധം ഇല്ല." അവർ സസന്തോഷം കൈമുത്തി കാര്യം സാധിച്ച ചിന്തയോടെ മടങ്ങി.

സഭാ സമാധാനത്തിനുശേഷം തെക്കും വടക്കുമുള്ള ധാരാളം പള്ളിക്കാർ തിരുമേനിയെ കാണുവാനും കൈമുത്തുവാനുമായി ദേവലോകത്ത് വരുമായിരുന്നു. പ്രായമുള്ള അച്ചന്മാരോടും പ്രായമുള്ള സഭാസ്നേഹികളായ അല്മായക്കാരോടും തിരുമേനിക്ക് സ്നേഹവും ബഹുമാനവുമായിരുന്നു.

സമുദായ രാജിയുടെ ചടങ്ങായി 1958 ഡിസംബർ 16-നു പാതിരാത്രിയിൽ പഴയസെമിനാരിയിൽ വച്ചു മാർ യൂലിയോസ് മെത്രാച്ചന് ബാവാ തിരുമേനി സമാധാന വ്യവസ്ഥകൾ ഒപ്പിട്ടു കൈമാറിയപ്പോൾ, ബാവാ തിരുമേനി കൊടുത്ത 'കവർ ചെറുതായിപ്പോയല്ലോ;' എന്ന് യൂലിയോസ് മെത്രാ



ച്ചൻ തമാശയായി പറഞ്ഞു. 'കാന്താരി ചെറുതല്ലേ, അതു മതി' എന്ന് നേര മ്പോക്കിനായി ബാവാ തിരുമേനി മറുപടി പറഞ്ഞു. എന്നാൽ പിൽക്കാലത്ത് അത് അർത്ഥവത്തായി തീർന്നു. വളരെ ചുരുങ്ങിയ വാചകത്തിൽ 1934-ൽ കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ പാസാക്കിയതും സുപ്രീംകോടതി സ്വീകരിച്ചതുമായ ഭരണഘടനയ്ക്ക് 'വിധേയമായി' സഭാ സമാധാനത്തിനുവേണ്ടി എതിർകക്ഷിയിൽപെട്ട എല്ലാ വരെയും നാം സ്വീകരിക്കുന്നു എന്നുള്ള ആ 'കാന്താരി' വാചകം ഒരു മുതൽ കൂട്ടായിത്തീർന്നു.

എഡിൻബറോയിൽ നടന്ന ലോക ക്രൈസ്തവ സമ്മേളനത്തിൽ അല ക്സിയോസ് റമ്പാൻ (ബഥനിയുടെ മാർ തേവോദോസ്യോസ്), തോമ്മാ റമ്പാൻ (തോമ്മാ മാർ ദീവന്നാസ്യോസ്), ഫാ. കെ. പീലിപ്പോസ് (പിന്നീട് ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ്) എന്നിവരോടൊപ്പം ബാവാ സംബന്ധിച്ചിരുന്നു. അവിടെ വന്നുചേർന്ന സകലരെയും ബാവായുടെ ഗലി യൂസ് ആഫേ (മുഖകാന്തി പ്രഭാവം) വളരെ ആകർഷിച്ചു. അന്നത്തെ കാന്റർബറി ആർച്ച് ബിഷപ്പിന്റെ പേര് Bad Cock എന്നായിരുന്നു. പരിചയപ്പെടുത്തിയപ്പോൾ ബാവാ പറഞ്ഞു. What do you mean, he is a good cock. എല്ലാ വരും വളരെ സമയം ചിരിച്ചു. ഇങ്ങനെ സന്ദർഭോചിതമായി സംസാരിക്കുവാൻ സർവശക്ത നായ ദൈവം അദ്ദേഹത്തിന് പ്രത്യേകാൽ ഒരു വരം കൊടു



ത്തിരുന്നു. പല പ്രാവശ്യം പട്ടംകൊട ശുശ്രൂഷ നടത്തുന്നതിനിടയ്ക്ക് കോപി ക്കുന്നതു കണ്ട് ഒരു പ്രാവശ്യം ഞാൻ സധൈര്യം കാരണം തിരക്കിയ പ്പോൾ പറഞ്ഞ മറുപടിയാണിത്: "എടാ, പരിശുദ്ധ റൂഹാ ഇറങ്ങി വന്നു പട്ടം കെട്ടപ്പെടുന്നവരിൽ ആവസിക്കണം. പരിശുദ്ധ റൂഹാ ആവസിക്കു മ്പോൾ എനിക്കറിയാം; എന്തെന്നില്ലാത്ത ഒരു സുഗന്ധവും ദിവ്യപ്രകാശവും എനിക്കനുഭവപ്പെടും. ചിലർക്ക് പട്ടം കൊടുക്കുമ്പോൾ ഈ അനുഭവം ഉണ്ടാ കാൻ താമസം വരും. അപ്പോഴാണു കോപവും സങ്കടവും ഉണ്ടാകുക. പട്ടം കൊടുക്കുന്ന എന്റെ പാപമോ, പട്ടം ഏല്ക്കുന്ന ആളിന്റെ പാപമോ ഒക്കെ യാകാം കാരണം."

മുമ്പ് ബാവാ കോടതിയുടെ മുൻപിൽ സൃഷ്ടിച്ച മതിപ്പും നൽകിയ മൊഴി കളും അതുപോലെ സെമിനാരി പ്രൊഫസറായ വി. കെ. മാത്യൂസിന്റെ (അഞ്ചാം കാതോലിക്കാ) കാനോൻ സംബന്ധിച്ചുള്ള മൊഴിയും ചാക്കോ സൂപ്രണ്ടിന്റെ മൊഴിയും എല്ലാം കോട്ടയം ജില്ലാക്കോടതിയിൽ കാതോലിക്കാ കക്ഷിക്ക് അനുകൂലമായി മേൽത്തരമായ ഒരു വിധി സമ്പാദിക്കാൻ ഇട യാക്കി.

അന്ന് ജില്ലാക്കോടതിയിൽ മൊഴി നൽകാൻ ഇറങ്ങുമ്പോൾ പെട്ടെന്നു ണ്ടായ നെഞ്ചുവേദനയെ തുടർന്ന് ചാക്കോ സൂപ്രണ്ട് മൃതിയടഞ്ഞു. അദ്ദേ ഹത്തിന്റെ ഭൗതികശരീരം അനേകം കാറുകളുടെ അകമ്പടിയോടെ തൃശൂ രിൽ കൊണ്ടുപോയി അടക്കം ചെയ്തു. ബാവാ തിരുമേനി തൃശൂർക്കു പോയ വഴിക്ക് അദ്ദേഹത്തിന്റെ കാർ കയറി ഒരു പട്ടി ചത്തു. പെട്ടെന്ന് കാർ നിർത്തി ആ പട്ടിയുടെ ജഡം അല്പസമയം നോക്കിനിന്നശേഷമാണ് കാർ വിട്ട് തൃശൂരെത്തിയത്. തിരികെ പോരാൻ സമയമായപ്പോൾ വണ്ടിയോടി ച്ചിരുന്ന ഡ്രൈവറെ തിരിയെയോടിക്കാൻ അനുവദിച്ചില്ല. പകരം കോട്ടയം എറികാട്ട് ഇ. സി. മാത്യുവാണ് വണ്ടിയോടിച്ചു കോട്ടയത്ത് എത്തിച്ചത്. തിരികെപ്പോരുന്ന വഴിക്ക് കാറിൽ തിരുമേനിയുടെ അടുത്ത് ബാക്ക്സീറ്റിൽ ഇരുന്നിരുന്ന പാത്താമുട്ടം മാളികയിലെ റമ്പാച്ചൻ ഉറക്കം തൂങ്ങി തിരുമേ നിയുടെ ദേഹത്തേക്ക് ചാരിയപ്പോൾ 'റമ്പാച്ചൻ നോക്കിയിട്ട് ചാരാൻ കണ്ടത് സഭയുടെ മേലദ്ധ്യക്ഷനായ കാതോലിക്കായെയാണ്' എന്ന് തമാശ പറഞ്ഞു എല്ലാവരെയും ചിരിപ്പിച്ചു.

സമുദായക്കേസിൽ 1951-ൽ തിരു-കൊച്ചി ഹൈക്കോടതി കാതോലിക്കാ ഭാഗത്തേക്കു ദോഷമായി വിധി പ്രസ്താവിച്ചപ്പോൾ ബസേലിയോസ് ഗീവ റുഗീസ് രണ്ടാമൻ ബാവാ കൽക്കട്ടയിലെ പുതിയ പള്ളി കൂദാശ സംബ ന്ധിച്ച് അവിടെയായിരുന്നു. വിധി കേട്ടയുടൻ ബാവാ കല്പിച്ചു: "ഇത് അന്ത്യ വിധിയല്ല." ജനശ്രദ്ധ തിരിച്ചുവിടാനും ബാവായുടെ മനോവീര്യം കെടുത്താ തിരിക്കുന്നതിനുംവേണ്ടി ബാവാ ട്രെയിനിൽ തിരിച്ചു വന്നപ്പോൾ അടൂരിൽ

നിന്നു കോട്ടയം വരെ ഒരു വമ്പിച്ച സ്വീകരണം നൽകി. ഹംസരഥത്തിൽ ആരൂഢനായി അദ്ദേഹം ആളുകളെ സ്ലീബാ കൊണ്ടനുഗ്രഹിക്കുന്നുണ്ടായിരുന്നു. ഘോഷയാത്ര എം.ഡി. സെമിനാരിയിൽ എത്തിയപ്പോൾ ചന്ദ്രോദയം കണ്ട സാഗരംപോലെ ജനതതി ഇളകിമറിഞ്ഞു. പഴയ കൂനൻ കുരിശു സത്യത്തിന്റെ മറ്റൊരു പതിപ്പ്. മുൻ കേന്ദ്രമന്ത്രി സി. എം. സ്റ്റീഫന്റെ പ്രസംഗത്തെ തുടർന്ന് വി. കെ. മാത്യൂസ് റമ്പാൻ വലിയ ശബ്ദത്തിൽ കാതോലിക്കായോടു വിശ്വാസവും കൂറും പ്രഖ്യാപിക്കുന്ന പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും എല്ലാവരും ഏറ്റുചൊല്ലുകയും ചെയ്തു. യോഗത്തിൽ സംബന്ധിക്കാൻ കോട്ടയം ബിഷപ്പ് തോമസ് ചൂളപ്പറമ്പിൽ ചാപ്പലിൽ എത്തിയതും അരമനപ്പള്ളിയിലെ മണിനാദം മുഴങ്ങിയതും ഒന്നിച്ചായിരുന്നു.

പിന്നീട് സുപ്രീംകോടതി, കോട്ടയം ജില്ലാക്കോടതി വിധി ശരി വച്ചു. ഇതനുസരിച്ച് 1934-ൽ മലങ്കര അസ്സോസിയേഷൻ അംഗീകരിച്ച ഭരണഘടനപ്രകാരം തിരഞ്ഞെടുക്കപ്പെടാത്ത മെത്രാന്മാർക്ക് സഭയിൽ ഭരണവും ഭദ്രാസന ഇടവകയും ഇല്ലാതായി. മുമ്പോട്ടു പോകാൻ ഗതിയില്ലാതെ മെത്രാന്മാർ പരിഭ്രമിച്ചു പരക്കംപാഞ്ഞു തുടങ്ങി. പരേതനായ പാലാമ്പടം ഡോ. പി. റ്റി. തോമസിന്റെ ഭഗീരഥപ്രയത്നം മൂലമാണ് മെത്രാന്മാർക്കു ഭരണവും ഭദ്രാസനവും പിന്നീട് നൽകപ്പെട്ടത്.

പാത്രിയർക്കീസ് ഭാഗത്തുനിന്ന മെത്രാന്മാർ എല്ലാംതന്നെ പഴയ 'വൃദ്ധൻ പുന്നൂസിന്റെ' കൈമുത്തി വിധേയത്വം പ്രഖ്യാപിക്കുകയും അനുസരിച്ചു നടന്നുകൊള്ളാമെന്നു രേഖാമൂലം സമ്മതിക്കുകയും ചെയ്തു. ഇവരിൽ ആലുവയിലെ വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസ് മാത്രമേ അന്തസ്സായി പ്രവർത്തിക്കുകയും കാതോലിക്കേറ്റിന്റെ മാഹാത്മ്യം ശരിക്കു മനസ്സിലാക്കുകയും പ്രമാണവും പ്രവൃത്തിയും ഒന്നിച്ചു കൊണ്ടുപോകുകയും ചെയ്തുള്ളു.

ആചന്ദ്രതാരം കാതോലിക്കായുടെ കീഴിൽ നിലനിൽക്കുമെന്നു പ്രതിജ്ഞയെടുത്ത മെത്രാപ്പോലീത്താ കരണം മറിഞ്ഞ് അധികാരമില്ലാത്ത ബദൽ കാതോലിക്കായോ നിഴൽ കാതോലിക്കായോ ആയി മാറി. അദ്ദേഹത്തിന്റെ മാതൃക ഒരു സഭയിലെ ഒരു ബിഷപ്പിനും അനുകരണീയമല്ലെന്ന് ആർക്കാണറിഞ്ഞു കൂടാത്തത്?

ഒരിക്കൽ ഒരു പിതാവും മകനും കൂടി എന്റെ വീട്ടിൽ വന്നു മകനു ശെമ്മാശപട്ടം കൊടുക്കത്തക്കവിധം ബാവായോടു പറയണമെന്നാവശ്യപ്പെട്ടു. 'എനിക്കു ബാവായെ വലിയ പരിചയമില്ല. കൊച്ചുകൊച്ചു വന്നു പറഞ്ഞാൽ ബാവാ സമ്മതിക്കും' എന്ന് അദ്ദേഹം എടുത്തുപറഞ്ഞു. ഇതൊരു വലിയ പ്രശ്നമാണെന്ന് തോന്നിയെങ്കിലും അദ്ദേഹത്തിന്റെ നിർബന്ധത്തിനു വഴങ്ങേണ്ടി വന്നു. ഞങ്ങൾ ദേവലോകത്തു ചെന്നു. ഞാൻ ചുരുങ്ങിയ വാചക

ത്തിൽ ബാവായോടു കാര്യം പറഞ്ഞു. ബാവാ അവരെ അകത്തേക്കു വിളിച്ചു. പിതാവിനോടു വിവരം ആരാഞ്ഞശേഷം മകനെ അകത്തേക്കു വിളിച്ചു. പിതാവ് ആദ്യമായിട്ടാണ് ബാവായെ കാണുന്നതെന്നു തോന്നി. 'ചോദിക്കുന്നതിന്റെ ഉത്തരം ഉറച്ചു പറയെടാ' എന്നു ബാവാ ഗർജിച്ചപ്പോൾ തന്നെ അയാൾ കുഴഞ്ഞുപോയി. അവരെ പറഞ്ഞു വിട്ടശേഷം എന്നോട് അവരെപ്പറ്റി വിശദമായി ചോദിച്ചു മനസ്സിലാക്കി. തുടർന്ന് 'ഇന്ന ദിവസം വൈകിട്ട് അരമനയിൽ വന്നു താമസിക്കണം. മാനേജരച്ചനെ കണ്ട് കുപ്പായം, കറുത്ത കുപ്പായം, തൊപ്പി മുതലായി കൊണ്ടുവരേണ്ട സാധനങ്ങളെപ്പറ്റി ചോദിച്ചു മനസ്സിലാക്കി പോകണം' എന്നു ബാവാ കല്പിച്ചു. പറഞ്ഞ ദിവസം തന്നെ ശെമ്മാശപട്ടം കൊടുത്തു. പിന്നീട് കശ്ശീശാ ആയ അദ്ദേഹം കോട്ടയം ഭദ്രാസനത്തിൽ വികാരിയായി. അദ്ദേഹവും ഭാര്യയും അദ്ധ്യാപകരായി റിട്ടയർ ചെയ്തു. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ കോറെപ്പിസ്കോപ്പാ സ്ഥാനവും നൽകി.

ആശുപത്രി സന്ദർശനം

കുറിച്ചി കല്ലാശ്ശേരിൽ പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമനു പരിചയക്കാരോടും താല്പര്യമുള്ളവരോടും പ്രത്യേകമായി വലിയ സ്നേഹമുണ്ടായിരുന്നു. ഒരു സംഭവം പറയട്ടെ. ഞാൻ ഒരു ദിവസം രാവിലെ കോട്ടയം ജില്ലാ ആശുപത്രി പടിക്കലുള്ള കൊറ്റുകുളം കുര്യച്ചന്റെ ബാങ്കിൽ ചെന്നു കുര്യച്ചനുമായി സംസാരിച്ചശേഷം താഴെ ഇറങ്ങി. അപ്പോൾ കുറിച്ചി വേണാട്ടുകളത്തിൽ പരേതനായ ചാക്കോ സാർ നിലവിളിച്ചുകൊണ്ട് ആശുപത്രി മുറ്റത്തുനിന്ന് എന്നെ വളരെ ഉച്ചത്തിൽ വിളിച്ചു. ഞാൻ പെട്ടെന്നു ചെന്നപ്പോൾ ചാക്കോ സാറിന്റെ മകൻ പേപ്പട്ടി വിഷബാധ മൂലം അത്യാസന്ന നിലയിൽ കിടക്കുന്നതാണു കണ്ടത്. ഞാനും അദ്ദേഹത്തെ കുറെയെല്ലാം ആശ്വസിപ്പിച്ചു. ഞാൻ മുറിയിൽനിന്ന് ഇറങ്ങിയപ്പോൾ 'നമ്മുടെ ബാവായെ കൊണ്ടുവന്ന് ഒന്നു പ്രാർത്ഥിക്കണമെന്ന് ആഗ്രഹമുണ്ടെന്നും കൊച്ചു കൊച്ചു വിചാരിച്ചാൽ ബാവാ വരുമെന്നും' ചാക്കോ സാർ പറഞ്ഞു. ഞാനുടനെ ബാങ്കിൽ കയറി ദേവലോകത്തെ മാനേജരച്ചനെ ഫാ. റ്റി. സി. ജേക്കബിനെ ഫോണിൽ വിളിച്ചു ചാക്കോ സാറിന്റെ ആഗ്രഹം അറിയിച്ചു. ഞാൻ വീണ്ടും ആശുപത്രിയിൽ എത്തി ചാക്കോ സാറുമായി സംസാരിച്ചുകൊണ്ടിരുന്നു. പത്തു മിനിറ്റായില്ല, ബാവായുടെ കാർ ആശുപത്രിയിൽ എത്തി. ചാക്കോ സാർ ബാവായുടെ കരം ഗ്രഹിച്ചു മുത്തി. കരഞ്ഞപ്പോൾ സാറിനെ ബാവാ ആശ്വസിപ്പിച്ചു. ഒരു ശെമ്മാശന്റെ കൈയിൽ പിടിച്ചു ബാവാ നട കയറി മുറിയിൽ എത്തി ചുറ്റും നിന്നവരെയെല്ലാം ഒന്നു നോക്കി. രോഗിയുടെ സമീപത്തെത്തി സ്ലീബാ പത്തു മിനിറ്റു നേരം അയാളുടെ തലയിൽ വച്ചു പ്രാർത്ഥിച്ചു. എല്ലാവരും വന്നു കൈമുത്തിയശേഷം പ്രാർത്ഥിച്ചു കൊള്ളാൻ പറഞ്ഞിട്ടു ദേവലോകത്തേക്കു മടങ്ങി. ബാവാ ദേവലോകത്ത്

എത്തുന്നതിനു മുമ്പുതന്നെ രോഗി ശാന്തമായി ഇഹലോകവാസം വെടിഞ്ഞു.

പേപ്പട്ടി കടിച്ചു വിഷം ഇളകുന്ന രോഗികളെ സാധാരണ ആശുപത്രി മുറിയിൽ കെട്ടിയിടുകയാണു പതിവ്. കുരയ്ക്കുകയും കടിക്കുകയും പട്ടി കാണിക്കുന്നതുപോലെ ഒക്കെ ചെയ്യുകയും ചെയ്യും. വെള്ളം കാണാനും പാടില്ല. വളരെ കഷ്ടപ്പെട്ടും തലയിട്ടടിച്ചുമായിരിക്കും രോഗി മരിക്കുക. കണ്ടുനിൽക്കുന്നവരും ഹൃദയം നൊന്തു ചാകാതെ ചാകും എന്നേ പറയേണ്ടതുള്ളു. എന്നാൽ ഈ രോഗി ഇത്തരം ചേഷ്ടകൾ ഒന്നും കാണിക്കാതെ കടന്നുപോയതു പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന കൊണ്ടാണെന്നു ചികിത്സിച്ച ഡോക്ടർമാരും പറഞ്ഞു. ബാവായുമായി അല്പം അകന്ന ബന്ധവുമുള്ള ചാക്കോ സാർ തിരുമേനിയെ കൂടെക്കൂടെ വന്നു കണ്ടു സംസാരിക്കുന്ന വ്യക്തിയായിരുന്നു. ബാവാ ഇപ്രകാരം കരഞ്ഞു വിലപിക്കുന്ന പലരെ കണ്ടു സമാശ്വസിപ്പിക്കുന്നതു ഞാൻ നേരിട്ടു കണ്ടിട്ടുണ്ട്.

ദൈവം രക്ഷിച്ചു

രംഗം അമയന്നൂർ കാരാട്ടുകുന്നേൽ പള്ളി. ഉച്ചകഴിഞ്ഞ സമയം. ഒരു ശവസംസ്കാരത്തിൽ സംബന്ധിക്കാൻ പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ എത്തിയതാണ്. പള്ളിക്കെട്ടിടത്തിൽ കയറി. ദാഹിച്ചതിനാൽ കുടിക്കാൻ കരിക്കിൻവെള്ളം വേണം. കരിക്കു വെട്ടിയിടാൻ ഉടൻതന്നെ ചിലർ പോയി. അവർ ഏതാനും കരിക്കു വെട്ടിക്കൊണ്ടു വന്നപ്പോഴേക്കും ശവം പള്ളിയിൽ എത്തി കഴിഞ്ഞു. കരിക്കിനുവേണ്ടി കാത്തിരിക്കാതെ ബാവാ ശവസംസ്കാരത്തിനായി പള്ളിയിൽ പ്രവേശിച്ചു. എല്ലാവരും അങ്ങോട്ടുപോയി. ശവസംസ്കാരം തീരുന്നതിനു മുമ്പ് ഏതാനും കുട്ടികൾ പള്ളിമുറിയിലെ കരിക്കെല്ലാം അധികം വന്നതാണെന്ന ധാരണയിൽ കുടിച്ചു തീർത്തു. ബാവാ ചടങ്ങു കഴിഞ്ഞു പള്ളിമുറിയിൽ എത്തിയപ്പോഴാണു ട്രസ്റ്റിയും മറ്റും കരിക്കിന്റെ കഥ കഴിഞ്ഞ കാര്യം അറിയുന്നത്. ഉടൻ തന്നെ വീണ്ടും കരിക്കിടാൻ ചിലർ നിയോഗിക്കപ്പെട്ടു. സമയം വൈകുമെന്നതിനാൽ കരിക്കു വേണ്ടെന്നു പറഞ്ഞു ബാവാ പള്ളിമുറി വിട്ടു. കാർ റോഡിൽ എത്തുന്നതിനു മുമ്പ് മഴ തുടങ്ങി. ഒരു വലിയ ഇടിവെട്ടേറ്റു പള്ളിമുറിയുടെ ഭിത്തിയിൽ വലിയ വിള്ളലുകൾ ഉണ്ടായി. ഒരു വലിയ അപകടത്തിൽ നിന്നു പരിശുദ്ധനായ ബാവാ രക്ഷപ്പെട്ടു. ഈ സംഭവം വട്ടക്കുന്നേൽ ബാവായാണ് എന്നോടു പറഞ്ഞത്.

15

ദേവലോകം അരമന

തിരു-കൊച്ചി ഹൈക്കോടതിയുടെ 1951-ലെ വിധി കാതോലിക്കാ ഭാഗത്തേക്കു ദോഷകരമായിരുന്നു. വിധിക്ക് അപ്പീൽ നൽകുന്നതിനുള്ള അനുവാദവും കോടതി നിഷേധിച്ചിരുന്നു. പിന്നീട് പ്രത്യേക അനുവാദപ്രകാരമാണു സുപ്രീംകോടതിയിൽ അപ്പീൽ നൽകിയത്. കേസിന്റെ വിധി പ്രതികൂലമാകയാൽ പഴയസെമിനാരിയിൽ നിന്നു കാതോലിക്കാ ബാവായുടെ ആസ്ഥാനം മാറ്റേണ്ടി വരുമോ എന്ന ചിന്ത നേതാക്കന്മാരെ അലട്ടിയിരുന്നു. കൂടാതെ മറ്റൊരു സ്ഥലം വാങ്ങണമെന്നും ചിന്തിച്ചിരുന്നു.

ഒരു ദിവസം ഞാൻ വൈദ്യശാലയിൽ ഇരിക്കുമ്പോൾ അയ്മനം പത്തിൽ കോശി അപ്പൻ വന്നു മുട്ടമ്പലത്തു ദേവലോകം എന്ന പേരിൽ അറിയപ്പെടുന്ന ഒരു സ്ഥലം ഉണ്ടെന്നും തന്റെ അനന്തരവളുടെ ഭർത്താവായ എടത്വാ സ്വദേശി കെ. എം. ഏബ്രഹാമിന്റെ വകയാണതെന്നും നിങ്ങളുടെ സമുദായത്തിനു വേണമെങ്കിൽ വാങ്ങിക്കൊള്ളുക എന്നും പറഞ്ഞു. കോട്ടയം വൈ. എം.സി.എ. സെക്രട്ടറിയായിരുന്ന ഡിക്സൻ സായിപ്പ് രണ്ടു വർഷം ഇവിടെ താമസിച്ചിരുന്നു. ഇതു കേട്ടപാതി, കേൾക്കാത്തപാതി ഞാൻ മനോരമയിൽ എത്തി കെ. സി. മാമ്മൻ മാപ്പിളയോടു ഇക്കാര്യം പറഞ്ഞു. അദ്ദേഹം ഉടനെ എന്നെ കാറിൽ കയറ്റി മാളിയേക്കൽ എം. സി. മാത്യുവിനെയും ഉപ്പൂട്ടിൽ കുഞ്ഞച്ചനേയും വിളിപ്പിച്ചു. എല്ലാവരുംകൂടി ദേവലോകത്തു ചെന്നു. കോളിംഗ്ബെൽ കേട്ടു വീട്ടുജോലിക്കാരനും തുടർന്ന് കെ. എം. ഏബ്രഹാമും എത്തി. 'മി. ഏബ്രഹാം എന്നെ അറിയുമോ' എന്നു മാമ്മൻ മാപ്പിള ചോദിച്ചു. 'ഞാൻ എം.ഡി. യിൽ ഫോർത്ത്, ഫിഫ്ത്ത്, സിക്സ്ത് ക്ലാസ്സുകളിൽ പഠിക്കുമ്പോൾ സാർ എന്റെ ഹെഡ്മാസ്റ്ററായിരുന്നല്ലോ' ഏബ്രഹാം പറഞ്ഞു. അങ്ങനെ ഗുരുശിഷ്യ ബന്ധം പുതുക്കി പരിചയപ്പെട്ടു.

'മിസ്സിസ്സ് ഏബ്രഹാമിന്റെ അമ്മാച്ചൻ കോശി അപ്പൻ ഞങ്ങളോടു പറഞ്ഞു ഈ സ്ഥലം വിൽക്കാൻ പോകുകയാണെന്ന്. അതു ശരിയാണോ?' മാമ്മൻ മാപ്പിള ചോദിച്ചു. 'ശരിയാണ്. എനിക്കു കോട്ടയത്തു താമസിച്ചിട്ടു ശരീരസുഖമില്ല. അതിനാൽ ഞാൻ മദ്രാസിൽ താമസിക്കാൻ സ്ഥലത്തിനും കെട്ടിടത്തിനും അഡ്വാൻസ് കൊടുത്തിരിക്കുകയാണ്.'

വില ചോദിച്ചപ്പോൾ 'ഒന്നര ലക്ഷം രൂപ' എന്നു മറുപടി നൽകി.

അക്കാലത്ത് ഒന്നര ലക്ഷം രൂപ ഒരു വലിയ സംഖ്യയായിരുന്നു. ആവശ്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ ബുദ്ധിമാനായ മാമ്മൻ മാപ്പിള



ആരോടും ആലോചിക്കാതെ വാക്കു പറയുകയും ചെയ്തു. 'പത്തു ലക്ഷം രൂപ ഇനി ആരെങ്കിലും പറഞ്ഞാലും കൊടുക്കുകയില്ല. മൂന്നു മാസത്തിനകം പണം തന്നാൽ മതി.' ഏബ്രഹാം അറിയിച്ചു. അഡ്വാൻസ് ചോദിച്ചാൽ കൊടുക്കത്തക്കവണ്ണം 10000 രൂപയുടെ ഒരു കാഷ് ചെക്ക് എന്നെ മാമ്മൻ മാപ്പിള ഏല്പിച്ചിരുന്നു. അതിന്റെ ആവശ്യം വന്നുമില്ല.

പിന്നീട് എല്ലാവരും മനോരമയിൽ കൂടി ഒരു ദിവസം കഴിഞ്ഞു പണപ്പിരിവിന് ഇറങ്ങാൻ തീരുമാനിച്ചു. പിരിവിനു മുമ്പു കോട്ടയത്തു കൂടിയവർ വരിയിട്ടു 50000 രൂപ വാഗ്ദാനം ചെയ്തു. പറഞ്ഞതുപോലെ മൂന്നാം ദിവസം തിരുവല്ലായ്ക്കു യാത്ര തിരിച്ചു. തിരുവല്ലയിൽ കുരിശുംമൂട്ടിൽ മറിയാമ്മയെന്നും സെന്റ് ജോർജ് മറിയാമ്മയെന്നും അറിയപ്പെടുന്ന വിധവയുടെ വീട്ടിലേക്കു വണ്ടി വിടാൻ പറഞ്ഞു. 'ആദ്യം ഒരു വിധവപ്പെമ്പിളയുടെ വീട്ടിൽ കയറണോ' എന്നു ഞാൻ ചോദിച്ചു. 'വണ്ടി അങ്ങോട്ട് തന്നെ വിട്' എന്ന് മാമ്മൻ മാപ്പിള പറഞ്ഞു. ചെന്നു വാതിലിൽ മുട്ടിയപ്പോൾ കതകു തുറന്നു കൊച്ചമ്മ പനിയായി കിടക്കുകയാണെന്നു വാല്യക്കാരത്തി വന്നു പറഞ്ഞു. കോട്ടയത്തു നിന്നു മാമ്മൻ മാപ്പിളയും മറ്റു ചിലരും കൂടി വന്നിരിക്കുന്നു എന്ന് അറിയിക്കാൻ വാല്യക്കാരത്തിയോടു പറഞ്ഞയച്ചു.

വാല്യക്കാരത്തി പറഞ്ഞ ഉടനെ പുതപ്പും ചുറ്റി മറിയാമ്മ സ്വീകരണമുറിയിൽ വന്നു. 'അയ്യോ എന്തിനാ വല്യച്ചായനും മറ്റും ഇപ്പോൾ വന്നത്?' മറിയാമ്മ ചോദിച്ചു. മാമ്മൻമാപ്പിള പെട്ടെന്നു കാര്യം പറഞ്ഞു. 'വാചകമടിക്കാൻ സമയമില്ലെടി. നിന്റെ സംഭാവന വല്ലതും ഉണ്ടെങ്കിൽ ഇങ്ങു താ.'

ഉടൻതന്നെ തലയണക്കീഴിൽ നിന്നു 2000 രൂപ എടുത്തു കൊടുത്തു. ഇറങ്ങി കഴിഞ്ഞപ്പോൾ എന്നോടു 'കണ്ടോടാ, വിധവപ്പെമ്പിളയുടെ സംഭാവന. അവിടെ കേറേണ്ടെന്നല്ലേ നീ പറഞ്ഞത്' എന്നു മാമ്മൻമാപ്പിള അനുസ്മരിപ്പിച്ചു.

ഒന്നു രണ്ടു സംഭവങ്ങൾ എടുത്തു പറയട്ടെ. പിന്നീട് ഇലഞ്ഞിമൂട്ടിൽ കണ്ടത്തിൽ ഉണ്ണൂണ്ണിയെ കാണാനാണു പോയത്. ചെല്ലുന്നതിനു മുമ്പു തന്നെ, അവൻ തട്ടാമുട്ടി പറയുമെന്നും ചീത്ത വിളിച്ചേക്കുമെന്നും മാമ്മൻ മാപ്പിള പറഞ്ഞു. ദേവലോകം വാങ്ങാൻ 1000 രൂപ ചോദിച്ചപ്പോൾ 'ഞാനെന്തു വേണം എന്നായിരുന്നു' മറുപടി. ഒടുവിൽ 500 രൂപ തന്നു.

ആലപ്പുഴയിൽ ചെന്നപ്പോൾ അവിടെ ഇംഗ്ലീഷ് കമ്പനി എന്ന മെഡിക്കൽ സ്റ്റോർ ഉടമ കണ്ടത്തിൽ ഈപ്പനെ കണ്ടു കാരങ്ങൾ പറഞ്ഞു. ഭാര്യ വളരെയേറെ കുശലങ്ങൾ പറഞ്ഞു. ഒടുവിൽ ഭാര്യയും ഭർത്താവും വീടിനകത്തു കയറി എന്തോ കുശുകുശുത്തു. 100 രൂപ കൊണ്ടുവന്നു. മാമ്മൻ മാപ്പിളയ്ക്കു ദേഷ്യം വന്നു. രൂപ ഒരേറു കൊടുത്തു. എത്ര സമയം കളഞ്ഞു എന്നു പറഞ്ഞു മുറ്റത്ത് ഒരു തുപ്പും തുപ്പിയാണ് അവിടെനിന്നു പോന്നത്.

പിന്നീട് മാവേലിക്കര, തിരുവനന്തപുരം, എറണാകുളം മുതലായ സ്ഥലങ്ങളിൽ ഞങ്ങൾ പോയി ഏതാനും ദിവസംകൊണ്ടു 111000 രൂപ ശേഖരിച്ചു. വെണ്ണിക്കുളത്തു ഒരു വീട്ടിൽ പടികൾ കയറി പകുതിയായപ്പോൾ മാമ്മൻ മാപ്പിളയ്ക്കു നെഞ്ചുവേദന ഉണ്ടായി. 'വൈദ്യനായ' എന്നെ ഏല്പിച്ചിരുന്ന ഗുളിക ഉടൻതന്നെ വായിൽ ഇട്ടു കൊടുത്തു. താമസംവിനാ കോട്ടയത്തിനു തിരിച്ചുപോയി. പിന്നീട് രണ്ടുമൂന്നു ദിവസം കഴിഞ്ഞാണ് പണപ്പിരിവിനു പോയത്. സഭാസ്നേഹികളുടെ പ്രതികരണം തികച്ചും പ്രോത്സാഹജനകമായിരുന്നു. ഈ പണപ്പിരിവിനെ ഒരു 'തെണ്ടൽ പ്രസ്ഥാന'മായിട്ടാണ് മാമ്മൻമാപ്പിള വിശേഷിപ്പിച്ചത്.

ഇതിനിടയിൽ സുപ്രീംകോടതിയിൽ കേസിന്റെ വാദം ബാരിസ്റ്റർ എം. കെ. നമ്പ്യാരുടേയും എം. ഏബ്രഹാമിന്റെയും നേതൃത്വത്തിൽ രണ്ടാഴ്ച കൊണ്ട് അവസാനിച്ചു. 1934-ലെ എം.ഡി. സെമിനാരി അസോസിയേഷന്റെ തീരുമാനം സ്വീകരിച്ച്, അതായതു കോട്ടയം ജില്ലാ ജഡ്ജി ബി. കൃഷ്ണയ്യരുടെ വിധിസാരം അതേപടി ശരിവച്ചുകൊണ്ടുള്ള സുപ്രീംകോടതിയുടെ ഉത്തരവ് 1958 സെപ്തംബർ 12-നു ഉണ്ടായി. അതോടെ എതിർകക്ഷിയിലെ മെത്രാപ്പോലീത്തന്മാർ തിരഞ്ഞെടുപ്പില്ലാത്തവരും ഭദ്രാസനങ്ങൾ ഇല്ലാത്തവരും ഭരണമില്ലാത്തവരുമായി തീർന്നു. മെത്രാന്മാർ പരക്കംപായുവാൻ തുടങ്ങി എന്നുള്ളത് ഒരു ചരിത്ര സത്യമാണ്. പരേതനായ പാലാമ്പടം ഡോ. പി. റ്റി. തോമസിന്റെ ഭഗീരഥപ്രയത്നം കൊണ്ട്, തിരുമേനിമാരുമായി ആലോചിച്ച് ഒരു ധാരണയിൽ എത്തി. ഭിന്നിച്ചുനിന്നവർ പഴയസെമിനാരിയിൽ വന്നു

തലവണക്കിയതിനെ തുടർന്ന് 1958 ഡിസംബർ 16-നു അർദ്ധരാത്രിയിൽ കോട്ടയം പഴയസെമിനാരിയുടെ മദ്ബഹായിൽ വച്ചു ഇരുകൂട്ടരും സമാധാന വ്യവസ്ഥകൾ പരസ്പരം കൈമാറി. ഈ വ്യവസ്ഥകൾ 12 വർഷം കഴിഞ്ഞു ലംഘിക്കുമെന്നും സ്ഥാനത്തിനും അധികാരത്തിനുംവേണ്ടി വീണ്ടും കുഴപ്പങ്ങൾ ഉണ്ടാക്കുമെന്നും അന്നത്തെ ഋജുമതികൾ ആരും ചിന്തിച്ചിരുന്നില്ല. സമാധാനത്തെ തുടർന്നുണ്ടായ കാതോലിക്കാ വാഴ്ച ഐക്യത്തെ ഉറപ്പിക്കുന്ന തരത്തിലുമായിരുന്നു. എന്നാൽ കുശവൻ താൻ നിർമ്മിച്ച കലം സ്വയം തകർക്കുന്നതുപോലെ ഐക്യം ഉണ്ടാക്കിയ വ്യക്തി തന്ന ഐക്യം തകർത്തു ഉപ്പുതൂണായിപ്പോയതു മലങ്കരസഭയുടെ ഭാഗ്യദോഷം എന്നല്ലാതെ എന്തു പറയാൻ?

ദേവലോകം കാതോലിക്കേറ്റ് അരമനയിലെ ഇപ്പോഴത്തെ വലിയ അരമനക്കെട്ടിടവും ചാപ്പലും ഉണ്ടാകുന്നതിനു മുമ്പ് പഴയ അരമനക്കെട്ടിടത്തിന്റെ കിഴക്കെ അറ്റത്ത് ഒരു മുറി തിരുമനസ്സിലേക്കു വി. കുർബാന അർപ്പിക്കത്തക്കവണ്ണം ചാപ്പലായി ക്രമീകരിച്ചു. ഞായറാഴ്ച ദിവസം ബാവാ തിരുമേനി വി. കുർബാന അർപ്പിച്ചു തുടങ്ങിയപ്പോൾ കോട്ടയത്തും ചുറ്റുപാടുമുള്ള ആളുകൾ ദേവലോകത്തെത്തി തുടങ്ങി. ജനങ്ങൾക്കു കുർബാനയിൽ സംബന്ധിക്കുവാനുള്ള അസൗകര്യം മനസ്സിലാക്കിയ തിരുമേനി ഒരു ചെറിയ പള്ളിയും അരമനയും ഉണ്ടാകണമെന്നാഗ്രഹിച്ചു.

ഒരു ദിവസം തിരുമേനി എന്നോടു മാനേജരച്ചനെ വിളിക്കാൻ ആവശ്യപ്പെട്ടു. തുടർന്നു ബാവാ പറഞ്ഞു, 'എടാ, ഈ കെട്ടിടം ഒരു കുടുംബം താമസിച്ചതാണ്. സഭയുടെ മേൽപട്ടക്കാരൻ ഇതിൽ താമസിക്കുന്നത് ഒട്ടും ശരിയല്ല. നമ്മൾ നാടു മുഴുവൻ തെണ്ടിപ്പിരിച്ചാണ് ഇതു വാങ്ങിയത്. എനിക്കു കുർബാന ചൊല്ലുവാൻ ഒരു ചെറിയ പള്ളിയും താമസിക്കാൻ ഒരു അരമനയും ഉണ്ടാകണം. അതിന് എന്താണു മാർഗം?' ഉപ്പൂട്ടിൽ കുര്യൻ, പടിഞ്ഞാറേക്കര പി. സി. ഏബ്രഹാം തുടങ്ങിയ കോട്ടയത്തെ നേതാക്കന്മാരിൽ ചിലരെ തിരുമേനി വിളിപ്പിച്ചു. എങ്കിലും ആർക്കും ഒരുത്തരം നൽകാൻ കഴിഞ്ഞില്ല. ഈ അവസരത്തിൽ പ്രമുഖ കോൺട്രാക്ടറായ കോലഞ്ചേരി ചാക്കോപ്പിള്ളയെ വിളിച്ച് അഭിപ്രായം ചോദിക്കണമെന്നു മാനേജരച്ചനും ഞാനും നിർദ്ദേശിച്ചു. 'ചാക്കോപ്പിള്ള ഇത്രടം വരാൻ ഒരു കല്പന അയച്ചാട്ടെ' എന്നു മാനേജരച്ചൻ പറഞ്ഞതനുസരിച്ചു കല്പന എഴുതി പോസ്റ്റു ചെയ്തു. പള്ളികൾക്കും കല്പന അയച്ചു കിട്ടുന്ന പണം ചാക്കോപ്പിള്ളയ്ക്കു നൽകാമെന്നും തീരുമാനിച്ചു. കല്പന കിട്ടിയ ഉടൻതന്നെ സഭയേയും ബാവായേയും അങ്ങേയറ്റം സ്നേഹിച്ചിരുന്ന ചാക്കോപ്പിള്ള ദേവലോകത്തു പറന്നെത്തി. ബാവാ വിവരം പറഞ്ഞു പള്ളിയ്ക്കുള്ള സ്ഥലവും അരമനയ്ക്കുള്ള സ്ഥലവും തന്റെ കബറിനുള്ള സ്ഥലവും കാണിച്ചു കൊടുത്തു. 'അരമന വലുതായിരിക്കണം. തൽക്കാലം ഒരു നില മതി. അതു

പണിതശേഷം എന്റെ കിടപ്പു മാറ്റണം. എനിക്കതിൽ കിടന്നു വേണം മരിക്കാൻ. ചാക്കോപ്പിള്ള ആറു മാസംകൊണ്ട് അരമനയുടെ ആദ്യത്തെ നില പണിതു. ബാവാ നേരത്തെ ഒരു തുക നൽകി. പണി കഴിഞ്ഞപ്പോൾ പാരിതോഷികമായി ഒരു സ്വർണമോതിരവും നൽകി അദ്ദേഹത്തെ അനുഗ്രഹിച്ചു.

ഒരു വ്യാഴവട്ടക്കാലം ബാവാ ദേവലോകത്തു താമസിച്ചു. മൂത്രാശയ സംബന്ധമായ ഓപ്പറേഷനു വെല്ലൂർക്കു പോയതും മരണം സംഭവിച്ചാൽ ചെയ്യേണ്ട അനന്തര നടപടികൾ സംബന്ധിച്ച ക്രമീകരണങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള സുപ്രധാന രഹസ്യരേഖ വിശ്വസ്തനായ പാറേട്ട് മാർ ഈവാനിയോസിനെ ഏല്പിച്ചതും അദ്ദേഹം അതു ബാവാ സുഖം പ്രാപിച്ചു തിരിച്ചു വന്നപ്പോൾ അതുപോലെതന്നെ ഒരു പോറലും ഏൽക്കാതെ തിരിച്ചേൽപ്പിച്ചതും ബാവായുടെ ജീവിതസായാഹ്നത്തിൽ നടന്ന കാര്യങ്ങളാണ്.

ആഴ്ചകൾ കഴിഞ്ഞപ്പോഴേക്കും വാർദ്ധക്യത്തിന്റെ ക്ഷീണം നന്നേ ബാധിച്ച ബാവായുടെ പ്രമേഹരോഗം മൂർച്ഛിക്കുകയും കാലിന്റെ ഒരു തള്ളവിരലിൽ ഗംഗറിൻ എന്ന പഴുപ്പുരോഗം ഉണ്ടാകുകയും ചെയ്തു. പ്രായാധിക്യത്തെ മുൻനിറുത്തി ഇതിനു ശസ്ത്രക്രിയ വേണ്ടെന്നു ഡോക്ടർമാർ വിധിച്ചു. തുടർന്ന് തൃപ്പൂണിത്തറ കോട്ടാരം ആയുർവേദ വൈദ്യൻ ശങ്കരമേനോന്റെ ചികിത്സ ആരംഭിച്ചപ്പോൾ അല്പം ആശ്വാസം അനുഭവപ്പെട്ടു. ഇങ്ങനെ ഇരിക്കെ ഒരു ഞായറാഴ്ച വിശുദ്ധ കുർബാന ചൊല്ലണമെന്നു ബാവായ്ക്ക് ആഗ്രഹം ഉണ്ടായി. കുർബാന ചൊല്ലി കാസായും പീലാസായും പടിഞ്ഞാറേക്ക് എഴുന്നള്ളിക്കാൻ നടക്കുമ്പോൾ കാർപറ്റിൽ കാലിന്റെ തള്ളവിരൽ തട്ടി വലിയ വേദന ഉണ്ടായി. പെട്ടെന്നു ബാവാ കസേരയിൽ ഇരുന്നുപോയി. കൂടെ ഉണ്ടായിരുന്ന പട്ടക്കാരൻ കാസായും പീലാസായും ബാവായുടെ കൈയോടു ചേർത്തു പിടിച്ചു പത്തു മിനിറ്റു വിശ്രമിച്ചു. ഈ സമയം ജനങ്ങൾ 'കുറിയേലായിസ്സോൻ' എന്നു ചൊല്ലിക്കൊണ്ടിരുന്നു. ദൈവികശക്തിയാൽ ക്ഷീണം മാറി എഴുന്നേറ്റു വി. കുർബാന പൂർത്തിയാക്കി. അതായിരിക്കാം ബാവാ ചൊല്ലിയ അവസാനത്തെ കുർബാന എന്നു പലരും അന്നു ധരിച്ചിരിക്കില്ല.

പിന്നീട് ക്ഷീണം കൂടിക്കൊണ്ടിരുന്നു. കാലം ചെയ്യുന്നതുവരെയും ബോധം നഷ്ടപ്പെട്ടിരുന്നില്ല. തന്നെ സന്ദർശിക്കാൻ എത്തിയ ഇതര സഭാദ്ധ്യക്ഷന്മാരെയും ഉയർന്ന ഉദ്യോഗസ്ഥന്മാരേയും സഭാനേതാക്കളെയും മറ്റും മനസ്സിലാക്കി പുഞ്ചിരിയോടെ ആശീർവദിച്ചശേഷമാണ് ആ ദൈവദാസൻ ഇമ്പങ്ങളുടെ പറുദീസയിലേക്കു 1964 ജനുവരി രണ്ടാം തീയതി രാത്രിയിൽ പറന്നു പോയത്. പിറ്റേദിവസം വൈകിട്ട് നടത്തിയ കബറടക്കത്തിൽ സഹസ്രക്കണക്കിനാളുകൾ സംബന്ധിച്ചു. ബാവായ്ക്ക് രോഗം വർദ്ധിച്ച നാളുകളിൽ, രാത്രികാലങ്ങളിൽ ദേവലോകത്തു തന്നെയായിരുന്നു എന്റെ കിടപ്പ്.

കാലംചെയ്ത രാത്രിയിൽ കോട്ടയത്തെ വിവിധ സഭാവിഭാഗങ്ങളുടെ പള്ളികളിൽനിന്നു കബറടക്ക വിലാപയാത്രയ്ക്കുവേണ്ടി ഞാനും മാളിയേക്കൽ ചാക്കോച്ചനും കൂടിയാണു 92 വെള്ളി-സ്വർണകുരിശുകളും മുത്തുക്കുടകളും സമാഹരിച്ചത്. പഴയസെമിനാരിയിൽ നിന്നു വിലാപയാത്ര ദേവലോകത്തേക്കു നീങ്ങിയപ്പോൾ ജനസഹസ്രങ്ങളും കോട്ടയം നിവാസികളും ഒന്നടങ്കം അന്ത്യോപചാരമർപ്പിച്ചു. കോട്ടയത്തെ കടകൾ അടച്ചും കറുത്ത കൊടികൾ ഉയർത്തിയും ആ ദൈവമനുഷ്യനോടുള്ള ഭക്ത്യാദരങ്ങൾ പ്രകടിപ്പിച്ചിരുന്നു. പിന്നീട് യഥാവിധി നടത്തപ്പെട്ട അടിയന്തിരത്തിനു 1001 പറ അരി വച്ചു. വാർപ്പിൽ തിളച്ചുകിടന്ന ചുക്കുവെള്ളത്തിൽ ജനബാഹുല്യം മൂലം അറിയാതെ ഒരു ബാലൻ വീണു പൊള്ളലേറ്റു മരിച്ച ദാരുണ സംഭവത്തിനും ഞാൻ സാക്ഷിയായി.



കൊച്ചുകൊച്ചും പത്നി ശോശാമ്മയും (1954)

16

പാമ്പാടി തിരുമേനി നടത്തിയ ഒരു വൈദിക ശവസംസ്ക്കാരം

പ. ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ കുടുംബാംഗവും പള്ളം വടക്കേപറമ്പിൽ നിന്നു വിവാഹം ചെയ്തു പള്ളത്തു പള്ളിയുടെ സമീപം ദത്തു താമസിച്ച വൈദികനുമായ വേണാട്ടുകളത്തിൽ യോഹന്നാൻ കശ്ശീശയ്ക്കു രോഗം കൂടി അത്യാസന്നനിലയിലായി. കുറിച്ചി പള്ളിക്കാർ യോഗം ചേർന്നു പള്ളി സെമിത്തേരിയിൽ അച്ചനുവേണ്ടി കുടുംബക്കല്ലറ യോടു ചേർത്തു ഒരു കല്ലറയും തീർത്തു. അവിടെ നേരത്തെ മരിച്ചിട്ടുള്ള വൈദികരെ പള്ളിമുറ്റത്താണ് അടക്കി വന്നിരുന്നത്.

അച്ചൻ നിര്യാതനായപ്പോൾ പള്ളത്തു പള്ളിക്കാർ അച്ചനെ പള്ളത്തു പള്ളിയിൽ തന്നെ അടക്കണമെന്നു നിർബന്ധിച്ചു. എങ്കിലും വീട്ടുകാർ, തട്ടിട്ട വള്ളത്തിൽ ഭൗതികദേഹം കയറ്റി സ്വന്തം ഇടവകയായിരുന്ന കുറിച്ചി പള്ളി യിൽ എത്തിക്കുകയാണുണ്ടായത്. ഞാനും ആ ശവസംസ്ക്കാരത്തിൽ ആദ്യവസാനം സംബന്ധിച്ചതാണ്. പത്തിരുപതു വൈദികരുടെ സഹകര ണത്തോടെ പാമ്പാടി മാർ ഗ്രീഗോറിയോസ് തിരുമേനി ശവസംസ്ക്കാര ശുശ്രൂഷയും ആരംഭിച്ചു. ഇതിനിടയിൽ, മരിച്ച അച്ചന്റെ സഹോദരൻ (കോട്ടയം പി.ഡബ്ലിയു.ഡി. ഓഫീസ് മാനേജർ) അച്ചനെ സെമിത്തേരിയിൽ അടക്കുന്നതിനെ എതിർക്കുകയും പള്ളിമുറ്റത്തു പട്ടക്കാരെ അടക്കിയതിന്റെ സമീപം ഒരു പുതിയ കല്ലറ ഉണ്ടാക്കുകയും ചെയ്തു. അച്ചന്റെ സഹോദ രനു ഗവൺമെന്റിൽ നല്ല സ്വാധീനശക്തി ഉണ്ടായിരുന്നതിനാൽ പൊതുമരാ മത്തു വകുപ്പിലെ ജീവനക്കാരാണ് ചീങ്കല്ലു പൊട്ടിച്ചു പെട്ടെന്നു കല്ലറ ഉണ്ടാ ക്കിയത്. തുടർന്ന് പള്ളിമുറ്റത്തു കുറിച്ചിക്കാരും പള്ളത്തുകാരും തമ്മിൽ വാക്കുതർക്കവും ബഹളവും ഉണ്ടായി. അനന്തരം പള്ളത്തുകാർ പള്ളിക്ക കത്തു കടന്നു ബലമായി മൃതദേഹം എടുക്കുകയും കടവിലേക്കു കൊണ്ടു പോകുകയും ചെയ്തു. കാര്യങ്ങൾ ഇത്രത്തോളം ആയപ്പോൾ പള്ളിയിൽ ശുശ്രൂഷ നടത്തിക്കൊണ്ടിരുന്ന തിരുമേനിയെ ഞാൻ വിവരം ധരിപ്പിച്ചു. മൃതദേഹം മടക്കിക്കൊണ്ടു വരാൻ തിരുമേനി ആവശ്യപ്പെടുന്നതായി ഞാൻ വള്ളത്തിൽ കയറി അലറി വിളിച്ചു പറഞ്ഞു. അപ്പോൾ പള്ളത്തുകാർ മൗനം ദീക്ഷിച്ചു. തിരുമേനി പടിഞ്ഞാറോട്ടു നോക്കിനിൽക്കയാണ്. 'മസൂരി പിടിച്ചു ചാകാതിരിക്കണമെങ്കിൽ മൃതദേഹം മടക്കിക്കൊണ്ടുവരണം.' ഞാൻ വീണ്ടും ഉച്ചത്തിൽ പറഞ്ഞു. അവസാനം അവർ മൃതദേഹം മടക്കിക്കൊണ്ടു പള്ളിയിൽ വച്ചു. പ്രാർത്ഥനകളും നഗരികാണിക്കൽ ശുശ്രൂഷയും കഴിഞ്ഞു



പള്ളിമുറ്റത്തെ കല്ലറയിൽ മൃതദേഹ സംസ്കാരം തീർന്നപ്പോൾ മണി ആറായി.

തിരുമേനി ദീർഘമായ ശുശ്രൂഷയ്ക്കുശേഷം കാപ്പിമേശയിൽ സംബന്ധിച്ചു. എല്ലാവരും വന്നു കൈമുത്തി. തിരുമേനി പള്ളിയകത്തേയ്ക്കു കയറി പ്രാർത്ഥിച്ച ശേഷം മടങ്ങിപ്പോയി. സെമിത്തേരിയിൽ കല്ലറ ഉണ്ടാക്കിയവരോടോ പട്ടക്കാരുടെ കല്ലറയ്ക്കു സമീപം ബലമായി പുതിയ കല്ലറ നിർമ്മിച്ചവരോടോ, അവിടെ ശബ്ദകോലാഹലം സൃഷ്ടിച്ചവരോടോ മൃതദേഹം എടുത്തു വള്ളത്തിൽ കൊണ്ടുവച്ചവരോടോ അതെപ്പറ്റി ഒരക്ഷരം ഉരിയാടാതെ മടങ്ങിപ്പോയ തിരുമേനിയുടെ ദൈവാശ്രയവും ക്ഷമാശീലവും നയപരമായ സമീപനവും ഇന്നുള്ളവർ എല്ലാവരും ശ്രദ്ധിക്കണമെന്ന് എനിക്ക് ഒരപേക്ഷയുണ്ട്.

രംഗം ആമ്പല്ലൂർ മാന്തുരുത്തേൽ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി. ആ ഇടവകയിലെ ഒരു യുവാവാണ് എന്റെ പിതൃസഹോദരന്റെ ഒരു പുത്രിയെ വിവാഹം ചെയ്തിരിക്കുന്നത്. ഈ വിവാഹ ശുശ്രൂഷ നടത്തുന്നതിന് 1107-ൽ ഞാൻ പാമ്പാടി തിരുമേനിയെ ആമ്പല്ലൂർക്കു കാറിൽ കൊണ്ടുപോയി. വിവാഹശുശ്രൂഷ കഴിഞ്ഞപ്പോൾ തിരുമേനി മണലിൽ യാക്കോബ് ശെമ്മാശനെ വിളിച്ചു നാലു മണിക്കു കോട്ടയത്തിനു മടങ്ങുന്ന വഴി മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിലും വെട്ടിക്കൽ ദയറായിലും കയറി പ്രാർത്ഥിച്ചശേഷം തനിക്കു പോകണമെന്ന് ആഗ്രഹമുള്ളതായി അറിയിച്ചു. മുളന്തുരുത്തിപ്പള്ളിയിലെ ട്രസ്റ്റിയും മറ്റും കല്യാണത്തിനു വന്നിരുന്നതിനാൽ അവരെ ശെമ്മാശൻ തിരുമേനിയുടെ അടുക്കൽ എത്തിച്ചു വിവരം ധരിപ്പിച്ചു. അവിടെ എതിർകക്ഷികളുള്ളതിനാൽ പള്ളി തുറന്നു ശുശ്രൂഷകനും ധൂപക്കുറ്റിയും ഉണ്ടായിരിക്കണമെന്നും വലിയ പബ്ലിസിറ്റി കൊടുക്കേണ്ടെന്നും തിരുമേനി കല്പിച്ചു.

കൃത്യം നാലിനു ഞാനും മണലിൽ യാക്കോബു ശെമ്മാശനും തിരുമേനിയുടെ കാറിൽ മുളന്തുരുത്തിപ്പള്ളിയുടെ വാതുക്കൽ ചെന്നപ്പോൾ പത്തിരുപതു കതിനാവെടിയും മണിയടിയും പുരുഷന്മാരും സ്ത്രീകളുമായി പത്തു

മുന്നൂറു ആളുകളും ഉണ്ടായിരുന്നു. പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ എതിർ കക്ഷിക്കാർ എത്തി. അവരിൽ ഒരാൾ ഭ്രാന്തനെപ്പോലെ അലറി ശബ്ദമുണ്ടാക്കി. മറ്റുള്ളവർ അയാളെ പിടിച്ചു ഒരു തെങ്ങിൽ ബന്ധിച്ചു. തിരുമേനി ഇതൊന്നും അറിഞ്ഞില്ല. പള്ളി അധികൃതരോട് വലിയ പരസ്യമില്ലാതെ നമുക്കു കയറി പ്രാർത്ഥിച്ചാൽ മാത്രം മതിയെന്നു പറഞ്ഞതിന് വിപരീതമായി വെടിവച്ചും മണി അടിച്ചും ആളെ കൂട്ടിയതിന് അവരോടൊന്നും ചോദിക്കാതെയും പറയാതെയും അവർ നൽകിയ കരിക്ക് കുടിച്ചശേഷം വെട്ടിക്കൽ ദയറായിൽ കയറി പ്രാർത്ഥിച്ചു.

ഈ ദയറാ പ. പരുമല തിരുമേനി സ്ഥാപിച്ചതാണ്. വൈക്കത്ത് എത്തിയപ്പോൾ സന്ധ്യയായതിനാൽ കാറിൽ വച്ചുതന്നെ സന്ധ്യാനമസ്കാരം നടത്തി. രാത്രിയിൽ പാമ്പാടി ദയറായിൽ എത്തിച്ചശേഷം ഞാൻ തിരിച്ചു പോന്നു.

ഞാൻ പാമ്പാടി തിരുമേനിയെ ആദ്യം കാണുന്നത് 1100 മിഥുന മാസത്തിൽ അദ്ദേഹം റമ്പാനായിരിക്കുമ്പോഴാണ്. അന്നദ്ദേഹം കാളവണ്ടിയിൽ തുരുത്തേൽ പാലത്തിനടുത്തിറങ്ങി വള്ളത്തിൽ കയറി കൊല്ലാട്ടു വന്നു എന്റെ വല്യപ്പന്റെ തൈലാഭിഷേക ശുശ്രൂഷ നടത്തിയത് ഞാൻ ഓർക്കുന്നു. അന്ന് ഞാൻ റമ്പാച്ചനെ നേരിട്ടു പരിചയപ്പെടുകയും ചെയ്തു.

ഒരു ചെറിയ പള്ളിയും താമസിക്കാൻ ഒരു ചെറിയ കെട്ടിടവും അദ്ദേഹം തീർത്തപ്പോൾ അതു കൂദാശ ചെയ്തതു വാകത്താനം ബാവായും വട്ടശ്ശേരിൽ തിരുമേനിയും കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസും ചേർന്നാണ്. ഞങ്ങൾ കോട്ടയത്തുനിന്നു പോയി അതിൽ സംബന്ധിച്ചു. വിഭവസമൃദ്ധമായ ഭക്ഷണമാണ് ഞങ്ങൾക്കു പാമ്പാടിയിൽ ലഭിച്ചത്. ഒരിക്കലും മറക്കാനാവാത്ത ഒരു സൽക്കാരം തന്നെ. 1885 ഏപ്രിൽ അഞ്ചിന് ജനിച്ച ആ പുണ്യപിതാവ് 80 വയസ് കഴിഞ്ഞു ജന്മനാളിൽ തന്നെ 1965 ഏപ്രിൽ അഞ്ചിനു കാലം ചെയ്യുമ്പോൾ ഞാനും സമീപത്തുണ്ടായിരുന്നു. ജനിച്ച തീയതിയിൽ മരിച്ചു എന്ന വസ്തുത അനുവാചകർ വിസ്മരിക്കരുത്.

പാമ്പാടി തിരുമേനിയോടുള്ള എന്റെ അടുപ്പത്തെപ്പറ്റി പാമ്പാടി ദയറാ മാനേജർ പി. സി. യോഹന്നാൻ റമ്പാച്ചൻ അയച്ചുതന്ന ഒരു കുറിപ്പ് ചുവടെ ചേർക്കുന്നു:

"ഏകദേശം 45 വർഷം മുമ്പ് ഞാൻ പട്ടം ഏൽക്കുന്നതിനു മുമ്പ് ഒരു കൊച്ചനായി പാമ്പാടി തിരുമേനിയുടെ അടുത്ത് പത്രം വായിച്ചു കൊണ്ടിരിക്കുന്ന സമയത്ത് കോട്ടയത്തുനിന്നു രണ്ടാളുകൾ ഒരു കാറിൽ വന്ന് പള്ളിമുറ്റത്തിറങ്ങി. അവർ തിരുമേനിയെ കണ്ട് കൈ മുത്തി. അവരിലൊരാൾ കവണിയെടുത്ത് അരയിൽ കെട്ടിയാണ് കൈ

മുത്തിയത്. പരേതനായ മാളിയേക്കൽ അവറാച്ചനായിരുന്നു അത്. മറ്റേയാളിന് കവണിയില്ല. ഖദർമുണ്ടും ഉടുപ്പും ധരിച്ചിരുന്നു. അദ്ദേഹമാണ് ചെമ്പകശ്ശേരിൽ കൊച്ചുകൊച്ച്. തിരുമേനിയെ കണ്ട് എന്തോ സഭാകാര്യങ്ങളാണ് അവർ സംസാരിച്ചത്. കാപ്പികുടി കഴിഞ്ഞ് ഇരുവരും മടങ്ങി. രണ്ടുപേരും വളരെ ഉച്ചത്തിൽ സംസാരിക്കുന്നവരായിരുന്നു. അതാണ് ഇരുവരെയും ഓർമിക്കുവാനുള്ള പ്രധാന കാരണം. അങ്ങനെയാണ് ഞാൻ ആദ്യമായി കൊച്ചുകൊച്ചു ചേട്ടനെ കാണുന്നത്.

പാമ്പാടി തിരുമേനിയും ചെമ്പകശ്ശേരിയിലെ കൊച്ചുകൊച്ചു ചേട്ടന്റെ പിതാവും തമ്മിൽ വളരെയടുത്ത സ്നേഹബന്ധം പുലർത്തിയിരുന്നു. പലപ്പോഴും കൊല്ലാട്ടുനിന്ന് അരി, ഏത്തക്കുല, പലഹാരം മുതലായവ തിരുമേനിക്ക് കാഴ്ച കൊണ്ടുവന്നു കൊടുക്കുമായിരുന്നു. തിരുമേനി അവർക്ക് പാനി കൊടുത്തുവിടുന്നതും ഓർക്കുന്നു. മേല്പട്ടസ്ഥാനം ഏറ്റപ്പോൾ വളരെ വിശേഷപ്പെട്ട ഒരു ശീലമുടിയും അവർ തിരുമേനിക്ക് കാഴ്ചവച്ചിരുന്നു. വി. കുർബാനയ്ക്ക് പലപ്പോഴും എടുക്കുമ്പോൾ അത് ചെമ്പകശ്ശേരിക്കാർ തന്നതാണെന്ന് പറയുമായിരുന്നു. അവരുടെ വക കിരീടധാരണ വൈദ്യശാലയിൽ നിന്നു കുഴമ്പും മറ്റും തിരുമേനിക്കുവേണ്ടി വാങ്ങിച്ചതായും ഓർക്കുന്നു.

കോട്ടയം മെത്രാസനത്തിൽ ഇന്നു ജീവിച്ചിരിക്കുന്നവരിൽ സഭാസംബന്ധമായ പഴയ കാര്യങ്ങളെപ്പറ്റി വളരെയധികം വിവരമുള്ള ഒരാളാണ് കഥാപുരുഷൻ. പിതാക്കന്മാരോട് വളരെയേറെ ഭക്തിയും ബഹുമാനവുമുള്ള വ്യക്തിയെന്ന നിലയിൽ അദ്ദേഹത്തെപ്പറ്റി എനിക്കു വലിയ ബഹുമാനമുണ്ട്. 1965 മാർച്ചു മാസത്തിൽ പാമ്പാടി തിരുമേനി സുഖമില്ലാതെ മന്ദിരം ഹോസ്പിറ്റലിൽ കഴിയുമ്പോഴും തുടർന്ന് ദയറായിൽ വന്നു താമസിക്കുന്ന അവസരത്തിലും ധാരാളമാളുകൾ തിരുമേനിയെ കാണാൻ വന്നുകൊണ്ടിരുന്നു. ഈ സമയത്തൊക്കെ കൊച്ചുകൊച്ചുചേട്ടൻ മിക്കവാറും ആശുപത്രിയിലും ദയറായിലുമുണ്ടായിരുന്നു. വരുന്ന ആളുകൾക്ക് തിരുമേനിയെ കണ്ട് അനുഗ്രഹം വാങ്ങിച്ചു പോകുന്നതിനും അവരെ നിയന്ത്രിച്ചു വിടുന്നതിനും അദ്ദേഹം വളരെയേറെ താല്പര്യം കാണിച്ചിരുന്നു. ഒരു വൈദ്യനെന്നുള്ള നിലയിൽ രോഗിയുടെ ഭാവഭേദത്തെപ്പറ്റി മനസ്സിലാക്കുവാനും അദ്ദേഹത്തിനു കഴിവുണ്ടായിരുന്നു. 1965 ഏപ്രിൽ 4-ാം തീയതി ഞായറാഴ്ച (36-ാം ഞായറാഴ്ച) ഞാൻ വി. കുർബാന ചൊല്ലി തിരുമേനിക്ക് കുർബാന കൊടുത്തു. കൊച്ചുകൊച്ചും ദയറായിൽ എത്തിയിരുന്നു. അദ്ദേഹം തിരുമേനിക്ക് എക്കിളിന്റെ ആരംഭം കണ്ടു. അതൊരു നല്ല ലക്ഷണമല്ല. 'പോകാം പോകാം, എല്ലാ സാധനങ്ങളും എടു

ക്കണം, മറക്കരുതെന്ന്' തിരുമേനി പറഞ്ഞു. വായുവിന്റെ ആരംഭമാണെന്നും, വിവരം എല്ലാവരേയും അറിയിക്കുന്നത് നല്ലതായിരിക്കുമെന്നും കൊച്ചുകൊച്ചു പറഞ്ഞതനുസരിച്ച് പാറേട്ട് മാർ ഈവാനിയോസ് തിരുമേനിയെയും മറ്റും വിവരമറിയിച്ചു. പരേതനായ പടിഞ്ഞാറേക്കര പി. സി. ചെറിയാനും ഈ അവസരത്തിൽ ദയറായിൽ വന്നു. തിരുമേനിയുടെ രോഗനില മൂർച്ഛിച്ചു. രാത്രി 2.35-ന് തിരുമേനി കാലംചെയ്തു. ഈ സമയത്ത് കൊച്ചുകൊച്ചു ചേട്ടനും അടുത്തു തന്നെ ഉണ്ടായിരുന്നു. തിരുമേനിയുടെ കബറടക്കത്തിനും തുടർന്നു നടന്ന 30-ാം ദിവസ അടിയന്തരത്തിനും അദ്ദേഹം നേതൃത്വം കൊടുത്തു.

1981-ൽ പാമ്പാടി തിരുമേനിയുടെ നാമത്തിൽ പാമ്പാടിയിൽ ഒരു കോളജ് ആരംഭിച്ചു. കോളജ് കമ്മിറ്റിയിൽ ഞാനും ഉണ്ടായിരുന്നു. ഒരു പ്രിൻസിപ്പലിനെ നിശ്ചയിക്കുവാൻ സഭയിൽ നിന്നു പരസ്യം ചെയ്തു. ചില തല്പരകക്ഷികൾക്ക് അവർ ആഗ്രഹിക്കുന്ന ആളിനെ പ്രിൻസിപ്പലാക്കിയാൽ കൊള്ളാമെന്നുള്ള മോഹമുണ്ടായി. കമ്മിറ്റി സെക്രട്ടറിയായിരുന്ന പരേതനായ ജോർജ് വർഗീസ് സാറും, ഞാനും കൂടി അങ്ങനെയുള്ള ആളുകളെ കണ്ട് 'ഏറ്റവും കഴിവുള്ള ഒരാളിനെ സഭയിൽ നിന്നു നിയമിക്കട്ടെ; നമ്മൾ ഇക്കാര്യത്തിൽ ഇടപെടണ്ട' എന്നു പറഞ്ഞത് ഇപ്പോഴുമോർക്കുന്നു. പ്രിൻസിപ്പൽ സ്ഥാനത്തേയ്ക്കു പലരെ ഇന്റർവ്യൂ നടത്തി. അതിൽ ഒന്നാം സ്ഥാനത്തു വന്നത് ബസേലിയസ് കോളജിലെ പ്രൊഫസറായിരുന്ന ടൈറ്റസ് വർക്കിയാണ്. എനിക്കു കണ്ടുപരിചയമല്ലാതെ അദ്ദേഹത്തോടു വലിയ അടുപ്പമില്ലായിരുന്നു. കൊച്ചുകൊച്ചു ചേട്ടന്റെ മകനാണെന്ന് അറിഞ്ഞപ്പോൾ അതൊരു ദൈവനടത്തിപ്പാണെന്നു ബോദ്ധ്യപ്പെട്ടു. പാമ്പാടി തിരുമേനിയുമായിട്ടുള്ള ബന്ധമാണ് വൈദ്യന്റെ മൂത്ത മകനെ തിരുമേനിയുടെ നാമത്തിലുള്ള കോളജിന്റെ പ്രിൻസിപ്പലായി ലഭിക്കാൻ സഹായിച്ചതെന്നു ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കോളജ് വളരെയേറെ അഭിവൃദ്ധിപ്പെട്ടു വരുന്നതിൽ തിരുമേനിയുടെ ആത്മാവ് സന്തോഷിക്കുന്നുണ്ടാവും. അദ്ദേഹം നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ആ പരിശുദ്ധന്റെ മധ്യസ്ഥത കൊച്ചുകൊച്ചുചേട്ടനും കുടുംബത്തിനും എന്നും കോട്ടയായിരിക്കട്ടെ!"

17

നിലയ്ക്കൽ പള്ളി തർക്കം തീരുന്നു

പുതുപ്പള്ളി നിലയ്ക്കൽ പള്ളിയിൽ പള്ളി സംബന്ധമായ ഒരു തർക്കം ഉണ്ടായി. പ്രമുഖരായ കയ്പനാട്ടു കുടുംബക്കാരും കന്നുകുഴിക്കാരും തമ്മിലായിരുന്നു സൗന്ദര്യപ്പിണക്കം. അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞു തീർക്കാൻ സാധിക്കാതെ വികാരി മാടയ്ക്കൽ എം. കെ. ജോസഫ് അച്ചൻ (പിന്നീട് കോർഎപ്പിസ്കോപ്പാ) പാമ്പാടി തിരുമേനിയെ വിവരം അറിയിച്ചു. 'അടുത്ത ശനിയാഴ്ച വൈകിട്ട് താൻ പള്ളിയിൽ എത്താമെന്നും ഞായറാഴ്ച വി. കുർബാന ചൊല്ലാമെന്നും ഉള്ള വിവരം ഇടവകക്കാരെ അറിയിക്കുക' എന്ന നിർദേശം വികാരിക്കു തിരുമേനി നൽകി. ഞായറാഴ്ച കുർബാനമദ്ധ്യേ തിരുമേനി ചെയ്ത പ്രസംഗത്തിൽ "സമുദായത്തിലെ ഏറ്റവും പ്രമുഖരും വിദ്യാസമ്പന്നരും ഉൾപ്പെട്ട ഒരു പള്ളിയാണ് നിലയ്ക്കൽ പള്ളിയെന്നും നിങ്ങളുടെ തർക്കം പറഞ്ഞു തീർക്കാനുള്ള പഠിപ്പോ ശേഷിയോ എനിക്കില്ലെന്നും" പറഞ്ഞു. വി. കുർബാന കഴിഞ്ഞാൽ ഭക്ഷണം കഴിക്കണമെന്നാണ് സഭയുടെ നിശ്ചയം. കുർബാന കഴിഞ്ഞു ഞാൻ ഭക്ഷണം കഴിക്കുകയും കുറച്ചു സമയം വിശ്രമിക്കുകയും തുടർന്ന് പള്ളിക്കകത്തു മദ്ബഹായിൽ പ്രവേശിച്ചു അഖണ്ഡ പ്രാർത്ഥന തുടരുകയും ചെയ്യും. 'നിങ്ങൾ തർക്കം അവസാനിപ്പിച്ചതായി അറിയിക്കുന്നതു വരെ ഞാൻ ഭക്ഷണം കഴിക്കുകയില്ല.' തിരുമേനി വളരെ ദുഃഖത്തോടും വികാരനിർഭരതയോടുമാണിങ്ങനെ പറഞ്ഞത്.

ഇതു കേട്ടപ്പോൾ തർക്കക്കാർക്കു മനഃപ്രയാസമുണ്ടായി. രാത്രി ഒൻപതു മണിക്ക് എല്ലാവരും എത്തി തങ്ങളുടെ തർക്കവും വഴക്കും തീർന്നതായി തിരുമേനിയെ അറിയിച്ചു. തിരുമേനി ഭക്ഷണം കഴിക്കണമെന്നവർ അഭ്യർത്ഥിച്ചു. എല്ലാവരും ചേർന്നു പ്രാർത്ഥിക്കുകയും തിരുമേനി ഭക്ഷണം കഴിഞ്ഞു മടങ്ങുകയും ചെയ്തു.

18

തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

പ്രഗൽഭനും കർമകുശലനും തന്ത്രശാലിയും പ്രഭാഷണതിലകനുമായ ഒരു സമുന്നത വ്യക്തിയായിരുന്നു തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. കാട്ടുപത്തനാപുരത്തു സ്കൂളും ഒന്നാം ഗ്രേഡ് കോളജും ബി.എഡ്. കോളജും താബോർ ദയറായും മറ്റും സ്ഥാപിക്കുന്നതിന് അദ്ദേഹം നടത്തിയ സാഹസിക ശ്രമങ്ങളും അനുഷ്ഠിച്ച ത്യാഗങ്ങളും പറഞ്ഞറിയിക്കാൻ പ്രയാസം. ഇതെല്ലാം സ്വന്തം കാര്യങ്ങൾക്കുവേണ്ടി ആയിരുന്നില്ല. പിന്നെയോ സഭയുടെ ഉയർച്ചയ്ക്കായിട്ടായിരുന്നു.

അടൂർ നിന്നു പത്തനാപുരത്തേയ്ക്കുള്ള റോഡു നന്നാക്കുന്നതിനു വേണ്ടി മെത്രാപ്പോലീത്താ ഒരു തന്ത്രം പ്രയോഗിച്ചു. ഇംഗ്ലണ്ടിൽ വച്ചു തന്റെ സഹപാഠി കൂടിയായ രാഷ്ട്രപതി ഡോക്ടർ രാധാകൃഷ്ണനെ പത്തനാപുരം കോളജിന്റെ ശിലാസ്ഥാപനത്തിനു ക്ഷണിച്ചശേഷം വരാൻ പറ്റിയില്ലെങ്കിൽതന്നെയും വരുമെന്നു കാണിച്ചു കേരളത്തിലെ ചീഫ് സെക്രട്ടറിക്കു കത്തയയ്ക്കാൻ മെത്രാപ്പോലീത്താ രാധാകൃഷ്ണനോട് അഭ്യർത്ഥിച്ചു. 'പഠിക്കുന്ന കാലത്തെ സ്വഭാവം വലിയ മെത്രാപ്പോലീത്താ ആയിട്ടും മാറിയില്ലേ' എന്നു ഡോ. രാധാകൃഷ്ണൻ ചോദിച്ചപ്പോൾ ഇരുവരും ഉള്ളുതുറന്നു ചിരിച്ചു. അടൂർ നിന്നുള്ള റോഡ് സർക്കാർ നന്നാക്കണമെങ്കിൽ മറ്റു മാർഗമില്ലെന്നും മെത്രാച്ചൻ മുൻകണ്ടു.

ഡോ. രാധാകൃഷ്ണൻ കത്തയച്ചു. ഏതാനും ദിവസം കഴിഞ്ഞപ്പോൾ എഴുപതടി റോഡ് രാവും പകലും കൊണ്ടു പൂർത്തിയാക്കി. പ്രസിഡന്റ് വരുമെന്നു നാട്ടിൽ നോട്ടീസും അച്ചടിച്ചു വിതരണം ചെയ്തു. ഒടുവിൽ രാധാകൃഷ്ണൻ മറ്റ് അടിയന്തരപ്രശ്നങ്ങളുടെ പേരിൽ പരിപാടി റദ്ദു ചെയ്യുകയാണുണ്ടായത്.

ഇതിനു മുമ്പുതന്നെ തൃശ്ശിനാപ്പള്ളിയിൽ പൊന്നയ്യാ ഹൈസ്കൂൾ വിലയ്ക്കു വാങ്ങി. നാലേക്കർ സ്ഥലവും നല്ല കെട്ടിടങ്ങളും ഉണ്ടായിരുന്നു. വില തവണകളായിട്ടാണു നൽകിയത്. ഇതിനുവേണ്ടി പലരോടും പണം വാങ്ങുകയും കുറെയെല്ലാം തിരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പണസംബന്ധമായ കേസുകളും അദ്ദേഹത്തിനു അന്യമല്ലായിരുന്നു.

1937. എഡിൻബറോ സമ്മേളനത്തിൽ ബസേലിയോസ് ഗീവറുഗീസ് രണ്ടാമനും ഒന്നിച്ചു തോമസ് റമ്പാനും (മാർ ദീവന്നാസ്യോസ്) പങ്കെടുത്തു.



സമ്മേളനത്തിന്റെ തലേദിവസം കൊടും തണുപ്പു മൂലം ബാവാ ക്ഷീണിതനും അസ്വസ്ഥനുമായി കാണപ്പെട്ടു. അവിടത്തെ ഒരു മികച്ച ഡോക്ടർ വന്നു പരിശോധിച്ചു. ഒരു പെഗ് വിസ്ക്കി സോഡായിൽ ഒഴിച്ചു കൊടുക്കാനാണു ഡോക്ടർ നിർദേശിച്ചത്. ബാവായോടു പറയാതെ 'മരുന്നു' തയ്യാറാക്കി കുടിക്കാൻ കൊടുത്തു. ബാവാ ഒന്നു സിപ്പു ചെയ്തപ്പോൾ 'സ്പിരിറ്റിന്റെ മണമുണ്ടല്ലോ' എന്നായി. മരുന്നിന്റെ ചുവയാണെന്നും കുടിച്ചില്ലെങ്കിൽ ഡോക്ടറെ വീണ്ടും വരുത്താമെന്നും മെത്രാപ്പോലീത്താ പറഞ്ഞപ്പോൾ അതൊന്നും വേണ്ടെന്നു പറഞ്ഞു മരുന്നു മുഴുവൻ കുടിച്ചു. ബാവായുടെ അസുഖം പെട്ടെന്നു മാറി. അദ്ദേഹം പിറ്റേദിവസം ഉന്മേഷവാനായി കാണപ്പെട്ടത്രെ. മെത്രാച്ചൻ വിസ്ക്കി ചേർത്തു കൊടുത്ത കാര്യം അദ്ദേഹവും മരുന്നു കുടിച്ച കാര്യം ബാവായും എന്നോടു നേരിട്ടു പറഞ്ഞതാണ്.

എൺപത്തിഎട്ടു വയസ്സു കഴിഞ്ഞപ്പോൾ ബാവായ്ക്കു മൂത്രാശയ സംബന്ധമായ അസുഖം. മൂത്രം പോകാൻ വലിയ വിഷമം. വെല്ലൂരിൽ ചെന്നു ശസ്ത്രക്രിയ നടത്താൻ നിശ്ചയിച്ചു. ഒരുപക്ഷെ മരണം സംഭവിച്ചേക്കുമെന്നു കരുതി സഭയുടെ ഭാവിഭരണ സംവിധാനങ്ങൾ സംബന്ധിച്ച രേഖകൾ ഒരു കൂടിലാക്കി അതിവിശ്വസ്തനായ പാറേട്ട് മാർ ഈവാനിയോസിനെ ഏല്പിച്ചശേഷമാണു ബാവാ ശസ്ത്രക്രിയയ്ക്കു പോയത്. പ്രസിദ്ധ ഡോക്ടറായ കാർമനാണു വിജയകരമായ ശസ്ത്രക്രിയ നടത്തിയത്. മൂത്രനാളിയിൽ തടസ്സമുണ്ടാക്കിയ ഒരു വലിയ മാംസക്കക്ഷണം എടുത്തുകളഞ്ഞു. ബാവാ സുഖം പ്രാപിച്ചു. സന്തുഷ്ടനായി കോട്ടയത്തേക്കു തിരിച്ചു പോകുമ്പോൾ ഡോ. കാർമനും അദ്ദേഹത്തെ അനുഗമിച്ചു. ഡോ. ഐഡാ സ്കഡറിന്റെ നിർദേശാനുസരണമായിരുന്നു ഈ ഏർപ്പാട്.

കോട്ടയത്തു വന്നപ്പോൾ ഡോ. കാർമന്റെ ബഹുമാനാർത്ഥം ഒരു ഗാർഡൻ പാർട്ടി നൽകാൻ തീരുമാനിച്ചു. കോട്ടയത്തെ പ്രശസ്ത വ്യക്തികൾ ഉൾപ്പെടെ 150 പേർ പാർട്ടിക്കു ക്ഷണിക്കപ്പെട്ടു. ഇംഗ്ലീഷിൽ നന്ദി പ്രസംഗം ചെയ്യാൻ ബാവായ്ക്കു സാധ്യമല്ലാത്തതിനാൽ തോമ്മാ മാർ ദീവന്നാസ്യോസ് പ്രസംഗിച്ചു. ആ പ്രസംഗം ഒരു സ്വർഗ്ഗീയ ഗംഗാപ്രവാഹമായിരുന്നു. ഡോ. കാർമനേയും മദാമ്മയുടെ സഹപ്രവർത്തകരെയും മാലാഖ

മാരെപ്പോലെ വാഴ്ത്തിപ്പാടി. ആംഗലഭാഷയിലെ തെരഞ്ഞെടുത്ത അർത്ഥ നിർഭരവും സുന്ദരവുമായ പദാവലിയുടെ ഒരു സരസസമ്മേളനം. ശ്രോതാക്കൾ എല്ലാം മറന്ന് ആ സാഹിത്യപ്രവാഹത്തിൽ മുങ്ങിപ്പോയി.

മെത്രാപ്പോലീത്തായുടെ ദീർഘവീക്ഷണത്തിന് ഇതാ ഒരു ഉദാഹരണം. തോമസ് മാർ തീമോത്തിയോസ് (പിന്നീട് ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ) മെത്രാപ്പോലീത്തായ്ക്ക് 13 അഥവാ 14 വയസ്സു കാണും. മാവേലിക്കരയിൽ സമർത്ഥനായ ഹൈസ്കൂൾ വിദ്യാർത്ഥി. ദീവന്നാസ്യോസ് മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിച്ചപ്പോൾ ഈ ബാലൻ സ്ഫുടമായും ഭംഗിയായും അഞ്ചാം തുബ്ദേൻ വായിച്ചു. ഒരിടത്തരം കുടുംബത്തിൽപെട്ട ആ ബാലനെപ്പറ്റി മെത്രാപ്പോലീത്താ തിരക്കി. അന്ന് നാലുമണിയോടു കൂടി അപ്പനേയും അമ്മയേയും കൂട്ടി തന്നെ വന്നു കാണാൻ മെത്രാപ്പോലീത്താ ബാലനോടു നിർദേശിച്ചു. അതനുസരിച്ചു മൂന്നു പേരും കൂടി വന്നപ്പോൾ ഈ ബാലനെ തനിക്കു വിട്ടുതരണമെന്നും താൻ പഠിപ്പിച്ചുകൊള്ളാമെന്നും മെത്രാപ്പോലീത്താ പറഞ്ഞു. ബാലനും മാതാപിതാക്കളും മെത്രാപ്പോലീത്തായുടെ ആഗ്രഹം അനുസരിച്ചു പ്രവർത്തിച്ചു. ഈ ബാലനിൽ മലങ്കരസഭയുടെ ഭാവി കുടികൊള്ളുന്നതു കണ്ട മെത്രാപ്പോലീത്തായുടെ ദർശനം എത്ര മഹത്തരം. മണർകാട്ട് കല്ലകടമ്പ് കുടുംബത്തിൽ നിന്നു മാവേലിക്കര പോയി താമസിച്ച ഒരംഗത്തിന്റെ പുത്രനാണു തോമസ് മാർ തീമോത്തിയോസ് .

തോമ്മാ മാർ ദീവന്നാസ്യോസ് കാലം ചെയ്യുന്നതു കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ വച്ചാണ്. അന്ന് ഞാൻ കോട്ടയം മാർ ഏലിയാ കത്തീഡ്രലിലെ ആരാധനയിൽ സംബന്ധിച്ചശേഷം മെത്രാപ്പോലീത്താ ആശുപത്രിയിലുണ്ടെന്നറിഞ്ഞു കാണാൻ ചെന്നതാണ്. ആശുപത്രിയിൽ ചെല്ലുന്നതിനു മുമ്പു തന്നെ തിരുമേനി കാലംചെയ്ത വിവരം ഒരാൾ പറഞ്ഞറിഞ്ഞു. തിരുമേനിയുടെ കൂടെ ഉണ്ടായിരുന്ന ശെമ്മാശനും മെഡിക്കൽ കോളജിനു സമീപത്തെ ചാപ്പലിൽ കുർബാന ചൊല്ലിയ അച്ചനും താബോർ ദയറായിലെ ഒരു വൈദികനും ഞാനും ചേർന്നു സ്പിരിറ്റുകൊണ്ടു തുടച്ചു, മൃതദേഹത്തിൽ അംശവസ്ത്രങ്ങൾ അണിയിച്ചു. ഇതിനിടയിൽ മെത്രാച്ചന്റെ അരുമശിഷ്യൻ തോമസ് മാർ തീമോത്തിയോസ് തിരുമേനിയും ദേവലോകം മാനേജരായ ഫാ. റ്റി. സി. ജേക്കബും, ഉപ്പൂട്ടിൽ കുര്യനും, മനോരമയുടെ പ്രതിനിധിയായ കെ. വി. മാമ്മനും മറ്റും എത്തിച്ചേർന്നു. തീമോത്തിയോസ് തിരുമേനി തന്റെ ഗുരുവും ആത്മീയ വളർത്തച്ഛനുമായ മെത്രാപ്പോലീത്തായുടെ കാൽമുട്ടിൽ ചുംബിച്ചുകൊണ്ട് "13 വയസ്സുള്ളപ്പോൾ എന്നെ എന്റെ കുടുംബത്തിൽ നിന്നു പിടിച്ചു പഠിപ്പിക്കുകയും ഇന്നത്തെ നിലയിലാക്കുകയും ചെയ്ത എന്റെ പിതാവ് എല്ലാ പള്ളികളിലും വി. കുർബാന ചൊല്ലിത്തീർന്നപ്പോഴാണല്ലോ കടന്നുപോയതെന്നു" പറഞ്ഞു വിലപിച്ചു. തിരുമേനിയെ ഞാനും ആശ്വസിപ്പിച്ചു.

19

ഔഗേൻ പ്രഥമൻ ബാവാ


വെങ്ങോല ചേറ്റാകുളത്തുംകര ഏബ്രഹാം കത്തനാരുടെ പുത്രനായി 1884 ജൂൺ 26-നു ജനിച്ച ഔഗേൻ കതോലിക്കാ ബാവാ (ചെറുപ്പത്തിൽ മത്തായി ശെമ്മാശൻ) കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ പഠിച്ച ശേഷം 1905-ൽ ശീമയ്ക്കു പോകുകയും അനേക വർഷം അവിടെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തശേഷമാണു നാട്ടിൽ തിരിച്ചെത്തിയത്. അദ്ദേഹം ശീമയിൽ ആയിരുന്നപ്പോൾ പ. അബ്ദുൽ മശിഹാ പാത്രിയർക്കീസ്, മറ്റു മെത്രാപ്പോലീത്താമാർ, അബ്ദുള്ള പാത്രിയർക്കീസ്, തുർക്കിയിലെ ഭരണാധികാരിയായ സുൽത്താനു സഭയിലുള്ള സ്വാധീനം മുതലായ കാര്യങ്ങൾ ശരിക്കു പഠിക്കുകയും അവ മലങ്കര മെത്രാപ്പോലീത്തായെ രഹസ്യമായി അറിയിക്കുകയും ചെയ്തിരുന്നു. മലങ്കരസഭ അദ്ദേഹത്തിനു മറുപടിയും നൽകിവന്നു.

മലങ്കരയിൽ ഒരു കാതോലിക്കേറ്റു സ്ഥാപിക്കണമെന്നുണ്ടെങ്കിൽ അതിനെ എതിർക്കുകയും ഭരണത്തിൽ ഇരിക്കുകയും ചെയ്യുന്ന അബ്ദുള്ളാ പാത്രിയർക്കീസിനെ ക്ഷണിക്കരുതെന്നും ഭരണാധികാരത്തിൽ നിന്നു ബലമായി നീക്കപ്പെട്ട അബ്ദുൽ മശിഹായെ വേണം സമീപിക്കേണ്ടതെന്നും ഔഗേൻ റമ്പാൻ വട്ടശ്ശേരിൽ തിരുമേനിയേയും മറ്റും അറിയിച്ചിരുന്നു. അങ്ങനെ മലങ്കരയിൽ കാതോലിക്കേറ്റിന്റെ പുനഃപ്രതിഷ്ഠയ്ക്കു ആഗതനായ പ. അബ്ദുൽ മശിഹായോടു കൂടി ഔഗേൻ റമ്പാൻ നിരണത്തു എത്തുകയും അവിടെ നടന്ന മെത്രാന്മാരുടെ സ്ഥാനാഭിഷേകത്തിലും, കാതോലിക്കാ സ്ഥാനാരോഹണ ശുശ്രൂഷയിലും പങ്കെടുക്കുകയുമുണ്ടായി. പ. ബാവായും പരിവാരവും ശീമയ്ക്കു മടങ്ങിയശേഷം താൻ മൗനമായി പാത്രിയർക്കീസ് ഭാഗത്തു നിലനിൽക്കുകയായിരുന്നു. തുടർന്ന് അദ്ദേഹത്തെ മെത്രാൻസ്ഥാനത്തേക്കു തെരഞ്ഞെടുത്തു. തിരഞ്ഞെടുപ്പിനെ മാനിച്ചു ശീമയിലേക്കു പോയി അന്നത്തെ പാത്രിയർക്കീസ് ആയിരുന്ന പ. ഏലിയാസിൽ നിന്നു ഔഗേൻ തീമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ട് കണ്ടനാട് ഭദ്രാസന അധിപനായി തീർന്നു. താൻ ഒരു ശെമ്മാശൻ ആയിരുന്ന കാലം മുതലേ, മലങ്കരസഭ സ്വതന്ത്രയാണെന്നും, മറ്റൊരു സഭാമേലദ്ധ്യക്ഷന്റെ ആധിപത്യത്തിൽ തുടരുന്നതു സഭയ്ക്ക് ഒരു കാലത്തും ഉയർച്ച ഉണ്ടാക്കുന്നതല്ലെന്നും വിശ്വസിച്ചിരുന്നു. ആ അഭിപ്രായം താൻ തന്റെ സുഹൃത്തുക്കളായ പട്ടക്കാരേയും അത്മായക്കാരേയും മനസ്സിലാക്കിക്കൊണ്ടിരുന്നു. മെത്രാപ്പോലീത്താ ആയശേഷം രഹസ്യമായി സമാധാനാലോചനകളിൽ പങ്കെടുത്തിരുന്നു എന്നുള്ളത് ഒരു വസ്തുതയാണ്.

അദ്ദേഹത്തിന്റെ ഉത്സാഹത്തിൽ സമാധാന ആലോചന ആലുവാ യൂണി യൻ ക്രിസ്ത്യൻ കോളജ് കാമ്പസിൽ കാര്യമായി നടന്നു. സമ്മേളനം രണ്ടാഴ്ചയോളം നീണ്ടുനിന്നു. പല വ്യവസ്ഥകളും രൂപവൽക്കരിച്ചു. അവസാനം പാത്രിയർക്കീസ് ഭാഗത്തെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പൗലൂസ് മാർ അത്താനാസ്യോസിന്റെ മുമ്പിൽ തലകുനിച്ചു 'പരിശുദ്ധാത്മാഭിഷേക പ്രാർത്ഥന' (ക്രൊയിത്തേദ്റൂഹാ) നടത്തി കാതോലിക്കേറ്റിലെ മെത്രാന്മാരെയും, കാതോലിക്കായേയും സ്വീകരിക്കണമെന്നു തീരുമാനിച്ചു. പ. കാതോലിക്കാ ബാവായെ ഈ വിവരം ധരിപ്പിക്കുവാൻ ഔഗേൻ തീമോത്തിയോസ് തിരുമേനിയെ ചുമതലപ്പെടുത്തി. ഔഗേൻ തിരുമേനി പ. ബാവാ തിരുമനസ്സിലെ മുറിയിൽ എത്തി. അൽപം ഭയവും മനഃപ്രയാസവും ഉണ്ടായിരുന്നു. മെത്രാച്ചന്റെ വരവിനെപ്പറ്റി അന്വേഷിച്ചു. "മോറാന് എന്നോടു വിരോധം തോന്നരുത്. മലങ്കരസഭയുടെ സമാധാനത്തിനുവേണ്ടി മോറാൻ, പാത്രിയർക്കീസ് ഭാഗത്തെ സീനിയർ മെത്രാപ്പോലീത്തായായ പൗലൂസ് അത്താനാസ്യോസിന്റെ മുമ്പിൽ തല കുനിക്കണം. അങ്ങയുടെ പട്ടത്വത്തിനു പത്തരമാറ്റുള്ള തങ്കത്തിന്റെ വിലയുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. കർത്താവ് ആകാശം ചായിച്ച് ഭൂമിയിലേയ്ക്ക് ഇറങ്ങി മനുഷ്യവർഗത്തിനു സമാധാനം നൽകിയപ്രകാരം പ. ബാവാ ഈ കുരിശു വഹിക്കണം എന്ന് അപേക്ഷിക്കുന്നു." "മെത്രാച്ചന്റെ വാക്കു ഞാൻ സ്വീകരിക്കുന്നു"വെന്ന് പ. ബാവാ മറുപടി പറഞ്ഞു. ഔഗേൻ തീമോത്തിയോസ് തിരുമേനി സന്തോഷത്തോടെ മടങ്ങി. പ. ബാവാ തിരുമേനി ഈ വിവരം ഓർത്തഡോക്സ് ഭാഗക്കാരെ അറിയിച്ചു. അന്ന് അൽപം രാത്രിയായപ്പോൾ ബഥനിയുടെ മാർ തേവോദോസ്യോസ് പ. ബാവായെ സമീപിച്ചു. 'എനിക്ക് അത്യാവശ്യമായി തെക്കോട്ടൊന്നു പോകണം.' ബാവാ ഒരു വിസമ്മതവും കാണിച്ചില്ല. പിറ്റേദിവസം രാവിലെ ഇരുഭാഗത്തേയും മെത്രാപ്പോലീത്തന്മാർ ആലുവാ തൃക്കുന്നത്തു സെമിനാരി ചാപ്പലിൽ ഒന്നിച്ചുകൂടി. എന്നാൽ മാർ തേവോദോസ്യോസ് രണ്ടാമതു പരിശുദ്ധ റൂഹായെ ഇറക്കുന്നതിൽ പ്രതിഷേധിച്ചു പോയതായിരുന്നു. ഇതിനിടയിൽ മാർ തേവോദോസ്യാസ് തെക്കോട്ടു പോയതിനെപ്പറ്റി സംസാരമുണ്ടായി. ആ വിവരം മാർ അത്താനാസ്യോസിനെ അറിയിച്ചതു മാർ മീഖായേൽ ദീവന്നാസ്യോസ് ആയിരുന്നു.

സഭയിൽ ഉടൻ സമാധാനം ആകുന്നു എന്നറിഞ്ഞു കേട്ട ഒരു വമ്പിച്ച ജനക്കൂട്ടം ആലുവായിൽ എത്തിയിരുന്നു. മാർ തേവോദോസ്യോസ് എവിടെ? പ്രാർത്ഥനാസമയം എല്ലാ മെത്രാപ്പോലീത്തന്മാരും ഉണ്ടായിരിക്കണം എന്ന് പൗലൂസ് മാർ അത്താനാസ്യോസ് ശഠിച്ചു. ഈ നിർബന്ധം മുഖാന്തരം, സമാധാനശ്രമം ഭാഗ്യവശാലോ, നിർഭാഗ്യവശാലോ വിജയിച്ചില്ല.

ആലോചനകൾ നടന്നു. അവസാനം ആലുവാ യൂണിയൽ ക്രിസ്ത്യൻ കോളജിൽ കണ്ടനാട് ഇടവകയുടെ ഔഗേൻ മാർ തീമോത്തിയോസ് തിരു



മനസ്സിലെ നേതൃത്വത്തിൽ നടന്ന സമാധാനശ്രമം പരാജയപ്പെടുകയാൽ കണ്ടനാട് ഇടവക മെത്രാപ്പോലീത്താ മാർ തീമോത്തിയോസ് തിരുമേനിയും ഏതാനും പള്ളികളും പട്ടക്കാരും ജനങ്ങളും എതിർകക്ഷിയിൽ നിന്നു കാതോലിക്കേറ്റിലേക്കു ചേർന്നത് ഒരു ചരിത്രസംഭവം ആയിരുന്നു. മൂവാറ്റുപുഴ അരമനപ്പള്ളിയിൽ വച്ചു 1942 ഒക്ടോബർ 7-ാം തീയതി അങ്ങനെ ഭദ്രാസനം കാതോലിക്കോസിനെ സ്വീകരിച്ചു.

ഏതാനുംനാൾ കഴിഞ്ഞു പിറവം സെമിനാരിയിൽ എത്തിയ മാർ തീമോത്തിയോസ് തിരുമേനിയെ പിറവം വലിയ പള്ളിക്കാർ നിർബന്ധിച്ചു പെസഹാ പെരുനാളിന് അങ്ങോട്ടു ക്ഷണിച്ചുകൊണ്ടുപോയി. പാതിരാത്രിക്കു പള്ളിയിൽ നിന്ന് ആളുകൾ പിരിഞ്ഞപ്പോൾ മെത്രാപ്പോലീത്തായെയും മറ്റും ചില നരാധമന്മാർ തല്ലി (*ഔഗേൻ കാതോലിക്കാ ബാവാ*, കെ. വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, മാങ്ങാനം, കോട്ടയം-18 കാണുക). അങ്ങനെ കാതോലിക്കേറ്റിനുവേണ്ടി പ്രവർത്തിച്ച അദ്ദേഹം ഒരു സഹദായായി എന്നു പറയാം. മെത്രാച്ചനെ കാപ്പിവടികൊണ്ടടിച്ച ആളിന്റെ പുത്രൻ ചവറിറക്കാൻ മരത്തിൽ കയറവെ കാപ്പിവടി വെട്ടിയ കുറ്റിയിൽ വീണു തറഞ്ഞു മരിച്ചതായും പറഞ്ഞുകേട്ടിട്ടുണ്ട്.

മലങ്കരസഭയിൽ 1958-ൽ സമാധാനം ഉണ്ടായശേഷം കണ്ടനാട് ഭദ്രാസന സഹായമെത്രാനായി നിയോഗിക്കപ്പെട്ട പൗലൂസ് മാർ പീലക്സിനോസിനു (പിന്നീട് ശ്രേഷ്ഠ കാതോലിക്കാ) താമസിക്കാൻ മലങ്കരസഭ നേരത്തെ വാങ്ങിയ മൂവാറ്റുപുഴ അരമന വിട്ടുകൊടുത്തു. എന്നാൽ സഭയിൽ ഭിന്നിപ്പുണ്ടാക്കി ബദൽ കാതോലിക്കായായി മാറി വന്ന മാർ പീലക്സിനോസ് മെത്രാപ്പോലീത്താ മൂവാറ്റുപുഴ അരമന തന്റെ ആസ്ഥാനമാക്കി മാറ്റുകയാണുണ്ടായത് (ബദൽ കാതോലിക്കായ്ക്ക് ഒരു സീനിയർ മെത്രാപ്പോലീത്തായുടെ സ്ഥാനം മാത്രമേ സിറിയൻ ഓർത്തഡോക്സ് സഭ നൽകുന്നുള്ളു).

എന്തായാലും ഔഗേൻ മാർ തീമോത്തിയോസ് എല്ലാവർക്കും സ്വീകാര്യനായ മലങ്കരയിലെ കാതോലിക്കായായി 1964 മെയ് 22-ാം തീയതി യാക്കോബ് തൃതീയൻ പാത്രിയർക്കീസിനാൽ അവരോധിക്കപ്പെട്ടു.

20

യാക്കോബ് തൃതീയന്റെ നിര്യാണം

സമാധാന ദൂതുവാഹകൻ എന്ന പേരിനർഹനായ യാക്കോബ് തൃതീയൻ, 1970-ൽ വി. മാർത്തോമ്മാ ശ്ലീഹായുടെ ആചാര്യത്വത്തെ നിഷേധിച്ചു ചെയ്ത പ്രസ്താവന സഭയിൽ കോളിളക്കം സൃഷ്ടിച്ചു. ഏതായാലും അതോടെ അസ്വസ്ഥനായി തുടർന്നു വരവേ, ആകസ്മികമായി ഹൃദയസ്തംഭനം മൂലം നിര്യാതനാകുക ആയിരുന്നു. അബ്ദുള്ളാ പാത്രിയർക്കീസ് പോലും പ. മാർത്തോമ്മാ ശ്ലീഹായുടെ ആചാര്യസ്ഥാനത്തെ ചോദ്യം ചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധപ്പെടുത്തിയ പാമ്പാക്കുട നമസ്കാരപുസ്തകത്തിന്റെ ആദ്യഭാഗത്ത് അത് രേഖപ്പെടുത്തിയിട്ടുണ്ട്. അന്ത്യോക്യായിലെ ഒരു പാത്രിയർക്കീസും പറയാത്ത പൊളിവചനമാണു യാക്കോബ് തൃതീയൻ തട്ടിവിട്ടത്. അതായത്, മാർത്തോമ്മായുടെ പട്ടം തിരിച്ചെടുത്തുവത്രെ!

യാക്കോബ് തൃതീയനെ തുടർന്ന് സക്കാ പ്രഥമൻ അന്ത്യോക്യാ പാത്രിയർക്കീസായി വാഴിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വാഴ്ചയിൽ സംബന്ധിക്കുവാൻ പോയ ശ്രേഷ്ഠ കാതോലിക്കായെ, പാത്രിയർക്കാ വാഴ്ചയിൽ ഏതു രൂപത്തിൽ ബഹുമാനിച്ചു എന്നുള്ളതു മലങ്കര സഭാമക്കൾ അറിഞ്ഞിരിക്കേണ്ട ഒരു വസ്തുതയാണ്. എ.ഡി. 869-ൽ നടന്ന കപ്പർതൂത്താ സുന്നഹദോസ് നിശ്ചയം എന്തായിരുന്നു. മലങ്കരയിൽ കാതോലിക്കായെ വാഴിക്കുമ്പോൾ പാത്രിയർക്കീസ് ക്ഷണം സ്വീകരിച്ചു വന്നാൽ അദ്ദേഹം മലങ്കര സുന്നഹദോസിന്റെ അദ്ധ്യക്ഷനായി കാതോലിക്കായെ വാഴിക്കേണ്ടതും, അതുപോലെ പാത്രിയർക്കാ വാഴ്ചയിൽ കാതോലിക്കാ ക്ഷണപ്രകാരം അന്ത്യോക്യായിൽ എത്തിയാൽ അവിടുത്തെ സുന്നഹദോസിന്റെ അദ്ധ്യക്ഷനായി കാതോലിക്കാ പാത്രിയർക്കീസിനെ വാഴിക്കണമെന്നുമാണല്ലോ കാനോനിക നിയമം. അങ്ങനെ ഇരിക്കേ ആ ധാരണയിൽ സക്കാ പ്രഥമനെ പാത്രിയർക്കീസായി വാഴിക്കുവാൻ അന്ത്യോക്യയിൽ എത്തിച്ചേർന്ന ശ്രേഷ്ഠ കാതോലിക്കായുടെ ഒരു ദൃക്സാക്ഷി എന്ന നിലയിലുള്ള അനുഭവം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ?



21

മാമ്മൻമാപ്പിളയും മനോരമയും

എട്ടു ദശാബ്ദങ്ങൾ കടന്നുപോയി. ഞാൻ എം. ഡി. സെമിനാരി ഹൈസ്ക്കൂളിൽ താഴത്തെ ക്ലാസ്സുകളിൽ പഠിക്കുന്ന കാലഘട്ടം. മനോരമ ഓഫീസു കഴിഞ്ഞാണ് സ്കൂൾ എങ്കിലും ഒരിക്കലും അവിടെ കയറി ബഹു മുഖ പ്രതിഭാശാലിയായിരുന്ന കെ. സി. മാമ്മൻമാപ്പിളയെ ഒന്നു കാണാനോ പത്രം അച്ചടിക്കുന്നതു കാണാനോ സാധിച്ചിരുന്നില്ല. ഒരു ദിവസം ഞാൻ നേരത്തെ വന്നു സ്കൂൾ സമയം ആകുന്നതിനു മുമ്പ് മനോരമ ആഫീസിന്റെ മുറ്റത്തു കയറി മാമ്മൻമാപ്പിള ഉണ്ടോ എന്നു ചോദിക്കുകയും ഞാൻ അദ്ദേഹത്തെ കാണാൻ ആഗ്രഹിക്കുന്നു എന്ന് അവിടെ ഉണ്ടായിരുന്ന ഒരാളോടു പറയുകയും ചെയ്തു. അയാൾ എന്നെ മാമ്മൻ മാപ്പിളയുടെ സമീപത്തേക്ക് ആനയിച്ചു. തദവസരത്തിൽ മാമ്മൻ മാപ്പിളയുടെ ഭാര്യ മാമ്മിയും അടുത്തുണ്ടായിരുന്നു.

'നീ ഏതാ, എവിടെനിന്നു വരുന്നു?' മാമ്മൻ മാപ്പിള ചോദിച്ചു. 'ഞാൻ കൊല്ലാട്ടു ചെമ്പകശ്ശേരിൽ വർക്കി വൈദ്യന്റെ മകനാണ്. എം. ഡി. സെമിനാരിയിലാണു പഠിക്കുന്നത്. എനിക്ക് ഈ പ്രസ്സും പത്രം അച്ചടിയും ഒക്കെ ഒന്നു കാണണം', ഞാൻ പറഞ്ഞു.

ഉടൻ തന്നെ, അവിടെ ജോലി ചെയ്യുന്ന കൊല്ലാട്ടുകാരനായ അബ്രഹാം എന്ന ആളെ (മാമ്മൻ മാപ്പിളയുടെ മുഖപ്രസംഗത്തിലെ കൈയക്ഷരം നിഷ്പ്രയാസം വായിക്കുന്ന ഏക വ്യക്തിയായിരുന്നു അബ്രഹാം) വിളിപ്പിച്ചു മാമ്മൻ മാപ്പിള ഇങ്ങനെ പറഞ്ഞു: 'ഇവൻ നിന്റെ നാട്ടുകാരനാണ്. ഇവനെ പ്രസ്സും അച്ചടിയും ഒക്കെ കാണിച്ചശേഷം തിരിച്ചു പോകുന്നതിനു മുമ്പ് എന്റെ അടുക്കൽ കൊണ്ടുവരണം.' എല്ലാം കണ്ടശേഷം ഞാൻ മാമ്മൻ മാപ്പിളയുടെ അടുത്തു ചെന്നു. 'എടാ നിന്റെ കുടുംബത്തിലെ ഒരു കെ. ഇ. മാണിയേയും, പി. കെ. ഏബ്രഹാമിനെയും, സി. റ്റി. ഈശോയേയും ഞാൻ പഠിപ്പിച്ചിട്ടുണ്ട്. അവർ നിന്റെ ആരാണെന്നു പറയാമോ?' മാമ്മൻ മാപ്പിള ചോദിച്ചു. 'കെ. ഇ. മാണി ഇവിടെ മുൻസിഫ് കോടതി വക്കീലാണ്. പി. കെ. ഏബ്രഹാം കർഷകനാണ്. സി. റ്റി. ഈശോ തിരുനക്കരയിൽ ജവുളി വ്യാപാരം നടത്തുന്നു. അദ്ദേഹം എന്റെ അപ്പന്റെ സഹോദരനുമാണ്. മറ്റവർ രണ്ടുപേരും എന്റെ വല്യപ്പന്റെ സഹോദരന്മാരുമാണ്.' ഞാൻ മറുപടി നൽകി.


'എടാ ഇത്ര ചെറുപ്പത്തിലേ നിനക്ക് ഈ ബന്ധമൊക്കെ അറിയാമല്ലോ. നീ ഒരു മിടുക്കൻ തന്നെ. ഇനിയും കൂടെക്കൂടെ വരണം.' ഇത്രയും പറ

ഞ്ഞശേഷം എനിക്ക് ഒരു അരിയുണ്ടയും തന്നു. കാപ്പി വേണോ എന്നു ചോദിച്ചപ്പോൾ 'വേണ്ടാ, വെള്ളം മതി' എന്നു ഞാൻ പറഞ്ഞു. കാഴ്ചകൾ കണ്ടും പലഹാരം തിന്നും ഞാൻ സന്തോഷത്തോടെ സ്കൂളിലേക്കു പോയി (കുടുംബബന്ധങ്ങളെപ്പറ്റിയും കുടുംബാംഗങ്ങളെപ്പറ്റിയും നല്ല അറിവും താല്പര്യവുമുള്ള ഒരു മഹാനായിരുന്നു മാമ്മൻ മാപ്പിള എന്നു ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു).

പിന്നീട് പഴയസെമിനാരി, മാർ ഏലിയാ ചാപ്പൽ എന്നിവിടങ്ങളിൽ വച്ചു മാമ്മൻ മാപ്പിളയെ പലവുരു കാണുകയും അഭിമാനപൂർവ്വം ഞാൻ പരിചയം പുതുക്കുകയും 'എന്താ ചെമ്പകശ്ശേരീ' എന്ന് പലപ്പോഴും അദ്ദേഹം സ്നേഹപൂർവം ചോദിക്കുകയും ചെയ്യുമായിരുന്നു.

1098 മീനം പത്ത്. വട്ടിപ്പണക്കേസ് വട്ടശ്ശേരിൽ തിരുമേനിക്കു ദോഷമായി വിധിച്ചു. പഴയസെമിനാരിയിൽ കാര്യം അറിയാതെ ഓടി എത്തിയവരിൽ ബാലനായ ഞാനും ഉൾപ്പെട്ടിരുന്ന വിവരം നേരത്തെ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. മാമ്മൻ മാപ്പിള മുതലായ പ്രമുഖ നേതാക്കളെല്ലാം തന്നെ ഉണ്ട്. മാമ്മൻ മാപ്പിള നിന്നു കരയുന്നു. അതോടൊപ്പം മറ്റുള്ളവരും. വിവരം ഗ്രഹിക്കാൻ കഴിവില്ലാഞ്ഞ ഞാൻ കൂടെ ഉണ്ടായിരുന്ന താഴത്തങ്ങാടിക്കാരൻ കുറിയായോടു കാര്യം ചോദിച്ചറിഞ്ഞു. എന്നെ സഭയുമായി ഇത്രയധികം കൂട്ടി ഇണക്കിയ ഘടകം ഈ കരച്ചിലാണെന്ന സത്യം ഇവിടെ മറയില്ലാതെ വെളിപ്പെടുത്തുകയാണ്.

കേസിൽ തോറ്റതിനെ തുടർന്ന് മുടക്കു തീർക്കുന്നതിനു വയസ്സുകാലത്തു ശീമയ്ക്കു പോകാൻ തീരുമാനിച്ച വട്ടശ്ശേരിൽ തിരുമേനിയുടെ സഭാസ്നേഹവും ആത്മധൈര്യവും പറഞ്ഞറിയിക്കാൻ എനിക്കു വാക്കുകളില്ല. ബോംബെയിൽ ബിസിനസ് സംബന്ധമായ ഏതോ കാര്യവശാൽ എത്തിയ മാമ്മൻ മാപ്പിള, വട്ടശ്ശേരിൽ തിരുമേനി ശീമ യാത്രാമദ്ധ്യേ കയറിയ കപ്പലിൽ എത്തി തിരുമേനിയുടെ കരം ഗ്രഹിച്ചു ചുംബിച്ചു യാത്രയാക്കിയ രംഗം ഏതൊരു സഭാസ്നേഹിയേയും കോരിത്തരിപ്പിക്കാതിരിക്കില്ല. എം.ഡി. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ പദത്തിൽ നിന്ന് അംഗസംഖ്യ കൂടുതലുള്ള ഒരു കുടുംബത്തിന്റെ നാഥനായിരുന്ന മാമ്മൻ മാപ്പിള മാറാനിടയാക്കിയ സാഹചര്യം വച്ചു നോക്കുമ്പോൾ വട്ടശ്ശേരിൽ തിരുമേനിയെ അദ്ദേഹം എതിർക്കുമെന്നു പാത്രിയർക്കീസ് കക്ഷിയിൽപെട്ട ചിലരെങ്കിലും ചിന്തിച്ചിരിക്കും. എന്നാൽ തികഞ്ഞ സഭാസ്നേഹിയും സത്യത്തിന്റെ ഉറവിടത്തെപ്പറ്റി ഉറച്ച വിശ്വാസവും ഉണ്ടായിരുന്ന മാമ്മൻ മാപ്പിള വ്യക്തിനിഷ്ഠമായ സംഗതികൾ അവഗണിച്ചു സഭാകാര്യങ്ങളിൽ വട്ടശ്ശേരിൽ തിരുമേനിയുടെ പിന്നിൽ പാറപോലെ ഉറച്ചുനിന്നു. 'എനിക്കൊരു പത്രവും ഏഴെട്ടു മക്കളും ഇല്ലായിരുന്നുവെങ്കിൽ ഞാനും തിരുമേനിയെ ശീമ വരെ അനുഗമിക്കുമായിരുന്നു'



എന്നു മാമ്മൻ മാപ്പിള കപ്പലിൽ വച്ചു പറഞ്ഞപ്പോൾ മലങ്കരസഭാ ഭാസുരൻ ആ അതുല്യനായ സഭാസ്നേഹിയുടെ മുമ്പിൽ നമ്രശിരസ്ക്കനായി നിന്നിരിക്കണം. മാമ്മൻ മാപ്പിള കപ്പലിൽ നിന്നു യാത്ര പറഞ്ഞിറങ്ങി നടന്നപ്പോൾ കൂടെ ഉണ്ടായിരുന്ന പൂതക്കുഴിയിൽ എബ്രഹാം അച്ചനോടും ചെറിയമഠത്തിൽ മല്പാനച്ചനോടും മറ്റും 'കത്തനാരന്മാരെ നോക്കൂ, ഇതാണു മാമ്മൻ മാപ്പിള. ഞങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസവും മറ്റും ഉണ്ടായിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ സഭാസ്നേഹവും എന്നോടുള്ള ബഹുമാനവും സൽപെരുമാറ്റവും നിങ്ങൾ മനസ്സിലാക്കണം' എന്നുള്ള വട്ടശ്ശേരിൽ തിരുമേനിയുടെ അന്തരാത്മാവിൽനിന്നു ഉയർന്ന വാക്കുകൾ ഇടയനെ കണ്ണടച്ച് അനുസരിക്കുന്ന കുഞ്ഞാടിനെപ്പോലെയുള്ള ഒരു അവൈദികനു ലഭിക്കാവുന്ന സിംഹതുല്യനായ സഭാദ്ധ്യക്ഷന്റെ പരമോന്നത അവാർഡാണെന്നു ഞാൻ കരുതുന്നു. മാമ്മൻ മാപ്പിളയുടെ കഴിവുകളും നേട്ടങ്ങളും വിവരിക്കാൻ എനിക്ക് ഒട്ടും കഴിവില്ല. ഞാനതിനു മുതിരുന്നുമില്ല. പറയുന്നതു വ്യക്തിപരമായ ചില കാര്യങ്ങൾ മാത്രം.

വട്ടശ്ശേരിൽ തിരുമേനി മുടക്കുതീർത്തു കോട്ടയം മാർ ഏലിയാ ചാപ്പലിൽ തിരിച്ചെത്തി വി. കുർബാനമധ്യേ പ്രസംഗിച്ചപ്പോൾ അദ്ദേഹം കരഞ്ഞുപോയി. ഇതു കണ്ടുനിന്ന മാമ്മൻ മാപ്പിളയും കരഞ്ഞതു ഞാൻ ഇന്നലെ നടന്ന സംഭവംപോലെ ഓർക്കുകയാണ്. ചടങ്ങിൽ സംബന്ധിച്ച എന്റെ അപ്പനോട് വിവരം ചോദിച്ചാണു കൂടെ ഉണ്ടായിരുന്ന ഞാൻ കാര്യങ്ങൾ ഗ്രഹിച്ചത്. ഇത്രയധികം മഹാനായ ഒരു മനുഷ്യൻ ഇപ്രകാരം സഭയെ സ്നേഹിച്ചു കരയുന്നതെന്തിനാണെന്നു പിന്നീടാണു എനിക്കു മനസ്സിലാക്കാൻ സാധിച്ചത്. പഞ്ഞിപോലെ നരച്ച മുടിയും നല്ല വെള്ളനിറവുമുള്ള ആളിന്റെ മുഖം കണ്ണുനീരൊഴുക്കി ചുമന്നു കണ്ടപ്പോൾ ഞാനും കരഞ്ഞുപോയി.

എന്റെ പഠനം മുടങ്ങിയതും സ്കൂൾഫൈനൽ ക്ലാസ്സിന്റെ വാതുക്കൽ പോലും എത്തിനോക്കാൻ സാധിക്കാഞ്ഞതും ഒരു വശത്ത്. കിട്ടിയ സമയം മിക്കവാറും പഴയസെമിനാരിയിലും വട്ടശ്ശേരിൽ തിരുമേനിയുടെയും സഭയുടെയും കാര്യങ്ങളിലുമായി ചെലവഴിച്ചു. എന്റെ ശ്രദ്ധ മുഴുവൻ സഭാപ്രശ്നങ്ങളിലായിരുന്നു. അപ്പനും മറ്റും എതിരും പറഞ്ഞിരുന്നില്ല.

ഞാൻ സ്കൂളിൽ പഠിച്ചിരുന്ന കാലത്തു വൈകിട്ടു വൈദ്യശാലയിൽ ചെല്ലും. അപ്പനുമൊന്നിച്ചു വള്ളത്തിൽ കയറി വീട്ടിലെത്തുക എന്നതായിരുന്നു ലക്ഷ്യം. വൈദ്യശാലയിൽ ചെല്ലുമ്പോൾ മുറിക്കകത്തു അപ്പന്റെ ചുറ്റും കസേരകളിലും ബഞ്ചിലുമായി ധാരാളം ആളുകൾ ഇരിക്കുന്നുണ്ടാവും. മലയാളമനോരമ പത്രം കൃത്യം നാലു മണിക്കാണ് എത്തുക. അന്ന് നാലായിരം പത്രമാണു മൊത്തം അച്ചടിക്കുക. വട്ടശ്ശേരിൽ തിരുമേനിയെ സമരിക്കേസിൽ വിസ്തരിക്കുന്നതു സംബന്ധിച്ച വിവരങ്ങൾ പത്രത്തിൽ കാണും. അത് ഒരാൾ വായിക്കും. കേട്ടിരിക്കുന്നവർ ചിലപ്പോൾ ചാടി എഴുന്നേറ്റ് വലിയ ശബ്ദം ഉണ്ടാക്കും. വാശിയിൽ അധിഷ്ഠിതമായ ആഹ്ലാദാരവങ്ങൾകൊണ്ടു വൈദ്യശാല മുഖരിതമാകും. എന്താണു കാര്യം? വയസ്കരക്കുന്നു കൊട്ടാരത്തിലാണു ദിവാൻ പേഷ്കാരുടെ കോടതി. അവിടെയാണു വട്ടശ്ശേരിൽ തിരുമേനിയെ ഇട്ടിച്ചെറിയ വക്കീൽ വിസ്തരിക്കുന്നത്. വക്കീലിന്റെ കൊനഷ്ടു ചോദ്യങ്ങൾക്ക് ഉരുളയ്ക്ക് ഉപ്പേരി എന്ന തരത്തിൽ മെത്രാപ്പോലീത്താ നൽകുന്ന ചുട്ടമറുപടി വായിച്ചു കേൾക്കുമ്പോഴാണു സഭാസ്നേഹികൾ സന്തോഷംകൊണ്ടു ഇളകി എടുത്തു ചാടുന്നത്.

ഞാൻ പഠിത്തം നിറുത്തി വൈദ്യശാലയിൽ പിതാവിന്റെ കൂടെ ഇരിക്കുമ്പോൾ മിക്കവാറും മനോരമയിൽ പോകുകയും മാമ്മൻ മാപ്പിള, കുടുംബാംഗങ്ങൾ എന്നിവരുമായി ഇടപഴകുകയും അവരുടെ സ്നേഹം കലവറയെന്യേ അനുഭവിക്കുകയും ചെയ്യുമായിരുന്നു. മാമ്മൻ മാപ്പിളയെപ്പോലെയുള്ള ഒരു മഹദ്വ്യക്തി ഇത്ര നിസ്സാരനായ ഒരു യുവാവിനോട് ഇത്രയധികം സ്നേഹം പ്രകടിപ്പിച്ചപ്പോൾ ആ വലിയ മനുഷ്യനെ ഞാൻ സ്വയം ശരിക്കും മനസ്സിലാക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മരണംവരെ സഭാകാര്യങ്ങളിൽ ഒന്നിച്ചുനിന്നു പ്രവർത്തിക്കാൻ ഈ കൊച്ചുമനുഷ്യനു സാധിച്ചതിൽ കൂടുതൽ സന്തോഷവും അഭിമാനവും ചാരിതാർത്ഥ്യവും ഉണ്ട്. ദേവലോകം വാങ്ങാൻ പണത്തിനായി പിരിവിനുപോയ എട്ടു ദിവസവും ഞാനദ്ദേഹത്തെ അനുഗമിച്ചിരുന്നു. കിട്ടുന്ന പണവും ചെക്കുകളും എല്ലാം എന്നെയായിരുന്നു വിശ്വസ്തതയോടെ ഏല്പിച്ചുകൊണ്ടിരുന്നത്. ഞാനായിരുന്നു അതിന്റെ കണക്ക് എഴുതി അന്നന്നു വൈകിട്ടു ഫോർവേഡു ബാങ്കിൽ കൊടുത്തു വന്നതും. അക്കാലത്തു ബാങ്കിൽ രാത്രി ഒൻപതു മണി വരെ പണം വാങ്ങാൻ ചില സഭാസ്നേഹികളായ ജോലിക്കാരും ഉണ്ടായിരുന്നു.

തിരുകൊച്ചി ഹൈക്കോടതി സമുദായക്കേസിൽ കാതോലിക്കാപക്ഷത്തിന് എതിരായി വിധി പ്രസ്താവിച്ചപ്പോൾ കൽക്കട്ടയിലായിരുന്ന ബസേലിയോസ് ഗീവറുഗീസ് രണ്ടാമൻ തിരിച്ചെത്തുമ്പോൾ ഉണ്ടാകാവുന്ന ദുഃഖം ഇല്ലാതാക്കുന്നതിനും സഭാംഗങ്ങളെ കർമനിരതരാക്കുന്നതിനുംവേണ്ടി ബാവായെ അടൂർ നിന്നു അരയന്നരഥത്തിൽ കോട്ടയം വരെ എതിരേറ്റു സ്വീകരിക്കണമെന്നുള്ള നിർദ്ദേശവും കെ. സി. മാമ്മൻ മാപ്പിളയുടേതായി

രുന്നു. പഴയസെമിനാരിയിൽ ചേർന്ന ഒരു നേതൃയോഗത്തിൽ വച്ചാണു ഇതു സംബന്ധിച്ച തീരുമാനമെടുത്തത്.

ദിവാൻ സർ സി. പി. രാമസ്വാമി അയ്യരുടെ സ്വേച്ഛാധിപത്യഭരണത്തിൽ പ്രതിഷേധിച്ചു സ്റ്റേറ്റു കോൺഗ്രസിന്റെ സമുന്നത നേതാക്കളായിരുന്ന സി. കേശവൻ, ടി. എം. വറുഗീസ് മുതലായവർ നടത്തിയ വിമർശനപരമായ പ്രസംഗങ്ങളും മനോരമയിൽ വലിയ തലക്കെട്ടുകളോടുകൂടി വിന്യസിക്കപ്പെട്ട വാക്കുകളും സ്വാതന്ത്ര്യസമരത്തെ ശക്തമായി പിന്താങ്ങിക്കൊണ്ടുള്ള മൂർച്ചയേറിയ മുഖപ്രസംഗങ്ങളും ദിവാനെ പ്രകോപിപ്പിച്ചു. താമസംവിനാ മലയാള മനോരമയും നല്ല നിലയിൽ നടത്തി വന്ന നാഷനൽ ക്വയിലോൺ ബാങ്കും സി. പി. അടച്ചുപൂട്ടിച്ചു. കെ. സി. മാമ്മൻ മാപ്പിള, മാമ്മൻ മാപ്പിളയുടെ ഇളയ സഹോദരൻ കെ. സി. ഈപ്പൻ, സി. പി. മാത്തൻ, കെ. വി. വറുഗീസ് മുതലായവരെ അറസ്റ്റു ചെയ്തു സെൻട്രൽ ജയിലിൽ പാർപ്പിച്ചു. കെ. സി. ഈപ്പൻ ജയിലിൽ വച്ചു മാമ്മൻ മാപ്പിളയുടെ മടിയിൽ തലവച്ചു ഹൃദ്രോഗം മൂലം ഒരു ദുഃഖവെള്ളിയാഴ്ച നിര്യാതനായ കാര്യം ഇന്നും ദുഃഖത്തോടെ മാത്രമേ ഓർക്കുവാൻ സാധിക്കുന്നുള്ളു. നീണ്ട ഒൻപതു വർഷങ്ങൾക്കുശേഷം മാമ്മൻ മാപ്പിളയുടെയും ബുദ്ധിശാലികളായ മക്കളുടെയും ഉത്സാഹത്താലും കഠിന പ്രയത്നത്താലും മലയാള മനോരമയും, മദ്രാസ് റബർ ഫാക്ടറിയും തോട്ടങ്ങളുമെല്ലാം വലിയ പ്രസ്ഥാനങ്ങളായി വളർന്നു വന്ന വസ്തുത അനുവാചകർ വിസ്മരിക്കരുത്. നാലായിരം പത്രം മാത്രമുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് എട്ടുലക്ഷത്തിൽപരം കോപ്പികൾ അത്യാധുനിക പ്രസ്സുകളിൽ അച്ചടിച്ചു വിൽക്കുന്നു. കോട്ടയം, കൊച്ചി, തിരുവനന്തപുരം, കോഴിക്കോട്, കൊല്ലം, കണ്ണൂർ, പാലക്കാട് എന്നീ കേന്ദ്രങ്ങളിൽ നിന്നു ചൂടുവിടാത്ത വാർത്തകളുമായി പത്രം ലോകമെങ്ങും പറന്നെത്തുന്ന കാഴ്ച തികച്ചും വിസ്മയകരമല്ലേ? കൂടാതെ മനോരമ ആഴ്ചപ്പതിപ്പ്, വനിത, ബാലരമ, വീക്ക്, കർഷകശ്രീ മുതലായ പ്രസിദ്ധീകരണങ്ങളുടെയും ലക്ഷക്കണക്കിനു കോപ്പികൾ ഇന്നു പ്രബുദ്ധരായ കേരളീയരും മറ്റും വായിക്കുന്നു. മാമ്മൻ മാപ്പിള ജയിലിൽ നിന്നിറങ്ങി വന്നശേഷമാണ് ഈ മാധ്യമ വ്യവസായത്തിലെ നവാഗതർ ചക്രവാളസീമകൾ വരെ എത്തിയതെന്നും ഓർക്കണം.

ദൈവം സാത്താനെ അയച്ച് ഈയോബിനോടു ചെയ്തതുപോലെ ചെയ്യിച്ചിട്ടും ഈയോബ് സാത്താനെ മുട്ടുകുത്തിച്ചു. അദ്ദേഹം പതിന്മടങ്ങു പ്രകാശിച്ചതുപോലെ മാമ്മൻ മാപ്പിളയും മക്കളും മനോരമയും മറ്റു ബന്ധപ്പെട്ട സ്ഥാപനങ്ങളും എല്ലാംതന്നെ പരീക്ഷകളെ തരണം ചെയ്തു വിജയസോപാനത്തിൽ എത്തിയിരിക്കുന്നു.

മാമ്മൻ മാപ്പിളയും ഞാനും തമ്മിൽ ഒരു ദിവസം പഴയകാര്യങ്ങൾ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞ ഒരു സംഗതി

പലപ്പോഴും ഓർക്കും. 'എടാ എന്റെ മരിച്ചുപോയ മകൻ ചാക്കോച്ചന്റെ ഭാര്യ കല്ലൂപ്പറമ്പിൽ തങ്കമ്മയ്ക്കും രണ്ടു ആൺകുട്ടികൾക്കും എന്റെ മറ്റു മക്കൾക്കും ഒപ്പം പ്രതിമാസം 5000 രൂപയിൽ കുറയാതെ കിട്ടത്തക്കവിധത്തിലാണ് എന്റെ പരിശ്രമം. സഹോദരന്മാരും സഹോദരികളും തുല്യനിലയിൽ കഴിയുന്ന കുടുംബങ്ങൾ വിരളമാണ്. ജീവിക്കാൻ ഒരാൾ മറ്റൊരാളെ ആശ്രയിക്കേണ്ടി വരരുത്.' മാമ്മൻ മാപ്പിളയുടെ മക്കളെ നോക്കിയാൽ ഈ സത്യം പകൽപോലെ വ്യക്തമാണ്. മാമ്മൻ മാപ്പിളയുടെ മറ്റൊരു പ്രത്യേകത കൂടി ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. തന്റെ കൂടെ ജോലി ചെയ്യുന്നവരുടെയും തന്നെ സ്നേഹിക്കുന്നവരുടെയും കുടുംബങ്ങളെയും ഉയർത്തിക്കൊണ്ടുവരാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. എന്നോട് ഒരു ദിവസം എന്റെ സാമ്പത്തികനിലയെപ്പറ്റി ചോദിച്ചു. 'എടാ ഈ സമുദായത്തിൽ നിന്നെ അറിയാത്തവരില്ലല്ലോ. ദേവലോകം പണപ്പിരിവിനു പോയപ്പോൾ വന്നവരെ എല്ലാവരേയും ഞാൻ പരിചയപ്പെടുത്തി. നിന്നെ പരിചയപ്പെടുത്താൻ ആരംഭിച്ചപ്പോൾ 'കൊച്ചു കൊച്ചിനെ ഞങ്ങൾക്കറിയാം' എന്നല്ലേ മിക്കവരും പറഞ്ഞത്. 'ഈ എണ്ണയും കുഴമ്പും മാത്രം വിറ്റോണ്ടിരുന്നാൽ കാശുണ്ടാക്കാൻ കഴിയുകയില്ല. നീ ഒരു ചിട്ടി മുതലിക്കുക. എന്റെ മക്കളും മനോരമയും എല്ലാം സഹായിക്കും.' മാമ്മൻ മാപ്പിള ഓർപ്പിച്ചു. ഞാൻ മനസ്സില്ലാമനസ്സോടെ അദ്ദേഹത്തിന്റെ നിർബന്ധപ്രകാരം ചിട്ടി ആരംഭിച്ചു. കോട്ടയത്തെ ധനാഢ്യരും സംസ്കാര സമ്പന്നരും സമുദായനേതാക്കന്മാരും മറ്റുമായിരുന്നു എന്റെ ചിറ്റാളന്മാർ. കാൽനൂറ്റാണ്ടു ഞാൻ ഭംഗിയായി ചിട്ടി നടത്തി. ഒരു കേസും കുടിശ്ശികയും ഉണ്ടായില്ല. ചിട്ടികൊണ്ടു കുറെയെല്ലാം ന്യായമായി സമ്പാദിക്കാനും സാധിച്ചു എന്നതിൽ തികഞ്ഞ ചാരിതാർത്ഥ്യവുമുണ്ട്.

രണ്ടു ജഡ്ജിമാർ തമ്മിലുള്ള സംഭാഷണം

വട്ടിപ്പണക്കേസിൽ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന് എതിരായി വിധി പ്രസ്താവിച്ച ചീഫ് ജസ്റ്റീസ് വീരരാഘവയ്യങ്കാർ വിധിക്കുശേഷം രണ്ടു മാസം കഴിഞ്ഞു റിട്ടയർ ചെയ്തു. അവിടത്തെ സീനിയർ ജഡ്ജി തിരുവല്ലാ പുളിമൂട്ടിൽ പി. ചെറിയാൻ സുഖമില്ലാതെ വീട്ടിൽ വിശ്രമിക്കുകയായിരുന്നു. യാത്ര ചോദിക്കാൻ വീരരാഘവയ്യങ്കാർ പുളിമൂട്ടിൽ ചെന്നു. കുശലപ്രശ്നങ്ങൾക്കുശേഷം പി. ചെറിയാൻ ഇങ്ങനെ പറഞ്ഞു: 'എടോ, പട്ടന്മാർ സമർത്ഥരാണെന്നും അവരിൽ പൊട്ടന്മാരില്ലെന്നുമാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. സി. ജെ. കുര്യന്റെ പ്രീതി നേടാൻ താൻ വട്ടിപ്പണകേസ് വിധിച്ചപ്പോൾ വിധിയുടെ അവസാനഭാഗത്ത് സ്ഥാവരവസ്തുക്കളും ജംഗമങ്ങളും സ്വർണ ഉരുപ്പടികളും സമുദായ വക നിലങ്ങളും കായലുകളും വിവിധ ഭാഗങ്ങളിൽ കിടക്കുന്ന പുരയിടങ്ങളും ഒരു മലങ്കര അസോസിയേഷൻ കൂടി തെരഞ്ഞെടുക്കുന്ന മലങ്കര മെത്രാപ്പോലീത്തായെ ഏല്പിക്കേണ്ടതാണെന്നു എഴുതിയിട്ടുണ്ട്. എടോ വട്ടശ്ശേരിൽ തിരുമേനി ജീവിച്ചി

രിക്കുമ്പോൾ അദ്ദേഹത്തിന് എതിരായി ഒരു അസോസിയേഷൻ ചേർന്നു ഒരു മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുക നടക്കുന്ന കാര്യമാണോ? കാരണം അദ്ദേഹം വളരെ ബുദ്ധിമാനും ശ്രേഷ്ഠനുമാണ്. സ്വത്തുക്കളെല്ലാം എതിർകക്ഷിയിലെ സീനിയർ മെത്രാനെയും കൂട്ടുട്രസ്റ്റികളെയും ഏല്പി ച്ചിട്ട് ആറു മാസത്തിനകം അസോസിയേഷൻ കൂടി മലങ്കര മെത്രാപ്പോലീ ത്തായെ തെരഞ്ഞെടുക്കണമെന്നല്ലേ എഴുതേണ്ടിയിരുന്നത്. നിന്റെ വിധി പൊളിഞ്ഞു പോകുമെന്നുള്ളതിനു സംശയമില്ല.' സമന്മാരായ അവർ തമ്മിൽ ഇങ്ങനെ സംസാരിച്ചതാണെങ്കിലും അതു തികച്ചും അർത്ഥവത്താണെന്നു തെളിഞ്ഞല്ലോ. വിധി പറഞ്ഞ അതേ ബഞ്ചിലെ ചീഫ് ജസ്റ്റീസായി വന്ന ചാറ്റ്ഫീൽഡ് മുടക്കു സ്വാഭാവികനീതിക്കു വിരുദ്ധമെന്നു പറഞ്ഞു വീര രാഘവയ്യങ്കാരുടെ പൊട്ടവിധി അസ്ഥിരപ്പെടുത്തി. പിന്നീട് കല്ലാശ്ശേരിൽ ബാവാ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റെടുത്തപ്പോൾ പാത്രിയർ ക്കീസ് ഭാഗം വീണ്ടും കേസ് കൊടുത്തതും ഗവണ്മെന്റ് സമുദായക്കേസ് കേൾക്കാൻ മാത്രമായി ബി. കൃഷ്ണയ്യരെ സ്പെഷ്യൽകോടതി ജഡ്ജി യായി നിയമിച്ചതും 1934-ലെ മലങ്കര അസോസിയേഷനും തെരഞ്ഞെടുപ്പും ഭരണഘടനയും എല്ലാം സാധുവാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചതും 1958-ലും 1995-ലും സുപ്രീംകോടതി അതു ശരിവച്ചതും വീരരാഘവയ്യങ്കാ രുടെ വിധി തെറ്റാണെന്നല്ലേ തെളിയിക്കുന്നത്. ജഡ്ജിമാർ തമ്മിലുള്ള ഈ രഹസ്യസംസാരത്തിന്റെ ചുരുക്കം പരേതനായ ഹെഡ്മാസ്റ്റർ കെ. എം. സഖറിയ (തിരുവല്ല) പറഞ്ഞാണു ഞാൻ കേട്ടത്.

22

കോട്ടയം വട്ടക്കുന്നേൽ മാത്യൂസ് പ്രഥമൻ ബാവാ

പരിശുദ്ധ ഔഗേൻ ബാവായുടെ സ്ഥാനത്യാഗത്തെ തുടർന്ന് 1975 ഒക്ടോബർ 27-ാം തീയതി പഴയസെമിനാരിയിൽ വച്ചു മലങ്കരയിലെ അഞ്ചാം കാതോലിക്കായായി സ്ഥാനമേറ്റ കോട്ടയം വട്ടക്കുന്നേൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ ഒന്നര ദശാബ്ദക്കാലം സഭയുടെ ഭരണരംഗത്തു വളരെയധികം ശോഭിച്ച സമുന്നത മേൽപട്ടക്കാരനാണ്. പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമന്റേയും പ. ഔഗേൻ പ്രഥമന്റേയും ഭരണകാലത്തുതന്നെ സഭാകേന്ദ്രത്തിൽ നിലനിന്നുകൊണ്ടു വിദഗ്ദ്ധവും സമർത്ഥവുമായ മാർഗദർശനം നൽകിയ മാത്യൂസ് മാർ അത്താനാസ്യോസ്, മലങ്കര അസോസിയേഷനും സഭാ മാനേജിംഗ് കമ്മിറ്റിയും പാർലമെന്റിനെ നിയന്ത്രിക്കുന്ന കഴിവുറ്റ സ്പീക്കറെപ്പോലെ നയിച്ചിരുന്നു എന്നതു മറക്കാനാവില്ല. ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്താ, വൈദിക സെമിനാരി പ്രിൻസിപ്പൽ, നിയുക്ത കാതോലിക്കാ, വർക്കിംഗ് കമ്മിറ്റി മെമ്പർ, സഭയുടെ ഡിഫൻസ് കമ്മിറ്റി ചെയർമാൻ, കാനോൻ വിദഗ്ദ്ധൻ തുടങ്ങിയ നിലകളിൽ പ്രശോഭിച്ച അഞ്ചാം കാതോലിക്കായുടെ പതിനഞ്ചു വർഷം സഭയുടെ കെട്ടുറപ്പിന്റെയും നേട്ടങ്ങളുടെയും ഭരണസ്ഥിരതയുടെയും കാലഘട്ടമായിരുന്നു. സുന്നഹദോസിലാണെങ്കിലും ഇതര സഭാസമിതികളിലാണെങ്കിലും ഒരു മെത്രാപ്പോലീത്തായും അദ്ദേഹത്തോട് അനുസരണക്കേടു കാണിക്കാൻ ധൈര്യപ്പെട്ടിരുന്നില്ല. ഇന്നുള്ള സീനിയറായ മിക്ക വൈദികരും അദ്ദേഹത്തിന്റെ ശിഷ്യരാകയാൽ അന്യൂനമായ ഗുരു-ശിഷ്യ ബന്ധവും സഭാ ഭരണരംഗത്തു പ്രതിഫലിച്ചിരുന്നു. കൽക്കട്ടയിലെ പ്രസിദ്ധമായ ബിഷപ്സ് കോളജിന്റെ പ്രിൻസിപ്പലും പുണ്യചരിതനുമായിരുന്ന ബിഷപ്പ് പാക്കൻഹാം വാൽഷിന്റെ ശിഷ്യനായ മാത്യൂസ് പ്രഥമൻ ബാവാ കോട്ടയം വൈദിക കോളജിന്റെ പ്രിൻസിപ്പലായി വന്നപ്പോൾ അനന്യസാധാരണമായ കാര്യക്ഷമത പ്രകടിപ്പിച്ചു എന്നും ഓർക്കേണ്ടതുണ്ട്.

സഭയിലെ ഭിന്നതകളുടെയും ശക്തിപ്രകടനങ്ങളുടെയും കേസുകളുടെയും വേദവിപരീതങ്ങളുടെയും സർവോപരി പ്രായാധിക്യം മൂലമുള്ള ക്ഷീണത്തിന്റെയും പശ്ചാത്തലത്തിലാണ് പ. ഔഗേൻ പ്രഥമൻ സ്ഥാനത്യാഗം ചെയ്തത്. മലങ്കരയിൽ പ്രായം, അനാരോഗ്യം എന്നിവ മൂലം സ്ഥാനം വിട്ട ആദ്യത്തെ കാതോലിക്കായും മാർ ഔഗേൻ ബാവാ ആയിരുന്നല്ലോ. മാർ ഔഗേൻ ബാവായെപ്പോലെ രോഗവും ക്ഷീണവും വന്നാൽ

സ്ഥാനത്യാഗം ചെയ്യുമെന്നു സ്ഥാനം ഏൽക്കുന്നതിനു മുമ്പുതന്നെ മാത്യൂസ് പ്രഥമൻ ബാവാ പ്രസ്താവിച്ചിട്ടുള്ളതാണ്.

കോട്ടയം എം.ഡി. സെമിനാരിയിൽ മാർ ഏലിയാ കത്തീഡ്രലിനു വടക്കു വശത്തെ ചെറിയ കെട്ടിടത്തിൽ താമസിച്ചു വർഷങ്ങളായി ലളിതജീവിതം നയിച്ചു വന്ന മാത്യൂസ് മാർ അത്താനാസ്യോസ്, കാതോലിക്കാ ആയശേഷം ദേവലോകം അരമനയിലേക്കു താമസം മാറ്റുകയും പരുമല സെമിനാരി, ഒന്നാം കാതോലിക്കായുടെ അന്ത്യവിശ്രമരംഗമായ പാമ്പാക്കുട ചെറിയ പള്ളിയിലെ കബറിടം, വള്ളിക്കാട്ടു ദയറായിലുള്ള രണ്ടാം കാതോലിക്കായുടെ കബറിടം, ദേവലോകം അരമന ചാപ്പലിനോടനുബന്ധിച്ചുള്ള മൂന്നും നാലും കാതോലിക്കാ ബാവാമാരുടെ കബറിടങ്ങളും പുതുക്കിപ്പണിയുകയും ചെയ്തു. ദേവലോകം അരമനയുടെ രണ്ടാം നില, വൈദിക സെമിനാരിയുടെ പുതിയ കെട്ടിടം, സോഫിയാ സെന്റർ മുതലായവ ഒരു പഞ്ചവത്സര പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്ലാൻ തയ്യാറാക്കി നിർമിക്കപ്പെട്ടതും അഞ്ചാം കാതോലിക്കായുടെ കാലത്താണല്ലോ.

ഡമാസ്കസ് ആസ്ഥാനമായിട്ടുള്ള സിറിയൻ ഓർത്തഡോക്സ് സഭയുമായുള്ള ബന്ധം കണ്ണിലെ കൃഷ്ണമണി പോലെ സൂക്ഷിക്കുമെന്നും കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുമായുള്ള ഐക്യത്തിനു പരമപ്രാധാന്യം നൽകുമെന്നും കാതോലിക്കാ സ്ഥാനാരോഹണവേളയിൽ ആത്മാർത്ഥതയോടെ പ്രസ്താവിച്ചിരുന്നു എങ്കിലും തന്റെ കഴിവുകളും ശ്രദ്ധയും സഭാക്കേസിനുവേണ്ടിയും എതിർകക്ഷിയുടെ കടന്നാക്രമണം സംബന്ധിച്ച പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടിയും വട്ടശ്ശേരിൽ തിരുമേനിയെപ്പോലെ വട്ടക്കുന്നേൽ തിരുമേനിക്കും നിർഭാഗ്യവശാൽ തിരിച്ചുവിടേണ്ടി വന്നത് അദ്ദേഹത്തിന്റെ ഒരു കുറ്റമായി കാര്യവിവരമുള്ളവർ കരുതുകയില്ല. തന്നെ ഏല്പിച്ച സഭയ്ക്ക് ഒരു കോട്ടവും പോറലും തട്ടാതെ പിൻഗാമിയെ ഏൽപിക്കാൻ സാധിച്ചു എന്ന കൃതകൃത്യത അദ്ദേഹത്തിന് അനിഷേധ്യമായി അവകാശപ്പെടാനും കഴിയും. തന്റെ മുൻഗാമികളുടെ മഹത്തായ പാരമ്പര്യം കൂടുതൽ ശക്തമായി നിലനിറുത്താനും മാത്യൂസ് പ്രഥമൻ ബാവായ്ക്കു സാധിച്ചു.

സഭയുടെ വളർച്ചയെ മുൻനിർത്തി പുതിയ ഭദ്രാസനങ്ങൾ രൂപവൽക്കരിക്കുന്നതിനും യോഗ്യരായ വ്യക്തികളെ കണ്ടുപിടിച്ചു ഭദ്രാസന സാരഥികളാക്കുന്നതിനും കഴിഞ്ഞു. കേരളത്തിലെ എപ്പിസ്കോപ്പൽ സഭകൾ, റോമൻ കത്തോലിക്കാ സഭ എന്നിവയുമായി പരസ്പര സമ്പർക്ക സന്ദർശനങ്ങൾ വഴി എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ അന്തർധാര മനസ്സിലാക്കി പ്രവർത്തിക്കാനും റോമിൽ എത്തി മാർപാപ്പായെ കാണുന്നതിനും കേരളത്തിലേക്കു ക്ഷണിക്കുന്നതിനും കോട്ടയത്തു വന്ന ജോൺ പോൾ

രണ്ടാമൻ മാർപാപ്പായെ മാർ ഏലിയാ കത്തീഡ്രലിൽ വച്ചു സ്വീകരിക്കുന്നതിനു സാധിച്ചതും ബാവായുടെ വലിയ നേട്ടങ്ങളുടെ പട്ടികയിൽ പെട്ടതാണ്. കൂടാതെ രാഷ്ട്രപതി സെയിൽസിംഗ്, പ്രധാനമന്ത്രി ഇന്ദിരാഗാന്ധി മുതലായ സമുന്നത വ്യക്തികൾക്കു ആതിഥ്യം അരുളാനും അവരുമായി സമനിലയിൽ സംസാരിക്കാനും സാധിച്ചതും ഒരു സഭാദ്ധ്യക്ഷനെ സംബന്ധിച്ചിടത്തോളം അവിസ്മരണീയ സംഭവങ്ങളാണ്.

സുന്നഹദോസിനു വ്യക്തമായ രൂപംനൽകുകയും നിശ്ചിത തീയതികളിൽ ആണ്ടിൽ രണ്ടു തവണ ചേർന്നു സഭയെ ബാധിക്കുന്ന സകല പ്രശ്നങ്ങളും ചർച്ച ചെയ്യുകയും ചെയ്യുന്ന അനുകരണീയ മാതൃക സൃഷ്ടിച്ചതും വട്ടക്കുന്നേൽ ബാവായാണ്. ഒരു സഭാദ്ധ്യക്ഷന്റെ അന്തസ്സ് പെരുമാറ്റത്തിലും സംസാരത്തിലും നിലനിറുത്തുന്നതിൽ നിർബന്ധമുള്ള ബാവായെ പലരും തെറ്റിദ്ധരിച്ചിട്ടുണ്ട്. തന്റെ പ്രഗത്ഭനായ പിതാവിന്റെ തന്റേടവും സാമർത്ഥ്യവുമല്ലാതെ നയതന്ത്രപരമായ സമീപനങ്ങളൊന്നും ബാവായ്ക്കില്ല. അഭിനയം, കാപട്യം, ആത്മാർത്ഥതയറ്റ ചിരി എന്നിവയൊന്നുമില്ലാത്ത അദ്ദേഹം പണസംബന്ധമായ ഇടപാടുകളിൽ നൂറു ശതമാനവും സത്യസന്ധനും കണിശക്കാരനുമായിരുന്നു. നമ്മുടെ ആരാധനാക്രമങ്ങളും ഗീതങ്ങളും പരിഷ്കരിക്കുന്നതിനും പ്രാർത്ഥനാ പുസ്തകങ്ങൾ രചിക്കുന്നതിനും പ്രസിദ്ധപ്പെടുത്തുന്നതിനും തിരുമേനി വഹിച്ച പങ്ക് സഭ ഒരുനാളും വിസ്മരിക്കുകയില്ല. സുറിയാനി ഗീതങ്ങൾ തർജ്ജമ ചെയ്തു സഹായിച്ച സഭാകവി സി. പി. ചാണ്ടിയുടെ സേവനം ബാവാ വിലമതിച്ചു. ഭാഷാപണ്ഡിതനും സംസ്കൃത ഭാഷാപ്രേമിയുമായ സി. പി. ചാണ്ടിയുടെ അത്ര ലളിതമല്ലെങ്കിലും അർത്ഥനിർഭരമായ ഗാനങ്ങൾ ചിന്തോദ്ദീപകവും ആരാധനയുടെ ആഴമായ ആത്മീയാശയങ്ങൾ നിറഞ്ഞതും കാവ്യാനുഭൂതിദായകവുമാണെന്നും പറയേണ്ടതുണ്ട്. ബാഹ്യകേരള ഭദ്രാസനത്തിലെ ആവശ്യാർത്ഥം തക്സാ ഇംഗ്ലീഷിൽ തർജ്ജമ ചെയ്തു ഇംഗ്ലീഷ് കുർബാനയും ഏർപ്പെടുത്തി.

തീരുമാനങ്ങൾ സത്വരം കൈക്കൊള്ളുന്നതിനും ബാവായ്ക്കു കഴിഞ്ഞിരുന്നു. ഒരു ദിവസം രാത്രി 9 മണി. കോട്ടയം ഭദ്രാസനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പള്ളിയിലെ രണ്ടു പ്രമുഖർ എന്റെ വീട്ടിൽ എത്തി. ഞാൻ അവരെ സ്വീകരിക്കുന്നതിനിടയിൽ വേഗം വേഷം മാറി ഞങ്ങളുടെ കൂടെ ദേവലോകത്തു വരണമെന്നവർ അഭ്യർത്ഥിച്ചു. അതിൽ ഒരാളുടെ ഭാര്യ മരിച്ചു. വൈദികർ ശവസംസ്കാരത്തിൽ സഹകരിക്കുന്നില്ല. ബാവായുടെ അനുവാദം വേണം. ഇയാളുടെ ആദ്യത്തെ ഭാര്യ മാനസികരോഗിണിയാണ്. തൻനിമിത്തം അവരെ ഉപേക്ഷിച്ചു രണ്ടാം കല്യാണം കഴിച്ചതാണ്. രണ്ടാമത്തെ ഭാര്യയാണ് ഇപ്പോൾ മരണമടഞ്ഞത്. അവർക്കു രണ്ടു പെൺകുട്ടികളുമുണ്ട്. ഈ പുത്രിമാരെ മാമോദീസാ മുക്കിയ വിവരം പള്ളി രജിസ്റ്റ

റിൽ ഉണ്ട്. രണ്ടാം വിവാഹം നടത്തിയ വിവരം രജിസ്റ്ററിൽ ഇല്ല. ഇവിടെയാണു പ്രശ്നം ഉണ്ടായിരിക്കുന്നത്. രണ്ടാം വിവാഹം നടത്തിക്കൊടുത്ത വൈദികനും മരിച്ചുപോയി. ഈ വിവരങ്ങൾ എല്ലാം ചേർത്ത് അവർ ബാവായ്ക്കു നൽകാൻ ഒരപേക്ഷ എഴുതിയത് നേരത്തെ എന്നെ വായിച്ചു കേൾപ്പിച്ചു. ഞാൻ തെല്ലൊരാശങ്കയോടെ അവരെ അനുഗമിച്ചു. ദേവലോകത്ത് ചെന്നു ശെമ്മാശന്റെ മുറിയിലെ കതകിൽ തട്ടി വിളിച്ചു ബാവായെ തങ്ങൾക്ക് ഒരത്യാവശ്യ കാര്യത്തിനു ഒന്നു കാണണമെന്നറിയിച്ചു. ബാവാ ഉറങ്ങാൻ കിടന്നതേയുള്ളു. 'കൊച്ചുകൊച്ചു വന്നിരിക്കുന്നു' എന്നു പറയാനും ശെമ്മാശനോടു നിർദ്ദേശിച്ചു. ശെമ്മാശൻ ബാവായോടു കാര്യം പറഞ്ഞ ഉടൻ കയറി ചെല്ലാൻ ആവശ്യപ്പെട്ടു. ഞാൻ കയറിച്ചെന്നു വിശദമായി കാര്യങ്ങൾ പറഞ്ഞു. സഭാംഗങ്ങൾക്കു കാനോനികമായ ശവസംസ്കാരം നിഷേധിക്കുന്നതും കോളജിൽ പഠിക്കുന്ന രണ്ടു പെൺകുട്ടികൾക്കും ബന്ധുക്കൾക്കും മറ്റും മനഃപ്രയാസം ഉണ്ടാക്കുന്നതും ശരിയല്ലെന്നു മനസ്സിലാക്കി അല്പനേരം മൗനമായിരുന്നശേഷം അപേക്ഷ കൊണ്ടുവന്നിട്ടുണ്ടോ എന്നു ചോദിച്ചു. വെളിയിലിരുന്ന ഇരുവരെയും ബാവാ വിളിപ്പിച്ചു. അവർ കൈമുത്തിയശേഷം അപേക്ഷ നൽകിയതു വാങ്ങി വായിച്ചു. ഉടൻതന്നെ ശെമ്മാശനെ വിളിച്ചു പേന എടുത്തു അപേക്ഷയിലെ ആവശ്യം അനുവദിച്ചിരിക്കുന്നു എന്ന് എഴുതി ഒപ്പും സീലും വച്ചുകൊടുത്തശേഷം അച്ചന്മാരെ ഏല്പിക്കാൻ നിർദേശിച്ചു. പ്രശ്നങ്ങളുടെ മാനുഷികവശം എത്ര പെട്ടെന്ന് ബാവാ മനസ്സിലാക്കി. എത്ര ധീരവും സത്വരവുമായ പരിഹാരം!

ദേവലോകത്തെ പഴയ അരമനയും ചാപ്പലും അഞ്ചാറു മുറിയിൽ വാർത്ത പുതിയ ഒരു നില അരമനയും അറ്റകുറ്റപ്പണി ചെയ്യാതെയും പൂർത്തിയാക്കാതെയും കിടക്കുന്ന സമയം. ചുറ്റും കയ്യാലകൾ ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്നു. അടവില്ലാത്തതിനാൽ അയൽവാസികൾക്കു കയറി എന്തും എടുത്തുകൊണ്ടു പോകാവുന്ന സ്ഥിതി. അന്ന് മുനിസിപ്പൽ കൗൺസിലർ മാത്രം ആയിരുന്ന മടുക്കാനിൽ പി. സി. ചെറിയാനും (കുഞ്ഞൂഞ്ഞ്) ഞാനും കൂടി ബാവായെ കണ്ട് ദേവലോകത്തിന്റെ മൂന്നു വശത്തുമുള്ള വീതി കുറഞ്ഞതും കുണ്ടും കുഴികളുമായി കിടക്കുന്നതുമായ റോഡുകളുടെ വീതി കൂട്ടുന്നതിനു കുറച്ചു സ്ഥലം വിട്ടുകൊടുത്താൽ മുനിസിപ്പാലിറ്റി ചുറ്റുമതിൽ കെട്ടുകയും റോഡു താറിട്ടു നന്നാക്കുകയും ചെയ്യുമെന്നറിയിച്ചു. ഇതു കേട്ട ബാവാ ആദ്യം പറഞ്ഞത് 'നമ്മുടെ മൂന്നു പേരുടെയും പിതാക്കന്മാരുടെ വകയല്ല ഈ സ്ഥലമെന്നാണ്.'

'സ്ഥലം അനുവദിക്കാൻ മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമായ തിരുമേനിക്കു മാത്രമേ അധികാരമുള്ളു. അതുകൊണ്ടാണു ഞങ്ങൾ തിരുമേനിയെ വിവരം അറിയിച്ചത്. പത്തേക്കർ സ്ഥലം ഒന്നര ലക്ഷം രൂപയ്ക്കാണ് വാങ്ങിയത്. ബംഗ്ലാവ് വെറുതെ കിട്ടി എന്നു കരുതിയാൽ മതി.

പത്തോ പതിനഞ്ചോ സെന്റ് സ്ഥലം പോയാൽ മതിൽ കെട്ടുന്നതിനും റോഡു താറിടുന്നതിനും എത്ര ലക്ഷം രൂപ ആകും. ആ വശം കൂടി തിരുമേനി ഒന്നു ചിന്തിക്കണം.' ഞങ്ങൾ പറഞ്ഞു. 'ശരി, സമ്മതിച്ചിരിക്കുന്നു,' തിരുമേനി പ്രസ്താവിച്ചു. ബന്ധപ്പെട്ടവരെ വിളിച്ചുവരുത്തി സ്ഥലം അളന്നു കുറ്റി അടിച്ചതു ബാവാ തിരുമേനി കണ്ടു തൃപ്തനായി. കുഞ്ഞൂഞ്ഞിന്റെ സാമർത്ഥ്യം കൊണ്ടും ഉത്സാഹംകൊണ്ടുമാണ് മുനിസിപ്പാലിറ്റി ഇത്ര വലിയ ഒരു ചുമതല ഏറ്റെടുത്തതെന്നതാണു വസ്തുത.

അസ്സോസിയേഷനാണെങ്കിലും മാനേജിംഗ് കമ്മിറ്റിയാണെങ്കിലും സുന്നഹദോസാണെങ്കിലും ഇത്രമാത്രം ചിട്ടയായി കാര്യങ്ങൾ നിയന്ത്രിക്കാൻ വട്ടക്കുന്നേൽ ബാവായെപ്പോലെ ആർക്കും സാധ്യമല്ലെന്നു പറഞ്ഞാൽ എതിരു പറയാൻ ആളുണ്ടാവില്ല. ഒരു മെത്രാപ്പോലീത്താ ആയാലും താൻ പ്രസംഗിക്കുമ്പോൾ എതിരു പറഞ്ഞാൽ 'അവിടെ ഇരിക്ക്, ഞാൻ പറഞ്ഞിട്ടു പറയാം. ഞാൻ പറയുന്നതു മുഴുവൻ കേൾക്കൂ' എന്നായിരിക്കും ബാവായുടെ ആജ്ഞാശക്തിയുള്ള മറുപടി.


സമുദായം വക പണത്തിന്റെ കാര്യത്തിൽ വളരെ വ്യക്തമായ കണക്കും ചിട്ടയും പാലിച്ചിരുന്ന തിരുമേനി രോഗഗ്രസ്ഥനാകുന്നതിനു തൊട്ടുമുമ്പ് യോഗ്യതയും അയോഗ്യതയും കാര്യമായി പരിഗണിക്കാതെ ചില വൈദികർക്ക് ഇന്ന് ഒട്ടും അധികാരമില്ലാത്തതും അപ്രസക്തവുമായ കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകി. ചിലർക്കെങ്കിലും അർഹിക്കാത്തവിധത്തിൽ പണം ചെക്കെഴുതി കൊടുത്തിട്ടുണ്ടെന്ന കാര്യവും ഒരു രഹസ്യമല്ല. ബാവായുടെ രോഗശുശ്രൂഷക്കാര്യത്തിൽ വളരെ മെച്ചപ്പെട്ട ഏർപ്പാടാണ് അദ്ദേഹത്തിന്റെ പിൻഗാമി ക്രമീകരിച്ചിട്ടുള്ളതെന്ന വസ്തുത എല്ലാവരുടെയും പ്രശംസ നേടിയിട്ടുണ്ട്.

തിരുമേനിയുടെ ജീവചരിത്രകാരനായ കെ. വി. മാമ്മന്റെ ഒരു വാചകം ഉദ്ധരിച്ചുകൊണ്ടു ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ: "പരിശുദ്ധനായ പരുമല തിരുമേനിയുടെ തപശ്ചര്യകളോ കുശാഗ്രബുദ്ധിയായ വട്ടശ്ശേരിൽ തിരുമേനിയുടെ തന്ത്രപരമായ നീക്കങ്ങളോ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയന്റെ മുഖതേജസ്സോ ഔഗേൻ ബാവായുടെ അതിവിനയമോ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായിൽ ദൃശ്യമല്ലായിരിക്കാം. എന്നാൽ സഭാസ്നേഹത്തിലും സംശുദ്ധമായ വ്യക്തിജീവിതത്തിലും ദശാംശം നൽകി പണം കൈകാര്യം ചെയ്യുന്നതിലുള്ള കൃത്യനിഷ്ഠയിലും സഭയുടെ നിലപാടും അന്തസ്സും അന്യൂനം സംരക്ഷിക്കുന്നതിലും ബാവാ നിർവഹിച്ച പങ്ക് മലങ്കര സഭാചരിത്രത്തിലെ ഒരവിസ്മരണീയ അദ്ധ്യായമാണ്" (*മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ*, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, മാങ്ങാനം, കോട്ടയം).

23

യൂഹാനോൻ മാർ അത്താനാസിയോസ്

കോട്ടയം ചക്കാലപ്പറമ്പിൽ സി. വി. മാണി പഠിക്കുമ്പോൾ ഒരു കുസൃതിക്കുട്ടനായിരുന്നു. പഠിക്കാൻ അതിസമർത്ഥനും. ബിരുദം നേടിയശേഷം കുറച്ചുനാൾ പാലാ കോളജിൽ പഠിപ്പിക്കുകയും ചെയ്തു. പിന്നീട് ബഥനിയിൽ ചേർന്ന് മാർ തേവോദോസിയോസ് തിരുമേനിയുടെ കൂടെ കൂടി ചെങ്കുപ്പായം ധരിച്ചു വന്നപ്പോൾ സഹപാഠികൾക്കു വലിയ വിസ്മയം. നോമ്പുകാലങ്ങളിൽ പരുമല, ബഥനി, പഴയസെമിനാരി, ദേവലോകം എന്നിവിടങ്ങളിൽ വച്ചു വൈദികർക്കുവേണ്ടി ധ്യാനപ്രസംഗങ്ങൾ നടത്തുമായിരുന്നു. ധ്യാനപ്രസംഗങ്ങൾ വളരെ മികച്ചവ എന്നു പഠിച്ചവരും കേട്ടവരും പറഞ്ഞു കേട്ടിട്ടുണ്ട്. കാൻസർ സംബന്ധമായ വെല്ലൂരിലെ ചികിത്സയ്ക്കുശേഷം മരണംവരെ വേദന അറിയാതിരിക്കാൻ ഏതെങ്കിലും ഒരാശുപത്രിയിൽ പ്രവേശിപ്പിക്കണമെന്ന നിർദ്ദേശത്തെ തുടർന്ന് കങ്ങഴ ആശുപത്രിയിലാക്കി. ഞാൻ ആശുപത്രിയിൽ ചെന്നപ്പോൾ പാറേട്ട് മാർ ഈവാനിയോസും എട്ടുപത്തു വൈദികരും പ്രാർത്ഥന നടത്തുന്നുണ്ടായിരുന്നു. അതിനുശേഷം തിരുമേനിയുടെ വീട്ടുകാരും ഞാനും വേദപുസ്തകം വായിക്കുകയും പാട്ടുകൾ പാടുകയും ചെയ്തു. താമസംവിനാ കാലം ചെയ്ത അദ്ദേഹത്തിന്റെ മൃതദേഹം പാമ്പാടി ദയറാപ്പള്ളിയിലേക്കും തുടർന്ന് റാന്നി ബഥനി ആശ്രമം ചാപ്പലിലേക്കും കൊണ്ടുപോയി. അദ്ദേഹം കുറച്ചുനാൾ കോട്ടയം ഇടവകയുടെ സഹായമെത്രാനുമായിരുന്നു. വിലാപയാത്ര, കബറടക്ക ശുശ്രൂഷ, തുടർന്നു നടത്തപ്പെട്ട കഞ്ഞിദാനം എന്നിവയിലും ഞാൻ സംബന്ധിച്ചു.



24

ഞങ്ങളുടെ കൊച്ചു മെത്രാച്ചൻ ഗീവർഗീസ് മാർ കൂറിലോസ്


പ്രഗൽഭരായ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായും ഫീലിപ്പോസ് മാർ തെയോഫിലോസും പഴയസെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന കാലം. ഞാൻ വല്ലപ്പോഴും സെമിനാരിയിൽ ചെല്ലുമ്പോൾ സെമിനാരിക്കാര്യവും സംസാരിക്കുമായിരുന്നു. 'അടുത്ത വർഷം സെമിനാരി കോളജാക്കാൻ പോകയാണ്. സൽസ്വഭാവവും സാമർത്ഥ്യവുമുള്ള യുവാക്കളെ സഭാംഗങ്ങൾ ശുപാർശ ചെയ്യണം' എന്നു തിരുമേനിമാർ കാര്യമായി പറഞ്ഞു. ഇതു കേട്ടപ്പോൾ കൊല്ലാട്ടുപള്ളിയിൽ ശുശ്രൂഷയ്ക്കു കൂടുന്ന സൽസ്വഭാവിയായ പുളിയേരിൽ ജോർജ് കുര്യനെ ശുപാർശ ചെയ്യണമെന്ന് എന്റെ മനസ്സിൽ തോന്നി. അക്കാര്യം ഞാൻ ജോർജ് കുര്യനെ വിളിച്ചു സ്വകാര്യമായി പറഞ്ഞു. 'നാളെ രാവിലെ പഴയസെമിനാരിയിൽ ചെന്നു കല്ലുപുരയ്ക്കൽ തിരുമേനിയെ (മാർ തെയോഫിലോസ്) കാണണ'മെന്നു ഞാൻ പറഞ്ഞു. 'ഞാൻ അറിയില്ലല്ലോ' എന്നു ജോർജ് കുര്യൻ മറുപടി നൽകിയപ്പോൾ 'ഞാൻ പറഞ്ഞുവിട്ട ആളാണെന്നറിയിച്ചാൽ മതി, ബാക്കി കാര്യങ്ങൾ തിരുമേനി പറയും' എന്നു ഞാൻ മറുപടി നൽകി.

ജോർജ് കുര്യൻ രാവിലെ പഴയസെമിനാരിയിൽ എത്തി തിരുമേനിയെ കണ്ടു സംസാരിച്ചു. രാവിലെ ക്ലാസ്സിൽ കൊണ്ടുപോയി. ഉച്ചഭക്ഷണവും നൽകി. വൈകിട്ടത്തെ ക്ലാസ്സിലും പങ്കെടുപ്പിച്ചു. 'അടുത്ത സ്കൂൾ വർഷത്തിൽ ഇവിടെ ചേർന്നു പഠിക്കാൻ താൽപര്യം ഉണ്ടെങ്കിൽ മാതാപിതാക്കളെയും വിവരം ധരിപ്പിച്ച്, അവർക്കും സമ്മതമാണെങ്കിൽ അക്കാര്യം അറിയിക്കണമെന്ന്' നിർദേശിച്ചു ജോർജ് കുര്യനെ തിരിച്ചയച്ചു. ജോർജ് കുര്യൻ സെമിനാരിയിൽ ചേരാൻ തീരുമാനിച്ചു. മാതാപിതാക്കളും തങ്ങളുടെ അരുമമകന്റെ ഇംഗിതത്തിനു വിലങ്ങുതടിയായില്ല. സെമിനാരിപഠനത്തിനു ശേഷം ശെമ്മാശനായി, വൈദികനായി വിദ്യാർത്ഥിപ്രസ്ഥാനം ജനറൽ സെക്രട്ടറിയായി. പിന്നീട് മെത്രാപ്പോലീത്തായുമായി. തന്നെ വൈദിക സെമിനാരിയിലേക്കു ദീർഘദൃഷ്ടിയോടെ ക്ഷണിച്ച മാർ തെയോഫിലോസിന്റെ അസിസ്റ്റന്റായി. ഇപ്പോൾ ബോംബെ ഭദ്രാസനത്തിന്റെ ചുമതല പ്രശംസനീയമായ നിലയിൽ വഹിക്കുന്നു.

വൈദികനായിരിക്കേ ഒരു സ്കൂട്ടറപകടത്തിൽപ്പെട്ടു കാലൊടിഞ്ഞു മരണത്തിന്റെ വക്കോളമെത്തിയ അദ്ദേഹം ആറു മാസത്തെ വിദഗ്ദ്ധ ചികിത്സകൊണ്ടും സർവ്വോപരി ദൈവകൃപകൊണ്ടും പൂർണസുഖം പ്രാപിച്ചു.



**ഡോ. ഫീലിപ്പോസ്
മാർ തെയോഫിലോസ**



ഗീവർഗീസ് മാർ കൂറിലോസ്

പിന്നീട് വിദേശങ്ങളിൽ ദൈവശാസ്ത്രത്തിൽ ഉന്നതപഠനം നടത്തി. സഞ്ചാര സന്ദർശനങ്ങൾകൊണ്ടും മറ്റും സദാ സുസ്മേരവദനനായ അദ്ദേഹത്തിന്റെ ചിന്താചക്രവാളവും വീക്ഷണവും കൂടുതൽ വികസിക്കുകയും ചെയ്തു. ദൈവത്തിന്റെ അദ്ഭുതകരമായ നടത്തിപ്പിന്റെ മാഹാത്മ്യം തിരിഞ്ഞു നോക്കുമ്പോഴാണ് കൂടുതൽ മനസ്സിലാകുന്നത്.

25

നാം ഇപ്പോഴും ഉറങ്ങുന്നു

സ്വതന്ത്ര ഇന്ത്യയെ 1947-ൽ വൈസ്രോയി മൗണ്ട് ബാറ്റൺ പ്രഭു, പ്രതിഭാശാലികളായ സി. രാജഗോപാലാചാരി, സർദാർ വല്ലഭായി പട്ടേൽ, മൗലാനാ അബ്ദുൾ കലാം ആസാദ്, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ജിന്നാ സാഹിബ് എന്നിവരെയാണ് ഏല്പിച്ചത്. അന്നത്തെ പത്രങ്ങളിൽ ഇവരെ വളരെ പ്രശംസിച്ചു വൈസ്രോയി പറഞ്ഞതായും വായിച്ചതോർക്കുന്നു. ഇതുപോലെ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ മലങ്കരസഭയെ വിശ്വാസികൾ പ്രഗത്ഭരായ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, കോനാട്ടു കോര മാത്തൻ മല്പാൻ, സി. ജെ. കുര്യൻ എന്നിവരുടെ കൈകളിൽ വിട്ടുകൊടുത്തു. മെത്രാപ്പോലീത്തായാണെങ്കിൽ അതിബുദ്ധിമാൻ. പഠിപ്പുകൊണ്ടും കുടുംബമഹിമകൊണ്ടും കോനാട്ടച്ചൻ അതിശ്രേഷ്ഠൻ. അക്കരെ സി. ജെ. കുര്യനാണെങ്കിൽ അവൈദിക പ്രമുഖരിൽ ഒന്നാമൻ. പക്ഷേ ഇവർക്കു മൂന്നുപേർക്കും കൂടി ഒരിക്കൽപോലും ഒന്നിച്ചിരുന്നു സഭയുടെ ഭാവിയെപ്പറ്റി ചിന്തിക്കാൻ സാധിച്ചില്ല. അബ്ദുള്ളാ പാത്രിയർക്കീസിന്റെ അനവസരത്തിലുള്ള മലങ്കരസഭാ സന്ദർശനമാണു വളരെ അടുപ്പത്തിലും സ്നേഹത്തിലും കഴിഞ്ഞ മൂന്നുപേരെയും രണ്ടു തട്ടിലാക്കിയത്. അതിന്റെ കാരണം എന്തെന്ന് ഇപ്പോഴും ആർക്കും ശരിക്ക് അറിഞ്ഞുകൂടാ. ഒന്നിച്ചു ഭരിക്കാൻ ഇവരെ ദൈവം അനുവദിച്ചില്ലെന്നു കരുതുന്നതാവും ഉത്തമം.

ലക്ഷോപലക്ഷം ഇസ്രായേൽമക്കളെ മിസ്രയിമിൽ നിന്നു ചെങ്കടൽ കടത്തി പാലും തേനും ഒഴുകുന്ന കനാനിലേക്കു നയിച്ച മോശയ്ക്കു കനാൻദേശം കാണാൻ ദൈവം അവസരം നൽകിയില്ല. യഹോവയുടെ നിർദേശപ്രകാരം അനേകംപേരെ യുദ്ധത്തിൽ തോല്പിച്ച ദാവീദ് രാജാവിനെ യറുശലേം ദൈവാലയം പണിയാൻ അനുവദിച്ചില്ല. വഞ്ചനയിലൂടെ പരഭാര്യയെ തട്ടിയെടുത്ത ദാവീദിന്റെ കൈ അവിശുദ്ധമായിരുന്നു. ആ സ്ത്രീയിൽ ജനിച്ച ജ്ഞാനികളുടെ ജ്ഞാനിയായ ശലോമോൻ രാജാവ് യെറുശലേം ദേവാലയം പണിതു. വില നിർണയിക്കാനാവാത്ത സ്വർണക്കട്ടികളും വെള്ളിയും രത്നങ്ങളും കൊണ്ടാണതു നിർമിച്ചത്. പക്ഷേ അവസാനം ശലോമോൻ രാജാവ് വിവിധ ജാതികളിൽപെട്ട ഭാര്യമാരുടെ ഇഷ്ടങ്ങൾക്കും ദുരാലോചനകൾക്കും വിധേയനായി ക്ഷേത്രങ്ങളും വിഗ്രഹങ്ങളും നിർമിച്ചു. ശലോമോന്റെ അന്ത്യവും ദയനീയമായിരുന്നു.

ഒരു നൂറ്റാണ്ടായി സഭയിൽ വ്യവഹാരം നടത്തി. എത്രയോ മേല്പട്ടക്കാരും പ്രമുഖ പട്ടക്കാരും പ്രമാണികളായ അവൈദികരും പല വിധികൾ

സമ്പാദിച്ചു എങ്കിലും സമാധാനത്തിന്റെ കനാൻ കാണാതെ അക്കരെയെത്തിയിരിക്കുന്നു. യോജിച്ചുപോകുന്നതാണു നല്ലതെന്നു 1995-ലും സുപ്രീം കോടതിയിലെ പണ്ഡിതന്മാരായ ഹൈന്ദവ ജഡ്ജിമാർ അനുസ്മരിപ്പിച്ചു. പക്ഷെ നാം ഒരു ചലനവും ഇല്ലാതെ-കാര്യഗൗരവം മനസ്സിലാക്കാതെ-ദിനരാത്രങ്ങൾ തള്ളിവിടുന്നു. വായിക്കുന്നവർ ചിന്തിക്കുക. ഉപവാസവും പ്രാർത്ഥനയും അല്ലാതെ മറ്റു മാർഗം ഞാൻ കാണുന്നില്ല.

അതിവേദന അനുഭവിച്ച യേശുക്രിസ്തു ഗത്സമനയിൽ വച്ചു തന്റെ ശിഷ്യന്മാരോടു ഉണർന്നിരുന്നു പ്രാർത്ഥിപ്പാൻ പലതവണ പറഞ്ഞു. എന്നിട്ടും അവർ ഉറങ്ങുകയായിരുന്നു. അതുപോലെ നാമും ഉറങ്ങുകയാണ്. ഇതര സഭകളെ അപേക്ഷിച്ചു കൂടുതൽ വിദ്യാസമ്പന്നരും ഭരണാധികാരികളും മറ്റുമുള്ള നമ്മുടെ സഭയിലെ ഭരണസമിതികളും മയങ്ങുകയാണ്. പുതിയ പള്ളികളും അരമനകളും കുരിശടികളും പൊളിച്ചു സ്ഥാപനം വീണ്ടും വലുതാക്കി നിർമിക്കുകയാണ്. കൺവൻഷനുകളിലൂടെ ഇരുകക്ഷികളും ഇപ്പോഴും ശക്തിപ്രകടനവും നടത്തുന്നു. വിദേശത്തു നിന്നുള്ള പണത്തിന്റെ പ്രവാഹം ശക്തവുമാണ്. പക്ഷേ ഒരേ മാതാപിതാക്കളിൽ നിന്നു ജനിച്ചവർക്കും രക്തബന്ധമുള്ളവർക്കും പള്ളിയിൽ ഒരുമിച്ചിരുന്നു സ്വർഗസ്ഥനായ പിതാവിനെ കണ്ടു പ്രാർത്ഥിക്കാനോ സമാധാനത്തിന്റെ ദിവ്യബലിയിൽ ഭാഗഭാക്കാകാനോ കഴിയുന്നില്ല. ഈ വൈരുദ്ധ്യവും അക്രൈസ്തവ നീക്കവും കണ്ടു ഞാൻ ദുഃഖിക്കുന്നു; ദൈവത്തോടു പ്രാർത്ഥിക്കുന്നു.

പ്രാർത്ഥിപ്പിൻ ശ്ലീഹന്മാരേ കർത്താവോടായ്
ഭിന്നത സഭ തൻ സന്താനങ്ങളിലി-ല്ലാതാവാൻ.

26

സഭാദ്രോഹികൾക്കു ലഭിച്ച ദൈവത്തിന്റെ പ്രതികാരം

ദൈവത്തിന്റെ ആലയമായ മനുഷ്യനെയും സഭയെയും നശിപ്പിക്കുന്ന വരെ ദൈവം നശിപ്പിക്കുന്നു എന്നാണ് സഭാചരിത്രവും സാക്ഷിക്കുന്നത്. മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി അപമാനിക്കുന്ന തിനും അദ്ദേഹത്തിന്റെ ആരാധന മുടക്കുന്നതിനും അദ്ദേഹത്തെ മുറിയിൽ കടന്നു വധിക്കുന്നതിനുംവേണ്ടി പിന്നിൽ നിന്നു പ്രവർത്തിച്ചവരെ എല്ലാവ രേയും നമുക്ക് അറിയാം. അവർക്കു നേരിട്ട കഷ്ടപ്പാടുകളുടെ കഥ മറ്റുള്ള വർക്ക് ഒരു പാഠമായിത്തീരുകയും ചെയ്തു.

ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ പിറവം പള്ളി യിൽവച്ച് ഒരു പെസഹാ വ്യാഴാഴ്ച രാത്രി പുറത്തടിച്ച ആളിന്റെ മകനു നേരിട്ട അപകടമരണവും ചിന്തനീയമാണ്.

പാമ്പാടി തിരുമേനിയെ പാമ്പാടി സെന്റ് ജോൺസ് പള്ളിയിൽ നിന്നു പൊത്തൻപുറം ദയറായിലേക്ക് ആഘോഷപൂർവം ആനയിച്ച അവസര ത്തിൽ ഘോഷയാത്രയ്ക്കു തടസ്സം ഉണ്ടാക്കാൻ നേരത്തെ ഒരാൾ ഒരു വലിയ ആഞ്ഞിലിത്തടി റോഡിൽ വെട്ടിയിട്ടു. കാറിന്റെ മടക്കിവച്ച പിൻസീറ്റിൽ മെത്രാപ്പോലീത്താ എഴുന്നേറ്റുനിന്ന്, ഏതു ലക്ഷ്യത്തിൽ നിങ്ങൾ എന്നെ ബഹുമാനിക്കുന്നുണ്ടോ അതനുസരിച്ച് എല്ലാവരും ക്ഷമിക്കണമെന്നഭ്യർ ത്ഥിച്ചു. എല്ലാവരും തടി കവച്ചു കടന്നു ദയറായിൽ എത്തി പ്രാർത്ഥന നടത്തി ഭക്ഷണം കഴിച്ചശേഷമേ മടങ്ങിപ്പോകാവൂ എന്നും തിരുമേനി ആവ ശ്യപ്പെട്ടു. എല്ലാവരും അതനുസരിച്ചു. തടി വെട്ടി തടസ്സം സൃഷ്ടിച്ച വ്യക്തി എട്ടാം ദിവസം വിഷബാധയേറ്റു മരിച്ച സംഭവം ഇന്നു ജീവിച്ചിരിക്കുന്ന പലരും ഇന്നലെ നടന്നതുപോലെ ഓർക്കുന്നുണ്ടാവും.

ആലുവാ തൃക്കുന്നത്തു സെമിനാരിയിലെ കാർഷെഡ്ഡിൽ കിടന്ന കാർ കത്തിച്ചതിനു നേതൃത്വം നൽകിയ വൈദികനുണ്ടായ അനുഭവവും വിസ്മ രിക്കാറായിട്ടില്ല. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായെ കല്ലുങ്കത്ര പള്ളിയിൽ തടഞ്ഞ ഒരു വ്യക്തിക്കു വധശിക്ഷ കിട്ടി യതും പിന്നീട് ബാവാ തന്നെ ഇടപെട്ട് അവനുവേണ്ടി പ്രാർത്ഥിച്ച് അതു ജീവപര്യന്തമാക്കിയതും സമൂഹത്തിൽ വളരെ പൊക്കത്തിലിരുന്ന ഒരു വക്കീലിന്റെ കാൽ ഒടിഞ്ഞതും മറക്കാറായിട്ടില്ല. 1952-ലെ കുറുപ്പംപടി സമ്മേ ളനകാലത്തു 'വൃദ്ധൻ പുന്നൂസ് ഗോബായ്ക്ക്' എന്നു വിളിക്കുകയും കറുത്ത

കൊടി പിടിക്കുകയും ചെയ്ത നേതാവിനു ലഭിച്ച ശിക്ഷയും ദൈവികശിക്ഷ തന്നെയാണെന്നത്രെ ഞാൻ വിശ്വസിക്കുന്നത്.

സഭാപിതാക്കന്മാരുമായുള്ള എന്റെ എഴുപത്തഞ്ചു വർഷത്തെ അനുഭവ പരിചയത്തിൽ നിന്ന് ഒരു കാര്യം അനുവാചകരെ അനുസ്മരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 'സഭയുടെ പൊതുതാൽപര്യങ്ങളിലും പള്ളിക്കാര്യങ്ങളിലും പട്ടക്കാരോടും മേൽപട്ടക്കാരോടും ഇടപെടുന്ന അവസരങ്ങളിലും വളരെ ദൈവാശ്രയത്തോടും സ്നേഹത്തോടും വിനയത്തോടും പെരുമാറേണ്ടതാണ്. അവർ എല്ലാം കുറ്റമറ്റവരാണെന്നല്ല പറയുന്നത്. അവരുടെ ഭാഗത്തെ തെറ്റുകൾ മറ്റാരും കേൾക്കാതെ രഹസ്യമായി അവരെ ധരിപ്പിക്കാൻ ശ്രമിക്കുന്നതാണ് അഭികാമ്യം. അല്ലെങ്കിൽ ഇതിനുപരി പറഞ്ഞതുപോലെയുള്ള വൻ ശിക്ഷകൾ ലഭിച്ചെന്നു വരാം.